Email:
**contact.seckerala@gmail.com**
**cru.sec@kerala.gov.in**

# പത്രക്കുറിപ്പ്

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**

TELEPHONE: 0471-2321233
MOBILE :8281000127

**www.sec.kerala.gov.in**

**30th December 2020**

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സ്റ്റാന്റിംഗ് കമ്മിറ്റി തിരഞ്ഞെടുപ്പ് - മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചു

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വിവിധ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരുടെയും അംഗങ്ങളുടെയും തിരഞ്ഞെടുപ്പ് സംബന്ധിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി.ഭാസ്കരൻ അറിയിച്ചു.

2020-ലെ പൊതുതിരഞ്ഞെടുപ്പിന് ശേഷം അധ്യക്ഷൻ/ഉപാധ്യക്ഷൻ തിരഞ്ഞെടുപ്പ് കഴിഞ്ഞിട്ടുള്ള എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളുടെ തിരഞ്ഞെടുപ്പ് 2021 ജനുവരി 7,8,11,12 എന്നിവയിൽ സൗകര്യപ്രദമായ ഏതെങ്കിലും ഒരു ദിവസം നടത്തേണ്ടതും തുടർന്ന് എത്രയും പെട്ടെന്ന് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരുടെ തിരഞ്ഞെടുപ്പ് അതാത് വരണാധികാരികൾ പൂർത്തിയാക്കേണ്ടതുമാണ്.

ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകളെ സംബന്ധിച്ച് ധനകാര്യം, വികസനകാര്യം, ക്ഷേമകാര്യം, ആരോഗ്യ വിദ്യാഭ്യാസകാര്യം എന്നിങ്ങനെ 4-സ്റ്റാന്റിംഗ് കമ്മിറ്റികളും ജില്ലാ പഞ്ചായത്തുകളെ സംബന്ധിച്ച് ധനകാര്യം, വികസനകാര്യം, പൊതുമരാമത്ത്കാര്യം, ആരോഗ്യ വിദ്യാഭ്യാസകാര്യം, ക്ഷേമകാര്യം എന്നിങ്ങനെ 5-സ്റ്റാന്റിംഗ് കമ്മിറ്റികളുമാണ് രൂപീകരിക്കേണ്ടത്.

മുനിസിപ്പൽ കൗൺസിലുകളെ സംബന്ധിച്ച് ധനകാര്യം, വികസനകാര്യം, ക്ഷേമകാര്യം, ആരോഗ്യകാര്യം, മരാമത്ത് കാര്യം, വിദ്യാഭ്യാസ കലാകായിക കാര്യം എന്നിങ്ങനെ 6-സ്റ്റാന്റിംഗ് കമ്മിറ്റികളും മുനിസിപ്പൽ കോർപ്പറേഷനുകളെ സംബന്ധിച്ച് ധനകാര്യം, വികസനകാര്യം, ക്ഷേമകാര്യം, ആരോഗ്യകാര്യം, മരാമത്ത്കാര്യം, നഗരാസൂത്രണകാര്യം, നികുതി അപ്പീൽകാര്യം, വിദ്യാഭ്യാസ കായികകാര്യം എന്നിങ്ങനെ 8-സ്റ്റാന്റിംഗ് കമ്മിറ്റികളും രൂപീകരിക്കേണ്ടതാണ്.

ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകളിലെ വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളിലെ അംഗങ്ങളുടെ എണ്ണം 2000-ലെ കേരള പഞ്ചായത്ത് രാജ് (സ്റ്റാന്റിംഗ് കമ്മിറ്റി) ചട്ടങ്ങളിലെ പട്ടിക – I പ്രകാരവും ജില്ലാ പഞ്ചായത്തുകളെ സംബന്ധിച്ച് പട്ടിക II പ്രകാരവുമായിരിക്കണം. മുനിസിപ്പൽ കൗൺസിലുകളിലെ സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളുടെ എണ്ണം 2000-ലെ കേരള മുനിസിപ്പാലിറ്റി (സ്റ്റാന്റിംഗ് കമ്മിറ്റി) ചട്ടങ്ങളിലെ പട്ടിക – II പ്രകാരവും മുനിസിപ്പൽ കോർപ്പറേഷനിലെ സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളുടെ എണ്ണം പട്ടിക – III പ്രകാരവുമായിരിക്കണം.

ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകളിലെ സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളുടെയും സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരുടെയും തിരഞ്ഞെടുപ്പ് നടത്തുന്നതിന് അതാത് സ്ഥാപനങ്ങളിലെ വരണാധികാരികളെ ഇതിലേയ്ക്ക് ചുമതലപ്പെടുത്തി കമ്മീഷൻ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ജില്ലാ പഞ്ചായത്തുകളിലെ സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളുടെയും സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരുടെയും തിരഞ്ഞെടുപ്പ് നടത്തുന്നതിന് ഡെപ്യൂട്ടി കളക്ടർ (ജനറൽ)/അഡീഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേറ്റിനെ വരണാധികാരിയായി ചുമതലപ്പെടുത്തിക്കൊണ്ട് കമ്മീഷൻ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

മുനിസിപ്പൽ കോർപ്പറേഷനിലെ സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളെയും കമ്മിറ്റി ചെയർമാൻമാരെയും തിരഞ്ഞെടുക്കുന്നതിനുള്ള വരണാധികാരികളായി ഡെപ്യൂട്ടി കളക്ടർ (ജനറൽ)/അഡീഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേറ്റിനെ ചുമതലപ്പെടുത്തി കമ്മീഷൻ വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മുനിസിപ്പാലിറ്റികളെ സംബന്ധിച്ച് ഇതിലേയ്ക്ക് വരണാധികാരികളെ നിശ്ചയിച്ചുകൊണ്ട് കമ്മീഷൻ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

ഒരു സ്റ്റാന്റിംഗ് കമ്മിറ്റി അംഗമായി തിരഞ്ഞെടുക്കപ്പെടുന്നതിന് ഏതൊരു സ്ഥാനാർത്ഥിക്കും സ്വയം നാമനിർദ്ദേശം സമർപ്പിക്കാവുന്നതാണ്. നാമനിർദ്ദേശത്തെ മറ്റൊരു അംഗം നിർദ്ദേശിക്കേണ്ടതില്ല. നാമനിർദ്ദേശ പത്രികയ്ക്ക് പ്രത്യേക ഫോറങ്ങൾ നിർണ്ണയിച്ചിട്ടില്ല. ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഓഫീസിലാണ് യോഗം ചേരേണ്ടത്.

ബന്ധപ്പെട്ട വരണാധികാരികൾ സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളെ തിരഞ്ഞെടുക്കുന്നതിനുള്ള യോഗം വിളിച്ച് കൂട്ടുന്നതിന് സ്ഥലം, തീയതി, സമയം എന്നിവ കാണിച്ച്കൊണ്ടുള്ള നോട്ടീസ് എല്ലാ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾക്കും യോഗതീയതിക്ക് 5 ദിവസം മുമ്പും സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരെ തിരഞ്ഞെടുക്കുന്നതിനുള്ള യോഗത്തിന്റെ നോട്ടീസ് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയിലെ എല്ലാ അംഗങ്ങൾക്കും യോഗതീയതിക്ക് രണ്ട് ദിവസം മുമ്പും നൽകേണ്ടതാണ്.

സ്റ്റാന്റിംഗ് കമ്മിറ്റികളിൽ മത്സരിക്കാൻ താല്പര്യമുള്ള അംഗങ്ങൾ നാമനിർദ്ദേശം വരണാധികാരിയെ ഏൽപ്പിക്കേണ്ട അവസാന തീയതിയും സമയവും കൂടി പ്രസ്തുത നോട്ടീസിൽ കാണിച്ചിരിക്കേണ്ടതാണ്. അതായത്, കഴിയുന്നതും യോഗം ചേരാൻ നിശ്ചയിച്ചിട്ടുള്ള സമയത്തിന് തൊട്ടു മുമ്പുവരെയുള്ള ഒരു സമയം നോമിനേഷൻ സ്വീകരിക്കുന്നതിന് നിശ്ചയിച്ച് നോട്ടീസ് നൽകാവുന്നതാണ്.

എല്ലാ സ്റ്റാന്റിംഗ് കമ്മിറ്റികളിലും സ്ത്രീകൾക്കായി സംവരണം ചെയ്തിട്ടുള്ള ഓരോ സ്ഥാനത്തേയ്ക്കാണ് ആദ്യം തിരഞ്ഞെടുപ്പ് നടത്തേണ്ടത്. ഒരു സ്റ്റാന്റിംഗ് കമ്മിറ്റിയിലെ സ്ത്രീസംവരണ സ്ഥാനം നികത്തിയതിന് ശേഷം മാത്രമേ ആ സ്റ്റാന്റിംഗ് കമ്മിറ്റിയിലെ സംവരണം ചെയ്യാത്ത മറ്റ് സ്ഥാനങ്ങളിലെ തിരഞ്ഞെടുപ്പ് നടത്താൻ പാടുള്ളൂ.

ഒരു സ്റ്റാന്റിംഗ് കമ്മിറ്റിയിലെ ഒഴിവുള്ള സ്ഥാനങ്ങളുടെ എണ്ണവും സ്ഥാനാർത്ഥികളുടെ എണ്ണവും തുല്യമാണെങ്കിൽ അങ്ങനെയുള്ള സ്ഥാനാർത്ഥികളെ യഥാവിധി തിരഞ്ഞെടുത്തതായി വരണാധികാരി പ്രഖ്യാപിക്കണം. എന്നാൽ ഒരു സ്റ്റാന്റിംഗ് കമ്മിറ്റിയിൽ ഒഴിവുള്ള സ്ഥാനങ്ങളുടെ എണ്ണത്തേക്കാൾ കുറവാണ് സ്ഥാനാർത്ഥികളുടെ എണ്ണമെങ്കിൽ അങ്ങനെയുള്ള സ്ഥാനാർത്ഥികൾ തിരഞ്ഞെടുത്തതായി വരണാധികാരി പ്രഖ്യാപിക്കേണ്ടതും ബാക്കി ഒഴിവുള്ള സ്ഥാനത്തേയ്ക്ക് 5 ദിവസത്തിനകം യോഗം വിളിച്ച് തിരഞ്ഞെടുപ്പ് നടത്തേണ്ടതുമാണ്.

സ്ഥാനാർത്ഥികളുടെ എണ്ണം ഒഴിവുള്ള സ്ഥാനങ്ങളുടെ എണ്ണത്തേക്കാൾ കൂടുതലാണെങ്കിൽ വരണാധികാരി യോഗത്തിൽ ഹാജരായിട്ടുള്ള അംഗങ്ങളിൽ നിന്നും ആനുപാതിക പ്രാതിനിധ്യ സമ്പ്രദായമനുസരിച്ച് ഒറ്റക്കൈമാറ്റ വോട്ടുമൂലം (Preferential Voting) വോട്ടെടുപ്പ് നടത്തി അംഗങ്ങളെ തിരഞ്ഞെടുക്കേണ്ടതാണ്.

സ്റ്റാന്റിംഗ് കമ്മിറ്റികളിൽ സ്ത്രീകൾക്കായി സംവരണം ചെയ്യപ്പെട്ടിട്ടുള്ള സ്ഥാനത്തേയ്ക്ക് സ്ത്രീകളല്ലാത്ത അംഗങ്ങൾ സ്ഥാനാർത്ഥികളാകാൻ പാടില്ലാത്തതാണ്. സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ സ്ഥാനങ്ങളിൽ, സ്ത്രീകൾക്കായിട്ടുള്ളവ സംവരണം ചെയ്തുകൊണ്ട് കമ്മീഷൻ വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളുടെയും ചെയർമാൻമാരുടെയും തിരഞ്ഞെടുപ്പ് സംബന്ധിച്ച് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ 2020-ൽ പ്രസിദ്ധീകരിച്ചിട്ടുള്ള കൈപ്പുസ്തകത്തിലെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് നടപടി സ്വീകരിക്കേണ്ടതാണ്.

സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളുടെയും ചെയർമാന്റെയും തിരഞ്ഞെടുപ്പ് കോവിഡ് പ്രോട്ടോക്കോൾ പാലിച്ചായിരിക്കണം നടത്തേണ്ടതാണ്.

*(എസ്.ഇ.സി.183/2020)*

Email:
**contact.seckerala@gmail.com**
**cru.sec@kerala.gov.in**

# പത്രക്കുറിപ്പ്

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**

TELEPHONE: 0471-2321233
MOBILE :8281000127

**www.sec.kerala.gov.in**

**29th December 2020**

## സത്യപ്രതിജ്ഞ ചെയ്യാത്തവർക്ക് 30ന് അവസരം

ഡിസംബർ 21, 26 തീയതികളിൽ സത്യപ്രതിജ്ഞ/ദൃഢപ്രതിജ്ഞ ചെയ്യാൻ സാധിക്കാത്ത തദ്ദേശ സ്ഥാപനങ്ങളിലേക്ക് തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾക്ക് ഡിസംബർ 30ന് സത്യപ്രതിജ്ഞ ചെയ്യാമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി. ഭാസ്കരൻ അറിയിച്ചു. രാവിലെ പത്തിന് തിരഞ്ഞെടുക്കപ്പെട്ട മുതിർന്ന അംഗത്തിന് മുമ്പാകെയാണ് സത്യപ്രതിജ്ഞ/ദൃഢപ്രതിജ്ഞ ചെയ്യേണ്ടത്. ഇതിനാവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്താൻ ബന്ധപ്പെട്ട വരണാധികാരികൾക്കും തദ്ദേശ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർക്കും നിർദ്ദേശം നൽകിയതായും കമ്മീഷണർ അറിയിച്ചു.

*(എസ്.ഇ.സി.182/2020)*

Email:
contact.seckerala@gmail.com
cru.sec@kerala.gov.in

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

28th December 2020

## ഏഴ് തദ്ദേശ സ്വയംഭരണ വാർഡുകളിലേക്കുള്ള പ്രത്യേക തിരഞ്ഞെടുപ്പ് വിജ്ഞാപനമായി

സ്ഥാനാർത്ഥികളുടെ മരണത്തെ തുടർന്ന് തിരഞ്ഞെടുപ്പ് മാറ്റിവച്ച ഏഴ് തദ്ദേശ സ്വയംഭരണ വാർഡുകളിലേക്കുള്ള പ്രത്യേക തിരഞ്ഞെടുപ്പ് വിജ്ഞാപനം പുറപ്പെടുവിച്ചതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി.ഭാസ്കരൻ അറിയിച്ചു.

ജനുവരി നാലു വരെ നാമനിർദ്ദേശ പത്രിക സമർപ്പിക്കാം. നാമനിർദ്ദേശ പത്രികയുടെ സൂക്ഷ്മ പരിശോധന ജനുവരി അഞ്ചിന് നടക്കും. സ്ഥാനാർത്ഥിത്വം പിൻവലിക്കാനുള്ള അവസാന തിയതി ജനുവരി ഏഴാണ്. ജനുവരി 21 ന് രാവിലെ ഏഴു മുതൽ വൈകിട്ട് ആറു വരെയാണ് വോട്ടെടുപ്പ്. ജനുവരി 22 ന് രാവിലെ എട്ടു മുതലാണ് വോട്ടെണ്ണൽ.

കൊല്ലം പന്മന ഗ്രാമപഞ്ചായത്തിലെ പറമ്പിമുക്ക്(05), ചോല(13), ആലപ്പുഴ ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്തിലെ പി.എച്ച്.സി വാർഡ് (07), എറണാകുളം കളമശ്ശേരി മുനിസിപ്പാലിറ്റിയിലെ മുൻസിപ്പൽ വാർഡ്(37), തൃശൂർ കോർപ്പറേഷനിലെ പുല്ലഴി വാർഡ്(47), കോഴിക്കോട് മാവൂർ ഗ്രാമപഞ്ചായത്തിലെ താത്തൂർപൊയ്യിൽ(11), കണ്ണൂർ ജില്ലാ പഞ്ചായത്തിലെ തില്ലങ്കേരി(07) എന്നിവിടങ്ങളിലാണ് പ്രത്യേക തിരഞ്ഞെടുപ്പ്. തിരഞ്ഞെടുപ്പ് ചെലവ് കണക്ക് സമർപ്പിക്കാനുള്ള അവസാന തിയതി ഫെബ്രുവരി 20 ആണ്.

*(എസ്.ഇ.സി.181/2020)*

Email:
contact.seckerala@gmail.com
cru.sec@kerala.gov.in

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

24th December 2020

## തദ്ദേശ ഭരണ തിരഞ്ഞെടുപ്പ് - സ്റ്റാന്റിംഗ് കമ്മിറ്റി അദ്ധ്യക്ഷ സ്ഥാനങ്ങളിലെ സ്ത്രീ സംവരണം നിശ്ചയിച്ച് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ചു.

സംസ്ഥാനത്തെ മുനിസിപ്പൽ കോർപ്പറേഷനുകൾ, മുനിസിപ്പൽ കൗൺസിലുകൾ ത്രിതല പഞ്ചായത്തുകൾ എന്നിവയിലെ സ്റ്റാന്റിംഗ് കമ്മിറ്റി അദ്ധ്യക്ഷ സ്ഥാനങ്ങളിലെ സ്ത്രീ സംവരണം നിശ്ചയിച്ച് വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ചതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി.ഭാസ്കരൻ അറിയിച്ചു.

വിജ്ഞാപനങ്ങൾ www.sec.kerala.gov.in എന്ന വെബ് സൈറ്റിൽ ലഭിക്കും.

*(എസ്.ഇ.സി.180/2020)*

| | | |
|---|---|---|
| Email:<br>**contact.seckerala@gmail.com**<br>**cru.sec@kerala.gov.in** | # പത്രക്കുറിപ്പ് | TELEPHONE: 0471-2321233<br>MOBILE :8281000127<br><br>**www.sec.kerala.gov.in** |
| | **കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ** | **23rd December 2020** |



## സത്യപ്രതിജ്ഞ ചെയ്യാത്തവർക്ക് 26ന് അവസരം

ഡിസംബർ 21ന് സത്യപ്രതിജ്ഞ/ദൃഢപ്രതിജ്ഞ ചെയ്യാൻ സാധിക്കാത്ത തദ്ദേശ സ്ഥാപനങ്ങളിലേക്ക് തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾക്ക് ഡിസംബർ 26 ന് സത്യപ്രതിജ്ഞ ചെയ്യാമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി. ഭാസ്കരൻ അറിയിച്ചു. രാവിലെ പത്തിന് തിരഞ്ഞെടുക്കപ്പെട്ട മുതിർന്ന അംഗത്തിന് മുമ്പാകെയാണ് സത്യപ്രതിജ്ഞ/ദൃഢപ്രതിജ്ഞ ചെയ്യേണ്ടത്. ഇതിനാവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്താൻ ബന്ധപ്പെട്ട വരണാധികാരികൾക്കും തദ്ദേശ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർക്കും നിർദ്ദേശം നൽകിയതായും കമ്മീഷണർ അറിയിച്ചു.

*(എസ്.ഇ.സി.179/2020)*

## അദ്ധ്യക്ഷ-ഉപാദ്ധ്യക്ഷ തിരഞ്ഞെടുപ്പ്: മാർഗ്ഗ നിർദ്ദേശങ്ങൾ പുറത്തിറക്കി

തദ്ദേശ സ്ഥാപനങ്ങളിലെ അദ്ധ്യക്ഷ-ഉപാദ്ധ്യക്ഷ തിരഞ്ഞെടുപ്പ് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ പുറത്തിറക്കി. തിരഞ്ഞെടുപ്പിനുള്ള യോഗം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ ഓഫീസിലാണ് നടത്തേണ്ടത്. യോഗംനടത്തുന്ന തീയതി, ദിവസം, സമയം, സ്ഥലം, എന്നിവ അറിയിക്കുന്ന നോട്ടീസ് എല്ലാ അംഗങ്ങൾക്കും/ കൗൺസിലർമാർക്കും ഏറ്റവും കുറഞ്ഞത് യോഗ തീയതിക്ക് മൂന്ന് പൂർണ്ണദിവസങ്ങൾക്ക് മുമ്പ് നൽകണം. പൂർണ്ണദിവസങ്ങൾ കണക്കാക്കുമ്പോൾ അവധി ദിവസങ്ങൾ ഉൾപ്പെടുത്തേണ്ടതും എന്നാൽ യോഗം നടക്കുന്ന തീയതിയും യോഗത്തിനുള്ള നോട്ടീസ് നൽകിയ തീയതിയും ഒഴിവാക്കേണ്ടതുമാണ്. യോഗ നോട്ടീസ് അംഗങ്ങൾക്ക്/ കൗൺസിലർമാർക്ക് നേരിട്ടോ ലഭ്യമായ വിലാസത്തിലോ നൽകുകയും നോട്ടീസിന്റെ പകർപ്പ് തദ്ദേശസ്ഥാപനത്തിലെ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുകയും വേണം. തിരഞ്ഞെടുപ്പ് നിശ്ചയിച്ച ദിവസം സർക്കാരോ ബന്ധപ്പെട്ട ജില്ലാ കളക്ടറോ അവധി പ്രഖ്യാപിക്കുകയാണെങ്കിലോ മറ്റു കാരണങ്ങളാലോ തിരഞ്ഞെടുപ്പ് നടത്തുവാൻ കഴിയാതെ വരികയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം നടത്തേണം ഇക്കാര്യം നോട്ടീസിൽ കാണിക്കണം.

ഹാജരാകുന്ന ഓരോ അംഗവും / കൗൺസിലറും യോഗത്തിനെത്തിയ സമയം വരണാധികാരിയുടെ കൈവശമുള്ള പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തി ഒപ്പ് വയ്ക്കണം. ബന്ധപ്പെട്ട തദ്ദേശസ്ഥാപനത്തിലെ വോട്ടവകാശമുള്ള അംഗങ്ങളുടെ / കൗൺസിലർമാരുടെഎണ്ണത്തിന്റെ പകുതിയായിരിക്കും യോഗത്തിന്റെ ക്വാറം. ക്വാറമില്ലെങ്കിൽ യോഗം തൊട്ടടുത്ത പ്രവൃത്തി ദിവസം തിരഞ്ഞെടുപ്പ് നടത്തുന്നതിനായി മാറ്റി വയ്ക്കേണ്ടതും അപ്രകാരം കൂടുന്ന യോഗത്തിൽ ക്വാറംനോക്കാതെ തന്നെ തിരഞ്ഞെടുപ്പ് നടത്തേണ്ടതുമാണ്.

അദ്ധ്യക്ഷൻ, ഉപാദ്ധ്യക്ഷൻസ്ഥാനത്തേക്ക് മത്സരത്തിനുള്ള സ്ഥാനാർത്ഥികളെ നാമനിർദ്ദേശംചെയ്യുവാൻ അംഗങ്ങളെ/ കൗൺസിലർമാരെ ക്ഷണിക്കും. ഒരു അംഗത്തെ / കൗൺസിലറെ മറ്റൊരു അംഗം/ കൗൺസിലർ സ്ഥാനാർത്ഥിയായി നാമനിർദ്ദേശം ചെയ്യേണ്ടതും വേറൊരു അംഗം/ കൗൺസിലർ പിന്താങ്ങേണ്ടതുമാണ് . സ്ത്രീകൾക്കോ, പട്ടികജാതി / പട്ടികവർഗ്ഗവിഭാഗങ്ങൾക്കോ, അദ്ധ്യക്ഷൻ, ഉപാദ്ധ്യക്ഷന്റെസ്ഥാനം സംവരണം ചെയ്തിട്ടുണ്ടെങ്കിൽ ഈ നടപടികൾ ആവശ്യമില്ല. നാമനിർദ്ദേശംചെയ്യപ്പെട്ടയാൾ ഹാജരില്ലെങ്കിൽ സ്ഥാനാർത്ഥിയാകുവാൻ സമ്മതിച്ചു കൊണ്ടുള്ള നാമനിർദ്ദേശം ചെയ്യപ്പെട്ടയാളുടെ രേഖാമൂലമുള്ള സമ്മതപത്രം ഹാജരാക്കണം. ഒരു അംഗം/ ഒരു കൗൺസിലർ ഒന്നിലധികം പേരുകൾ നിർദ്ദേശിക്കുവാനോ പിന്താങ്ങുവാനോ പാടില്ല.

ഒന്നിലധികം സ്ഥാനാർത്ഥികളുണ്ടെങ്കിൽ വോട്ടെടുപ്പ് നടത്തേണ്ടതാണ്. ബാലറ്റ് പേപ്പറിൽ എല്ലാ സ്ഥാനാർത്ഥികളുടെയും പേരുകളും അതിന്റെ മറുപുറത്ത് വരണാധികാരിയുടെ പൂർണ്ണമായ ഒപ്പും മുദ്രയും ഉണ്ടായിരിക്കണം. വോട്ടു ചെയ്യുവാനാഗ്രഹിക്കുന്ന അംഗങ്ങൾക്ക്/ കൗൺസിലർമാർക്ക് ഓരോരുത്തർക്കായി ഒന്നാം നമ്പർ ഫാറത്തിലുളള ബാലറ്റ് പേപ്പർ നൽകണം. സത്യപ്രതിജ്ഞയോ ദൃഢപ്രതിജ്ഞയോ ചെയ്ത് സ്ഥാനം ഏറ്റെടുക്കാത്ത അംഗങ്ങൾക്ക് / കൗൺസിലർമാർക്ക് യോഗ നടപടികളിൽപങ്കെടുക്കുവാനോ വോട്ടു ചെയ്യുവാനോ അവകാശമില്ല.

വോട്ടു രേഖപ്പെടുത്തുവാൻ റിട്ടേണിംഗ് ഓഫീസർക്ക് സമീപം സൗകര്യംഏർപ്പെടുത്തേണ്ടതും വോട്ടു ചെയ്ത ശേഷം ബാലറ്റു പേപ്പർ റിട്ടേണിംഗ് ഓഫീസറുടെ സമീപത്ത് ക്രമീകരിച്ചിരിക്കുന്ന ബോക്സിലോ ട്രേയിലോ നിക്ഷേപിക്കുന്നതിന് നിർദ്ദേശിക്കേണ്ടതുമാണ്. ബാലറ്റു പേപ്പറിൽ വോട്ടുചെയ്യാൻ ഉദ്ദേശിക്കുന്ന സ്ഥാനാർത്ഥിയുടെ പേരിനു നേരെ 'X' എന്ന അടയാളം ഇടേണ്ടതും ബാലറ്റു പേപ്പറിന്റെ പുറകു വശത്ത് വോട്ടു ചെയ്യുന്ന അംഗത്തിന്റെ പേരും ഒപ്പും രേഖപ്പെടുത്തേണ്ടതുമാണ്.

വോട്ടെടുപ്പ് പൂർത്തിയായതിനു ശേഷം വരണാധികാരി അംഗങ്ങളുടെ/ കൗൺസിലർമാരുടെ സാന്നിദ്ധ്യത്തിൽ വോട്ടുകൾ എണ്ണേണ്ടതും ഫലം പ്രഖ്യാപിക്കേണ്ടതുമാണ്. പ്രസിഡന്റായി / ചെയർപേഴ്സണായി തിരഞ്ഞെടുക്കപ്പെട്ട കൗൺസിലർ വരണാധികാരി മുമ്പാകെയും വൈസ്പ്രസിഡന്റായി / ഡെപ്യൂട്ടി ചെയർപേഴ്സണായി തിരഞ്ഞെടുക്കപ്പെടുന്നവർ പ്രസിഡന്റ്/ ചെയർപേഴ്സൺ മുമ്പാകെയും സത്യപ്രതിജ്ഞയോ ദൃഢപ്രതിജ്ഞയോ ചെയ്ത് ഒപ്പ് വയ്ക്കേണ്ടതാണ്.

അദ്ധ്യക്ഷൻ/ ഉപാദ്ധ്യക്ഷന്മാരായി തിരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങളുടെ വാർഡും/ നിയോജകമണ്ഡലവും (നമ്പർ ഉൾപ്പെടെ) പൂർണ്ണമേൽവിലാസവും കക്ഷിബന്ധവും മലയാളത്തിൽ രേഖപ്പെടുത്തി രണ്ട് കോപ്പി അന്നു തന്നെ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന് നൽകേണ്ടതാണ്. ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ ക്രോഡീകരിച്ച ലിസ്റ്റ് സഹിതം അവയുടെ ഒരു കോപ്പി തൊട്ടടുത്ത ദിവസം തന്നെ കമ്മീഷനിൽ ലഭ്യമാക്കണം. തിരഞ്ഞെടുപ്പ് സ്വതന്ത്രമായും നീതിപൂർവ്വകമായും നടത്തുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നടപടി സ്വീകരിക്കണം. കർശനമായ കോവിഡ് പ്രോട്ടോക്കോൾ പാലിച്ച് വേണം തിരഞ്ഞെടുപ്പ് നടത്തേണ്ടത്. മാസ്ക്, സാനിട്ടൈസർ, സാമൂഹിക അകലം എന്നിവ നിർബന്ധമാക്കണം. ക്രമസമാധാന നില സംബന്ധിച്ച് ആശങ്കയുള്ള പക്ഷം പോലീസ് സംരക്ഷണമുൾപ്പെടെ സുരക്ഷിതത്വം ഉറപ്പു വരുത്തുവാൻ നടപടികൾ ഉദ്യോഗസ്ഥർക്ക് സ്വീകരിക്കാം.

*(എസ്.ഇ.സി.178/2020)*

## തിരഞ്ഞെടുപ്പ് കമ്മീഷനിൽ ഒഴിവ്

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ തിരുവനന്തപുരം ഓഫീസിൽ നിലവിലുള്ള ക്ലറിക്കൽ അസിസ്റ്റന്റിന്റെ ഒരു ഒഴിവിലേക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. സംസ്ഥാന സർക്കാർ വകുപ്പുകളിൽ ക്ലറിക്കൽ അസിസ്റ്റന്റ് തസ്തികയിലോ സമാന തസ്തികയിലോ ജോലി ചെയ്യുന്ന ജീവനക്കാർക്ക് അപേക്ഷിക്കാം. കേരള സർവ്വീസ് ചട്ടങ്ങളിൽ നിർദ്ദേശിക്കുന്നതു പ്രകാരം വകുപ്പ് തലവൻ മുഖേനയാണ് അപേക്ഷിക്കേണ്ടത്. കമ്പ്യൂട്ടർ പരിജ്ഞാനമുള്ളവർക്ക് മുൻഗണന ലഭിക്കും. സെക്രട്ടറി, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, 'ജനഹിതം', ടി.സി.27/ 6(2), വികാസ് ഭവൻ. പി.ഒ, തിരുവനന്തപുരം – 695 033 എന്ന വിലാസത്തിൽ 2021 ജനുവരി 20 നകം ലഭിക്കുന്ന രീതിയിലാണ് അപേക്ഷിക്കേണ്ടത്.

*(എസ്.ഇ.സി.177/2020)*

Email:
**contact.seckerala@gmail.com**
**cru.sec@kerala.gov.in**

# പത്രക്കുറിപ്പ്

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**

TELEPHONE: 0471-2321233
MOBILE :8281000127

**www.sec.kerala.gov.in**

**18th December 2020**

## അംഗങ്ങളുടെ സത്യപ്രതിജ്ഞ: കോവിഡ് മാർഗ്ഗനിർദ്ദേശങ്ങൾ പുറത്തിറക്കി

തദ്ദേശ സ്ഥാപനങ്ങളിൽ പുതുതായി തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ സത്യപ്രതിജ്ഞാ ചടങ്ങ് കോവിഡ് മാനദണ്ഡം പാലിച്ച് നടത്തണമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി. ഭാസ്കരൻ നിർദ്ദേശിച്ചു. ഇതിനായി കമ്മീഷൻ കോവിഡ് മാർഗ്ഗനിർദ്ദേശങ്ങൾ പുറത്തിറക്കി. സത്യപ്രതിജ്ഞക്കായി യോഗം ചേരുമ്പോൾ മാസ്കും സാനിറ്റൈസറും ഉപയോഗിക്കുകയും സാമൂഹ്യ അകലം പാലിക്കുകയും വേണം. ഏതെങ്കിലും അംഗം കോവിഡ് പോസിറ്റീവ് ആകുകയോ ക്വാറന്റീനിൽ പ്രവേശിക്കുകയോ ചെയ്താൽ ആ വിവരം ബന്ധപ്പെട്ട വരണാധികാരിയെ മുൻകൂട്ടി അറിയിക്കണം. ഇത്തരത്തിലുള്ള അംഗങ്ങൾ പി.പി.ഇ കിറ്റ് ധരിച്ച് കോവിഡ് നിയന്ത്രണങ്ങൾ പാലിച്ച് നേരിട്ട് ഹാജരായി സത്യപ്രതിജ്ഞ ചെയ്യണം. മറ്റെല്ലാ അംഗങ്ങളും സത്യപ്രതിജ്ഞ ചെയ്ത ശേഷമാണ് ഇവർക്ക് അവസരം. അംഗങ്ങൾക്ക് പി.പി.ഇ കിറ്റ് ലഭ്യമാക്കുന്നതിനുള്ള നടപടി ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥരാണ് സ്വീകരിക്കേണ്ടത്. ഡിസംബർ 21 നാണ് തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ സത്യപ്രതിജ്ഞ

*(എസ്.ഇ.സി.176/2020)*

## പെരുമാറ്റച്ചട്ടം ഇന്ന് (ഡിസംബർ 18) അർദ്ധരാത്രിയോടെ അവസാനിക്കും

തദ്ദേശ തിരഞ്ഞെടുപ്പിനോടനുബന്ധിച്ച് നവംബർ ആറിന് നിലവിൽ വന്ന പെരുമാറ്റച്ചട്ടം ഇന്ന്(ഡിസംബർ 18) അർദ്ധരാത്രിയോടെ അവസാനിക്കുമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി. ഭാസ്കരൻ അറിയിച്ചു.

*(എസ്.ഇ.സി.175/2020)*

Email:
**contact.seckerala@gmail.com**
**cru.sec@kerala.gov.in**

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

**www.sec.kerala.gov.in**

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**

**17th December 2020**

## രണ്ട് ബൂത്തുകളിൽ റീപോളിംഗ് ഇന്ന്

വയനാട് സുൽത്താൻബത്തേരി മുനിസിപ്പാലിറ്റിയിലെ തൊടുവെട്ടി വാർഡിലെ മാർബസേലിയസ് കോളേജ് ഓഫ് എജ്യുക്കേഷൻ പടിഞ്ഞാറ് ഭാഗം ഒന്നാം നമ്പർ ബൂത്തിലും മലപ്പുറം തിരൂരങ്ങാടി മുനിസിപ്പാലിറ്റിയിലെ കിസാൻ കേന്ദ്രം വാർഡിലെ ജി.എച്ച്. സ്കൂൾ തൃക്കുളം ഒന്നാം നമ്പർ ബൂത്തിലും റീപോളിംഗ് ഇന്ന് (ഡിസംബർ 18) നടക്കുമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി. ഭാസ്കരൻ അറിയിച്ചു. ഈ പോളിംഗ് സ്റ്റേഷനുകളിലെ വോട്ടിംഗ് യന്ത്രങ്ങൾ ഫലം തിട്ടപ്പെടുത്താൻ കഴിയാത്ത വിധം തകരാറിലായതിനാലാണ് റീപോളിംഗ് നടത്തുന്നത്. രാവിലെ ഏഴു മുതൽ വൈകിട്ട് ആറു വരെയാണ് റീപോളിംഗ് നടത്തുക. കഴിഞ്ഞ തിരഞ്ഞെടുപ്പിൽ വോട്ടർമാരുടെ ഇടത് കൈയിലെ ചൂണ്ട് വിരലിൽ പതിപ്പിച്ച മഷി മായാത്തത് കൊണ്ട് പകരം വോട്ടർമാരുടെ ഇടത് കൈയിലെ നടുവിരലാണ് മഷി കൊണ്ട് അടയാളം രേഖപ്പെടുത്തുക. വോട്ടെണ്ണൽ ഇന്ന് വൈകുന്നേരം എട്ടിന് അതാത് മുനിസിപ്പാലിറ്റി ഓഫീസുകളിലും നടത്തും.

*(എസ്.ഇ.സി.174/2020)*

Email:
**contact.seckerala@gmail.com**
**cru.sec@kerala.gov.in**

# പത്രക്കുറിപ്പ്

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**

TELEPHONE: 0471-2321233
MOBILE :8281000127

**www.sec.kerala.gov.in**

**16th December 2020**

## രണ്ട് ബൂത്തുകളിൽ റീപോളിംഗ് നടത്തും

വയനാട് സുൽത്താൻബത്തേരി മുനിസിപ്പാലിറ്റിയിലെ തൊടുവെട്ടി വാർഡിലെ മാർബസേലിയസ് കോളേജ് ഓഫ് എജ്യുക്കേഷൻ പടിഞ്ഞാറ് ഭാഗം ഒന്നാം നമ്പർ ബൂത്തിലും മലപ്പുറം തിരൂരങ്ങാടി മുനിപ്പാലിറ്റിയിലെ കിസാൻ കേന്ദ്രം വാർഡിലെ ജി.എച്ച്. സ്കൂൾ തൃക്കുളം ഒന്നാം നമ്പർ ബൂത്തിലും റീപോളിംഗ് നടത്തുമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി. ഭാസ്കരൻ അറിയിച്ചു. ഈ പോളിംഗ് സ്റ്റേഷനുകളിലെ വോട്ടിംഗ് യന്ത്രങ്ങൾ ഫലം തിട്ടപ്പെടുത്താൻ കഴിയാത്ത വിധം തകരാറിലായതിനാലാണ് റീപോളിംഗ് നടത്തുന്നത്. ഡിസംബർ 18ന് രാവിലെ ഏഴു മുതൽ വൈകിട്ട് ആറു വരെയാണ് റീപോളിംഗ് നടത്തുക. വോട്ടെണ്ണൽ അന്ന് വൈകുന്നേരം എട്ടിന് അതാത് മുനിസിപ്പാലിറ്റി ഓഫീസുകളിലും നടത്തും.

*(എസ്.ഇ.സി.173/2020)*

| Email:<br>**contact.seckerala@gmail.com**<br>**cru.sec@kerala.gov.in** | # പത്രക്കുറിപ്പ് | TELEPHONE: 0471-2321233<br>MOBILE :8281000127<br><br>**www.sec.kerala.gov.in** |
|---|---|---|
| | **കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ** | **16th December 2020** |

## അംഗങ്ങളുടെ സത്യപ്രതിജ്ഞ 21 ന് : മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ ഡിസംബർ 21 ന് സത്യപ്രതിജ്ഞ/ദൃഢപ്രതിജ്ഞ ചെയ്ത് അധികാരമേൽക്കണമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു. ഇത് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ കമ്മീഷൻ പുറപ്പെടുവിച്ചു.

ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ ആദ്യ അംഗത്തെ സത്യപ്രതിജ്ഞ/ദൃഢപ്രതിജ്ഞ ചെയ്യിക്കേണ്ടത് അതാത് സ്ഥാപനങ്ങളിലെ വരണാധികാരികളാണ്. മുനിസിപ്പൽ കൗൺസിലുകളിൽ കമ്മീഷൻ നിയോഗിച്ചിട്ടുള്ള വരണാധികാരികളാണ് പ്രതിജ്ഞ ചെയ്യിപ്പിക്കേണ്ടത്. കോർപ്പറേഷനുകളിൽ ജില്ലാ കളക്ടർമാർക്കാണ് ചുമതല. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കും തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളിൽ ഏറ്റവും പ്രായം കൂടിയ അംഗം/ കൗൺസിലർ വരണാധികാരി മുമ്പാകെ സത്യപ്രതിജ്ഞ/ദൃഢപ്രതിജ്ഞ എടുക്കണം. ഇദ്ദേഹമായിരിക്കും മറ്റ് അംഗങ്ങളെ സത്യപ്രതിജ്ഞ/ദൃഢപ്രതിജ്ഞ ചെയ്യിക്കുക. തിരഞ്ഞെടുക്കപ്പെട്ട എല്ലാ അംഗങ്ങൾക്കും പ്രതിജ്ഞ എടുക്കാൻ രേഖാമൂലം അറിയിപ്പ് നൽകും.

ഗ്രാമ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, മുനിസിപ്പൽ കൗൺസിലുകൾ എന്നിവിടങ്ങളിൽ രാവിലെ 10നും കോർപ്പറേഷനുകളിൽ 11.30 നുമാണ് സത്യപ്രതിജ്ഞ നടപടികൾ ആരംഭിക്കുക. ചടങ്ങുകൾക്ക് ഗ്രാമപഞ്ചായത്തുകളിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരും ബ്ലോക്ക് പഞ്ചായത്തുകളിൽ അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർമാരും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും അതാത് തദ്ദേശസ്ഥാപനങ്ങളിലെ സെക്രട്ടറിമാരും ജില്ലാ പഞ്ചായത്തുകളിൽ ജില്ലാ കളക്ടർമാരുമാണ് ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യുക. ചടങ്ങുകൾ ഏകോപിപ്പിച്ച് നടപ്പാക്കുന്നതിന്റെ പൊതു മേൽനോട്ടം അതാത് ജില്ലാ കളക്ടർമാർക്കായിരിക്കും.

സത്യപ്രതിജ്ഞാ ചടങ്ങ് കഴിഞ്ഞാലുടൻ തിരഞ്ഞെടുക്കപ്പെട്ട എല്ലാ അംഗങ്ങളുടേയും ആദ്യ യോഗം ആദ്യം പ്രതിജ്ഞ ചെയ്ത അംഗത്തിന്റെ അധ്യക്ഷതയിൽ ചേരേണ്ടതാണ്.. സത്യപ്രതിജ്ഞാ ചടങ്ങുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സമയബന്ധിതമായി നടക്കുന്നുണ്ടെന്ന് ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ നിരീക്ഷിക്കേണ്ടതും കമ്മീഷന് റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്.

- **ഭരണസമിതിയുടെ കാലാവധി ( 5 വർഷം) 20.12.2020 ന് പൂർത്തിയാകാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ചുവടെ ചേർത്തിട്ടുള്ള തീയതികളിലാണ് സത്യപ്രതിജ്ഞ/ദൃഢപ്രതിജ്ഞ നടത്തേണ്ടതാണ്.**

| ക്രമ നമ്പർ | തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പേര് | ജില്ല | തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ ഭസത്യപ്രതിജ്ഞ/ദൃഢപ്രതിജ്ഞ ചെയ്യുന്നതിനുള്ള തീയതി |
|---|---|---|---|
| 1 | വണ്ടൂർ ബ്ലോക്ക് പഞ്ചായത്ത് | മലപ്പുറം | 22/12/2020 |
| 2 | ചോക്കോട് ഗ്രാമപഞ്ചായത്ത് | മലപ്പുറം | 26/12/2020 |

| | | | |
|---|---|---|---|
| 3 | തൃക്കലങ്ങോട് ഗ്രാമപഞ്ചായത്ത് | മലപ്പുറം | 16/01/2021 |
| 4 | മംഗലം ഗ്രാമപഞ്ചായത്ത് | മലപ്പുറം | 01/02/2021 |
| 5 | വെട്ടം ഗ്രാമപഞ്ചായത്ത് | മലപ്പുറം | 01/02/2021 |
| 6 | തിരുനാവായ ഗ്രാമപഞ്ചായത്ത് | മലപ്പുറം | 01/02/2021 |
| 7 | മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്ത് | മലപ്പുറം | 01/02/2021 |
| 8 | തിരൂർ ബ്ലോക്ക് പഞ്ചായത്ത് | മലപ്പുറം | 01/02/2021 |

- **മുനിസിപ്പാലിറ്റികളിൽ സത്യപ്രതിജ്ഞക്കായി കമ്മീഷൻ നിയോഗിച്ച വരണാധികാരി കളുടെ പട്ടിക ചുവടെ ചേർക്കുന്നു.**

| ക്രമ നമ്പർ | മുനിസിപ്പാലിറ്റിയുടെ പേര് | വരണാധികാരിയുടെ പേര് |
|---|---|---|
| എം. 01 | നെയ്യാറ്റിൻകര | അസിസ്റ്റന്റ് ഡയറക്ടർ, സർവ്വേ & ലാന്റ് റിക്കോർഡ്സ് (റീ-സർവ്വേ), നെയ്യാറ്റിൻകര |
| എം. 02 | നെടുമങ്ങാട് | ഡെപ്യൂട്ടി ഡയറക്ടർ, ഫിഷറീസ്, തിരുവനന്തപുരം |
| എം. 03 | ആറ്റിങ്ങൽ | ജനറൽ മാനേജർ, ഡിസ്ട്രിക്റ്റ് ഇൻഡസ്ട്രീസ് സെന്റർ, തിരുവനന്തപുരം |
| എം.04 | വർക്കല | ഡെപ്യൂട്ടി കളക്ടർ (ആർ.ആർ), കളക്ടേറ്റ്, സിവിൽ സ്റ്റേഷൻ, കുടപ്പനക്കുന്ന്, തിരുവനന്തപുരം |
| എം. 05 | പരവൂർ | ഡിസ്ട്രിക്റ്റ് സോയിൽ കൺസർവേഷൻ ഓഫീസർ, കൊല്ലം |
| എം.06 | പുനലൂർ | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ടിംബർ സെയിൽസ് ഡിവിഷൻ, പുനലൂർ |
| എം.07 | കരുനാഗപ്പള്ളി | ജോയിന്റ് ഡയറക്ടർ ഓഫ് കോ-ഓപ്പറേറ്റീവ് ഓഡിറ്റ്, കൊല്ലം |
| എം.08 | അടൂർ | റവന്യൂ ഡിവിഷണൽ ഓഫീസർ, അടൂർ |
| എം.09 | പത്തനംതിട്ട | ഡിസ്ട്രിക്റ്റ് സോയിൽ കൺസർവേഷൻ ഓഫീസർ, പത്തനംതിട്ട |
| എം.10 | തിരുവല്ല | ഡെപ്യൂട്ടി ഡയറക്ടർ ഓഫ് എഡ്യൂക്കേഷൻ, തിരുവല്ല |
| എം.11 | കായംകുളം | ഡിസ്ട്രിക്റ്റ് എംപ്ലോയ്മെന്റ് ഓഫീസർ, ആലപ്പുഴ |
| എം.12 | മാവേലിക്കര | ജനറൽ മാനേജർ, ഡിസ്ട്രിക്റ്റ് ഇൻഡസ്ട്രീസ് സെന്റർ, ആലപ്പുഴ |
| എം.13 | ചെങ്ങന്നൂർ | റവന്യൂ ഡിവിഷണൽ ഓഫീസർ, ചെങ്ങന്നൂർ |
| എം.14 | ആലപ്പുഴ | റവന്യൂ ഡിവിഷണൽ ഓഫീസർ, ആലപ്പുഴ |
| എം.15 | ചേർത്തല | എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.ഡബ്ല്യൂ.ഡി. റോഡ്സ്, ആലപ്പുഴ |
| എം.16 | ചങ്ങനാശ്ശേരി | ഡെപ്യൂട്ടി ഡയറക്ടർ, ഡിസ്ട്രിക്റ്റ് ഓഫീസ്, എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ്, കോട്ടയം |
| എം.17 | കോട്ടയം | ജനറൽ മാനേജർ, ഡിസ്ട്രിക്റ്റ് ഇൻഡസ്ട്രീസ് സെന്റർ, കോട്ടയം |
| എം.18 | വൈക്കം | ഡിസ്ട്രിക്റ്റ് സോയിൽ കൺസർവേഷൻ ഓഫീസർ, കോട്ടയം |
| എം.19 | പാലാ | ഡിസ്ട്രിക്റ്റ് എഡ്യൂക്കേഷണൽ ഓഫീസർ, പാലാ |
| എം.20 | തൊടുപുഴ | റവന്യൂ ഡിവിഷണൽ ഓഫീസർ,<br>ഇടുക്കി |
| എം.21 | തൃപ്പൂണിത്തുറ | എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.ഡബ്ല്യൂ.ഡി. റോഡ്സ് ഡിവിഷൻ, എറണാകുളം, കൊച്ചി-21 |
| എം.22 | മൂവാറ്റുപുഴ | ഡിസ്ട്രിക്റ്റ് എഡ്യൂക്കേഷണൽ ഓഫീസർ, മൂവാറ്റുപുഴ |

| | | |
|---|---|---|
| എം.23 | കോതമംഗലം | ഡിസ്ട്രിക്റ്റ് എഡ്യൂക്കേഷണൽ ഓഫീസർ, കോതമംഗലം |
| എം.24 | പെരുമ്പാവൂർ | ഡെപ്യൂട്ടി ഡയറക്ടർ ഓഫ് എഡ്യൂക്കേഷൻ, എറണാകുളം |
| എം.25 | ആലുവ | ഡിസ്ട്രിക്റ്റ് എഡ്യൂക്കേഷണൽ ഓഫീസർ, ആലുവ |
| എം.26 | കളമശ്ശേരി | ഡെപ്യൂട്ടി ഡയറക്ടർ ഓഫ് എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ്, എറണാകുളം |
| എം.27 | നോർത്ത് പറവൂർ | ഡിസ്ട്രിക്റ്റ് സപ്ലൈ ഓഫീസർ, എറണാകുളം, കൊച്ചി-30 |
| എം.28 | അങ്കമാലി | ഡെപ്യൂട്ടി ഡയറക്ടർ ഓഫ് ഡയറി ഡെവലപ്പ്മെന്റ്, എറണാകുളം |
| എം.29 | ഏലൂർ | ഡെപ്യൂട്ടി കൺട്രോളർ, ലീഗൽ മെട്രോളജി, എറണാകുളം |
| എം.30 | തൃക്കാക്കര | ഡെപ്യൂട്ടി കളക്ടർ, (എൽ.എ), കളക്ട്രേറ്റ്, എറണാകുളം |
| എം.31 | മരട് | ഡിസ്ട്രിക്റ്റ് ഡവലപ്പ്മെന്റ് ഓഫീസർ ഫോർ SC ഡവലപ്പ്മെന്റ്, എറണാകുളം, കൊച്ചി-30 |
| എം.32 | ചാലക്കുടി | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ചാലക്കുടി |
| എം.33 | ഇരിങ്ങാലക്കുട | ഡെപ്യൂട്ടി കളക്ടർ, (എൽ.എ), തൃശ്ശൂർ |
| എം.34 | കൊടുങ്ങല്ലൂർ | ഡെപ്യൂട്ടി കളക്ടർ (എൽ.ആർ), തൃശ്ശൂർ |
| എം.35 | ചാവക്കാട് | സബ് കളക്ടർ, തൃശ്ശൂർ |
| എം.36 | ഗുരുവായൂർ | ഡെപ്യൂട്ടി കളക്ടർ (ആർ.ആർ), തൃശ്ശൂർ |
| എം.37 | കുന്നംകുളം | ഡിസ്ട്രിക്റ്റ് സോയിൽ കൺസർവേഷൻ ഓഫീസർ, തൃശ്ശൂർ |
| എം.38 | ഷൊർണ്ണൂർ | എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.ഡബ്ല്യൂ.ഡി (റോഡ്സ്), പാലക്കാട് |
| എം.39 | ഒറ്റപ്പാലം | സബ് കളക്ടർ/ആർ.ഡി.ഒ, ഒറ്റപ്പാലം |
| എം.40 | പാലക്കാട് | ഡെപ്യൂട്ടി ഡയറക്ടർ ഓഫ് എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ്, പാലക്കാട് |
| എം.41 | ചിറ്റൂർ-തത്തമംഗലം | ഡെപ്യൂട്ടി ഡയറക്ടർ ഓഫ് എഡ്യൂക്കേഷൻ, പാലക്കാട് |
| എം.42 | പൊന്നാനി | ഡിസ്ട്രിക്റ്റ് എഡ്യൂക്കേഷണൽ ഓഫീസർ, തിരൂർ |
| എം.43 | തിരൂർ | ഡിസ്ട്രിക്റ്റ് ഓഫീസർ, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്, മലപ്പുറം |
| എം.44 | പെരിന്തൽമണ്ണ | ജനറൽ മാനേജർ, ഡിസ്ട്രിക്റ്റ് ഇൻഡസ്ട്രീസ് സെന്റർ, മലപ്പുറം |
| എം.45 | മലപ്പുറം | ഡിസ്ട്രിക്റ്റ് ഡവലപ്പ്മെന്റ് ഓഫീസർ ഫോർ SC, മലപ്പുറം |
| എം.46 | മഞ്ചേരി | ഡെപ്യൂട്ടി ഡയറക്ടർ ഓഫ് എഡ്യൂക്കേഷൻ, മലപ്പുറം |
| എം.47 | കോട്ടക്കൽ | ഡെപ്യൂട്ടി കളക്ടർ (എൽ.ആർ), കളക്ട്രേറ്റ്, മലപ്പുറം |
| എം.48 | നിലമ്പൂർ | ഡിസ്ട്രിക്റ്റ് പ്ലാനിംഗ് ഓഫീസർ, മലപ്പുറം |
| എം.49 | കൊയിലാണ്ടി | ഡിസ്ട്രിക്റ്റ് ഡവലപ്പ്മെന്റ് ഓഫീസർ ഫോർ SC, കോഴിക്കോട്, സിവിൽ സ്റ്റേഷൻ - 673020 |
| എം.50 | വടകര | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ (ടിംബർ സെയിൽസ്), വനശ്രീ, അരക്കിണർ, കോഴിക്കോട് - 673018 |
| എം.51 | കൽപ്പറ്റ | ജോയിന്റ് രജിസ്ട്രാർ (ജനറൽ), കോ-ഓപ്പറേറ്റീവ് ഡിപ്പാർട്ട്മെന്റ്, കൽപ്പറ്റ |
| എം.53 | തളിപ്പറമ്പ് | പ്രോജക്ട് ഡയറക്ടർ, പോവർട്ടി അലിവേഷൻ യൂണിറ്റ്, കണ്ണൂർ |
| എം.54 | കൂത്തുപറമ്പ് | അസിസ്റ്റന്റ് രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് (ജനറൽ), കൂത്തുപറമ്പ് |
| എം.55 | തലശ്ശേരി | എക്സിക്യൂട്ടീവ് എഞ്ചിനീയർ, പഴശ്ശി ഇറിഗേഷൻ പ്രോജക്ട്, കണ്ണൂർ |
| എം.56 | പയ്യന്നൂർ | ഡെപ്യൂട്ടി ഡയറക്ടർ ഓഫ് എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ്, സിവിൽ സ്റ്റേഷൻ, കണ്ണൂർ |
| എം.58 | കാഞ്ഞങ്ങാട് | പ്രോജക്ട് ഡയറക്ടർ, പോവർട്ടി അലിവേഷൻ യൂണിറ്റ്, കാസർഗോഡ് |
| എം.59 | കാസർഗോഡ് | മാനേജർ, (ഡി.പി) ഡിസ്ട്രിക്റ്റ് ഇൻഡസ്ട്രീസ് സെന്റർ, കാസർഗോഡ് |
| എം.60 | നീലേശ്വരം | ഡെപ്യൂട്ടി ഡയറക്ടർ ഓഫ് അഗ്രികൾച്ചർ (YP), കാസർഗോഡ് |
| എം.61 | പന്തളം | ഡിസ്ട്രിക്റ്റ് ഷെഡ്യൂൾഡ് കാസ്റ്റ് ഡവലപ്പ്മെന്റ് ഓഫീസർ, പത്തനംതിട്ട |

| | | |
|---|---|---|
| എം.62 | ഹരിപ്പാട് | ഡെപ്യൂട്ടി ഡയറക്ടർ ഓഫ് ഡയറി ഡവലപ്പ്മെന്റ്, ആലപ്പുഴ |
| എം.63 | ഏറ്റുമാനൂർ | ഡിസ്ട്രിക്ട് പ്ലാനിംഗ് ഓഫീസർ,<br>കോട്ടയം |
| എം.64 | ഈരാറ്റുപേട്ട | പ്രോജക്ട് ഓഫീസർ, ഐ.റ്റി.ഡി പ്രോജക്ട് ഓഫീസ്, മിനി സിവിൽ സ്റ്റേഷൻ, കാഞ്ഞിരപള്ളി |
| എം.65 | കട്ടപ്പന | സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ, (എൽ.എ), മൂന്നാർ |
| എം.66 | പിറവം | എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇറിഗേഷൻ ഡിവിഷൻ,<br>എറണാകുളം, കൊച്ചി-30 |
| എം.67 | കൂത്താട്ടുകുളം | പ്രോജക്ട് ഡയറക്ടർ, പി.എ.യു, എറണാകുളം, കൊച്ചി-30 |
| എം.68 | വടക്കാഞ്ചേരി | ഡിസ്ട്രിക്ട് രജിസ്ട്രാർ (ജനറൽ), തൃശ്ശൂർ |
| എം.69 | പട്ടാമ്പി | ജനറൽ മാനേജർ, ഡിസ്ട്രിക്ട് ഇൻഡസ്ട്രീസ് സെന്റർ, പാലക്കാട് |
| എം.70 | ചെറുപ്പളശ്ശേരി | ഡിസ്ട്രിക്ട്ടൗൺ പ്ലാനർ, ടൗൺ പ്ലാനിംഗ് ഓഫീസ്, പാലക്കാട് |
| എം.71 | മണ്ണാർക്കാട് | ഡിസ്ട്രിക്ട് ഡവലപ്പ്മെന്റ് ഓഫീസർ ഫോർ SC, പാലക്കാട് |
| എം.72 | താനൂർ | റവന്യൂ ഡിവിഷണൽ ഓഫീസർ, തിരൂർ |
| എം.73 | പരപ്പനങ്ങാടി | ഡിസ്ട്രിക്ട് ടൗൺ പ്ലാനർ, മലപ്പുറം |
| എം.74 | വളാഞ്ചേരി | ഡെപ്യൂട്ടി ഡയറക്ടർ ഓഫ് അഗ്രികൾച്ചർ (ഇ &റ്റി), മലപ്പുറം |
| എം.75 | തിരൂരങ്ങാടി | ഡിസ്ട്രിക്ട് എഡ്യൂക്കേഷണൽ ഓഫീസർ, തിരൂരങ്ങാടി |
| എം.76 | പയ്യോളി | മാനേജർ(RET), ഡിസ്ട്രിക്ട് ഇൻഡസ്ട്രീസ് സെന്റർ, വെള്ളായിൽ പി ഒ, കോഴിക്കോട് |
| എം.77 | രാമനാട്ടുകര | എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ്, പുതിയപ്പ, കോഴിക്കോട് |
| എം.78 | കൊടുവള്ളി | മാനേജർ (ക്രഡിറ്റ്), ഡിസ്ട്രിക്ട് ഇൻഡസ്ട്രീസ് സെന്റർ,<br>വെള്ളായിൽ പി.ഒ, കോഴിക്കോട് |
| എം.79 | മുക്കം | ഡിസ്ട്രിക്ട് പ്ലാനിംഗ് ഓഫീസർ, സിവിൽ സ്റ്റേഷൻ, കോഴിക്കോട് - 673020 |
| എം.80 | ഫറോക്ക് | ഡിസ്ട്രിക്ട് വിമെൻ & ചൈൽഡ് ഡവലപ്പ്മെന്റ് ഓഫീസർ,<br>സിവിൽ സ്റ്റേഷൻ, ബി ബ്ലോക്ക്, കോഴിക്കോട് - 673020 |
| എം.81 | മാനന്തവാടി | എക്സിക്യൂട്ടീവ് എഞ്ചിനീയർ, ബി.എസ്.പി.ഡിവിഷൻ,<br>പടിഞ്ഞാറത്തറ |
| എം.82 | സുൽത്താൻബത്തേരി | എക്സിക്യൂട്ടീവ് എഞ്ചിനീയർ, മൈനർ ഇറിഗേഷൻ ഡിവിഷൻ,<br>സുൽത്താൻബത്തേരി |
| എം.83 | ഇരിട്ടി | ഡിസ്ട്രിക്ട് എംപ്ലോയ്മെന്റ് ഓഫീസർ, കണ്ണൂർ |
| എം.84 | പാനൂർ | ഡെപ്യൂട്ടി ഡയറക്ടർ ഓഫ് ഫിഷറീസ്, കണ്ണൂർ |
| എം.85 | ശ്രീകണ്ഠപുരം | ഡിസ്ട്രിക്ട് എഡ്യൂക്കേഷണൽ ഓഫീസർ, തളിപ്പറമ്പ |
| എം.86 | ആന്തൂർ | ഡിസ്ട്രിക്ട് സോയിൽ കൺസർവേഷൻ ഓഫീസർ, കണ്ണൂർ |
| എം.87 | കൊട്ടാരക്കര | പ്രിൻസിപ്പൽ, എക്സ്റ്റൻഷൻ ട്രെയിനിംഗ് സെന്റർ, കൊട്ടാരക്കര |
| എം.88 | കൊണ്ടോട്ടി | ഡിസ്ട്രിക്ട് രജിസ്ട്രാർ (ജനറൽ), മലപ്പുറം |

*(എസ്.ഇ.സി.172/2020)*

## **അദ്ധ്യക്ഷൻമാരുടെയും ഉപാദ്ധ്യക്ഷൻമാരുടെയും തിരഞ്ഞെടുപ്പ് 28നും 30 നും**

ഡിസംബർ 21 ന് സത്യപ്രതിജ്ഞ ചെയ്ത് അധികാരമേൽക്കുന്ന മുനിസിപ്പാലിറ്റികളിലെയും കോർപ്പറേഷനുകളിലെയും അദ്ധ്യക്ഷൻമാരുടെ തിരഞ്ഞെടുപ്പ് ഡിസംബർ 28 ന് രാവിലെ 11 നും ഉപാദ്ധ്യക്ഷൻമാരുടെ തിരഞ്ഞെടുപ്പ് അന്ന് ഉച്ചക്കു ശേഷം രണ്ടിനും നടക്കും. ത്രിതല പഞ്ചായത്തുകളിലെ അദ്ധ്യക്ഷൻമാരുടെ തിരഞ്ഞെടുപ്പ് ഡിസംബർ 30 ന് രാവിലെ 11 നും ഉപാദ്ധ്യക്ഷൻമാരുടെ തിരഞ്ഞെടുപ്പ് അന്ന് ഉച്ചക്കു ശേഷം രണ്ടിനും നടക്കും. ത്രിതല പഞ്ചായത്തുകളിലെ അദ്ധ്യക്ഷൻമാരുടെയും ഉപാദ്ധ്യക്ഷൻമാരുടെയും തിരഞ്ഞെടുപ്പ് അതാത് വരണാധികാരികളും കോർപ്പറേഷനുകളിലേക്ക് അതാത് ജില്ലാ കളക്ടർമാരും മുനിസിപ്പാലിറ്റികളിൽ കമ്മീഷൻ നിയോഗിച്ച വരണാധികാരികളുമാണ് നടത്തുക.

*(എസ്.ഇ.സി.171/2020)*

## വോട്ടെണ്ണൽ ഇന്ന്; ആഹ്ലാദപ്രകടനം അതിര് കടക്കരുത്

തദ്ദേശതിരഞ്ഞെടുപ്പിന്റെ വോട്ടെണ്ണൽ ഇന്ന് (ഡിസംബർ16) രാവിലെ എട്ടു മുതൽ ആരംഭിക്കും. 244 കേന്ദ്രങ്ങളിലായാണ് വോട്ടെണ്ണൽ. ഫലമറിയുമ്പോഴുള്ള ആഹ്ളാദ പ്രകടനങ്ങൾ കോവിഡ് പ്രോട്ടോക്കോളിന്റെ ലംഘനമാകാതിരിക്കാൻ എല്ലാവരും ശ്രദ്ധിക്കണമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മിഷണർ വി.ഭാസ്കരൻ പറഞ്ഞു. കോവിഡ് മാനദണ്ഡം ലംഘിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കും. സ്പെഷ്യൽതപാൽ വോട്ടുകൾ അടക്കമുള്ള പോസ്റ്റൽ വോട്ടുകളാണ് ആദ്യം എണ്ണുക. തുടർന്ന് ഇലക്ട്രോണിക് മെഷീനിലെ വോട്ടെണ്ണൽ നടക്കും. ഇതിനുള്ള ക്രമീകരണങ്ങളെല്ലാം കോവിഡ് മാനദണ്ഡം പാലിച്ചു കൊണ്ട് തയ്യാറാക്കിയിട്ടുണ്ട്. ഫലം അപ്പപ്പോൾ 'ട്രെൻഡ്' വെബ്സൈറ്റിൽ ലഭ്യമാകും.

### പോസ്റ്റൽ വോട്ടുകൾ ആദ്യം

കോവിഡ് ബാധിതർക്കു വിതരണം ചെയ്ത സ്പെഷ്യൽ തപാൽവോട്ടുകൾ ഉൾപ്പെടെയുള്ള പോസ്റ്റൽ വോട്ടുകളാണ് ആദ്യം എണ്ണുക. ത്രിതല പഞ്ചായത്തുകളിലെ വോട്ടെണ്ണൽ ബ്ലോക്ക് തലത്തിലുള്ള വിതരണ, സ്വീകരണ കേന്ദ്രങ്ങളിൽ നടക്കും. മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും അതാത് സ്ഥാപനങ്ങളുടെ വിതരണ സ്വീകരണ കേന്ദ്രങ്ങളിൽ വോട്ടെണ്ണും. ഗ്രാമപഞ്ചായത്തുകളിലെയും ബ്ലോക്ക് പഞ്ചായത്തുകളിലെയും ജില്ലാ പഞ്ചായത്തുകളിലെയും പോസ്റ്റൽ വോട്ടുകൾ അതാത് വരണാധികാരികളാണ് എണ്ണുക. വോട്ടെണ്ണൽ ആരംഭിക്കുന്നതിന് മുമ്പ് വിതരണം ചെയ്ത സാധാരണ പോസ്റ്റൽ ബാലറ്റുകളുടെയും സ്പെഷ്യൽ പോസ്റ്റൽ ബാലറ്റുകളുടെയും എണ്ണം ബന്ധപ്പെട്ട കൗണ്ടിംഗ് ഏജന്റുമാരെ അതാത് വരണാധികാരികൾ അറിയിക്കേണ്ടതാണ്.

### വോട്ടെണ്ണൽ 244 കേന്ദ്രങ്ങളിൽ

സംസ്ഥാനത്താകെ 244 വോട്ടെണ്ണൽ കേന്ദ്രങ്ങളാണുള്ളത്. തിരുവനന്തപുരം- 16, കൊല്ലം- 16, പത്തനംതിട്ട- 12, ആലപ്പുഴ- 18, കോട്ടയം- 17, ഇടുക്കി- 10, എറണാകുളം- 28, തൃശൂർ- 24, പാലക്കാട്- 20, മലപ്പുറം- 27, കോഴിക്കോട്- 20, വയനാട്- 7, കണ്ണൂർ- 20, കാസർഗോഡ്- 9 എന്നിങ്ങനെയാണ് വോട്ടെണ്ണൽ കേന്ദ്രങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക്.

### കോവിഡ് മാനദണ്ഡം പാലിക്കണം

വോട്ടെണ്ണൽ കേന്ദ്രങ്ങളിൽ കോവിഡ് മാനദണ്ഡം കർശനമായി പാലിക്കണം. കൗണ്ടിംഗ് ഓഫീസർമാർ കയ്യുറയും മാസ്കും ഫേസ് ഷീൽഡും ധരിക്കും. കൗണ്ടിംഗ് ഹാളിൽ എത്തുന്ന സ്ഥാനാർത്ഥികളും കൗണ്ടിംഗ് ഏജന്റുമാരും മാസ്കും സാനിറ്റൈസറും ഉപയോഗിക്കണം. വോട്ടെണ്ണൽ കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നത് അതാത് തദ്ദേശ സ്ഥാപന സെക്രട്ടറിമാരാണ്.

### ക്രമീകരണം ഇങ്ങനെ

ബ്ലോക്ക് പഞ്ചായത്ത് വരണാധികാരിക്ക് ഒരു ഹാളും ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ വരുന്ന ഗ്രാമപഞ്ചായത്തുകൾക്ക് പ്രത്യേക കൗണ്ടിംഗ് ഹാളുകളും സജ്ജീകരിക്കും. മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും ഓരോ വരണാധികാരിക്കും പ്രത്യേകം കൗണ്ടിംഗ് ഹാൾ ഉണ്ടാകും. പരമാവധി എട്ട് പോളിംഗ് സ്റ്റേഷനുകൾക്ക് ഒരു ടേബിൾ എന്ന രീതിയിലാകും സാമൂഹ്യ അകലം പാലിച്ച് കൗണ്ടിംഗ് ടേബിളുകൾ സജ്ജീകരിക്കുക. ഒരു വാർഡിലെ എല്ലാ പോളിംഗ് സ്റ്റേഷനുകളിലെയും വോട്ടെണ്ണൽ ഒരു ടേബിളിൽ തന്നെ ക്രമീകരിക്കും. കൗണ്ടിംഗ് ഹാളിൽ സജ്ജീകരിച്ചിട്ടുള്ള വോട്ടെണ്ണൽ മേശകളുടെ എണ്ണം കണക്കാക്കിയാകും സ്ട്രോങ്റൂമിൽ

നിന്നും കൺട്രോൾ യൂണിറ്റുകൾ എത്തിക്കുക. വോട്ടെണ്ണൽ ആരംഭിക്കേണ്ടത് ഒന്നാം വാർഡ് മുതൽ എന്ന ക്രമത്തിലാണ്. ഒരു വാർഡിൽ ഒന്നിലധികം ബൂത്തുകളുണ്ടെങ്കിൽ അവ ഒരു ടേബിളിലാണ് എണ്ണുക. ത്രിതല പഞ്ചായത്തുകളിൽ ഓരോ ടേബിളിലും ഒരു കൗണ്ടിംഗ് സൂപ്പർവൈസറും രണ്ട് കൗണ്ടിംഗ് അസിസ്റ്റന്റുമാരും നഗരസഭകളിൽ ഒരു കൗണ്ടിംഗ് സൂപ്പർവൈസറും ഒരു കൗണ്ടിംഗ് അസിസ്റ്റന്റും ഉണ്ടാകും.ബ്ലോക്ക്തലത്തിലുള്ള വോട്ടെണ്ണൽ കേന്ദ്രങ്ങളിൽ ബ്ലോക്ക് പഞ്ചായത്തുകളുടെയും ജില്ലാ പഞ്ചായത്തുകളുടെയും സ്ഥാനാർഥികൾ കൂടുതൽ കൗണ്ടിംഗ് ഏജന്റുമാരെ നിയോഗിക്കുന്നതിന് ആവശ്യം ഉന്നയിക്കുന്ന പക്ഷം കൗണ്ടിംഗ് ഹാളിൽ ജനക്കൂട്ടം ഉണ്ടാകാത്ത വിധം വരണാധികാരികൾക്ക് ഒരു ടേബിളിൽ ഒരു ഏജന്റ് എന്ന ക്രമത്തിൽ നിയമനം നടത്താം.

*(എസ്.ഇ.സി.170/2020)*

## തിരഞ്ഞെടുപ്പ് ഫലം തത്സമയം അറിയാൻ 'ട്രെൻഡ്'

തദ്ദേശ തിരഞ്ഞെടുപ്പ് ഫലം കൃത്യവും സമഗ്രവുമായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 'ട്രെൻഡ്' വെബ്സൈറ്റ് trend.kerala.gov.in ൽ നിന്നും തത്സമയം അറിയാം. സംസ്ഥാനത്തെ മുഴുവൻ തദ്ദേശ സ്ഥാപനങ്ങളുടെയും ഫലം ജില്ലാ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിങ്ങനെ തിരിച്ച് ഒറ്റ നോട്ടത്തിൽ മനസിലാകുന്ന വിധം സൈറ്റിൽ കാണാം. ഓരോ തദ്ദേശ സ്ഥാപനത്തിലെയും ലീഡ് നില വാർഡ് അടിസ്ഥാനത്തിൽ മനസ്സിലാക്കാം. നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററാണ് (എൻ.ഐ.സി) വെബ്സൈറ്റ് തയ്യാറാക്കിയിരിക്കുന്നത്. മാധ്യമങ്ങൾക്ക് വിവരങ്ങൾ തത്സമയം ലഭ്യമാക്കുന്നതിനും 'ട്രെൻഡ്' വെബ്സൈറ്റിൽ പ്രത്യേക സജ്ജീകരണങ്ങൾ ഒരുക്കിയിട്ടുണ്ട്. പബ്ലിക് റിലേഷൻസ് വകുപ്പിന്റെ 'പി.ആർ.ഡി.ലൈവ്' മൊബൈൽ ആപ്പിലും ഫലം തത്സമയം ലഭിക്കും.

*(എസ്.ഇ.സി.169/2020)*

Email:
**contact.seckerala@gmail.com**
**cru.sec@kerala.gov.in**

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

**www.sec.kerala.gov.in**

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

**14th December 2020**

## തിരഞ്ഞെടുപ്പ് സമാധാനപരം; വോട്ടെണ്ണൽ ഒരുക്കം പൂർണ്ണം

മൂന്ന് ഘട്ടങ്ങളിലായി നടന്ന തദ്ദേശ തിരഞ്ഞെടുപ്പ് സമാധാനപരമായി പൂർത്തിയാക്കാൻ കഴിഞ്ഞതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി. ഭാസ്കരൻ പറഞ്ഞു. നാളെ ( ഡിസംബർ16) നടക്കുന്ന വോട്ടെണ്ണലിനുള്ള സജ്ജീകരണങ്ങൾ പൂർത്തിയാക്കിയതായും അദ്ദേഹം പറഞ്ഞു. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ആസ്ഥാനത്ത് നടത്തിയ വാർത്താ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. 244 കേന്ദ്രങ്ങളിലായി കോവിഡ് മാനദണ്ഡം പാലിച്ചായിരിക്കും വോട്ടെണ്ണൽ നടത്തുക. ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി , കോർപ്പറേഷൻ എന്നിവയിൽ സ്ഥാനാർത്ഥികൾക്ക് തിരഞ്ഞെടുപ്പ് ഏജന്റിന് പുറമെ ഒരോ കൗണ്ടിംഗ് ഏജന്റുമാരെക്കൂടി വോട്ടെണ്ണലിന് ചുമതലപ്പെടുത്താം. ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളെ സംബന്ധിച്ച് ഓരോ ഗ്രാമപഞ്ചായത്തിനും ഒരു കൗണ്ടിംഗ് ഏജന്റിനെ ഇതിനായി ചുമതലപ്പെടുത്താം. ആദ്യം തപാൽ വോട്ടുകളാണ് എണ്ണുക. വേട്ടെണ്ണൽ വിവരം തത്സമയം 'ട്രെൻഡ്' വെബ് സൈറ്റിലൂടെ പൊതുജനങ്ങൾക്ക് കാണാനാകും. വോട്ടെണ്ണൽ ദിവസം ഉച്ചയോടെ ഫലപ്രഖ്യാപനം നടത്താനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. പുതുതായി തിരഞ്ഞെടുക്കപ്പെടുന്ന ജനപ്രതിനിധികളുടെ സത്യപ്രതിജ്ഞ ഡിസംബർ 21 ന് നടത്തും. അദ്ധ്യക്ഷൻമാരുടെയും ഉപാദ്ധ്യക്ഷൻമാരുടേയും തിരഞ്ഞെടുപ്പ് തിയതി ഉടൻ നിശ്ചയിച്ച് നൽകുമെന്നും കമ്മീഷൻ പറഞ്ഞു.

*(എസ്.ഇ.സി.168/2020)*

## അവസാനഘട്ട തിരഞ്ഞെടുപ്പ് : 78.64 ശതമാനം പോളിംഗ് രേഖപ്പെടുത്തി

സംസ്ഥാനത്ത് ഡിസംബർ 14 ന് (14.12.2020) നടന്ന അവസാനഘട്ട തദ്ദേശ തിരഞ്ഞെടുപ്പിൽ 78.64 ശതമാനം പേർ സമ്മതിദാനാവകാശം വിനിയോഗിച്ചു. നാല് ജില്ലകളിലായി നടന്ന തിരഞ്ഞെടുപ്പിൽ 32,87,029 പുരുഷൻമാരും 37,40,486 സ്ത്രീകളും 16 ട്രാൻസ്ജെന്റേഴ്സുമുൾപ്പെടെ 70,27,534 പേർ വോട്ട് രേഖപ്പെടുത്തി. മലപ്പുറം- 78.87 , കോഴിക്കോട് - 79.00 ,കണ്ണൂർ- 78.57 , കാസർഗോഡ് - 77.14 എന്നിങ്ങനെയാണ് ജില്ല തിരിച്ചുള്ള വോട്ടിംഗ് ശതമാനം.

കോഴിക്കോട് കോർപ്പറേഷനിൽ 70.29 ശതമാനവും, കണ്ണൂർ കോർപ്പറേഷനിൽ 71.65 ശതമാനവും പോളിംഗ് രേഖപ്പെടുത്തി .

*(എസ്.ഇ.സി.167/2020)*

## കിഴക്കമ്പലം പഞ്ചായത്തിലെ സംഘർഷം; റിപ്പോർട്ട് സമർപ്പിച്ചു

എറണാകുളം കിഴക്കമ്പലം പഞ്ചായത്തിൽ തദ്ദേശ തിരഞ്ഞെടുപ്പിനിടെ നടന്ന സംഘർഷം സംബന്ധിച്ച് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ ആവശ്യപ്പെട്ടതനുസരിച്ച് എറണാകുളം ജില്ലാ കളക്ടർ റിപ്പോർട്ട് സമർപ്പിച്ചു. വോട്ട് ചെയ്യാനെത്തിയ ആളുകളെ തടഞ്ഞവർക്കെതിരെ കേരള എപ്പിഡമിക് ഓർഡിനൻസ് അനുസരിച്ചും പഞ്ചായത്ത് രാജ് നിയമമനുസരിച്ചും ഇന്ത്യൻ ശിക്ഷാ നിയമമനുസരിച്ചും കേസെടുത്തതായി റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്.

*(എസ്.ഇ.സി.166/2020)*

Email:
**contact.seckerala@gmail.com**
**cru.sec@kerala.gov.in**

# പത്രക്കുറിപ്പ്

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**

TELEPHONE: 0471-2321233
MOBILE :8281000127

**www.sec.kerala.gov.in**

**13th December 2020**

## തദ്ദേശ തിരഞ്ഞെടുപ്പ്: അവസാനഘട്ട വോട്ടെടുപ്പ് ഇന്ന് ( ഡിസംബർ 14 )

തദ്ദേശ തിരഞ്ഞെടുപ്പിലെ അവസാനഘട്ട വോട്ടെടുപ്പ് ഇന്ന് ( ഡിസംബർ 14) നടക്കും. മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ 354 തദ്ദേശ സ്ഥാപനങ്ങളിലെ 6,867 വാർഡുകളിലേക്കാണ് തിരഞ്ഞെടുപ്പ് നടക്കുന്നത്. 42,87,597 പുരുഷൻമാരും 46,87,310 സ്ത്രീകളും 86 ട്രാൻസ്ജെന്റേഴ്സും അടക്കം 89,74,993 വോട്ടർമാരാണ് അവസാനഘട്ടത്തിലുള്ളത്. ഇതിൽ 71,906 കന്നി വോട്ടർമാരും 1,747 പ്രവാസി ഭാരതീയരായ വോട്ടർമാരും ഉൾപ്പെടുന്നു. 10,842 പോളിംഗ് ബൂത്തുകളാണ് സജ്ജീകരിച്ചിരിക്കുന്നത്. പോളിംഗ് ബൂത്തുകളിൽ കോവിഡ് മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ ഉറപ്പു വരുത്തണമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി. ഭാസ്കരൻ നിർദ്ദേശം നൽകി. 1,105 പ്രശ്നബാധിത പോളിംഗ് ബൂത്തുകളിൽ വെബ്കാസ്റ്റിംഗും ഏർപ്പെടുത്തിയിട്ടുണ്ട്. പ്രശ്നബാധിത പോളിംഗ് ബൂത്തുകൾക്ക് പ്രത്യേക സുരക്ഷ ഒരുക്കാൻ പോലീസിന് കമ്മീഷൻ നിർദ്ദേശം നൽകി. തിരഞ്ഞെടുപ്പ് ഡ്യൂട്ടിക്കായി 52,285 ഉദ്യോഗസ്ഥരെയാണ് വിന്യസിച്ചിരിക്കുന്നത്. ഇന്നലെ (ഡിസംബർ 13) വൈകിട്ട് മൂന്ന് മുതൽ വോട്ടെടുപ്പ് അവസാനിക്കുന്നതുവരെ സർട്ടിഫൈഡ് ലിസ്റ്റിൽ ഉൾപ്പെടുന്ന കോവിഡ് പോസിറ്റീവ് ആകുന്നവർക്കും ക്വാറന്റീനിൽ പ്രവേശിക്കുന്നവർക്കും ആരോഗ്യ വകുപ്പിലെ ഡെസിഗ്നേറ്റഡ് ഹെൽത്ത് ഓഫീസർ നൽകുന്ന സാക്ഷ്യപത്രം ഹാജരാക്കി പോളിംഗ് സ്റ്റേഷനിൽ നേരിട്ടെത്തി വോട്ടു ചെയ്യാം. സ്ഥാനാർത്ഥികളുടെ മരണത്തെ തുടർന്ന് കോഴിക്കോട് മാവൂർ ഗ്രാമപഞ്ചായത്തിലെ താത്തൂർ പൊയ്യിൽ(11), കണ്ണൂർ ജില്ലാ പഞ്ചായത്തിലെ തില്ലങ്കേരി(7) എന്നിവിടങ്ങളിലെ തിരഞ്ഞെടുപ്പ് മാറ്റിയിരുന്നു. വോട്ടെണ്ണൽ ബുധനാഴ്ച ( ഡിസംബർ 16) നടക്കും.

*(എസ്.ഇ.സി.165/2020)*

## വോട്ടിംഗ് യന്ത്രം: ബട്ടണമർത്താൻ പേന പാടില്ല

വോട്ടിംഗ് യന്ത്രത്തിലെ ബട്ടൺ അമർത്തുന്നതിന് പേനയോ മറ്റ് വസ്തുക്കളോ ഉപയോഗിക്കരുതെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ അറിയിച്ചു. ഇത്തരത്തിൽ വോട്ട് രേഖപ്പെടുത്തുന്നില്ലെന്ന് ഉദ്യോഗസ്ഥർ ഉറപ്പാക്കണം. ഈ രീതിയിൽ വോട്ട് ചെയ്യുന്നത് കമ്മീഷന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്നാണ് നിർദ്ദേശം.

*(എസ്.ഇ.സി.164/2020)*

## ഫലം 16ന്; വോട്ടെണ്ണൽ കേന്ദ്രങ്ങൾ സജ്ജം

ഡിസംബർ 16 ന് നടക്കുന്ന വോട്ടെണ്ണലിനുള്ള ഒരുക്കങ്ങളെല്ലാം പൂർത്തിയായതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി. ഭാസ്കരൻ അറിയിച്ചു. രാവിലെ എട്ടിനാണ് വോട്ടെണ്ണൽ ആരംഭിക്കുന്നത്. വോട്ടെണ്ണൽ കേന്ദ്രങ്ങളിൽ കോവിഡ് മാനദണ്ഡങ്ങൾ കർശനമായി പാലിക്കുന്നുണ്ടെന്ന് ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ ഉറപ്പാക്കണമെന്നും കമ്മീഷൻ നിർദ്ദേശം നൽകി.

### *പോസ്റ്റൽ വോട്ടുകൾ ആദ്യം എണ്ണും*

കോവിഡ് ബാധിതർക്കു വിതരണം ചെയ്ത സ്പെഷ്യൽ തപാൽവോട്ടുകൾ ഉൾപ്പെടെയുള്ള പോസ്റ്റൽ വോട്ടുകളാണ് ആദ്യം എണ്ണുക. ത്രിതല പഞ്ചായത്തുകളിലെ വോട്ടെണ്ണൽ ബ്ലോക്ക് തലത്തിലുള്ള വിതരണ, സ്വീകരണ കേന്ദ്രങ്ങളിൽ നടക്കും. മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും അതാത് സ്ഥാപനങ്ങളുടെ വിതരണ സ്വീകരണ കേന്ദ്രങ്ങളിൽ വോട്ടെണ്ണും. ഗ്രാമപഞ്ചായത്തുകളിലെയും ബ്ലോക്ക് പഞ്ചായത്തുകളിലെയും ജില്ലാ പഞ്ചായത്തുകളിലെയും പോസ്റ്റൽ വോട്ടുകൾ അതാത് വരണാധികാരികളാണ് എണ്ണുക.

### *വോട്ടെണ്ണൽ കേന്ദ്രങ്ങൾ 244*

സംസ്ഥാനത്താകെ 244 വോട്ടെണ്ണൽ കേന്ദ്രങ്ങളാണുള്ളത്. തിരുവനന്തപുരം- 16, കൊല്ലം- 16, പത്തനംതിട്ട- 12, ആലപ്പുഴ- 18, കോട്ടയം- 17, ഇടുക്കി- 10, എറണാകുളം- 28, തൃശൂർ- 24, പാലക്കാട്- 20, മലപ്പുറം- 27, കോഴിക്കോട്-

20, വയനാട്- 7, കണ്ണൂർ- 20, കാസർഗോഡ്- 9 എന്നിങ്ങനെയാണ് വോട്ടെണ്ണൽ കേന്ദ്രങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക്.

### *കോവിഡ് പ്രതിരോധം കർശനം*

കോവിഡ് മുൻകരുതലിന്റെ ഭാഗമായി വോട്ടെണ്ണൽ കേന്ദ്രങ്ങൾ നാളെ( ഡിസംബർ 15) അണുവിമുക്തമാക്കും. കൗണ്ടിംഗ് ഓഫീസർമാർ കയ്യുറയും മാസ്കും ഫേസ് ഷീൽഡും ധരിക്കും. കൗണ്ടിംഗ് ഹാളിൽ എത്തുന്ന സ്ഥാനാർത്ഥികളും കൗണ്ടിംഗ് ഏജന്റുമാരും മാസ്കും സാനിറ്റൈസറും ഉപയോഗിക്കണം. വോട്ടെണ്ണൽ കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നത് അതാത് തദ്ദേശ സ്ഥാപന സെക്രട്ടറിമാരാണ്.

### *കൃത്യമായ ക്രമീകരണം*

ബ്ലോക്ക് പഞ്ചായത്ത് വരണാധികാരിക്ക് ഒരു ഹാളും ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ വരുന്ന ഗ്രാമപഞ്ചായത്തുകൾക്ക് പ്രത്യേക കൗണ്ടിംഗ് ഹാളുകളും സജ്ജീകരിക്കും. മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും ഓരോ വരണാധികാരിക്കും പ്രത്യേകം കൗണ്ടിംഗ് ഹാൾ ഉണ്ടാകും. പരമാവധി എട്ട് പോളിംഗ് സ്റ്റേഷനുകൾക്ക് ഒരു ടേബിൾ എന്ന രീതിയിലാകും സാമൂഹ്യ അകലം പാലിച്ച് കൗണ്ടിംഗ് ടേബിളുകൾ സജ്ജീകരിക്കുക. ഒരു വാർഡിലെ എല്ലാ പോളിംഗ് സ്റ്റേഷനുകളിലെയും വോട്ടെണ്ണൽ ഒരു ടേബിളിൽ തന്നെ ക്രമീകരിക്കും.
കൗണ്ടിംഗ് ഹാളിൽ സജ്ജീകരിച്ചിട്ടുള്ള വോട്ടെണ്ണൽ മേശകളുടെ എണ്ണം കണക്കാക്കിയാകും സ്ട്രോങ്റൂമിൽ നിന്നും കൺട്രോൾ യൂണിറ്റുകൾ എത്തിക്കുക. വോട്ടെണ്ണൽ ആരംഭിക്കേണ്ടത് ഒന്നാം വാർഡ് മുതൽ എന്ന ക്രമത്തിലാണ്. ഒരു വാർഡിൽ ഒന്നിലധികം ബൂത്തുകളുണ്ടെങ്കിൽ അവ ഒരു ടേബിളിലാണ് എണ്ണുക. ത്രിതല പഞ്ചായത്തുകളിൽ ഓരോ ടേബിളിലും ഒരു കൗണ്ടിംഗ് സൂപ്പർവൈസറും രണ്ട് കൗണ്ടിംഗ് അസിസ്റ്റന്റുമാരും നഗരസഭകളിൽ ഒരു കൗണ്ടിംഗ് സൂപ്പർവൈസറും ഒരു കൗണ്ടിംഗ് അസിസ്റ്റന്റും ഉണ്ടാകും.

*(എസ്.ഇ.സി.163/2020)*

## <u>തിരഞ്ഞെടുപ്പ് ഫലം തത്സമയം അറിയാൻ 'ട്രെൻഡ്'</u>

തദ്ദേശ തിരഞ്ഞെടുപ്പ് ഫലം തത്സമയം ജനങ്ങളിലെത്തിക്കാൻ ട്രെൻഡ് വെബ്സൈറ്റ് (TREND) സജ്ജമായി. ബുധനാഴ്ച (ഡിസംബർ 16) നടക്കുന്ന വോട്ടെണ്ണലിന്റെ പുരോഗതി കൃത്യവും സമഗ്രവുമായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ ട്രെൻഡ് വെബ്സൈറ്റിൽ തത്സമയം ലഭിക്കും. സംസ്ഥാനത്തെ മുഴുവൻ തദ്ദേശ സ്ഥാപനങ്ങളുടെയും ഫലം ജില്ലാ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിങ്ങനെ തിരിച്ച് ഒറ്റ നോട്ടത്തിൽ മനസിലാകുന്ന വിധം സൈറ്റിൽ കാണാം. ഓരോ തദ്ദേശ സ്ഥാപനത്തിലേയും വോട്ടെണ്ണൽ നില വാർഡുകളിലെ പോളിംഗ് സ്റ്റേഷൻ അടിസ്ഥാനത്തിലും മനസിലാക്കാം. നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററാണ് (എൻ.ഐ.സി) വെബ്സൈറ്റ് തയ്യാറാക്കിയിരിക്കുന്നത്. മാധ്യമങ്ങൾക്ക് വിവരങ്ങൾ തത്സമയം ലഭ്യമാക്കുന്നതിനും ട്രൻഡ് വെബ്സൈറ്റിൽ പ്രത്യക സജ്ജീകരണങ്ങൾ ഒരുക്കിയിട്ടുണ്ട്.
രാവിലെ എട്ടുമുതൽ ആരംഭിക്കുന്ന വോട്ടെടുപ്പിന്റെ പുരോഗതി അപ്പപ്പോൾ ട്രെൻഡ് വെബ്സൈറ്റിൽ അപ്പ് ലോഡ് ചെയ്യും. ഇതിനായി സംസ്ഥാനത്തെ 244 വോട്ടെണ്ണൽ കേന്ദ്രങ്ങളിലും ക്രമീകരണങ്ങളായി. ട്രെൻഡ് സോഫ്റ്റ് വെയറിലേയ്ക്ക് വോട്ടിംഗ് വിവരം അപ്ലോഡ് ചെയ്യാനായി വോട്ടെണ്ണൽ കേന്ദ്രത്തിൽ പ്രത്യേക മുറി സജ്ജീകരിക്കും. ഡേറ്റാ അപ്ലോഡിംഗ് സെന്ററിന്റെ മേൽനോട്ടം വഹിക്കുക സൂപ്രണ്ട് തസ്തികയിലുള്ള ഉദ്യോഗസ്ഥനാണ്. ഇൻഫർമേഷൻ കേരള മിഷനിൽ നിന്നുള്ള കമ്പ്യൂട്ടർ വിദഗ്ധനാകും സാങ്കേതിക സഹായങ്ങൾ ചെയ്യുക. ബ്ലോക്ക്തല സെന്ററിൽ ഡേറ്റ എൻട്രിക്കായി അഞ്ചിൽ കുറയാത്ത ടെക്നിക്കൽ അസിസ്റ്റന്റുമാരും കാണും. മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും ഇൻഫർമേഷൻ കേരള മിഷനിൽ നിന്ന് രണ്ടോ അതിലധികമോ ഡേറ്റ എൻട്രി ഒപ്പറേറ്റർമാർ ഉണ്ടാകും. ഓരോ പോളിംഗ് സ്റ്റേഷന്റെയും വോട്ട് നിലവാരം രേഖപ്പെടുത്തുന്നതിന് ട്രെൻഡ് സൈറ്റിൽ നിന്ന് കൗണ്ടിംഗ് സ്ലിപ്പ് മുൻകൂറായി ഡൗൺ ലോഡ് ചെയ്ത് പ്രിന്റ് എടുക്കണം. വോട്ടെണ്ണൽ പൂർത്തിയാകുന്ന മുറയ്ക്ക് കൗണ്ടിംഗ് സൂപ്പർവൈസർമാർ ഇതിൽ ഫലം രേഖപ്പെടുത്തും. സ്ലിപ്പ് ഡേറ്റാ അപ്ലോഡിംഗ് സെന്ററിൽ എത്തിക്കുന്ന കൗണ്ടിംഗ് സ്ലിപ്പ് ഫാറത്തിലെ വിവരങ്ങൾ അപ്പോൾ തന്നെ ട്രെൻഡിൽ എൻട്രി ചെയ്യും. അപ്ലോഡിംഗ് സെന്ററിലെ സൂപ്പർവൈസർമാരാകും ഇത് ഉറപ്പാക്കുക.

*(എസ്.ഇ.സി.162/2020)*

| Email:<br>**contact.seckerala@gmail.com**<br>**cru.sec@kerala.gov.in** | # പത്രക്കുറിപ്പ് | TELEPHONE: 0471-2321233<br>MOBILE :8281000127<br>**www.sec.kerala.gov.in** |
|---|---|---|
| | **കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ** | **12th December 2020** |

## പോസ്റ്റൽ ബാലറ്റ് അയക്കുന്നതിന് ക്രമീകരണം ഒരുക്കാൻ നിർദ്ദേശം

ഡിസംബർ 14 ന് അവസാനഘട്ട തദ്ദേശ തിരഞ്ഞെടുപ്പ് നടക്കുന്ന ജില്ലകളിൽ സ്പെഷ്യൽ പോസ്റ്റൽ ബാലറ്റും പോസ്റ്റൽ ബാലറ്റും അയക്കുന്നതിന് ഇന്ന് (ഡിസംബർ 13) പോസ്റ്റ് ഓഫീസുകളിൽ ക്രമീകരണം ഒരുക്കാൻ ചീഫ് പോസ്റ്റ് മാസ്റ്റർ ജനറലിന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി. ഭാസ്കരൻ കത്ത് നൽകി. ഇന്ന് (ഡിസംബർ 13) ഞായറാഴ്ച അവധി ആയതിനാൽ പോസ്റ്റൽ ബാലറ്റുകൾ അയക്കുന്നതിന് തടസ്സം നേരിടാതിരിക്കാനാണ് നടപടി. മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ നാളെയാണ് (ഡിസംബർ 14) തിരഞ്ഞെടുപ്പ്. ഇന്ന് (ഡിസംബർ 13) വൈകിട്ട് മൂന്ന് വരെ സർട്ടിഫൈഡ് ലിസ്റ്റിൽ ഉൾപ്പെടുന്നവരിൽ സ്പെഷ്യൽ പോസ്റ്റൽ ബാലറ്റ് നേരിട്ട് എത്തിച്ചു കൊടുക്കാൻ കഴിയാത്തവർക്കാണ് തപാൽ മാർഗ്ഗം അയച്ചു കൊടുക്കുന്നത്.

*(എസ്.ഇ.സി.161/2020)*

## മദ്യപിച്ച് തിരഞ്ഞെടുപ്പ് ഡ്യൂട്ടിക്കെത്തിയ ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്തു

ഡിസംബർ 10 ന് നടന്ന തദ്ദേശ തിരഞ്ഞെടുപ്പിൽ മദ്യപിച്ച് ഡ്യൂട്ടിക്കെത്തിയ രണ്ട് ഉദ്യോഗസ്ഥരെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്തു. കൊല്ലം കോർപ്പറേഷനിലെ അഞ്ചാലുംമൂട് വാർഡിലെ മൂന്നാം നമ്പർ പോളിംഗ് സ്റ്റേഷനിലെ പോളിംഗ് ഓഫീസർ സജി സഖറിയ, കൊല്ലം വെട്ടിക്കവല ഗ്രാമപഞ്ചായത്തിലെ കമുകിൻകോട് വാർഡിലെ രണ്ടാം നമ്പർ പോളിംഗ് സ്റ്റേഷനിലെ പോളിംഗ് ഓഫീസർ ബിനു. കെ. ബേബി എന്നിവരെയാണ് സസ്പെൻഡ് ചെയ്തത്. തിരഞ്ഞെടുപ്പിന്റെ തലേ ദിവസം (ഡിസംബർ 7) രാത്രിയിൽ ഇരുവരും മദ്യപിച്ച് ഡ്യൂട്ടിക്കെത്തിയതായി ബന്ധപ്പെട്ട പ്രിസൈഡിംഗ് ഓഫീസർമാർ വരണാധികാരികൾക്ക് റിപ്പോർട്ട് ചെയ്തിരുന്നു. തുടർന്ന് ഇവർക്ക് പകരം റിസർവിലുള്ള ഉദ്യോഗസ്ഥരെ നിയമിച്ചാണ് തിരഞ്ഞെടുപ്പ് നടത്തിയത്. കൊല്ലം ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഉദ്യോഗസ്ഥർക്കെതിരെ നടപടി.

*(എസ്.ഇ.സി.160/2020)*

Email:
**contact.seckerala@gmail.com**
**cru.sec@kerala.gov.in**

# പത്രക്കുറിപ്പ്

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**

TELEPHONE: 0471-2321233
MOBILE :8281000127

**www.sec.kerala.gov.in**

**12th December 2020**

## തദ്ദേശ തിരഞ്ഞെടുപ്പ് അവസാനഘട്ട വോട്ടെടുപ്പ് നാളെ ( ഡിസംബർ 14 )

തദ്ദേശ തിരഞ്ഞെടുപ്പിലെ അവസാനഘട്ട വോട്ടെടുപ്പ് നാളെ ( ഡിസംബർ 14) നടക്കും. മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ 354 തദ്ദേശ സ്ഥാപനങ്ങളിലെ 6867 വാർഡുകളിലേക്കാണ് തിരഞ്ഞെടുപ്പ് നടക്കുന്നത്. 42,87,597 പുരുഷൻമാരും 46,87,310 സ്ത്രീകളും 86 ട്രാൻസ്ജെന്റേഴ്സും അടക്കം 89,74,993 വോട്ടർമാരാണ് അവസാനഘട്ടത്തിലുള്ളത്. ഇതിൽ 71,906 കന്നി വോട്ടർമാരും 1,747 പ്രവാസി ഭാരതീയ വോട്ടർമാരും ഉൾപ്പെടുന്നു. 10,842 പോളിംഗ് ബൂത്തുകളാണ് സജ്ജീകരിച്ചിരിക്കുന്നത്. 1,105 പ്രശ്നബാധിത പോളിംഗ് ബൂത്തുകളിവെബ്കാസ്റ്റിംഗും ഏർപ്പെടുത്തിയിട്ടുണ്ട്. തിരഞ്ഞെടുപ്പ് ഡ്യൂട്ടിക്കായി 52,285 ഉദ്യോഗസ്ഥരെയും വിന്യസിച്ചിട്ടുണ്ട്. സ്ഥാനാർത്ഥികളുടെ മരണത്തെ തുടർന്ന് കോഴിക്കോട് മാവൂർ ഗ്രാമപഞ്ചായത്തിലെ താത്തൂർ പൊയ്യിൽ(11), കണ്ണൂർ ജില്ലാ പഞ്ചായത്തിലെ തില്ലങ്കേരി(7) എന്നിവിടങ്ങളിലെ തിരഞ്ഞെടുപ്പ് മാറ്റിയിരുന്നു.

ഇന്ന് (ഡിസംബർ 13) വൈകിട്ട് മൂന്ന് മുതൽ നാളെ (ഡിസംബർ 14) വോട്ടെടുപ്പ് അവസാനിക്കുന്നതുവരെ സർട്ടിഫൈഡ് ലിസ്റ്റിൽ ഉൾപ്പെടുന്ന കോവിഡ് പോസിറ്റീവ് ആകുന്നവർക്കും ക്വാറന്റീനിൽ പ്രവേശിക്കുന്നവർക്കും ആരോഗ്യ വകുപ്പിലെ ഡെസിഗ്നേറ്റഡ് ഹെൽത്ത് ഓഫീസർ നൽകുന്ന സാക്ഷ്യപത്രം ഹാജരാക്കി പോളിംഗ് സ്റ്റേഷനിൽ നേരിട്ടെത്തി വോട്ടു ചെയ്യാം. പോളിംഗ് സ്റ്റേഷനുകളിലേക്കുള്ള വോട്ടിംഗ് യന്ത്രങ്ങളുടേയും സാമഗ്രികളുടെയും വിതരണം ഇന്ന്(ഡിസംബർ 13) രാവിലെ എട്ടു മുതൽ നടക്കും. വിതരണ കേന്ദ്രങ്ങളിൽ കോവിഡ് മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്താൻ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്ക് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി. ഭാസ്കരൻ നിർദ്ദേശം നൽകി. നാല് ജില്ലകളിലായി 76 വിതരണ, സ്വീകരണ കേന്ദ്രങ്ങളാണുള്ളത്.

**തിരഞ്ഞെടുപ്പ് വിശദാംശങ്ങൾ ഡിസംബർ 12 ലെ (12.12.2020) കണക്കുകൾ അടിസ്ഥാനമാക്കി*

- **അവസാനഘട്ടത്തിലെ വോട്ടർമാരുടെ എണ്ണം**

| ജില്ല | പുരുഷൻ | സ്ത്രീ | ട്രാൻസ്ജെന്റർ | ആകെ |
|---|---|---|---|---|
| മലപ്പുറം | 1629481 | 1725501 | 46 | 3355028 |
| കോഴിക്കോട് | 1209617 | 1324458 | 24 | 2534099 |
| കണ്ണൂർ | 946405 | 1090806 | 10 | 2037221 |
| കാസർഗോഡ് | 502094 | 546545 | 6 | 1048645 |
| **ആകെ** | **4287597** | **4687310** | **86** | **8974993** |

- **അവസാനഘട്ട തിരഞ്ഞെടുപ്പിലെ പുതിയ വോട്ടർമാർ**

| ജില്ല | പുരുഷൻ | സ്ത്രീ | ട്രാൻസ്ജെന്റർ | ആകെ |
|---|---|---|---|---|
| മലപ്പുറം | 19150 | 15303 | 0 | 34453 |
| കോഴിക്കോട് | 9798 | 8892 | 2 | 18692 |

| | | | | |
|---|---|---|---|---|
| കണ്ണൂർ | 6155 | 5794 | 0 | 11949 |
| കാസർഗോഡ് | 3653 | 3159 | 0 | 6812 |
| **ആകെ** | **38756** | **33148** | **2** | **71906** |

- **അവസാനഘട്ടത്തിലെ പോളിംഗ് സ്റ്റേഷനുകളുടെയും ഡ്യൂട്ടിക്കായി നിയോഗിച്ച ഉദ്യോഗസ്ഥരുടെയും എണ്ണം**

| ജില്ല | ഗ്രാമീണ മേഖലയിലെ പോളിംഗ് സ്റ്റേഷൻ | നഗരമേഖലയിലെ പോളിംഗ് സ്റ്റേഷൻ | ആകെ | ഡ്യൂട്ടിക്ക് നിയോഗിച്ച ഉദ്യോഗസ്ഥരുടെ എണ്ണം |
|---|---|---|---|---|
| മലപ്പുറം | 3459 | 516 | 3975 | 18052 |
| കോഴിക്കോട് | 2309 | 678 | 2987 | 14879 |
| കണ്ണൂർ | 2014 | 457 | **2471** | 12309 |
| കാസർഗോഡ് | 1287 | 122 | 1409 | 7045 |
| **ആകെ** | **9069** | **1773** | **10842** | **52285** |

- **അവസാനഘട്ട തിരഞ്ഞെടുപ്പ് നടക്കുന്ന തദ്ദേശ സ്ഥാപനങ്ങളും വാർഡുകളും**

| ജില്ല | ഗ്രാമ പഞ്ചായത്ത് | | ബ്ലോക്ക് പഞ്ചായത്ത് | | ജില്ലാ പഞ്ചായത്ത് | | മുനിസിപ്പാലിറ്റി | | കോർപ്പറേഷൻ | | ആകെ | |
|---|---|---|---|---|---|---|---|---|---|---|---|---|
| | ആകെ | ആകെ വാർഡ് | ആകെ | ആകെ വാർഡ് | ആകെ | ആകെ വാർഡ് | ആകെ | ആകെ വാർഡ് | ആകെ | ആകെ വാർഡ് | ആകെ | ആകെ വാർഡ് |
| മലപ്പുറം | 94 | 1778 | 15 | 223 | 1 | 32 | 12 | 479 | 0 | 0 | 122 | 2512 |
| കോഴിക്കോട് | 70 | 1225 | 12 | 169 | 1 | 27 | 7 | 265 | 1 | 75 | 91 | 1761 |
| കണ്ണൂർ | 71 | 1166 | 11 | 149 | 1 | 23 | 9 | 324 | 1 | 55 | 93 | 1717 |
| കാസർഗോഡ് | 38 | 664 | 6 | 83 | 1 | 17 | 3 | 113 | 0 | 0 | 48 | 877 |
| **ആകെ** | **273** | **4834** | **44** | **624** | **4** | **100** | **31** | **1181** | **2** | **130** | **354** | **6867** |

**സ്ഥാനാർത്ഥികളുടെ മരണത്തെ തുടർന്ന് കോഴിക്കോട് മാവൂർ ഗ്രാമപഞ്ചായത്തിലെ താത്തൂർ പൊയ്യിൽ(11), കണ്ണൂർ ജില്ലാ പഞ്ചായത്തിലെ തില്ലങ്കേരി(7) എന്നിവിടങ്ങളിലെ തിരഞ്ഞെടുപ്പ് മാറ്റിയിരുന്നു. അതൊഴിവാക്കിയുള്ള കണക്കാണ് പട്ടികയിലുള്ളത്.*

*(എസ്.ഇ.സി.159/2020)*

## പോളിംഗ് ഉദ്യോഗസ്ഥർക്ക് കോവിഡ് ടെസ്റ്റ് നിർദ്ദേശിച്ചിട്ടില്ല: സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

പോളിംഗ് ഉദ്യോഗസ്ഥർക്കും ഏജൻറ്മാർക്കും കോവിഡ് ടെസ്റ്റ് നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടില്ലെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി. ഭാസ്കരൻ അറിയിച്ചു. മറ്റ് സംസ്ഥാനങ്ങളിൽ നിന്നെത്തുന്ന വോട്ടർമാർക്ക് ബൂത്തിൽ ശരീര ഊഷ്മാവ് അളക്കുന്നതുൾപ്പെടെയുള്ള പരിശോധനകൾ നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടില്ലെന്നും കമ്മീഷൻ വ്യക്തമാക്കി. ഇത് സംബന്ധിച്ച് തെറ്റിദ്ധാരണ പരത്തുന്ന വാർത്തകൾ പ്രചരിക്കുന്നത് ശ്രദ്ധയിൽ പെട്ടതിനെ തുടർന്നാണ് കമ്മീഷൻ വ്യക്തത വരുത്തിയത്. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഇത്തരം പ്രചരണങ്ങൾക്കെതിരെ ജാഗ്രത പാലിക്കണം. പോളിംഗ് ബൂത്തിൽ വോട്ടർമാർ മാസ്കും സാനിറ്റൈസറും ഉപയോഗിക്കുന്നുണ്ടെന്നും സാമൂഹിക അകലം പാലിക്കുന്നുണ്ടെന്നും ഉദ്യോഗസ്ഥർ ഉറപ്പാക്കണമെന്നും കമ്മീഷൻ നിർദ്ദേശം നൽകി.

Email:
contact.seckerala@gmail.com
cru.sec@kerala.gov.in

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

11th December 2020

(എസ്.ഇ.സി.158/2020)

## രണ്ടാംഘട്ട തിരഞ്ഞെടുപ്പ് : 76.78 ശതമാനം പോളിംഗ്

സംസ്ഥാനത്ത് ഡിസംബർ പത്തിന് (10.12.2020) അഞ്ച് ജില്ലകളിലേക്ക് നടന്ന രണ്ടാംഘട്ട തദ്ദേശ തിരഞ്ഞെടുപ്പിൽ 76.78 ശതമാനം പോളിംഗ് രേഖപ്പെടുത്തി. കോട്ടയം - 73.95, എറണാകുളം - 77.25, തൃശൂർ - 75.10, പാലക്കാട് - 78.14, വയനാട് - 79.49 എന്നിങ്ങനെയാണ് ജില്ല തിരിച്ചുള്ള വോട്ടിംഗ് ശതമാനം.

കൊച്ചി മുനിസിപ്പൽ കോർപ്പറേഷനിൽ 62.04 ശതമാനവും, തൃശൂർ കോർപ്പറേഷനിൽ 63.31 ശതമാനവും പോളിംഗ് രേഖപ്പെടുത്തി .

തദ്ദേശസ്ഥാപനങ്ങളിലെ വോട്ടിംഗ് ശതമാനം ജില്ലാ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു

### മുൻസിപ്പാലിറ്റികൾ

**കോട്ടയം**

കോട്ടയം - 72.01, വൈക്കം - 75.86, ചങ്ങനാശേരി - 71.23, പാല - 71.05, ഏറ്റുമാനൂർ - 71.97, ഈരാറ്റുപേട്ട - 85.35

**എറണാകുളം**

തൃപ്പൂണിത്തുറ - 76.66, മൂവാറ്റുപുഴ - 83.91, കോതമംഗലം - 78.85, പെരുമ്പാവൂർ - 81.18, ആലുവ - 75.08, കളമശേരി - 73.99, നോർത്ത് പറവൂർ - 80.58, അങ്കമാലി - 80.72, ഏലൂർ - 81.31, തൃക്കാക്കര - 72.10, മരട് - 78.60, പിറവം - 76.37, കൂത്താട്ടുകുളം - 79.80

**തൃശൂർ**

ഇരിങ്ങാലക്കുട - 74.02, കൊടുങ്ങല്ലൂർ - 79.00, കുന്നംകുളം - 76.79, ഗുരുവായൂർ - 72.90, ചാവക്കാട് - 76.21, ചാലക്കുടി - 77.27, വടക്കാഞ്ചേരി - 79.32

**പാലക്കാട്**

ഷൊർണ്ണൂർ - 76.33, ഒറ്റപ്പാലം - 74.94, ചിറ്റൂർ-തത്തമംഗലം - 81.58, പാലക്കാട് - 67.21, മണ്ണാർക്കാട് - 75.27, ചെർപ്പുള ശേരി - 80.10, പട്ടാമ്പി - 77.93

**വയനാട്**

മാനന്തവാടി - 80.49, സുൽത്താൻ ബത്തേരി - 79.05, കൽപ്പറ്റ -78.62

### ബ്ലോക്ക് പഞ്ചായത്തുകൾ

**കോട്ടയം**

വൈക്കം - 80.07, കടുത്തുരുത്തി - 74.71, ഏറ്റുമാനൂർ - 75.87, ഉഴവൂർ - 70.07, ളാലം - 72.94, ഈരാറ്റുപേട്ട - 74.94, പാമ്പാടി - 75.00, മടപ്പള്ളി - 71.05, വാഴൂർ - 74.41, കാഞ്ഞിരപ്പള്ളി - 73.40, പള്ളം - 73.94

**എറണാകുളം**

നോർത്ത് പറവൂർ - 80.55, ആലങ്ങാട് - 78.40, അങ്കമാലി - 81.91, കൂവപ്പടി - 82.10, വാഴക്കുളം - 84.16, ഇടപ്പള്ളി - 76.22, വൈപ്പിൻ - 77.98, പള്ളുരുത്തി - 79.82, മുളന്തുരുത്തി - 78.10, വടവുകോട് - 84.30, കോതമംഗലം - 82.37, പാമ്പാക്കുട - 77.41, പാറക്കടവ് - 81.86, മൂവാറ്റുപുഴ - 82.54

**തൃശൂർ**

ചാവക്കാട് - 72.35, ചൊവ്വന്നൂർ - 76.35, വടക്കാഞ്ചേരി - 79.19, പഴയന്നൂർ - 78.79, ഒല്ലൂക്കര - 78.89, പുഴക്കൽ - 76.59, മുല്ലശ്ശേരി - 71.74, തളിക്കുളം - 71.69, മതിലകം - 76.82, അന്തിക്കാട് - 74.92, ചേർപ്പ് - 77.24, കൊടകര - 79.25, ഇരിഞ്ഞാലക്കുട - 77.18, വെള്ളങ്ങല്ലൂർ - 76.36, മാള - 75.15, ചാലക്കുടി - 76.28

**പാലക്കാട്**

തൃത്താല - 76.55, പട്ടാമ്പി - 78.36, ഒറ്റപ്പാലം - 77.50, ശ്രീകൃഷ്ണപുരം - 79.84, മണ്ണാർക്കാട് - 78.98, അട്ടപ്പാടി - 76.19, പാലക്കാട് - 77.75, കുഴൽമന്ദം - 80.00, ചിറ്റൂർ - 82.20, കൊല്ലങ്കോട് - 80.57, നെൻമാറ - 81.80, മലമ്പുഴ - 75.32, ആലത്തൂർ - 79.13

**വയനാട്**

മാനന്തവാടി - 80.35, സുൽത്താൻ ബത്തേരി - 81.62, കൽപ്പറ്റ - 79.83, പനമരം - 76.72

*(എസ്.ഇ.സി.157/2020)*

## റീപോളിംഗ് നടത്തും

ഡിസംബർ എട്ടിന് ആലപ്പുഴ മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്തിലെ കാട്ടൂർ കിഴക്ക് വാർഡിലെ സർവോദയ പുരം സ്മാൾ സ്കെയിൽ കയർ മാറ്റ് പ്രൊഡ്യൂസർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ഹാളിലെ രണ്ടാം നമ്പർ പോളിംഗ് സ്റ്റേഷനിൽ നടന്ന തിരഞ്ഞെടുപ്പ് അസാധുവാക്കിയതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി.ഭാസ്കരൻ അറിയിച്ചു. വോട്ടെടുപ്പിൽ ഈ പോളിംഗ് സ്റ്റേഷനിലെ വോട്ടിംഗ് യന്ത്രത്തിലെ സാങ്കേതിക തകരാറു കാരണം അതിൽ രേഖപ്പെടുത്തിയ വോട്ടുകൾ എണ്ണിത്തിട്ടപ്പെടുത്താൻ കഴിയില്ലെന്ന് വരണാധികാരി റിപ്പോർട്ട് ചെയ്തതിനെ തുടർന്നാണ് നടപടി. ഡിസംബർ 14 ന് ഈ പോളിംഗ് ബൂത്തിൽ വീണ്ടും വോട്ടെടുപ്പ് നടത്തുമെന്ന് കമ്മീഷൻ അറിയിച്ചു. രാവിലെ ഏഴ് മുതൽ വൈകിട്ട് ആറു വരെയാണ് വോട്ടെടുപ്പ്. ഡിസംബർ 16ന് വോട്ടെണ്ണൽ നടക്കും.

*(എസ്.ഇ.സി.156/2020)*

## സസ്പെൻഡ് ചെയ്തു

ഡിസംബർ എട്ടിന് നടന്ന തദ്ദേശ തിരഞ്ഞെടുപ്പിൽ ഡ്യൂട്ടിക്കിടെ രാഷ്ട്രീയ പാർട്ടിയുടെ ചിഹ്നമുള്ള മാസ്ക് ധരിച്ചതിന് ഉദ്യോഗസ്ഥയെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സസ്പെൻഡ് ചെയ്തു. കൊല്ലം ജില്ലയിലെ കൊറ്റങ്കര ഗ്രാമപഞ്ചായത്തിലെ നാലാം നമ്പർ വാർഡിലെ കുളശ്ശേരി ഒന്നാം നമ്പർ പോളിംഗ് സ്റ്റേഷനിൽ പോളിംഗ് ഉദ്യോഗസ്ഥയായിരുന്ന കെ.സരസ്വതിയെയാണ് അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്തത്. കൊല്ലം ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് നടപടി.

*(എസ്.ഇ.സി.155/2020)*

Email:
**contact.seckerala@gmail.com**
**cru.sec@kerala.gov.in**

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

**www.sec.kerala.gov.in**

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**

**10th December 2020**

## രണ്ടാംഘട്ട തിരഞ്ഞെടുപ്പ് : 76. 38 ശതമാനം പോളിംഗ്

സംസ്ഥാനത്ത് ഡിസംബർ പത്തിന് (10.12.2020) അഞ്ച് ജില്ലകളിലേക്ക് നടന്ന രണ്ടാംഘട്ട തദ്ദേശതിരഞ്ഞെടുപ്പിൽ 76.38 ശതമാനം പോളിംഗ് രേഖപ്പെടുത്തി. 36,72,206 പുരുഷൻമാരും, 38,51,350 സ്ത്രീകളും, 15 ട്രാൻസ്ജെന്റേഴ്സും സമ്മതിദാനാവകാശം വിനിയോഗിച്ചു. കോട്ടയം - 73.91, എറണാകുളം - 77.13, തൃശൂർ - 75.03, പാലക്കാട് - 77.97, വയനാട് - 79.46 എന്നിങ്ങനെയാണ് ജില്ല തിരിച്ചുള്ള വോട്ടിംഗ് ശതമാനം.

കൊച്ചി മുനിസിപ്പൽ കോർപ്പറേഷനിൽ 62.01 ശതമാനവും, തൃശൂർ കോർപ്പറേഷനിൽ 63.77 ശതമാനവും പോളിംഗ് രേഖപ്പെടുത്തി . തദ്ദേശസ്ഥാപനങ്ങളിലെ വോട്ടിംഗ് ശതമാനം ജില്ലാ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു.

### മുൻസിപ്പാലിറ്റികൾ

**കോട്ടയം**

കോട്ടയം - 72.01, വൈക്കം - 75.99, ചങ്ങനാശേരി - 71.22, പാല - 71.05, ഏറ്റുമാനൂർ - 71.97, ഈരാറ്റുപേട്ട - 85.35

**എറണാകുളം**

തൃപ്പൂണിത്തുറ - 76.68, മുവാറ്റുപുഴ - 83.91, കോതമംഗലം - 78.86, പെരുമ്പാവൂർ - 81.16, ആലുവ - 75.06, കളമശേരി - 75.42, നോർത്ത് പറവൂർ - 80.61, അങ്കമാലി - 80.72, ഏലൂർ - 81.31, തൃക്കാക്കര - 71.99, മരട് - 78.61, പിറവം - 76.37, കൂത്താട്ടുകുളം - 79.80

**തൃശൂർ**

ഇരിങ്ങാലക്കുട - 74.00, കൊടുങ്ങല്ലൂർ - 79.00, കുന്നംകുളം - 76.79, ഗുരുവായൂർ - 72.88, ചാവക്കാട് - 75.92, ചാലക്കുടി - 77.26, വടക്കാഞ്ചേരി - 79.32

**പാലക്കാട്**

ഷൊർണ്ണൂർ - 76.17, ഒറ്റപ്പാലം - 74.47, ചിറ്റൂർ-തത്തമംഗലം - 81.58, പാലക്കാട് - 67.14, മണ്ണാർക്കാട് - 75.28, ചെർപ്പുളശേരി - 80.10, പട്ടാമ്പി - 77.94

**വയനാട്**

മാനന്തവാടി - 80.84, സുൽത്താൻ ബത്തേരി - 79.06, കൽപ്പറ്റ - 78.60

### ബ്ലോക്ക് പഞ്ചായത്തുകൾ

**കോട്ടയം** വൈക്കം - 80.19, കടുത്തുരുത്തി - 74.56, ഏറ്റുമാനൂർ - 75.83, ഉഴവൂർ - 70.15, ലാലം - 72.94, ഈരാറ്റുപേട്ട - 74.95, പാമ്പാടി - 74.82, മടപ്പള്ളി - 70.96, വാഴൂർ - 74.32, കാഞ്ഞിരപ്പള്ളി - 73.41, പള്ളം - 73.93

**എറണാകുളം** നോർത്ത് പറവൂർ - 80.66, ആലങ്ങാട് - 78.45, അങ്കമാലി - 81.69, കൂവപ്പാടി - 81.85, വാഴക്കുളം - 84.10, എടപ്പള്ളി - 75.07, വൈപ്പിൻ - 78.04, പള്ളുരുത്തി - 79.82, മുളന്തുരുത്തി - 78.08, വടവുക്കോട് - 83.55, കോതമംഗലം - 82.14, പമ്പക്കുട - 77.40, പാറക്കടവ് - 81.72, മുവാറ്റുപുഴ - 82.16

**തൃശൂർ** ചാവക്കാട് - 72.34, ചൊവ്വന്നൂർ - 75.42, വടക്കാഞ്ചേരി - 79.05, പഴയന്നൂർ - 78.70, ഒല്ലൂക്കര - 78.89, പുഴക്കൽ - 76.38, മുല്ലശ്ശേരി - 71.74, തളിക്കുളം - 72.06, മതിലകം - 76.75, അന്തിക്കാട് - 74.91, ചേർപ്പ് - 76.88, കൊടകര - 79.10, ഇരിഞ്ഞാലക്കുട - 77.01, വെള്ളക്കല്ലൂർ - 76.34, മാള - 74.96, ചലക്കുടി - 76.23

**പാലക്കാട്** തൃത്താല - 76.18, പട്ടാമ്പി - 77.97, ഒറ്റപ്പാലം - 77.55, ശ്രീകൃഷ്ണപുരം - 79.67, മണ്ണാർക്കാട് - 78.73, അട്ടപ്പാടി - 76.19, പാലക്കാട് - 77.84, കുഴൽമന്ദം - 79.71, ചിറ്റൂർ - 82.19, കൊല്ലങ്കോട് - 80.53, നെൻമാറ - 81.53, മലമ്പുഴ - 75.47, ആലത്തൂർ - 79.07

**വയനാട്** മാനന്തവാടി - 80.33, സുൽത്താൻ ബത്തേരി - 81.65, കൽപ്പറ്റ - 79.74, പനമരം - 76.77

***(ഡിസംബർ പത്ത് (10.12.2020) രാത്രി 8 വരെ ലഭ്യമായ കണക്കാണിത്. അന്തിമ കണക്കിൽ നേരിയ വ്യത്യാസം ഉണ്ടായേക്കാം.)***

| Email:<br>**contact.seckerala@gmail.com**<br>**cru.sec@kerala.gov.in** | # പത്രക്കുറിപ്പ് | TELEPHONE: 0471-2321233<br>MOBILE :8281000127<br><br>**www.sec.kerala.gov.in** |
|---|---|---|
| | **കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ** | **9th December 2020** |

(*എസ്.ഇ.സി.154/2020*)

## തദ്ദേശ തിരഞ്ഞെടുപ്പ് : രണ്ടാംഘട്ട വോട്ടെടുപ്പ് ഇന്ന് (ഡിസംബർ 10)

തദ്ദേശ തിരഞ്ഞെടുപ്പിലെ രണ്ടാംഘട്ട വോട്ടെടുപ്പ് ഇന്ന് (ഡിസംബർ 10) നടക്കും. കോട്ടയം, എറണാകുളം, തൃശൂർ, പാലക്കാട്, വയനാട് ജില്ലകളിൽ 451 തദ്ദേശസ്ഥാപനങ്ങളിലെ 8116 വാർഡുകളിലേക്കാണ് തിരഞ്ഞെടുപ്പ് നടക്കുന്നത്. 47,28,489 പുരുഷൻമാരും 51,28,361 സ്ത്രീകളും 93 ട്രാൻസ്ജെന്റേഴ്സും 265 പ്രവാസി ഭാരതീയരും അടക്കം 98,57,208 വോട്ടർമാരാണ് രണ്ടാം ഘട്ടത്തിലുള്ളത്. ഇതിൽ 57,895 കന്നി വോട്ടർമാരും ഉൾപ്പെടുന്നു. 12,643 പോളിംഗ് ബൂത്തുകളാണ് സജ്ജീകരിച്ചിരിക്കുന്നത്. 473 പ്രശ്നബാധിത പോളിംഗ് ബൂത്തുകളിൽ വെബ്കാസ്റ്റിംഗും ഏർപ്പെടുത്തിയിട്ടുണ്ട്. തിരഞ്ഞെടുപ്പ് ഡ്യൂട്ടിക്കായി 63,187 ഉദ്യോഗസ്ഥരെയും വിന്യസിച്ചിട്ടുണ്ട്. സ്ഥാനാർത്ഥികളുടെ മരണത്തെ തുടർന്ന് എറണാകുളം കളമശ്ശേരി മുനിസിപ്പാലിറ്റിയിലെ മുനിസിപ്പൽ വാർഡ്(37), തൃശൂർ കോർപ്പറേഷനിലെ പുല്ലഴി(47) എന്നിവിടങ്ങളിലെ തിരഞ്ഞെടുപ്പ് മാറ്റിയിരുന്നു. ഇന്നലെ (ഡിസംബർ 9) വൈകിട്ട് മൂന്ന് മുതൽ വോട്ടെടുപ്പ് അവസാനിക്കുന്നതു വരെ സർട്ടിഫൈഡ് ലിസ്റ്റിൽ ഉൾപ്പെടുന്ന കോവിഡ് പോസിറ്റീവ് ആകുന്നവർക്കും ക്വാറന്റീനിൽ പ്രവേശിക്കുന്നവർക്കും ആരോഗ്യ വകുപ്പിലെ ഡെസിഗ്നേറ്റഡ് ഹെൽത്ത് ഓഫീസർ നൽകുന്ന സാക്ഷ്യപത്രം ഹാജരാക്കി പോളിംഗ് സ്റ്റേഷനിൽ നേരിട്ടെത്തി വോട്ടു ചെയ്യാം.

(*എസ്.ഇ.സി.153/2020*)

## സ്പെഷ്യൽ തപാൽ ബാലറ്റ് നിർബന്ധിച്ച് തിരികെ വാങ്ങരുത്

കോവിഡ് രോഗികൾക്കുള്ള പ്രത്യേക തപാൽ ബാലറ്റുകൾ നിർബന്ധിച്ച് തിരികെ വാങ്ങരുതെന്ന് പോളിംഗ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി. ഭാസ്കരൻ അറിയിച്ചു. കോവിഡ് പോസിറ്റീവ് ആകുകയോ നിരീക്ഷണത്തിൽ പ്രവേശിക്കുകയോ ചെയ്യുന്നവർക്കാണ് താമസ സ്ഥലത്ത് പ്രത്യക തപാൽ ബാലറ്റുകൾ എത്തിച്ച് നൽകുന്നത്. ഇതിൽ വോട്ട് രേഖപ്പെടുത്തി സ്പെഷ്യൽ പോളിംഗ് ഓഫീസർ മുഖേനയോ ആൾ വശമോ തപാലിലൂടെയോ വരണാധികാരിക്ക് നൽകാം. എന്നാൽ വോട്ട് രേഖപ്പെടുത്തിയ ബാലറ്റുകൾ ചില പോളിംഗ് ഉദ്യോഗസ്ഥർ നിർബന്ധിച്ച് തിരികെ വാങ്ങുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്നാണ് നിർദ്ദേശം.

(*എസ്.ഇ.സി.152/2020*)

## ഒന്നാംഘട്ട തിരഞ്ഞെടുപ്പ് : 73.12 ശതമാനം പോളിംഗ്

അഞ്ച് ജില്ലകളിലായി ഡിസംബർ എട്ടിന് നടന്ന ഒന്നാംഘട്ട തദ്ദേശ തിരഞ്ഞെടുപ്പിൽ 73.12 ശതമാനം പേർ സമ്മതിദാനാവകാശം വിനിയോഗിച്ചു. 30,73,458 പുരുഷൻമാരും 33,62,190 സ്ത്രീകളും 25 ട്രാൻസ്ജെന്റേഴ്സും ഉൾപ്പെടെ 64,35,673 പേരാണ് വോട്ട് രേഖപ്പെടുത്തിയത്. തിരുവനന്തപുരം - 70.04, കൊല്ലം - 73.80, പത്തനംതിട്ട - 69.72, ആലപ്പുഴ - 77.40, ഇടുക്കി - 74.68 എന്നിങ്ങനെയാണ് ജില്ല തിരിച്ചുള്ള വോട്ടിംഗ് ശതമാനം.

തിരുവനന്തപുരം കോർപ്പറേഷനിൽ 59.96 ശതമാനവും, കൊല്ലം കോർപ്പറേഷനിൽ 66.21 ശതമാനവും പോളിംഗ് രേഖപ്പെടുത്തി .

തദ്ദേശസ്ഥാപനങ്ങളിലെ വോട്ടിംഗ് ശതമാനം ജില്ലാ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു

### മുൻസിപ്പാലിറ്റികൾ

**തിരുവനന്തപുരം**

നെയ്യാറ്റിൻകര- 74.71, നെടുമങ്ങാട് - 73.12, ആറ്റിങ്ങൽ - 69.36, വർക്കല - 71.23

**കൊല്ലം**

പരവൂർ - 73.07, പുനലൂർ - 73.70, കരുനാഗപ്പള്ളി - 79.71, കൊട്ടാരക്കര - 68.91

**പത്തനംതിട്ട**

അടൂർ - 68.42, പത്തനംതിട്ട - 71.49, തിരുവല്ല - 64.68, പന്തളം - 76.36

**ആലപ്പുഴ**

കായംകുളം - 78.09, മാവേലിക്കര - 71.17, ചെങ്ങന്നൂർ - 68.66, ആലപ്പുഴ - 70.74, ചേർത്തല - 83.36, ഹരിപ്പാട് - 76

**ഇടുക്കി**

തൊടുപുഴ - 82.12, കട്ടപ്പന - 74.57

## ബ്ലോക്ക് പഞ്ചായത്തുകൾ

**തിരുവനന്തപുരം**

വെള്ളനാട് - 75.55, നെടുമങ്ങാട് - 71.71, വാമനപുരം - 71.65, പാറശാല - 75.45, ചിറയിൻകീഴ് - 73.12, വർക്കല -72.48, കിളിമാനൂർ - 74.51, പെരുങ്കടവിള - 77.16, അതിയന്നൂർ - 76.83, നേമം -74.13, പോത്തൻകോട് -72.87

**കൊല്ലം**

ഓച്ചിറ - 78.89, ശാസ്താംകോട്ട - 77.69, വെട്ടിക്കവല - 73.17, പത്തനാപുരം - 72.31, അഞ്ചൽ - 72.04, കൊട്ടാരക്കര – 73.91, ചിറ്റുമല - 79.39, ചവറ - 77.44, മുഖത്തല - 74.66, ചടയമംഗലം - 73.64, ഇത്തിക്കര - 73.23

**പത്തനംതിട്ട**

മല്ലപ്പള്ളി - 67.76, പുളികീഴ് - 70.27, കോയിപ്രം- 65.77, ഇലന്തൂർ - 69.41, റാന്നി - 70.16, കോന്നി - 71.91, പന്തളം - 70.94, പറക്കോട് - 70.64

**ആലപ്പുഴ**

തൈക്കാട്ടുശേരി - 83.67, പട്ടണക്കാട് - 81.51, കഞ്ഞിക്കുഴി - 82.41, ആര്യാട് - 79.54, അമ്പലപ്പുഴ - 81.15, ചമ്പക്കുളം - 76.44, വെളിയനാട് - 77.68, ചെങ്ങന്നൂർ - 71.33, ഹരിപ്പാട് - 80.11, മാവേലിക്കര – 72.95, ഭരണിക്കാവ് – 75.15, മുതുകുളം - 77.74

**ഇടുക്കി**

അടിമാലി - 73.67, ദേവികുളം - 70.74, നെടുങ്കണ്ടം - 77.11, ഇളംദേശം - 79.27, ഇടുക്കി - 73.28, കട്ടപ്പന - 74.28, തൊടുപുഴ - 77.82, അഴുത – 70.38

*(എസ്.ഇ.സി.151/2020)*

Email:
**contact.seckerala@gmail.com**
**cru.sec@kerala.gov.in**

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

**www.sec.kerala.gov.in**

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**

**9th December 2020**

## ഒന്നാംഘട്ട തിരഞ്ഞെടുപ്പ് : 73.12 ശതമാനം പോളിംഗ്

അഞ്ച് ജില്ലകളിലായി ഡിസംബർ എട്ടിന് നടന്ന ഒന്നാംഘട്ട തദ്ദേശ തിരഞ്ഞെടുപ്പിൽ 73.12 ശതമാനം പേർ സമ്മതിദാനാവകാശം വിനിയോഗിച്ചു. തിരുവനന്തപുരം - 70.04, കൊല്ലം - 73.80, പത്തനംതിട്ട - 69.72, ആലപ്പുഴ - 77.40, ഇടുക്കി - 74.68 എന്നിങ്ങനെയാണ് ജില്ല തിരിച്ചുള്ള വോട്ടിംഗ് ശതമാനം.

തിരുവനന്തപുരം കോർപ്പറേഷനിൽ 59.96 ശതമാനവും, കൊല്ലം കോർപ്പറേഷനിൽ 66.21 ശതമാനവും പോളിംഗ് രേഖപ്പെടുത്തി.

*(എസ്.ഇ.സി.150/2020)*

## വോട്ടെണ്ണൽ ക്രമീകരണത്തിന് മാർഗനിർദ്ദേശം

ഡിസംബർ 16 ന് വോട്ടെണ്ണൽ നടക്കുന്ന കേന്ദ്രങ്ങളിൽ പാലിക്കേണ്ട മാർഗനിർദേശങ്ങൾ സംസ്ഥാന ഇലക്ഷൻ കമ്മീഷൻ പുറപ്പെടുവിച്ചു. മൂന്നുഘട്ടമായി നടക്കുന്ന തിരഞ്ഞെടുപ്പിന്റെ വോട്ടെണ്ണൽ ഡിസംബർ 16ന് രാവിലെ എട്ട് മുതലാണ് ആരംഭിക്കുക. സംസ്ഥാനത്താകെ 244 വോട്ടെണ്ണൽ കേന്ദ്രങ്ങളാണുള്ളത്. ഓരോ കേന്ദ്രങ്ങളിലെയും വോട്ടെണ്ണൽ പുരോഗതി കമ്മീഷന്റെ 'ട്രെൻഡ്' സോഫ്റ്റ് വെയറിൽ തത്സമയം അപ്‌ലോഡ് ചെയ്യും.

### കൃത്യമായ ക്രമീകരണം

ത്രിതല പഞ്ചായത്തുകളിലെ വോട്ടെണ്ണൽ ബ്ലോക്ക് തലത്തിലുള്ള വിതരണ സ്വീകരണ കേന്ദ്രങ്ങളിൽ നടക്കും. മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും അതാത് സ്ഥാപനങ്ങളുടെ വിതരണ സ്വീകരണ കേന്ദ്രങ്ങളിൽ വോട്ടെണ്ണും. വോട്ടെണ്ണൽ കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കേണ്ടത് അതാത് തദ്ദേശ സ്ഥാപന സെക്രട്ടറിമാരാണ്. ബ്ലോക്ക് പഞ്ചായത്ത് വരണാധികാരിക്ക് ഒരു ഹാളും ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ വരുന്ന ഗ്രാമപഞ്ചായത്തുകൾക്ക് പ്രത്യേക കൗണ്ടിംഗ് ഹാളുകളും സജ്ജീകരിക്കും. മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും ഓരോ വരണാധികാരിക്കും പ്രത്യേകം കൗണ്ടിംഗ് ഹാൾ ഉണ്ടാകും. പരാമാവധി എട്ട് പോളിംഗ് സ്റ്റേഷനുകൾക്ക് ഒരു ടേബിൾ എന്ന രീതിയിൽ വേണം കൗണ്ടിംഗ് ടേബിളുകൾ സജ്ജീകരിക്കേണ്ടത്. ഒരു വാർഡിലെ എല്ലാ പോളിംഗ് സ്റ്റേഷനുകളിലെയും വോട്ടെണ്ണൽ ഒരു ടേബിളിൽ തന്നെ ക്രമീകരിക്കണം.

### പോസ്റ്റൽ വോട്ടുകൾ ആദ്യം

പോസ്റ്റൽ വോട്ടുകളാണ് ആദ്യം എണ്ണുക. ഗ്രാമപഞ്ചായത്തുകളിലെയും ബ്ലോക്ക് പഞ്ചായത്തുകളിലെയും ജില്ലാ പഞ്ചായത്തുകളിലെയും പോസ്റ്റൽ വോട്ടുകൾ അതാത് വരണാധികാരികളാണ് എണ്ണുക. കൗണ്ടിംഗ് ഹാളിൽ സജ്ജീകരിച്ചിട്ടുള്ള വോട്ടെണ്ണൽ മേശകളുടെ എണ്ണം കണക്കാക്കിയാകും സ്ട്രോങ്ങ്റൂമിൽ നിന്നും കൺട്രോൾ യൂണിറ്റുകൾ വാങ്ങേണ്ടത്. വോട്ടെണ്ണൽ ആരംഭിക്കേണ്ടത് ഒന്നാം വാർഡ് മുതൽ എന്ന ക്രമത്തിൽ വേണം. ഒരു വാർഡിൽ ഒന്നിലധികം ബൂത്തുകളുണ്ടെങ്കിൽ അവ ഒരു ടേബിളിലാണ് എണ്ണേണ്ടത്. ത്രിതല പഞ്ചായത്തുകളിൽ ഓരോ ടേബിളിലും ഒരു കൗണ്ടിംഗ് സൂപ്പർവൈസറും രണ്ട് കൗണ്ടിംഗ് അസിസ്റ്റന്റുമാരും നഗരസഭകളിൽ ഒരു കൗണ്ടിംഗ് സൂപ്പർവൈസറും ഒരു കൗണ്ടിംഗ് അസിസ്റ്റന്റും ഉണ്ടാകും.

### വിവരങ്ങൾ ട്രെൻഡ് വഴി

ട്രെൻഡ് സോഫ്റ്റ് വെയറിലേയ്ക്ക് വോട്ടിംഗ് വിവരം അപ്‌ലോഡ് ചെയ്യാനായി കൗണ്ടിംഗ് സെന്ററിൽ ബ്ലോക്ക് വരണാധികാരിയുടെ ഹാളിന് സമീപവും, നഗരസഭകളിലെ കൗണ്ടിംഗ് സെന്ററുകളിലും ഡേറ്റാ അപ്‌ലോഡിംഗ് സെന്ററിന് വേണ്ടി പ്രത്യേക മുറി സജ്ജീകരിക്കും. ഓരോ പോളിംഗ് സ്റ്റേഷന്റെയും വോട്ട് നിലവാരം രേഖപ്പെടുത്തുന്നതിന് ട്രെൻഡ് സൈറ്റിൽ നിന്ന് കൗണ്ടിംഗ് സ്ലിപ്പ് മുൻകൂറായി ഡൗൺ ലോഡ് ചെയ്ത് പ്രിന്റ് എടുക്കണം. വോട്ടെണ്ണൽ പൂർത്തിയാകുന്ന മുറക്ക് കൗണ്ടിംഗ് സൂപ്പർവൈസർമാർ ഇതിൽ ഫലം രേഖപ്പെടുത്തണം. തുടർന്ന് സ്ലിപ്പ് ഡേറ്റാ അപ് ലോഡിംഗ് സെന്ററിൽ എത്തിക്കണം.

ഡേറ്റാ അപ്‌ലോഡിംഗ് സെന്ററിൽ ലഭിക്കുന്ന കൗണ്ടിംഗ് സ്ലിപ്പ് ഫാറത്തിലെ വിവരങ്ങൾ അപ്പോൾ തന്നെ ട്രെൻഡിൽ കൃത്യതയോട് കൂടി എൻട്രി ചെയ്യുന്നുണ്ടെന്ന് അപ്‌ലോഡിംഗ് സെന്ററിലെ സൂപ്പർവൈസർമാർ ഉറപ്പാക്കും. വോട്ടെണ്ണലിനു ശേഷം ത്രിതല പഞ്ചായത്തുകളുടെ കാര്യത്തിൽ സൂക്ഷിക്കേണ്ട രേഖകളും കൺട്രോൾ യൂണിറ്റിലെ ഡിറ്റാച്ചബിൾ മെമ്മറി മോഡ്യൂളും ബന്ധപ്പെട്ട ട്രഷറികളിൽ സൂക്ഷിക്കും. എന്നാൽ നഗരസഭകളുടെ കാര്യത്തിൽ രേഖകളോടൊപ്പം ഇലക്ട്രോണിക് വോട്ടിംഗ്

മെഷീൻ കൂടി ട്രഷറികളിൽ സൂക്ഷിക്കും. സ്പെഷ്യൽ പോസ്റ്റൽ ബാലറ്റിനോടൊപ്പമുള്ള രേഖകളും മറ്റ് രേഖകളോടൊപ്പം സൂക്ഷിക്കും.

*(എസ്.ഇ.സി.149/2020)*

## ഒരുക്കങ്ങൾ പൂർണ്ണം; രണ്ടാംഘട്ട വോട്ടെടുപ്പ് നാളെ (ഡിസംബർ 10)

തദ്ദേശ തിരഞ്ഞെടുപ്പിലെ രണ്ടാംഘട്ട വോട്ടെടുപ്പ് നാളെ (ഡിസംബർ 10) നടക്കും. കോട്ടയം, എറണാകുളം, തൃശൂർ, പാലക്കാട് ,വയനാട് ജില്ലകളിൽ 451 തദ്ദേശസ്ഥാപനങ്ങളിലെ 8116 വാർഡുകളിലേക്കാണ് തിരഞ്ഞെടുപ്പ് നടക്കുന്നത്. 47,28,489 പുരുഷൻമാരും 51,28,361 സ്ത്രീകളും 93 ട്രാൻസ്ജെന്റേഴ്സും 265 പ്രവാസി ഭാരതീയരും അടക്കം 98,57,208 വോട്ടർമാരാണ് രണ്ടാം ഘട്ടത്തിലുള്ളത്. ഇതിൽ 57,895 കന്നി വോട്ടർമാരും ഉൾപ്പെടുന്നു. 12,643 പോളിംഗ് ബൂത്തുകളാണ് സജ്ജീകരിച്ചിരിക്കുന്നത്. 473 പ്രശ്നബാധിത പോളിംഗ് ബൂത്തുകളിൽ വെബ്കാസ്റ്റിംഗും ഏർപ്പെടുത്തിയിട്ടുണ്ട്. തിരഞ്ഞെടുപ്പ് ഡ്യൂട്ടിക്കായി 63,187 ഉദ്യോഗസ്ഥരെയും വിന്യസിച്ചിട്ടുണ്ട്. സ്ഥാനാർത്ഥികളുടെ മരണത്തെ തുടർന്ന് എറണാകുളം കളമശ്ശേരി മുനിസിപ്പാലിറ്റിയിലെ മുനിസിപ്പൽ വാർഡ്(37), തൃശൂർ കോർപ്പറേഷനിലെ പുല്ലഴി(47) നിയോജകമണ്ഡലങ്ങളിലെ തിരഞ്ഞെടുപ്പ് മാറ്റിയിരുന്നു.

ഇന്ന് (ഡിസംബർ 9) വൈകിട്ട് മൂന്ന് മുതൽ നാളെ (ഡിസംബർ 10) വോട്ടെടുപ്പ് അവസാനിക്കുന്നതുവരെ കോവിഡ് പോസിറ്റീവ് ആകുന്നവർക്കും ക്വാറന്റീനിൽ പ്രവേശിക്കുന്നവർക്കും ആരോഗ്യ വകുപ്പിലെ ഡെസിഗ്നേറ്റഡ് ഹെൽത്ത് ഓഫീസർ നൽകുന്ന സാക്ഷ്യപത്രം ഹാജരാക്കി പോളിംഗ് സ്റ്റേഷനിൽ നേരിട്ടെത്തി വോട്ടു ചെയ്യാം. പോളിംഗ് സ്റ്റേഷനുകളിലേക്കുള്ള വോട്ടിംഗ് യന്ത്രങ്ങളുടേയും സാമഗ്രികളുടെയും വിതരണം ഇന്ന് രാവിലെ എട്ടു മുതൽ (ഡിസംബർ 9)നടക്കും. വിതരണ കേന്ദ്രങ്ങളിൽ കോവിഡ് മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്താൻ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്ക് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി. ഭാസ്കരൻ നിർദ്ദേശം നൽകി.

അഞ്ച് ജില്ലകളിലായി 96 വിതരണ, സ്വീകരണ കേന്ദ്രങ്ങളാണുള്ളത്.

**തിരഞ്ഞെടുപ്പ് വിശദാംശങ്ങൾ ഡിസംബർ എട്ടിലെ (8.12.2020) കണക്കുകൾ അടിസ്ഥാനമാക്കി*

### രണ്ടാം ഘട്ടത്തിലെ വോട്ടർമാരുടെ എണ്ണം

| ജില്ല | പുരുഷൻ | സ്ത്രീ | ട്രാൻസ്ജെന്റർ | ആകെ |
| --- | --- | --- | --- | --- |
| കോട്ടയം | 780559 | 833030 | 10 | 1613599 |
| എറണാകുളം | 1254021 | 1335109 | 34 | 2589164 |
| തൃശൂർ | 1267182 | 1424167 | 23 | 2691372 |
| പാലക്കാട് | 1120812 | 1216521 | 20 | 2337353 |
| വയനാട് | 305915 | 319534 | 6 | 625455 |
| **ആകെ** | **4728489** | **5128361** | **93** | **9856943** |

**പ്രവാസിഭാരതീയ വോട്ടർമാർ 265.**

**ആകെ വോട്ടർമാരുടെ എണ്ണം *98,56,943 + 265 =98,57,208***

- **രണ്ടാംഘട്ടത്തിലെ പോളിംഗ് സ്റ്റേഷനുകളുടെയും ഡ്യൂട്ടിക്കായി നിയോഗിച്ച ഉദ്യോഗസ്ഥരുടെയും എണ്ണം**

| ജില്ല | നഗരമേഖലയിലെ പോളിംഗ് സ്റ്റേഷൻ | ഗ്രാമീണ മേഖലയിലെ പോളിംഗ് സ്റ്റേഷൻ | ആകെ | ഡ്യൂട്ടിക്ക് നിയോഗിച്ച ഉദ്യോഗസ്ഥരുടെ എണ്ണം |
| --- | --- | --- | --- | --- |
| കോട്ടയം | 253 | 2079 | 2332 | 11633 |

| | | | | |
|---|---|---|---|---|
| എറണാകുളം | 766 | 2366 | 3132 | 15660 |
| തൃശൂർ | 507 | 2824 | 3331 | 16655 |
| പാലക്കാട് | 293 | 2707 | 3000 | 14999 |
| വയനാട് | 99 | 749 | 848 | 4240 |
| **ആകെ** | **1918** | **10725** | **12643** | **63187** |

- **<u>രണ്ടാംഘട്ട തിരഞ്ഞെടുപ്പിലെ പുതിയ വോട്ടർമാർ</u>**

| ജില്ല | പുരുഷൻ | സ്ത്രീ | ട്രാൻസ്ജെൻഡർ | ആകെ |
|---|---|---|---|---|
| കോട്ടയം | 3612 | 3316 | 0 | 6928 |
| എറണാകുളം | 7925 | 7417 | 0 | 15342 |
| തൃശൂർ | 9224 | 8865 | 0 | 18089 |
| പാലക്കാട് | 7568 | 6666 | 1 | 14235 |
| വയനാട് | 1759 | 1542 | 0 | 3301 |
| **ആകെ** | **30088** | **27806** | **1** | **57895** |

- **<u>രണ്ടാംഘട്ട തിരഞ്ഞെടുപ്പ് നടക്കുന്ന തദ്ദേശ സ്ഥാപനങ്ങളും വാർഡുകളും</u>**

| ജില്ല | ഗ്രാമ പഞ്ചായത്ത് | | ബ്ലോക്ക് പഞ്ചായത്ത് | | ജില്ലാ പഞ്ചായത്ത് | | മുനിസിപ്പാലിറ്റി | | കോർപ്പറേഷൻ | | ആകെ | |
|---|---|---|---|---|---|---|---|---|---|---|---|---|
| | ആകെ | ആകെ വാർഡ് | ആകെ | ആകെ വാർഡ് | ആകെ | ആകെ വാർഡ് | ആകെ | ആകെ വാർഡ് | ആകെ | ആകെ വാർഡ് | ആകെ | ആകെ വാർഡ് |
| കോട്ടയം | 71 | 1140 | 11 | 146 | 1 | 22 | 6 | 204 | 0 | 0 | 89 | 1512 |
| എറണാകുളം | 82 | 1338 | 14 | 185 | 1 | 27 | 13 | 420 | 1 | 74 | 111 | 2044 |
| തൃശൂർ | 86 | 1465 | 16 | 213 | 1 | 29 | 7 | 274 | 1 | 54 | 111 | 2035 |
| പാലക്കാട് | 88 | 1490 | 13 | 183 | 1 | 30 | 7 | 240 | 0 | 0 | 109 | 1943 |
| വയനാട് | 23 | 413 | 4 | 54 | 1 | 16 | 3 | 99 | 0 | 0 | 31 | 582 |
| **ആകെ** | **350** | **5846** | **58** | **781** | **5** | **124** | **36** | **1237** | **2** | **128** | **451** | **8116** |

*സ്ഥാനാർത്ഥികളുടെ മരണത്തെ തുടർന്ന് എറണാകുളം കളമശ്ശേരി മുനിസിപ്പാലിറ്റിയിലെ മുനിസിപ്പൽ വാർഡ്(37), തൃശൂർ കോർപ്പറേഷനിലെ പുല്ലഴി(47) നിയോജകമണ്ഡലങ്ങളിലെ തിരഞ്ഞെടുപ്പ് മാറ്റിയിരുന്നു. അതൊഴിവാക്കിയുള്ള കണക്കാണ് പട്ടികയിലുള്ളത്.

*(എസ്.ഇ.സി.148/2020)*

Email:
**contact.seckerala@gmail.com**
**cru.sec@kerala.gov.in**

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

**www.sec.kerala.gov.in**

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**

**7th December 2020**

## തദ്ദേശ തിരഞ്ഞെടുപ്പ് ആദ്യഘട്ട വോട്ടെടുപ്പ് ഇന്ന് ( ഡിസംബർ 8 )

തദ്ദേശ തിരഞ്ഞെടുപ്പിലെ ആദ്യ ഘട്ട വോട്ടെടുപ്പ് ഇന്ന്( ഡിസംബർ 8) നടക്കും. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി ജില്ലകളിൽ 395 തദ്ദേശസ്ഥാപനങ്ങളിൽ 6,910 വാർഡുകളിലേക്കാണ് തിരഞ്ഞെടുപ്പ് നടക്കുന്നത്. 41,58,395 പുരുഷൻമാരും 46,68,267 സ്ത്രീകളും 61 ട്രാൻസ്ജെന്റേഴ്സും അടക്കം 88,26,873 വോട്ടർമാരാണ് ഒന്നാം ഘട്ടത്തിലുള്ളത്. ഇതിൽ 150 പ്രവാസി ഭാരതീയരും 42530 കന്നി വോട്ടർമാരും ഉൾപ്പെടുന്നു. 11,225 പോളിംഗ് ബൂത്തുകളാണ് സജ്ജീകരിച്ചിരിക്കുന്നത്. 320 പ്രശ്നബാധിത പോളിംഗ് ബൂത്തുകളിൽ വെബ്കാസ്റ്റിംഗും ഏർപ്പെടുത്തിയിട്ടുണ്ട്. തിരഞ്ഞെടുപ്പ് ഡ്യൂട്ടിക്കായി 56,122 ഉദ്യോഗസ്ഥരെയും വിന്യസിച്ചിട്ടുണ്ട്.

രാവിലെ ഏഴു മുതൽ വൈകിട്ട് ആറു വരെയാണ് വോട്ടെടുപ്പ്. ഇന്നലെ ( ഡിസംബർ 7) വൈകിട്ട് മൂന്നിന് ശേഷം കോവിഡ് സ്ഥിരീകരിച്ചവർക്കും ക്വാറൻീനിലുള്ളവർക്കും നേരിട്ടെത്തി വോട്ടു ചെയ്യാം. ഇത്തരത്തിലുള്ള വോട്ടർമാർ ഡെസിഗ്നേറ്റഡ് ഹെൽത്ത് ഓഫീസർ ഫോറം 19 സി യിൽ നൽകുന്ന സാക്ഷ്യപത്രം ഹാജരാക്കണം. ഇവർ വൈകിട്ട് ആറിന് മുമ്പ് പോളിംഗ് സ്റ്റേഷനിൽ എത്തണം. എന്നാൽ ആറിന് ക്യൂവിലുള്ള മുഴുവൻ സാധാരണ വോട്ടർമാരും വോട്ടുചെയ്തതിനുശേഷം മാത്രമേ ഇവരെ വോട്ടു ചെയ്യാൻ അനുവദിക്കൂ. സ്പെഷ്യൽ വോട്ടർമാർ പോളിംഗ് സ്റ്റേഷനിൽ കയറുന്നതിന് മുമ്പ് പോളിംഗ് ഉദ്യോഗസ്ഥരും ഏജന്റുമാരും നിർബന്ധമായും പിപിഇ കിറ്റ് ധരിച്ചിരിക്കണം. തിരിച്ചറിയലിനും മഷി പുരട്ടുന്നതിനും സാധാരണ വോട്ടർമാർക്കുള്ള എല്ലാ നടപടി ക്രമങ്ങളും സ്പെഷ്യൽ വോട്ടർമാർക്ക് ബാധകമാണ്. എന്നാൽ കയ്യുറ ധരിക്കാതെ വോട്ടിംഗ് മെഷീനിൽ സ്പർശിക്കാൻ പാടില്ല. പ്രത്യേകം പേന ഉപയോഗിച്ച് വേണം വോട്ടർ രജിസ്റ്ററിൽ ഒപ്പ് രേഖപ്പെടുത്തേണ്ടത്. സർക്കാർ നിയന്ത്രണത്തിലുള്ള ആശുപത്രിയിൽ ചികിത്സയിലുള്ളവരെ ആരോഗ്യവകുപ്പ് പോളിംഗ് സ്റ്റേഷനിൽ എത്തിക്കും. സർക്കാർ നിയന്ത്രിതമല്ലാത്ത സ്ഥാപനങ്ങളിലോ വീടുകളിലോ കഴിയുന്ന സ്പെഷ്യൽ വോട്ടർമാർ സ്വന്തം ചെലവിൽ പിപിഇ കിറ്റ് ധരിച്ച് എത്തണം. പോളിംഗ് സ്റ്റേഷനിലേക്ക് വരുന്നതിനിടയിൽ പുറത്തിറങ്ങാൻ പാടില്ല. ഇവരെ കൊണ്ട് വരുന്ന ഡ്രൈവർമാരും പിപിഇ കിറ്റ് ധരിച്ചിരിക്കണം.

കോവിഡ് മാനദണ്ഡം പാലിക്കുന്നതിനായി വോട്ടർമാർ ബൂത്തിന് പുറത്ത് വെള്ളം, സോപ്പ് എന്നിവയും ബൂത്തിനകത്ത് സാനിറ്റൈസറും നിർബന്ധമായും ഉപയോഗിക്കണം. ബൂത്തിലേക്ക് പ്രവേശിക്കുമ്പോഴും പുറത്തേക്ക് പോകുമ്പോഴും പോളിംഗ് അസിസ്റ്റന്റുമാരാണ് സാനിറ്റൈസ് ചെയ്യുക. പോളിംഗ് ഉദ്യോഗസ്ഥർ ഫെയ്സ് ഷീൽഡ്, മാസ്ക്, കയ്യുറ എന്നിവ ധരിക്കും. ബൂത്തിന് മുൻപിൽ വോട്ടർമാർക്ക് സാമൂഹ്യ അകലം പാലിച്ച് ക്യൂ നിൽക്കുന്നതിന് നിശ്ചിത അകലത്തിൽ പ്രത്യേകം മാർക്ക് ചെയ്തിട്ടുണ്ടാകും. സ്ത്രീകൾക്കും പുരുഷൻമാർക്കും പ്രത്യേകം ക്യൂ ഉണ്ടാകും. ഭിന്നശേഷിക്കാർ, രോഗബാധിതർ, മുതിർന്ന പൗരൻമാർ എന്നിവർക്ക് ക്യൂ നിൽക്കാതെ വോട്ട് ചെയ്യാം.ബൂത്തിനകത്ത് ഓരേ സമയം മൂന്ന് വോട്ടർമാർക്ക് മാത്രമാണ്പ്രവേശനം. ബൂത്തിൽ പ്രവേശിക്കുമ്പോൾ തിരിച്ചറിയൽ രേഖ കാണിച്ച് ബോധ്യപ്പെടുത്തണം.വോട്ടർമാർ മാസ്ക് നിർബന്ധമായും ധരിച്ചിരിക്കണം. തിരിച്ചറിയൽ വേളയിൽ മാത്രം ആവശ്യമെങ്കിൽ മാസ്ക് മാറ്റണം. രജിസ്റ്ററിൽ ഒപ്പും വിരലടയാളവും പതിക്കണം.

*തിരഞ്ഞെടുപ്പ് വിശദാംശങ്ങൾ ഡിസംബർ ഏഴിലെ ( 7.12.2020) കണക്കുകൾ അടിസ്ഥാനമാക്കി

- **ഒന്നാം ഘട്ടത്തിലെ വോട്ടർമാരുടെ എണ്ണം**

| ജില്ല | സ്ത്രീ | പുരുഷൻ | ട്രാൻസ്ജെന്റർ | **ആകെ** |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| തിരുവനന്തപുരം | 15,07,566 | 13,30,516 | 23 | **28,38,105** |
| കൊല്ലം | 11,81,231 | 10,41,520 | 19 | **22,22,770** |
| പത്തനംതിട്ട | 5,75,858 | 5,02,738 | 3 | **10,78,599** |
| ആലപ്പുഴ | 9,43,588 | 8,38,988 | 11 | **17,82,587** |
| ഇടുക്കി | 4,60,024 | 4,44,633 | 5 | **9,04,662** |
| **ആകെ** | **46,68,267** | **41,58,395** | **61** | **88,26,723** |

- **ആദ്യഘട്ട**

**തിരഞ്ഞെടുപ്പിലെ പുതിയ വോട്ടർമാർ**

| ജില്ല | പുരുഷൻമാർ | സ്ത്രീകൾ | ട്രാൻസ്ജെന്റർ | ആകെ |
|---|---|---|---|---|
| തിരുവനന്തപുരം | 6,942 | 6,804 | 0 | 13,746 |
| കൊല്ലം | 5,536 | 5,311 | 0 | 10,847 |
| പത്തനംതിട്ട | 2,183 | 1,971 | 0 | 4,154 |
| ആലപ്പുഴ | 4,642 | 4,535 | 0 | 9,177 |
| ഇടുക്കി | 2,360 | 2,246 | 0 | 4,606 |
| **ആകെ** | **21,663** | **20,867** | **0** | **42,530** |

- **ഒന്നാം ഘട്ടത്തിലെ പോളിംഗ് സ്റ്റേഷനുകളുടെ എണ്ണം**

| ജില്ല | നഗര മേഖലയിലെ പോളിംഗ് സ്റ്റേഷൻ | ഗ്രാമീണ മേഖലയിലെ പോളിംഗ് സ്റ്റേഷൻ | ആകെ |
|---|---|---|---|
| തിരുവനന്തപുരം | 814 | 2467 | 3281 |
| കൊല്ലം | 399 | 2362 | 2761 |
| പത്തനംതിട്ട | 133 | 1326 | 1459 |
| ആലപ്പുഴ | 282 | 1989 | 2271 |
| ഇടുക്കി | 69 | 1384 | 1453 |
| **ആകെ** | **1,697** | **9,528** | **11,225** |

- **പോളിംഗ് സ്റ്റേഷനുകളിൽ തിരഞ്ഞെടുപ്പ് ഡ്യൂട്ടിക്കായി നിയോഗിച്ച ഉദ്യോഗസ്ഥരുടെ എണ്ണം**

| ജില്ല | ജീവനക്കാരുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 16,405 |
| കൊല്ലം | 13,802 |
| പത്തനംതിട്ട | 7,295 |
| ആലപ്പുഴ | 11,355 |
| ഇടുക്കി | 7,265 |
| **ആകെ** | **56,122** |

- <u>ആദ്യഘട്ട തിരഞ്ഞെടുപ്പ് നടക്കുന്ന തദ്ദേശ സ്ഥാപനങ്ങളും വാർഡുകളും</u>

| ജില്ല | ഗ്രാമ പഞ്ചായത്ത് | | ബ്ലോക്ക് പഞ്ചായത്ത് | | ജില്ലാ പഞ്ചായത്ത് | | മുനിസിപ്പാലിറ്റി | | കോർപ്പറേഷൻ | | ആകെ | |
|---|---|---|---|---|---|---|---|---|---|---|---|---|
| | ആകെ | ആകെ വാർഡ് | ആകെ | ആകെ വാർഡ് | ആകെ | ആകെ വാർഡ് | ആകെ | ആകെ വാർഡ് | ആകെ | ആകെ വാർഡ് | ആകെ | ആകെ വാർഡ് |
| തിരുവനന്തപുരം | 73 | 1299 | 11 | 155 | 1 | 26 | 4 | 147 | 1 | 100 | 90 | 1727 |
| കൊല്ലം | 68 | 1232 | 11 | 152 | 1 | 26 | 4 | 131 | 1 | 55 | 85 | 1596 |
| പത്തനംതിട്ട | 53 | 788 | 8 | 106 | 1 | 16 | 4 | 132 | 0 | 0 | 66 | 1042 |
| ***ആലപ്പുഴ*** | 72 | ***1168*** | 12 | 158 | 1 | 23 | 6 | 215 | 0 | 0 | 91 | ***1564*** |
| ഇടുക്കി | 52 | 792 | 8 | 104 | 1 | 16 | 2 | 69 | 0 | 0 | 63 | 981 |
| ആകെ | 318 | ***5279*** | 50 | 675 | 5 | 107 | 20 | 694 | 2 | 155 | 395 | ***6910*** |

** കൊല്ലം പന്മന ഗ്രാമപഞ്ചായത്തിലെ 5, 13 വാർഡുകളിലെയും ആലപ്പുഴ ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്തിലെ ഏഴാം വാർഡിലെയും സ്ഥാനാർത്ഥികൾ മരിച്ചതിനെ തുടർന്ന് ആ വാർഡുകളിലെ തിരഞ്ഞെടുപ്പ് മാറ്റിയിരുന്നു. അത് ഒഴിവാക്കിയുള്ള കണക്കുകളാണ് പട്ടികയിലുള്ളത്.*

*(എസ്.ഇ.സി.147/2020)*

## <u>സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് അവധി</u>

ഇന്ന് (ഡിസംബർ 8) തിരഞ്ഞെടുപ്പ് നടക്കുന്ന തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി ജില്ലകളിലെ സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് അവധി അനുവദിച്ച് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഉത്തരവിറക്കി. വേതനം കുറയ്ക്കാതെ അവധി നൽകാനാണ് ഉത്തരവ്. സ്വകാര്യ വാണിജ്യ-വ്യാപാര സ്ഥാപനങ്ങളിലെയും മറ്റ് സ്ഥാപനങ്ങളിലെയും ജീവനക്കാർക്കാണ് അവധി അനുവദിച്ചിരിക്കുന്നത്. സ്വന്തം ജില്ലക്ക് പുറത്ത് ജോലിയുള്ളവർക്ക് വോട്ടെടുപ്പ് ദിവസം സ്വന്തം ജില്ലയിലെ പോളിംഗ് സ്റ്റേഷനിൽ പോയി വോട്ടു ചെയ്യാൻ പ്രത്യേക അനുമതി നൽകണമെന്നും ഉത്തരവിൽ പറയുന്നു. ഇപ്രകാരം അവധി നൽകിയില്ലെങ്കിൽ അത് ഉടമയ്ക്കെതിരെ പിഴ ഈടാക്കാവുന്ന കുറ്റമാണ്.

*(എസ്.ഇ.സി.146/2020)*

## <u>സ്ഥാനാർത്ഥിയുടെ മരണം: തിരഞ്ഞെടുപ്പ് മാറ്റി</u>

ആലപ്പുഴ ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്തിലെ ഏഴാം വാർഡിലെ സ്ഥാനാർത്ഥി മഹാദേവൻ പിള്ളയുടെ മരണത്തെ തുടർന്ന് ആ വാർഡിലെ തിരഞ്ഞെടുപ്പ് മാറ്റിയതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ അറിയിച്ചു.

*(എസ്.ഇ.സി.145/2020)*

| Email:<br>**contact.seckerala@gmail.com**<br>**cru.sec@kerala.gov.in** | പത്രക്കുറിപ്പ് | TELEPHONE: 0471-2321233<br>MOBILE :8281000127<br>**www.sec.kerala.gov.in** |
|---|---|---|
| | **കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ** | **7th December 2020** |


## തദ്ദേശ തിരഞ്ഞെടുപ്പ് : ആദ്യഘട്ട വോട്ടെടുപ്പ് ഇന്ന് ( ഡിസംബർ 8)

തദ്ദേശ തിരഞ്ഞെടുപ്പിലെ ആദ്യ ഘട്ട വോട്ടെടുപ്പ് ഇന്ന്( ഡിസംബർ 8) നടക്കും. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി ജില്ലകളിൽ 395 തദ്ദേശസ്ഥാപനങ്ങളിൽ 6,911 വാർഡുകളിലേക്കാണ് തിരഞ്ഞെടുപ്പ് നടക്കുന്നത്. 41,58,341 പുരുഷൻമാരും 46,68,209 സ്ത്രീകളും 70 ട്രാൻസ്ജെന്റേഴ്സും അടക്കം 88,26,620 വോട്ടർമാരാണ് ഒന്നാം ഘട്ടത്തിലുള്ളത്. ഇതിൽ 42,530 പേർ കന്നി വോട്ടർമാരാണ്. 11,225 പോളിംഗ് ബൂത്തുകളാണ് സജ്ജീകരിച്ചിരിക്കുന്നത്. തിരഞ്ഞെടുപ്പ് ഡ്യൂട്ടിക്കായി 56,122 ഉദ്യോഗസ്ഥരെയും വിന്യസിച്ചിട്ടുണ്ട്.

**തിരഞ്ഞെടുപ്പ് വിശദാംശങ്ങൾ ഡിസംബർ ആറിലെ ( 6.12.2020) കണക്കുകൾ അടിസ്ഥാനമാക്കി*

- **ഒന്നാം ഘട്ടത്തിലെ വോട്ടർമാരുടെ എണ്ണം**

ഡിസംബർ എട്ടിന് ഒന്നാംഘട്ട തിരഞ്ഞെടുപ്പ് നടക്കുന്ന തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി ജില്ലകളിൽ ആകെ 88,26,620 വോട്ടർമാർ. 41,58,341 പുരുഷൻമാരും 46,68,209 സ്ത്രീകളും 70 ട്രാൻസ്ജൻന്റേഴ്സുമാണ്.

| ജില്ല | സ്ത്രീ | പുരുഷൻ | ട്രാൻസ്ജെന്റർ | **ആകെ** |
|---|---|---|---|---|
| തിരുവനന്തപുരം | 15,07,550 | 13,30,503 | 24 | **28,38,077** |
| കൊല്ലം | 11,81,236 | 10,41,513 | 21 | **22,22,770** |
| പത്തനംതിട്ട | 5,75,832 | 5,02,712 | 6 | **10,78,550** |
| ആലപ്പുഴ | 9,43,584 | 8,38,984 | 12 | **17,82,580** |
| ഇടുക്കി | 4,60,007 | 4,44,629 | 7 | **9,04,643** |
| **ആകെ** | **46,68,209** | **41,58,341** | **70** | **88,26,620** |

- **ആദ്യഘട്ട തിരഞ്ഞെടുപ്പിലെ പുതിയ വോട്ടർമാർ**

| **ജില്ല** | **പുരുഷൻമാർ** | **സ്ത്രീകൾ** | **ട്രാൻസ്ജെന്റർ** | **ആകെ** |
|---|---|---|---|---|
| തിരുവനന്തപുരം | 6,942 | 6,804 | 0 | 13,746 |
| കൊല്ലം | 5,536 | 5,311 | 0 | 10,847 |
| പത്തനംതിട്ട | 2,183 | 1,971 | 0 | 4,154 |
| ആലപ്പുഴ | 4,642 | 4,535 | 0 | 9,177 |
| ഇടുക്കി | 2,360 | 2,246 | 0 | 4,606 |
| **ആകെ** | **21,663** | **20,867** | **0** | **42,530** |

- **ഒന്നാം ഘട്ടത്തിലെ പോളിംഗ് സ്റ്റേഷനുകളുടെ എണ്ണം**

| **ജില്ല** | **നഗര മേഖലയിലെ പോളിംഗ് സ്റ്റേഷൻ** | **ഗ്രാമീണ മേഖലയിലെ പോളിംഗ്** | **ആകെ** |
|---|---|---|---|

| | | സ്റ്റേഷൻ | |
|---|---|---|---|
| തിരുവനന്തപുരം | 814 | 2467 | 3281 |
| കൊല്ലം | 399 | 2362 | 2761 |
| പത്തനംതിട്ട | 133 | 1326 | 1459 |
| ആലപ്പുഴ | 282 | 1989 | 2271 |
| ഇടുക്കി | 69 | 1384 | 1453 |
| **ആകെ** | **1,697** | **9,528** | **11,225** |

- **<u>പോളിംഗ് സ്റ്റേഷനുകളിൽ തിരഞ്ഞെടുപ്പ് ഡ്യൂട്ടിക്കായി നിയോഗിച്ച ഉദ്യോഗസ്ഥരുടെ എണ്ണം</u>**

| **ജില്ല** | **ജീവനക്കാരുടെ എണ്ണം** |
|---|---|
| തിരുവനന്തപുരം | 16,405 |
| കൊല്ലം | 13,802 |
| പത്തനംതിട്ട | 7,295 |
| ആലപ്പുഴ | 11,355 |
| ഇടുക്കി | 7,265 |
| **ആകെ** | **56,122** |

- **<u>ആദ്യഘട്ട തിരഞ്ഞെടുപ്പ് നടക്കുന്ന തദ്ദേശ സ്ഥാപനങ്ങളും വാർഡുകളും</u>**

| **ജില്ല** | ഗ്രാമ പഞ്ചായത്ത് | | ബ്ലോക്ക് പഞ്ചായത്ത് | | ജില്ലാ പഞ്ചായത്ത് | | മുനിസിപ്പാലിറ്റി | | കോർപ്പറേഷൻ | | ആകെ | |
|---|---|---|---|---|---|---|---|---|---|---|---|---|
| | ആകെ | ആകെ വാർഡ് | ആകെ | ആകെ വാർഡ് | ആകെ | ആകെ വാർഡ് | ആകെ | ആകെ വാർഡ് | ആകെ | ആകെ വാർഡ് | ആകെ | ആകെ വാർഡ് |
| തിരുവനന്തപുരം | 73 | 1299 | 11 | 155 | 1 | 26 | 4 | 147 | 1 | 100 | 90 | 1727 |
| കൊല്ലം | 68 | 1232 | 11 | 152 | 1 | 26 | 4 | 131 | 1 | 55 | 85 | 1596 |
| പത്തനംതിട്ട | 53 | 788 | 8 | 106 | 1 | 16 | 4 | 132 | 0 | 0 | 66 | 1042 |
| ആലപ്പുഴ | 72 | 1169 | 12 | 158 | 1 | 23 | 6 | 215 | 0 | 0 | 91 | 1565 |
| ഇടുക്കി | 52 | 792 | 8 | 104 | 1 | 16 | 2 | 69 | 0 | 0 | 63 | 981 |
| ആകെ | 318 | 5280 | 50 | 675 | 5 | 107 | 20 | 694 | 2 | 155 | 395 | 6911 |

** കൊല്ലം പന്മന ഗ്രാമപഞ്ചായത്തിലെ 5, 13 വാർഡുകളിലെ സ്ഥാനാർത്ഥികൾ മരിച്ചതിനെ തുടർന്ന് ആ വാർഡുകളിലെ തിരഞ്ഞെടുപ്പ് മാറ്റിയിരുന്നു. അത് ഒഴിവാക്കിയുള്ള കണക്കുകളാണ് പട്ടികയിലുള്ളത്.*

*(എസ്.ഇ.സി.144/2020)*

| | | |
|---|---|---|
| Email:<br>**contact.seckerala@gmail.com**<br>**cru.sec@kerala.gov.in** | **പത്രക്കുറിപ്പ്** | TELEPHONE: 0471-2321233<br>MOBILE :8281000127<br><br>**www.sec.kerala.gov.in** |
| | **കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ** | **6th December 2020** |

## സമാധാന പൂർണ്ണമായ തിരഞ്ഞെടുപ്പിന് ഏവരും സഹകരിക്കണം

സമ്മതിദായകർക്ക് നിർഭയമായി വോട്ട് ചെയ്യാൻ പൂർണ്ണ സ്വാതന്ത്ര്യം ഉറപ്പ് വരുത്തുന്നതിന് രാഷ്ട്രീയ കക്ഷികളും സ്ഥാനാർത്ഥികളും തിരഞ്ഞെടുപ്പ് ഉദ്യാഗസ്ഥരുമായി സഹകരിക്കണമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി. ഭാസ്കരൻ

അഭ്യർത്ഥിച്ചു. തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന രാഷ്ട്രീയ കക്ഷികളുടെ അംഗീകൃത പ്രവർത്തകർക്ക് ബാഡ്ജുകളും തിരിച്ചറിയൽ കാർഡുകളും ഉണ്ടാകണം. സമ്മതിദായകർക്ക് വിതരണം ചെയ്യുന്ന സ്ലിപ്പുകൾ വെള്ളക ടലാസിലായിരിക്കണം. അവയിൽ സ്ഥാനാർത്ഥിയുടെയോ കക്ഷിയുടെയോ പേരോ ചിഹ്നമോ ഉണ്ടാകരുത്. രാഷ്ട്രീ യ കക്ഷികളോ സ്ഥാനാർത്ഥികളോ വോട്ടർമാരെ പോളിംഗ് സ്റ്റേഷനിൽ എത്തിക്കാൻ വാഹന സൗകര്യം ഒരു ക്കുന്നത് കുറ്റകരമാണ്. തിരഞ്ഞെടുപ്പ് നിരീക്ഷകൻ, വരണാധികാരി, സുരക്ഷാ ഉദ്യോഗസ്ഥർ, പ്രിസൈഡിംഗ് ഓ ഫീസർ, വെബ് കാസ്റ്റിംഗ് ഓഫീസർ, സെക്ടറൽ ഓഫീസർ എന്നിവർക്കൊഴികെ ആർക്കും മൊബൈൽഫോൺ പോ ളിംഗ് സ്റ്റേഷനകത്ത് കൊണ്ട് പോകാൻ അനുവാദമില്ല.

വോട്ടെടുപ്പ് ദിവസം പഞ്ചായത്തുകളിൽ പോളിംഗ് സ്റ്റേഷനിൽ നിന്ന് 200 മീറ്റർ അകലത്തിലും നഗരസഭയിൽ 100 മീ റ്റർ അകലത്തിലും മാത്രമേ രാഷ്ട്രീയ പാർട്ടികളുടെ ബൂത്തുകൾ സ്ഥാപിക്കാവൂ. സ്ഥാനാർത്ഥിയുടെ പേര്, പാർട്ടി ചി ഹ്നം എന്നിവ വ്യക്തമാക്കുന്ന ഒരു ബാനർ സ്ഥാപിക്കാം. പഞ്ചായത്തുകളിലെ പോളിംഗ് സ്റ്റേഷനുകളുടെ 200 മീറ്റർ പരിധിക്കുള്ളിലും നഗരസഭയിൽ 100 മീറ്റർ പരിധിക്കുള്ളിലും വോട്ട് പിടിക്കാനോ പ്രചാരണം നടത്താനോ പാടില്ല. രാ ഷ്ട്രീയ കക്ഷികളുടെ പേരോ ചിഹ്നമോ ഉള്ള മാസ്കും ഈ പരിധിക്കുള്ളിൽ ഉപയോഗിക്കാൻ പാടില്ല. സ്ഥാനാർത്ഥിക ളുടെ ക്യാമ്പുകൾ ആർഭാടരഹിതമാണെന്ന് ഉറപ്പുവരുത്തണം. ക്യാമ്പുകളിൽ ആഹാര സാധനങ്ങൾ വിതരണം ചെ യ്യാൻ പാടില്ല.

പോളിംഗ് സ്റ്റേഷനുകളുടെ നിശ്ചിത ദൂരപരിധിക്ക് പുറത്ത് സ്ഥാനാർത്ഥികളോ മറ്റോ സ്ലിപ്പ് വിതരണം നടത്തുന്ന സ്ഥലത്ത് സോപ്പ്, വെള്ളം, സാനിറ്റൈസർ എന്നിവ നിർബന്ധമായും കരുതണം. സ്ലിപ്പ് വിതരണത്തിന് രണ്ട് പേരിൽ കൂടുതൽ പാടില്ല. വിതരണം നടത്തുന്നവർ മാസ്കും , കയ്യുറയും ധരിക്കണം.

സംഘർഷം ഒഴിവാക്കുന്നതിനായി ബൂത്തുകൾക്ക് സമീപവും രാഷ്ട്രീയ കക്ഷികളും സ്ഥാനാർത്ഥികളും നിർമ്മിക്കുന്ന ക്യാമ്പിന്റെ പരിസരത്തും ആൾക്കൂട്ടം ഒഴിവാക്കണം. വോട്ടെടുപ്പ് ദിവസം സ്ഥാനാർത്ഥികളും ഏജന്റുമാരും വാഹന ങ്ങൾ ഉപയോഗിക്കുന്നതിനുള്ള നിയന്ത്രണം പാലിച്ച് അധികാരികളുമായി സഹകരിക്കണം. പെർമിറ്റുകൾ വാഹന ങ്ങളിൽ പ്രദർശിപ്പിക്കണം. തിരഞ്ഞെടുപ്പ് പ്രചാരണത്തിനായി മറ്റ് സ്ഥലങ്ങളിൽ നിന്ന് എത്തിയിട്ടുള്ള പ്രവർത്തകർ പരസ്യ പ്രചാരണം അവസാനിച്ചാൽ ഉടൻ തന്നെ നിയോജകമണ്ഡലം വിട്ട് പുറത്ത് പോകണം.

*(എസ്.ഇ.സി.143/2020)*

## തിരഞ്ഞെടുപ്പ് ഡ്യൂട്ടിയുള്ള ജീവനക്കാർക്ക് അവധി അനുവദിക്കും

തദ്ദേശ തിരഞ്ഞെടുപ്പ് പോളിംഗ് ഡ്യൂട്ടിയുള്ള ജീവനക്കാർക്ക് പോളിംഗ് ദിവസത്തിന്റെ തൊട്ടടുത്ത ദിവസം ഡ്യൂട്ടി ലീ വ് അനുവദിക്കാൻ ബന്ധപ്പെട്ട വകുപ്പ്/ഓഫീസ് മേധാവിമാർക്ക് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി. ഭാസ്ക രൻ നിർദ്ദേശം നൽകി. പോളിംഗ് ഡ്യൂട്ടിക്ക് നിയോഗിക്കപ്പെടുന്ന ഉദ്യോഗസ്ഥരുടെ ഡ്യൂട്ടി കാലയളവ് തിരഞ്ഞെടു പ്പിന്റെ തലേ ദിവസം രാവിലെ മുതൽ പോളിംഗ് കഴിഞ്ഞ് പോളിംഗ് സാധനങ്ങൾ സ്വീകരണ കേന്ദ്രത്തിൽ തിരികെ ഏൽപ്പിക്കുന്നതുവരെയാണ്.ഇത് പലപ്പോഴും രാത്രി വരെ നീണ്ടു നിൽക്കുന്നത് കമ്മീഷന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തു ടർന്നാണ് നടപടി.

*(എസ്.ഇ.സി.142/2020)*

## പോളിംഗ് ബൂത്തുകളിൽ കോവിഡ് മാനദണ്ഡങ്ങൾ കർശനമായി പാലിക്കണം

പോളിംഗ് ബൂത്തുകളിൽ കോവിഡ് മാനദണ്ഡങ്ങൾ കർശനമായി പാലിക്കണമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി. ഭാസ്കരൻ അറിയിച്ചു. പോളിംഗ് സ്റ്റേഷനുകൾ ഇന്ന് ( ഡിസംബർ 7) അണുവിമുക്തമാക്കും. ബൂത്തിന് പുറത്ത് വെള്ളം, സോപ്പ് എന്നിവയും ബൂത്തിനകത്ത് സാനിറ്റൈസറും നിർബന്ധമായും ഉപയോഗിക്കണം. ബൂത്തിലേക്ക് പ്രവേശിക്കുമ്പോഴും പുറത്തേക്ക് പോകുമ്പോഴും പോളിംഗ് അസിസ്റ്റന്റുമാരാണ് സാനിറ്റൈസർ വിതരണം ചെയ്യുക. പോളിംഗ് ഉദ്യോഗസ്ഥർ ഫെയ്സ് ഷീൽഡ്, മാസ്ക്, സാനിറ്റൈസർ, കയ്യുറ എന്നിവ ധരിക്കും.

ബൂത്തിന് മുൻപിൽ വോട്ടർമാർക്ക് സാമൂഹ്യ അകലം പാലിച്ച് ക്യൂ നിൽക്കുന്നതിന് നിശ്ചിത അകലത്തിൽ പ്രത്യേകം മാർക്ക് ചെയ്തിട്ടുണ്ടാകും. സ്ത്രീകൾക്കും പുരുഷൻമാർക്കും പ്രത്യേകം ക്യൂ ഉണ്ടാകും. ഭിന്നശേഷിക്കാർ, രോഗബാധിതർ, 70 വയസ്സിന് മുകളിലുള്ള മുതിർന്ന പൗരൻമാർ എന്നിവർക്ക് ക്യൂ നിൽക്കാതെ വോട്ട് ചെയ്യാം.ബൂത്തിനകത്ത് ഓരേ സമയം മൂന്ന് വോട്ടർമാർക്ക് മാത്രമാണ്പ്രവേശനം. ബൂത്തിൽ പ്രവേശിക്കുമ്പോൾ തിരിച്ചറിയൽ രേഖ കാണിച്ച് ബോധ്യപ്പെടുത്തണം.വോട്ടർമാർ മാസ്ക് നിർബന്ധമായും ധരിച്ചിരിക്കണം. തിരിച്ചറിയൽ വേളയിൽ മാത്രം ആവശ്യമെങ്കിൽ മാസ്ക് മാറ്റണം. രജിസ്റ്ററിൽ ഒപ്പും വിരലടയാളവും പതിക്കണം. വോട്ടർമാരുടെ വിരലിൽ ശ്രദ്ധാപൂർവ്വമായിരിക്കും മഷി പുരട്ടുക. ഒരു പോളിംഗ് സ്റ്റേഷനിൽ നാല് പോളിംഗ് ഉദ്യോഗസ്ഥരും ഒരു പോളിംഗ് അസിസ്റ്റന്റും ഒരു പോലീസ് ഉദ്യോഗസ്ഥനും ഉണ്ടാകും. സ്ഥാനാർത്ഥികളുടെ ബൂത്ത് ഏജന്റുമാർ പത്തിൽ കൂടാൻ പാടില്ല. പോളിംഗ് ഏജന്റുമാരുടെ ഇരിപ്പിടങ്ങൾ സാമൂഹ്യ അകലം പാലിച്ച് വേണം ക്രമീകരിക്കേണ്ടത്.

കോവിഡ് സുരക്ഷാമാനദണ്ഡങ്ങൾ പാലിക്കുന്നതിനായി 2.8 ലക്ഷം ലിറ്റർ സാനിറ്റൈസറാണ് തിരഞ്ഞെടുപ്പിന് ഉപയോഗിക്കുക. 9.1 ലക്ഷം എൻ 95 മാസ്കുകളും ആറ് ലക്ഷം കയ്യുറകളും ഉദ്യോഗസ്ഥർക്ക് വിതരണം ചെയ്തു. ഒറ്റത്തവണ ഉപയോഗിക്കാൻ കഴിയുന്ന 2.22 ലക്ഷം ഫേസ് ഷീൽഡുകളും പുനരുപയോഗിക്കാൻ കഴിയുന്ന 3000 ഫേസ് ഷീൽഡുകളും നൽകിയിട്ടുണ്ട്. ഒരു പോളിംഗ് സ്റ്റേഷനിൽ നാല് പോളിംഗ് ഉദ്യോഗസ്ഥരും, ഒരു പോളിംഗ് അസിസ്റ്റന്റും പോലീസ് ഉദ്യോഗസ്ഥനും ഉണ്ടാകും. പോളിംഗ് ഉദ്യോഗസ്ഥർ ഇന്ന് ( ഡിസംബർ 7) മുതൽ പോളിംഗ് സ്റ്റേഷനിൽ താമസിക്കും.

*(എസ്.ഇ.സി.141/2020)*

## കോവിഡ് ബാധിതർക്ക് നേരിട്ടെത്തി വോട്ട് ചെയ്യാം; രോഗം ഇന്ന് (ഡിസംബർ 7) വൈകിട്ട് മൂന്നിന് ശേഷം സ്ഥിരീകരിക്കുന്നവർക്ക്

ഇന്ന് (ഡിസംബർ 7) വൈകിട്ട് മൂന്ന് മുതൽ നാളെ (ഡിസംബർ 8) വോട്ടെടുപ്പ് അവസാനിക്കുന്നതുവരെ കോവിഡ് പോസിറ്റീവ് ആകുന്നവർക്കും ക്വാറന്റീനിൽ ഉള്ളവർക്കും പോളിംഗ് സ്റ്റേഷനിൽ നേരിട്ടെത്തി വോട്ടു ചെയ്യാമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി. ഭാസ്കരൻ അറിയിച്ചു. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി ജില്ലകളിലാണ് നാളെ (ഡിസംബർ 8) വോട്ടെടുപ്പ് നടക്കുന്നത്. ഇത്തരത്തിലുള്ള വോട്ടർമാർ ഡെസിഗ്നേറ്റഡ് ഹെൽത്ത് ഓഫീസർ ഫോറം 19 സി യിൽ നൽകുന്ന സാക്ഷ്യപത്രം ഹാജരാക്കണം. ഇവർ വൈകിട്ട് ആറിന് മുമ്പ് പോളിംഗ് സ്റ്റേഷനിൽ എത്തണം. എന്നാൽ ആറിന് ക്യൂ വിലുള്ള മുഴുവൻ സാധാരണ വോട്ടർമാരും വോട്ടുചെയ്തതിനുശേഷം മാത്രമേ ഇവരെ വോട്ടു ചെയ്യാൻ അനുവദിക്കൂ. സ്പെഷ്യൽ വോട്ടർമാർ പോളിംഗ് സ്റ്റേഷനിൽ കയറുന്നതിന് മുമ്പ് പോളിംഗ് ഉദ്യോഗസ്ഥരും ഏജന്റമാരും നിർബന്ധമായും പിപിഇ കിറ്റ് ധരിച്ചിരിക്കണം. തിരിച്ചറിയലിനും മഷി പുരട്ടുന്നതിനും സാധാരണ വോട്ടർമാർക്കുള്ള എല്ലാ നടപടി ക്രമങ്ങളും സ്പെഷ്യൽ വോട്ടർമാർക്ക് ബാധകമാണ്. എന്നാൽ കയ്യുറ ധരിക്കാതെ വോട്ടിംഗ് മെഷീനിൽ സ്പർശിക്കാൻ പാടില്ല. പ്രത്യേകം പേന ഉപയോഗിച്ച് വേണം വോട്ടർ രജിസ്റ്ററിൽ ഒപ്പ് രേഖപ്പെടുത്തേണ്ടത്. സർക്കാർ നിയന്ത്രണത്തിലുള്ള ആശുപത്രിയിൽ ചികിത്സയിലുള്ളവരെ ആരോഗ്യവകുപ്പ് പോളിംഗ് സ്റ്റേഷനിൽ എത്തിക്കും. സർക്കാർ നിയന്ത്രിതമല്ലാത്ത സ്ഥാപനങ്ങളിലോ വീടുകളിലോ കഴിയുന്ന സ്പെഷ്യൽ വോട്ടർമാർ സ്വന്തം ചെലവിൽ പിപിഇ കിറ്റ് ധരിച്ച് എത്തണം. പോളിംഗ് സ്റ്റേഷനിലേക്ക് വരുന്നതിനിടയിൽ പുറത്തിറങ്ങാൻ പാടില്ല. ഇവരെ കൊണ്ട് വരുന്ന ഡ്രൈവർമാരും പിപിഇ കിറ്റ് ധരിച്ചിരിക്കണം.

*(എസ്.ഇ.സി.140/2020)*

Email:
**contact.seckerala@gmail.com**
**cru.sec@kerala.gov.in**

# പത്രക്കുറിപ്പ്

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**

TELEPHONE: 0471-2321233
MOBILE :8281000127

**www.sec.kerala.gov.in**

**5th December 2020**

## സ്പെഷ്യൽ തപാൽ ബാലറ്റ് : തപാലിലൂടെയും അയയ്ക്കും

കോവിഡ് ബാധിതർക്കും ക്വാറന്റീനിലുള്ളവർക്കും ഏർപ്പെടുത്തിയ സ്പെഷ്യൽ പോസ്റ്റൽ ബാലറ്റ് സ്പെഷ്യൽ വോട്ടർമാർക്ക് ബാലറ്റുകൾ തപാലിലൂടെയും അയച്ച് കൊടുക്കുമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി. ഭാസ്കരൻ അറിയിച്ചു. നിലവിൽ സർട്ടിഫൈഡ് ലിസ്റ്റിലുള്ളവർക്ക് സ്പെഷ്യൽ പോളിംഗ് ഓഫീസർ താമസ സ്ഥലത്ത് നേരിട്ടെത്തിയാണ് സ്പെഷ്യൽ തപാൽ ബാലറ്റ് നൽകുന്നത്. ചില സ്ഥലങ്ങളിൽ വോട്ടർമാരെ നേരിട്ട് കണ്ടെത്തുന്നതിനും ബാലറ്റ് നൽകുന്നതിനും അസൗകര്യങ്ങൾ നേരിട്ടത് കമ്മീഷന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്നാണ് നടപടി. ബാലറ്റ് പേപ്പറുകൾ നേരിട്ട് നൽകാൻ കഴിയാത്ത സ്പെഷ്യൽ വോട്ടർമാർക്ക് അവരുടെ മേൽവിലാസത്തിലേക്ക് വരണാധികാരികൾ ബാലറ്റുകൾ തപാൽ മാർഗ്ഗമാണ് അയയ്ക്കുക. സ്പെഷ്യൽ ബാലറ്റിനായി സ്പെഷ്യൽ വോട്ടർമാർക്ക് നേരിട്ടും വരണാധികാരിക്ക് അപേക്ഷ നൽകാവുന്നതാണ്. ബാലറ്റിനോടൊപ്പമുള്ള സത്യപ്രസ്താവന സാക്ഷ്യപ്പെടുത്തുന്നതിന് തദ്ദേശസ്ഥാപനങ്ങളിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർ ഉൾപ്പെടെയുള്ള ഹെൽത്ത് ഇൻസ്പെക്ടർമാരെ സ്പെഷ്യൽ പോളിംഗ് ഓഫീസർമാരായി ചുമതലപ്പെടുത്തി ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ പ്രത്യേക ഉത്തരവ് ഇറക്കും.

സ്പെഷ്യൽ ബാലറ്റ് അയച്ചുകഴിഞ്ഞാൽ വോട്ടർപ്പട്ടികയുടെ മാർക്ക്ഡ് കോപ്പിയിൽ SPB എന്ന് അടയാളപ്പെടുത്തും. ബാലറ്റ് ലഭിക്കുന്ന കവറിനുള്ളിൽ അപേക്ഷാ ഫോറം (ഫാറം 19 ബി), സത്യപ്രസ്താവന (ഫാറം 16), ബാലറ്റ് പേപ്പർ, ബാലറ്റ് പേപ്പർ ഇടാനുള്ള കവറുകൾ എന്നിവയുണ്ടാകും. അപേക്ഷാ ഫോറം പൂരിപ്പിച്ച് (ഫാറം 19 ബി) ഒപ്പിട്ട് സത്യപ്രസ്താവന (ഫാറം 16) ഗസറ്റഡ് ഓഫീസറെയോ സ്പെഷ്യൽ പോളിംഗ് ഓഫീസർമാരായി ചുമതലപ്പെടുത്തിയിട്ടുള്ള ഹെൽത്ത് ഓഫീസറെയോ മറ്റ് ഓഫീസർമാരെയോ കൊണ്ട് സാക്ഷ്യപ്പെടുത്തണം. വോട്ട് രേഖപ്പെടുത്തിയതിനു ശേഷം ബാലറ്റ് ചെറിയ കവറിൽ ഇട്ട് ഒട്ടിക്കണം. അപേക്ഷാ ഫാറവും ചെറിയ കവറും സാക്ഷ്യപ്പെടുത്തിയ സത്യപ്രസ്താവനയും വലിയ കവറിലിട്ട് ഒട്ടിച്ചതിനു ശേഷമേ തപാലിലൂടെ ആൾവശമോ അയയ്ക്കാവൂ. വോട്ട് രേഖപ്പെടുത്തിയ പോസ്റ്റൽ ബാലറ്റ് വോട്ടെണ്ണൽ ആരംഭിക്കുന്നതിനു മുമ്പ് ലഭിക്കത്തക്ക വിധം ബന്ധപ്പെട്ട വരണാധികാരിക്ക് തപാൽ മാർഗ്ഗമോ ആൾവശമോ എത്തിക്കണം.

*(എസ്.ഇ.സി.139/2020)*

## ആദ്യഘട്ട പരസ്യ പ്രചാരണം ഇന്ന് (ഡിസംബർ 6) അവസാനിക്കും

ഡിസംബർ എട്ടിന് ആദ്യഘട്ട തദ്ദേശ തിരഞ്ഞെടുപ്പ് നടക്കുന്ന തിരുവനന്തപുരം, കൊല്ലം,പത്തനംതിട്ട,ആലപ്പുഴ, ഇടുക്കി ജില്ലകളിലെ പരസ്യപ്രചാരണം ഇന്ന് (ഡിസംബർ 6) വൈകിട്ട് ആറിന് അവസാനിക്കും. അഞ്ച് ജില്ലകളിലായി ആകെ 88,26,620 വോട്ടർമാരാണുള്ളത്. ഇതിൽ 41,58,341 പുരുഷൻമാരും 46,68,209 സ്ത്രീകളും 70 ട്രാൻസ്ജൻഡേഴ്സുമാണ്. 24,584 സ്ഥാനാർത്ഥികളാണ് മത്സര രംഗത്തുള്ളത്.

*(എസ്.ഇ.സി.138/2020)*

## കൊട്ടിക്കലാശം ഒഴിവാക്കണം: സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ

കോവിഡ് പശ്ചാത്തലത്തിൽ തദ്ദേശ തിരഞ്ഞെടുപ്പ് പ്രചാരണസമാപനത്തോടനുബന്ധിച്ച് നടത്താറുള്ള കൊട്ടിക്കലാശം നിർബന്ധമായും ഒഴിവാക്കണമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി. ഭാസ്കരൻ നിർദ്ദേശിച്ചു. ഡിസംബർ എട്ടിന് ആദ്യഘട്ട തിരഞ്ഞെടുപ്പ് നടക്കുന്ന തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി ജില്ലകളിലെ പരസ്യപ്രചാരണം ഇന്ന് (ഡിസംബർ 6) വൈകിട്ട് ആറിന് അവസാനിക്കുന്ന സാഹചര്യത്തിലാണ് കമ്മീഷന്റെ നിർദ്ദേശം. പ്രചാരണത്തിന്റെ ഭാഗമായുള്ള റോഡ് ഷോയ്ക്കും വാഹന റാലിക്കും പരമാവധി മൂന്ന് വാഹനങ്ങൾ മാത്രമെ ഉപയോഗിക്കാവൂ. ഇക്കാര്യം ഉറപ്പാക്കുന്നതിന് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയതായും

കമ്മീഷണർ അറിയിച്ചു.

*(എസ്.ഇ.സി.137/2020)*

## മദ്യ വിതരണം നടത്തിയാൽ കർശന നടപടി

ഡിസംബർ എട്ടിന് ആദ്യഘട്ട തിരഞ്ഞെടുപ്പ് നടക്കുന്ന ജില്ലകളിൽ ഇന്ന് (ഡിസംബർ 6) വൈകിട്ട് ആറിന് ശേഷം മദ്യ വിതരണമോ വിൽപ്പനയോ നടത്തിയാൽ കർശന നടപടി സ്വീകരിക്കുമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി. ഭാസ്കരൻ അറിയിച്ചു. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി ജില്ലകളിലാണ് നിയന്ത്രണം. പരിശോധന കർശനമാക്കാൻ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കും പോലീസിനും കമ്മീഷൻ നിർദ്ദേശം നൽകി.

*(എസ്.ഇ.സി.136/2020)*

## പോളിംഗ് സ്റ്റേഷനുകളിൽ കോവിഡ് പ്രതിരോധ നടപടി സ്വീകരിക്കും

പോളിംഗ് സ്റ്റേഷനുകളിൽ കോവിഡ് പ്രതിരോധത്തിന് ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കുമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി. ഭാസ്കരൻ അറിയിച്ചു. ആദ്യഘട്ട തിരഞ്ഞെടുപ്പ് നടക്കുന്ന പോളിംഗ് ബൂത്തുകൾ നാളെ ( ഡിസംബർ 7) അണുവിമുക്തമാക്കും. പോളിംഗ് സ്റ്റേഷനിലേക്ക് നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥർക്ക് സുരക്ഷാ ഉപകരണങ്ങൾ നൽകും. ഇതിനായി 9.1 ലക്ഷം എൻ 95 മാസ്കുകളും ആറ് ലക്ഷം കയ്യുറകളുമാണ് വിതരണം ചെയ്യുന്നത്. ഒറ്റത്തവണ ഉപയോഗിക്കാൻ കഴിയുന്ന 2.22 ലക്ഷം ഫേസ് ഷീൽഡുകളും പുനരുപയോഗിക്കാൻ കഴിയുന്ന 3000 ഫേസ് ഷീൽഡുകളും ഉദ്യോഗസ്ഥർക്ക് നൽകും. പോളിംഗ് സ്റ്റേഷനിലേക്ക് പ്രവേശിക്കുമ്പോഴും പുറത്തേക്ക് പോകുമ്പോഴും സാനിറ്റൈസർ നിർബന്ധമായി ഉപയോഗിക്കണം. 2.8 ലക്ഷം ലിറ്റർ സാനിറ്റൈസറാണ് തിരഞ്ഞെടുപ്പിനു വേണ്ടി ഉപയോഗിക്കുക. ഒരു പോളിംഗ് സ്റ്റേഷനിൽ നാല് പോളിംഗ് ഉദ്യോഗസ്ഥരും, ഒരു പോളിംഗ് അസിസ്റ്റന്റും പോലീസ് ഉദ്യോഗസ്ഥനും ഉണ്ടാകും. പോളിംഗ് ഉദ്യോഗസ്ഥർ തലേദിവസം മുതൽ പോളിംഗ് സ്റ്റേഷനിൽ താമസിക്കും.

*(എസ്.ഇ.സി.135/2020)*

## ഭിന്നശേഷിക്കാർക്കും ശാരീരിക അവശതയുള്ളവർക്കും ക്യൂ നിൽക്കേണ്ട

തദ്ദേശ തിരഞ്ഞെടുപ്പിൽ ഭിന്നശേഷിക്കാർ, രോഗബാധിതർ, 70 വയസ്സിന് മുകളിലുള്ള മുതിർന്ന പൗരൻമാർ എന്നിവർക്ക് ക്യൂ നിൽക്കാതെ വോട്ട് ചെയ്യാമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി. ഭാസ്കരൻ അറിയിച്ചു. ഇതിനായി പോളിംഗ് ബൂത്തിൽ പ്രിസൈഡിംഗ് ഓഫീസർമാർ സൗകര്യം ഒരുക്കണം. ഇത്തരത്തിലുള്ള വോട്ടർമാർക്ക് വിശ്രമം ആവശ്യമെങ്കിൽ കസേരയോ, ബെഞ്ചോ പോളിംഗ് സ്റ്റേഷനിൽ സജ്ജമാക്കിയിരിക്കണം. ഇവർ കോവിഡ് മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്നും പ്രിസൈഡിംഗ് ഓഫീസർമാർ ഉറപ്പാക്കണം.

*(എസ്.ഇ.സി.134/2020)*

Email:
**contact.seckerala@gmail.com**
**cru.sec@kerala.gov.in**

# പത്രക്കുറിപ്പ്

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**

TELEPHONE: 0471-2321233
MOBILE :8281000127

**www.sec.kerala.gov.in**

**4th December 2020**

## സ്പെഷ്യൽ പോസ്റ്റൽ ബാലറ്റ് ലഭിക്കാത്തവർ ഉദ്യോഗസ്ഥരെ ബന്ധപ്പെടണം

കോവിഡ് ബാധിതർക്കും ക്വാറന്റീനിലുള്ളവർക്കും ഏർപ്പെടുത്തിയ സ്പെഷ്യൽ പോസ്റ്റൽ ബാലറ്റ് ലഭിക്കാത്ത സ്പെഷ്യൽ വോട്ടർമാർ അതാത് വരണാധികാരിയെയോ ഉപവരണാധികാരിയെയോ (തദ്ദേശ ഭരണസ്ഥാപന സെക്രട്ടറി / അസി. സെക്രട്ടറി) ഫോണിൽ ബന്ധപ്പെടണമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി. ഭാസ്കരൻ അറിയിച്ചു. ഇതിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഫോൺ നമ്പർ സ്പെഷ്യൽ വോട്ടർമാർക്ക് ലഭിക്കുന്ന തരത്തിൽ പരസ്യപ്പെടുത്താൻ തദ്ദേശ ഭരണസ്ഥാപന സെക്രട്ടറിമാർ നടപടി സ്വീകരിക്കണമെന്നും കമ്മീഷൻ നിർദ്ദേശിച്ചു. ഉദ്യോഗസ്ഥരുടെ ഫോൺ നമ്പർ റെസിഡൻസ് അസോസിയേഷനുകളുടെയും മറ്റ് സാമൂഹ്യ സംഘടനകളുടെയും വാട്ട്സ് ആപ്പ് ഗ്രൂപ്പുകൾ മുഖാന്തിരവും പ്രചരിപ്പിക്കാം. സ്പെഷ്യൽ പോസ്റ്റൽ ബാലറ്റ് വിതരണം സമയബന്ധിതമായി പൂർത്തിയാക്കാനാണ് നടപടി.

ഡിസംബർ രണ്ടിന് ആദ്യഘട്ട തിരഞ്ഞെടുപ്പ് നടക്കുന്ന തിരുവനന്തപുരം , കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി ജില്ലകളിൽ സ്പെഷ്യൽ പോസ്റ്റൽ ബാലറ്റ് വിതരണം പുരോഗമിക്കുകയാണ്. സ്പെഷ്യൽ പോളിംഗ് ഓഫീസറുടെ നേതൃത്വത്തിൽ സ്പെഷ്യൽ വോട്ടർമാർക്ക് താമസ സ്ഥലത്തെത്തിയാണ് ബാലറ്റ് വിതരണം ചെയ്യുന്നത്. വോട്ടു രേഖപ്പെടുത്തിയ ശേഷം സ്പെഷ്യൽ പോളിംഗ് ഓഫീസർക്ക് നേരിട്ടോ വരണാധികാരിക്ക് തപാൽ മാർഗമോ ആൾവശമോ ബാലറ്റ് എത്തിക്കാം. ഡെസിഗ്നേറ്റഡ് ഹെൽത്ത് ഓഫീസർമാർ തയ്യാറാക്കിയ സർട്ടിഫൈഡ് ലിസ്റ്റിലുള്ളവർക്കാണ് സ്പെഷ്യൽ പോസ്റ്റൽ ബാലറ്റ് അനുവദിച്ചത്.

*(എസ്.ഇ.സി.134/2020)*

## ട്രഷറികൾ നാളെ ( ഡിസംബർ 5) പ്രവർത്തിക്കും

ഡിസംബർ എട്ടിന് ആദ്യഘട്ട തിരഞ്ഞെടുപ്പ് നടക്കുന്ന തിരുവനന്തപുരം , കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി ജില്ലകളിലെ ട്രഷറികൾ നാളെ ( ഡിസംബർ 5) പ്രവർത്തിക്കും. തദ്ദേശ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ഫണ്ടുകൾ വിനിയോഗിക്കുന്നതിന് തടസ്സമുണ്ടാകാതിരിക്കാനാണ് നടപടി.

*(എസ്.ഇ.സി.133/2020)*

## തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്ക് നിർബന്ധിത കോവിഡ് പരിശോധനയില്ല

തദ്ദേശ തിരഞ്ഞെടുപ്പ് ജോലിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്ക് നിർബന്ധിത കോവിഡ് പരിശോധന നടത്തണമെന്ന് നിർദ്ദേശിച്ചിട്ടില്ലെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി. ഭാസ്കരൻ അറിയിച്ചു. ഇതു സംബന്ധിച്ച് ചില തെറ്റായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്നാണ് കമ്മീഷന്റെ വിശദീകരണം.

*(എസ്.ഇ.സി.132/2020)*

## വോട്ടു രേഖപ്പെടുത്തിയ പോസ്റ്റൽ ബാലറ്റുകൾ വരണാധികാരിക്ക് കൈമാറണം

വോട്ടു രേഖപ്പെടുത്തിയ പോസ്റ്റൽ ബാലറ്റുകൾ ബന്ധപ്പെട്ട വരണാധികാരിക്ക് കൈമാറണമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി. ഭാസ്കരൻ അറിയിച്ചു. ഡിസംബർ 16ന് രാവിലെ എട്ടിന് മുമ്പ് വരെ ലഭിക്കുന്ന തപാൽ ബാലറ്റുകളാണ് വോട്ടെണ്ണലിന് പരിഗണിക്കുക. ജീവനക്കാർക്ക് അനുവദിച്ചിട്ടുള്ള സാധാരണ പോസ്റ്റൽ ബാലറ്റിനും കോവിഡ് രോഗികൾക്കും ക്വാറന്റീനിൽ ഉള്ളവർക്കും അനുവദിച്ചിട്ടുള്ള സ്പെഷ്യൽ ബാലറ്റിനും ഇത് ബാധകമാണ്. വോട്ടർമാർക്ക് ബാലറ്റും സാക്ഷ്യപത്രവും നിശ്ചിത കവറുകളിലാക്കി അതാത് വരണാധികാരികൾക്ക് അയക്കുകയോ നേരിട്ട് നൽകുകയോ ചെയ്യാം.

ത്രിതല പഞ്ചായത്തുകളിലെ ഒരു വരണാധികാരിക്ക് മറ്റ് തലങ്ങളിലെ പോസ്റ്റൽ ബാലറ്റുകൾ ലഭിച്ചാൽ അന്ന് തന്നെ ബന്ധപ്പെട്ട വരണാധികാരികൾക്ക് എത്തിക്കുന്നതിന് സ്പെഷ്യൽ മെസഞ്ചറെ ചുമതലപ്പെടുത്തണം. പോസ്റ്റൽ ബാലറ്റ് കൊണ്ടുപോകുന്നതിന് വാഹനവും ആവശ്യമെങ്കിൽ എസ്കോർട്ടും ഏർപ്പെടുത്തണം. മുനിസിപ്പാലിറ്റി, കോർപ്പറേഷനുകളിൽ ഒന്നിലധികം വരണാധികാരികളുണ്ടെങ്കിൽ ഓരോ വരണാധികാരിക്കും ചുമതലയുള്ള വാർഡുകളുടെ കാര്യത്തിൽ ഈ രീതി സ്വീകരിക്കാം. പോസ്റ്റൽ ബാലറ്റ് പേപ്പറുകൾ അടങ്ങിയ എല്ലാ കവറുകളും വോട്ടെണ്ണൽ ആരംഭിക്കുന്നതുവരെ വരണാധികാരി ഭദ്രമായി സൂക്ഷിക്കണം. വോട്ടെണ്ണൽ ദിവസം രാവിലെ എട്ടിന് ശേഷം ലഭിക്കുന്ന തപാൽ ബാലറ്റുകൾ വരണാധികാരികൾ കൈപ്പറ്റിയ സമയവും തിയതിയും രേഖപ്പെടുത്തി തുറക്കാതെ പ്രത്യേക പായ്ക്കറ്റിൽ സൂക്ഷിക്കണം.

*(എസ്.ഇ.സി.131/2020)*

## സ്ഥാനാർത്ഥികളുടെ മരണം: അഞ്ച് നിയോജകമണ്ഡലങ്ങളിലെ തിരഞ്ഞെടുപ്പ് മാറ്റി

സ്ഥാനാർത്ഥികളുടെ മരണത്തെ തുടർന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അഞ്ച് വാർഡ്/ നിയോജകമണ്ഡലങ്ങളിലെ തിരഞ്ഞെടുപ്പ് മാറ്റിയതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി. ഭാസ്കരൻ അറിയിച്ചു. കൊല്ലം പന്മന ഗ്രാമപഞ്ചായത്തിലെ പറമ്പിക്കുളം(5), കോഴിക്കോട് മാവൂർ ഗ്രാമപഞ്ചായത്തിലെ താത്തൂർ പൊയ്യിൽ(11), എറണാകുളം കളമശ്ശേരി മുനിസിപ്പാലിറ്റിയിലെ മുനിസിപ്പൽ വാർഡ്(37), തൃശൂർ കോർപ്പറേഷനിലെ പുല്ലഴി(47), കണ്ണൂർ ജില്ലാ പഞ്ചായത്തിലെ തില്ലങ്കേരി(7) എന്നിവിടങ്ങളിലെ തിരഞ്ഞെടുപ്പാണ് മാറ്റിവച്ചത്. പുതിയ തിരഞ്ഞെടുപ്പ് തിയതി പിന്നീട് അറിയിക്കും.

*(എസ്.ഇ.സി.130/2020)*

## തിരഞ്ഞെടുപ്പ് സജ്ജീകരണം : സ്കൂളുകൾ കേടുപറ്റാതെ ഉപയോഗിക്കാൻ നിർദ്ദേശം

തിരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്ന സ്കൂൾ കെട്ടിടങ്ങൾക്കും ഹൈടെക് ക്ലാസ് മുറികൾക്കും കോടുപാടുകൾ വരാതിരിക്കാൻ ശ്രദ്ധിക്കണമെന്ന് ഉദ്യോഗസ്ഥർക്ക് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി. ഭാസ്കരൻ നിർദ്ദേശം നൽകി. ഇതു സംബന്ധിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടർ കമ്മീഷന് നൽകിയ കത്തിന്റെ അടിസ്ഥാനത്തിലാണ് നടപടി.

തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട അറിയിപ്പുകളും മറ്റ് വിശദാംശങ്ങളും സ്കൂൾ അധികൃതർ ലഭ്യമാക്കുന്ന സ്ഥലങ്ങളിൽ സ്ഥാപിക്കുവാൻ കഴിയുമോയെന്ന് പരിശോധിക്കണം. അവ ചുമരുകളിലോ വാതിലുകളിലോ പതിക്കേണ്ട സാഹചര്യമുണ്ടെങ്കിൽ കേടുപാടു വരാത്ത വിധം പതിക്കേണ്ടതും ഉപയോഗശേഷം നീക്കം ചെയ്യേണ്ടതുമാണ്. സ്ട്രോംങ് റൂമുകളായി ഉപയോഗിക്കുന്ന ക്ലാസ് മുറികളിലെ ജനലുകൾ, വാതിലുകൾ, ചുമരുകൾ എന്നിവയിൽ സീൽ ചെയ്യേണ്ട സാഹചര്യത്തിൽ കേടുപാട് ഉണ്ടാകുന്നില്ലെന്ന് ഉറപ്പാക്കണം.

*(എസ്.ഇ.സി.129/2020)*

Email:
**contact.seckerala@gmail.com**
**cru.sec@kerala.gov.in**

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

**www.sec.kerala.gov.in**

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**

**3rd December 2020**

## ബുറേവി ചുഴലിക്കാറ്റ് : പോളിംഗ് സാമഗ്രികൾക്ക് പ്രത്യേക ശ്രദ്ധ നൽകാൻ നിർദ്ദേശം

ബുറേവി ചുഴലിക്കാറ്റ് ഭീഷണി നിലനിൽക്കുന്ന സാഹചര്യത്തിൽ വോട്ടിംഗ് യന്ത്രങ്ങളും പോളിംഗ് സാധനങ്ങളും സൂക്ഷിച്ചിരിക്കുന്ന വിതരണ സ്വീകരണ കേന്ദ്രങ്ങളിലും സ്ട്രോങ് റൂമുകളിലും പ്രത്യേക ശ്രദ്ധ നൽകാൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി. ഭാസ്കരൻ നിർദ്ദേശം നൽകി. താഴ്ന്ന പ്രദേശങ്ങളിലും മണ്ണിടിച്ചിൽ സാധ്യതയുള്ള പ്രദേശങ്ങളിലുമുള്ള കേന്ദ്രങ്ങളിൽ സൂക്ഷിച്ചിരിക്കുന്ന പോളിംഗ് സാമഗ്രികൾ അടിയന്തിരഘട്ടത്തിൽ മാറ്റേണ്ടതുണ്ടെങ്കിൽ അതിനുള്ള സംവിധാനങ്ങൾ മുൻകൂട്ടി ഒരുക്കണം. അടിയന്തിര സാഹചര്യങ്ങളിൽ ഉടൻ തുടർ നടപടികൾ സ്വീകരിക്കണം. മഴയ്ക്ക് ശേഷം പോളിംഗ് സ്റ്റേഷനുകളുടെ സ്ഥിതി പരിശോധിക്കാനും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കമ്മീഷൻ നിർദ്ദേശം നൽകി.

*(എസ്.ഇ.സി.128/2020)*

## ദൃശ്യ, ശ്രവ്യ മാധ്യമങ്ങളിലൂടെയും ബി.എസ്.എൻ.എല്ലിലൂടെയും സന്ദേശങ്ങൾ പ്രചരിപ്പിക്കാം

തദ്ദേശ തിരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥികൾക്ക് പ്രചാരണത്തിനായി ദൃശ്യ, ശ്രവ്യ മാധ്യമങ്ങളിലൂടെയും ബി.എസ്.എൻ.എല്ലിലൂടെയും അനുമതിയോടെ സന്ദേശങ്ങൾ പ്രചരിപ്പിക്കാമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി. ഭാസ്കരൻ അറിയിച്ചു. ജില്ലാ ഇൻഫർമേഷൻ ഓഫീസർമാരാണ് പരസ്യം/സന്ദേശങ്ങളുടെ ഉള്ളടക്കം പരിശോധിച്ച് പ്രചരിപ്പിക്കുന്നതിന് സർട്ടിഫിക്കറ്റ് നൽകുക. സർട്ടിഫിക്കറ്റിന് അപേക്ഷിക്കുമ്പോൾ പരസ്യം/സന്ദേശത്തിന്റെ ഉള്ളടക്കം നിലവിലെ തിരഞ്ഞെടുപ്പ് നിയമങ്ങളും വിവര സാങ്കേതിക നിയമവും അനുശാസിക്കുന്ന പ്രകാരമാണെന്ന് സത്യവാങ്മൂലം നൽകണം. സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നതിന് ലഭിക്കുന്ന സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട ഏജൻസിയിൽ നൽകണം.

*(എസ്.ഇ.സി.127/2020)*

## സ്പെഷ്യൽ പോസ്റ്റൽ ബാലറ്റ് വിതരണത്തിന് അധിക മാർഗനിർദേശങ്ങൾ

കോവിഡ് ബാധിതർക്കും ക്വാറന്റീനിൽ ഉള്ളവർക്കും ഏർപ്പെടുത്തിയ സ്പെഷ്യൽ പോസ്റ്റൽ ബാലറ്റുകൾ വിതരണം ചെയ്യുന്നതിന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ അധിക മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചു. സ്പെഷ്യൽ പോസ്റ്റൽ ബാലറ്റ് നേരിട്ട് നൽകുന്നതിന് പ്രിസൈഡിംഗ് ഓഫീസർക്ക് സമാനമായ തസ്തികയിലുള്ളവർ വേണമെന്ന് നിർബന്ധമില്ല. സ്പെഷ്യൽ പോളിംഗ് ഓഫീസർമാരായി വില്ലേജ് ഓഫീസർ തസ്തികയിലുള്ളവരെയോ അതിന് സമാനമായ തസ്തികയിലുള്ളവരെയോ കൂടി പരിഗണിക്കും.സ്പെഷ്യൽ വോട്ടർ ഫാറം 19 ബി യിലെ അപേക്ഷ കൈപ്പറ്റി ഒപ്പിട്ട് നൽകുകയും ബാലറ്റ് പേപ്പർ കൈമാറുകയും ചെയ്താൽ മാർക്ക്ഡ് കോപ്പിയിൽ അയാളുടെ പേരിന് നേരെ ചുവന്ന മഷികൊണ്ട് SPB എന്ന് മാർക്ക് ചെയ്യണം. ബാലറ്റിനുള്ള അപേക്ഷ ഒപ്പിട്ട് നൽകാൻ വിസമ്മതിച്ചാൽ മാർക്ക്ഡ് കോപ്പിയിൽ SPB Refused എന്ന് രേഖപ്പെടുത്തണം. ഈ രണ്ട് വിഭാഗങ്ങളിലും പെടാത്ത സർട്ടിഫൈഡ് ലിസ്റ്റിലുള്ള സ്പെഷ്യൽ വോട്ടർമാരുടെ പേരിന് നേരെ മാർക്ക്ഡ് കോപ്പിയിൽ SV എന്നും മാർക്ക് ചെയ്യണം. ഇവർക്ക് പോളിംഗ് സ്റ്റേഷനിൽ പോയി വോട്ടു ചെയ്യാൻ സാധിക്കില്ല. സ്പെഷ്യൽ വോട്ടർക്ക് വോട്ടുചെയ്യുന്നതിന് ആവശ്യമായ പേന, മഷി പാഡ്, ഗ്ലൂസ്റ്റിക് മറ്റ് തിരഞ്ഞെടുപ്പ് സാധനങ്ങൾ എന്നിവ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥരുടെ അനുമതിയോടെ വരണാധികാരികളാണ് നൽകേണ്ടത്.സ്പെഷ്യൽ ബാലറ്റിനായി വോട്ടെടുപ്പിന് തലേ ദിവസം വൈകിട്ട് മൂന്ന് വരെ നേരിട്ടോ തപാൽ വഴിയോ ലഭിക്കുന്ന അപേക്ഷകൾക്ക് വൈകിട്ട് ആറിന് മുമ്പ് തന്നെ പോസ്റ്റൽ ബാലറ്റുകൾ അയക്കണം.

ഡെസിഗ്നേറ്റഡ് ഹെൽത്ത് ഓഫീസർ നൽകുന്ന സർട്ടിഫൈഡ് ലിസ്റ്റിലെ വോട്ടറുടെ പേരോ മറ്റ് വിവരങ്ങളോ സംബന്ധിച്ച് എന്തെങ്കിലും അവ്യക്തതയുണ്ടെങ്കിൽ പ്രസ്തുത തദ്ദേശസ്ഥാപനത്തിലെ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസറുമായി ബന്ധപ്പെട്ട് ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ / വരണാധികാരി വ്യക്തത വരുത്തണം. വോട്ടെടുപ്പിന്റെ തലേ ദിവസം വൈകിട്ട് മൂന്ന് മുതൽ വോട്ടെടുപ്പ് അവസാനിക്കുന്നതുവരെ കോവിഡ് പോസിറ്റീവ് ആകുന്നവർക്കും ക്വാറന്റീനിൽ ഉള്ളവർക്കും പോളിംഗ് സ്റ്റേഷനിൽ നേരിട്ടെത്തി വോട്ടു ചെയ്യാം. അതിനായി വോട്ടർമാർ വൈകിട്ട് ആറിന് മുമ്പ് പോളിംഗ് സ്റ്റേഷനിൽ എത്തണം. എന്നാൽ ആറിന് ക്യൂ വിലുള്ള മുഴുവൻ സാധാരണ വോട്ടർമാരും വോട്ടുചെയ്തതിനുശേഷം മാത്രമേ വോട്ടു ചെയ്യാൻ അനുവദിക്കൂ. അവർ പോളിംഗ് സ്റ്റേഷനിൽ കയറുന്നതിന് മുമ്പ് പോളിംഗ് ഉദ്യോഗസ്ഥരും ഏജന്റുമാരും നിർബന്ധമായും പിപിഇ കിറ്റ് ധരിച്ചിരിക്കണം. സർക്കാർ നിയന്ത്രിതമല്ലാത്ത സ്ഥാപനങ്ങളിലോ വീടുകളിലോ കഴിയുന്ന സ്പെഷ്യൽ വോട്ടർമാർ സ്വന്തം ചെലവിൽ പിപിഇ കിറ്റ് ധരിച്ച് എത്തണം. വോട്ട് ചെയ്തതിന് ശേഷം എല്ലാവരുടെയും പിപിഇ കിറ്റ് ഉൾപ്പെടെയുള്ള കോവിഡ് പ്രതിരോധ ഉപാധികൾ ജില്ലാ മെഡിക്കൽ ഓഫീസറുടെ നിർദ്ദേശപ്രകാരം നശിപ്പിക്കണം.

*(എസ്.ഇ.സി.126/2020)*

Email:
**contact.seckerala@gmail.com**
**cru.sec@kerala.gov.in**

# പത്രക്കുറിപ്പ്

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**

TELEPHONE: 0471-2321233
MOBILE :8281000127

**www.sec.kerala.gov.in**

**3rd December 2020**

## തദ്ദേശ തിരഞ്ഞെടുപ്പ്: 1,850 പ്രശ്നബാധിത ബൂത്തുകളിൽ വെബ്കാസ്റ്റിംഗ്

തദ്ദേശ തിരഞ്ഞെടുപ്പിൽ 1,850 പ്രശ്നബാധിത ബൂത്തുകളിൽ വെബ്കാസ്റ്റിംഗ് സംവിധാനം ഏർപ്പെടുത്താൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി. ഭാസ്കരൻ നിർദ്ദേശം നൽകി. പ്രശ്നബാധിത ബൂത്തുകളെ സംബന്ധിച്ച് സംസ്ഥാന പോലീസ് മേധാവി കമ്മീഷന് നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് നടപടി. ഏറ്റവും കൂടുതൽ പ്രശ്നബാധിത ബൂത്തുകളുള്ളത് കണ്ണൂർ ജില്ലയിലും (785) കുറവ് പത്തനംതിട്ട ജില്ലയിലുമാണ് (5).ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥരും ജില്ലാ പോലീസ്

മേധാവിമാരും സിറ്റി പോലീസ് കമ്മീഷണർമാരും ചേർന്ന് കണ്ടെത്തുന്ന പ്രശ്ന ബാധിത ബൂത്തുകളിലും കമ്മീഷന്റെ ചെലവിൽ വീഡിയോഗ്രാഫി നടത്തും. വെബ്കാസ്റ്റിംഗ് നടത്തുവാൻ നിശ്ചയിച്ചിട്ടില്ലാത്ത ബൂത്തുകളിലാണ് ഇത്തരത്തിൽ വീഡിയോഗ്രാഫി നടത്തുക. വീഡിയോ റിക്കോർഡ് ചെയ്യുമ്പോൾ വോട്ടു രേഖപ്പെടുത്തുന്നതും സമ്മതിദാനാവകാശത്തിന്റെ സ്വകാര്യത ഭംഗിക്കുന്നതുമായ ദൃശ്യങ്ങൾ ചിത്രീകരിക്കാൻ പാടില്ല. തിരുവനന്തപുരം-180, കൊല്ലം-35, പത്തനംതിട്ട- 5, ആലപ്പുഴ- 40, കോട്ടയം-30, ഇടുക്കി-12, എറണാകുളം- 55, തൃശൂർ-54, പാലക്കാട്-182, മലപ്പുറം-100, കോഴിക്കോട്-120, വയനാട്-152, കണ്ണൂർ- 785, കാസർഗോഡ്-100 എന്നിങ്ങനെയാണ് വെബ്കാസ്റ്റിംഗ് ഏർപ്പെടുത്തിയ ബൂത്തുകളുടെ ജില്ല തിരിച്ചുള്ള കണക്ക്.

തിരഞ്ഞെടുപ്പ് കമ്മീഷൻ വെബ്കാസ്റ്റിംഗോ വീഡിയോഗ്രാഫിയോ ഏർപ്പെടുത്താത്ത ബൂത്തുകളിൽ സ്ഥാനാർത്ഥികൾക്കോ രാഷ്ട്രീയ പാർട്ടികൾക്കോ സ്വന്തം ചെലവിൽ വീഡിയോഗ്രാഫി നടത്താൻ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥനോട് അനുമതി തേടാം. ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥരാണ് വീഡിയോഗ്രാഫർമാരെ നിയോഗിക്കുക. വീഡിയോഗ്രാഫി ഏർപ്പെടുത്തുന്നതിനുള്ള തുക ജില്ലാ കളക്ടറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലോ ജില്ലാ കളക്ടറുടെയും ഇലക്ഷൻ ഡെപ്യൂട്ടി കളക്ടറുടെയും പേരിലുള്ള ജോയിന്റ് അക്കൗണ്ടിലോ അടയ്ക്കണം. തിരഞ്ഞെടുപ്പ് സ്വതന്ത്രവും നീതിപൂർവ്വവുമായി നടത്തണമെന്ന ലക്ഷ്യത്തോടെയാണ് സ്ഥാനാർത്ഥികൾ വീഡിയോഗ്രാഫി ആവശ്യപ്പെടുന്നത് എന്നതിനാൽ ഇതിനായുള്ള ചെലവ് തിരഞ്ഞെടുപ്പ് പ്രചാരണ ചെലവായി പരിഗണിക്കുകയില്ല. വീഡിയോ റെക്കോർഡിംഗിന്റെ പകർപ്പ് വീഡിയോഗ്രാഫർ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥനല്ലാതെ മറ്റാർക്കും നൽകില്ലെന്ന് ഉറപ്പാക്കും.

*(എസ്.ഇ.സി.125/2020)*

## സ്ഥാനാർത്ഥികൾ സർക്കാർ ആനുകൂല്യങ്ങൾ വിതരണം ചെയ്യരുത്

തദ്ദേശ തിരഞ്ഞെടുപ്പ് കഴിയുന്നതുവരെ സ്ഥാനാർത്ഥികൾ ജോലിയുടെ ഭാഗമായോ അല്ലാതെയോ സർക്കാർ ആനുകൂല്യങ്ങൾ വിതരണം ചെയ്യാൻ പാടില്ലെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി. ഭാസ്കരൻ നിർദേശിച്ചു. സ്ഥാനാർത്ഥികൾ സർക്കാർ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതായ പരാതികളുടെ അടിസ്ഥാനത്തിലാണ് നടപടി. സ്ഥാനാർത്ഥികൾ ക്ഷേമപെൻഷൻ വിതരണം ചെയ്യുന്നതും സ്ഥാനാർത്ഥികളായ ആശാ വർക്കർമാർ മരുന്ന് വിതരണം ചെയ്യുന്നതും വോട്ടർമാരെ സ്വാധീനിക്കാമെന്ന് കമ്മീഷൻ വിലയിരുത്തി. തിരഞ്ഞെടുപ്പ് കഴിയുന്നത് വരെ ഇതിന് പകരം സംവിധാനം ഒരുക്കുന്നതിനും കമ്മീഷൻ നിർദ്ദേശം നൽകി. വരണാധികാരികൾ സ്ഥാനാർത്ഥികളുടെ യോഗം വിളിച്ച് ഇക്കാര്യം അറിയിക്കും.

*(എസ്.ഇ.സി.124/2020)*

## തദ്ദേശ തിരഞ്ഞടുപ്പ് പ്രചാരണം: സ്വകാര്യ വാഹനങ്ങൾക്ക് വിലക്കില്ല

തദ്ദേശ തിരഞ്ഞടുപ്പ് പ്രചാരണത്തിന് സ്വകാര്യ ഉടമസ്ഥതയിലുള്ള വാഹനങ്ങൾ ചട്ടങ്ങൾ അനുസരിച്ച് ഉപയോഗിക്കുന്നതിന് വിലക്ക് ഏർപ്പെടുത്തിയിട്ടില്ലെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി. ഭാസ്കരൻ അറിയിച്ചു. പ്രചാരണ വാഹനങ്ങൾ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് ഉപയോഗിക്കാം. ഇതിന് പൊലീസിന്റെ അനുമതി വാങ്ങിയിട്ടുണ്ടാകണം. വാഹനങ്ങളുടെ ചെലവ് സ്ഥാനാർത്ഥിയുടെ തിരഞ്ഞെടുപ്പ് ചെലവിന്റെ പരിധിയിൽ വരുന്നതാണ്. വരണാധികാരി നൽകുന്ന പെർമിറ്റ് വാഹനത്തിന്റെ മുൻവശത്ത് കാണത്തക്കവിധം പ്രദർശിപ്പിക്കണം. പെർമിറ്റിൽ വാഹന നമ്പർ, സ്ഥാനാർത്ഥിയുടെ പേര് എന്നിവ ഉണ്ടാകണം. ഒരു സ്ഥാനാർത്ഥിയുടെ പേരിൽ പെർമിറ്റെടുത്ത വാഹനം

മറ്റൊരു സ്ഥാനാർത്ഥി ഉപയോഗിക്കുന്നത് കുറ്റകരമാണ്. പെർമിറ്റില്ലാതെ ഉപയോഗിക്കുന്ന വാഹനങ്ങൾ അനധികൃത മായി കണക്കാക്കി നടപടി സ്വീകരിക്കും. ഈ വാഹനങ്ങൾ പിന്നീട് പ്രചാരണ വാഹനമായി ഉപയോഗിക്കാൻ പാടില്ല. ഗ്രാമ പഞ്ചായത്തിലെ ഒരു സ്ഥാനാർത്ഥിക്ക് ഒരു പ്രചാരണ വാഹനം മാത്രമെ ഉപയോഗിക്കാൻ അനുമതിയുള്ളു. ബ്ലോക്ക് പഞ്ചായത്തിൽ ഒരു സ്ഥാനാർത്ഥിക്ക് പരമാവധി മൂന്നു വാഹനങ്ങളും ജില്ലാ പഞ്ചായത്തിൽ നാലു വാഹ നങ്ങളും ഉപയോഗിക്കാം. മുനിസിപ്പാലിറ്റികളിൽ ഒരു സ്ഥാനാർത്ഥിക്ക് പരമാവധി രണ്ട് വാഹനങ്ങളും കോർപ്പറേഷനു കളിൽ നാല് വാഹനങ്ങൾ വരെയും ഉപയോഗിക്കാം.

*(എസ്.ഇ.സി.123/2020)*

## <u>സമ്മതിദായകർക്ക് ഹാജരാക്കാവുന്ന തിരിച്ചറിയൽ രേഖകൾ</u>

തദ്ദേശ തിരഞ്ഞെടുപ്പിൽ വോട്ട് ചെയ്യാനെത്തുന്ന സമ്മതിദായകർക്ക് ഹാജരാക്കാവുന്ന തിരിച്ചറിയൽ രേഖകളുടെ ലി സ്റ്റ് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ പുറത്തിറക്കി. പോളിംഗ് സ്റ്റേഷനിലേക്ക് പ്രവേശിക്കുമ്പോൾ ലിസ്റ്റിലെ ഏ തെങ്കിലും ഒരു രേഖ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥനെ കാണിച്ചാൽ മതി. കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയിട്ടുള്ള തിരിച്ചറിയൽ കാർഡ് , പാസ്പോർട്ട്, ഡ്രൈവിംഗ് ലൈസൻസ്, പാൻ കാർഡ്, ആധാർ കാർഡ്, ഫോട്ടോ പതിച്ചിട്ടുള്ള എസ്.എസ്.എൽ.സി ബുക്ക്, ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും തിരഞ്ഞെടുപ്പ് തീയതിക്ക് ആറുമാസകാ ലയളവിന് മുൻപുവരെ നൽകിയിട്ടുള്ള ഫോട്ടോ പതിച്ച പാസ്ബുക്ക്, വോട്ടർ പട്ടികയിൽ പുതിയതായി പേര് ചേർത്തി ട്ടുള്ള വോട്ടർമാർക്ക് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയിട്ടുള്ള തിരിച്ചറിയൽ കാർഡ് എന്നിവ തിരിച്ചറി യൽ രേഖയായി ഉപയോഗിക്കാം.

*(എസ്.ഇ.സി.122/2020)*

## <u>കാഴ്ചപരിമിതർക്കും ശാരീരിക അവശതയുള്ളവർക്കും വോട്ട് ചെയ്യാൻ സഹായിയെ അനുവദിക്കും</u>

കാഴ്ചപരിമിതിയും ശാരീരിക അവശതയുമുള്ള സമ്മതിദായകർക്ക് വോട്ടിംഗ് യന്ത്രത്തിലെ ചിഹ്നം തിരിച്ചറിഞ്ഞോ ബ ട്ടൺ അമർത്തിയോ ബാലറ്റ് ബട്ടനോട് ചേർന്ന ബ്രയിൽ ലിപി സ്പർശിച്ചോ സ്വയം വോട്ട് ചെയ്യാൻ കഴിയില്ലെന്ന് പ്രിസൈഡിംഗ് ഓഫീസർക്ക് ബോദ്ധ്യപ്പെട്ടാൽ സഹായിയെ അനുവദിക്കുമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി. ഭാസ്കരൻ അറിയിച്ചു. വോട്ട് ചെയ്യുന്നതിന് വോട്ടർ നിർദ്ദേശിക്കുന്ന സഹായിയെയാണ് അനുവദി ക്കുക. ഇയാൾക്ക് 18 വയസ്സ് പൂർത്തിയായിരിക്കണം. പ്രത്യക്ഷത്തിൽ കാഴ്ചക്ക് തകാരാറുള്ള സമ്മതിദായകരോട് വോ ട്ടിംഗ് യന്ത്രത്തിലെ ചിഹ്നങ്ങൾ വേർതിരിച്ച് അറിഞ്ഞോ ബ്രയിൽ ലിപി സ്പർശിച്ചോ വോട്ട് ചെയ്യാൻ കഴിയുമോ എന്ന് ചോദിച്ചറിഞ്ഞ ശേഷമായിരിക്കും സഹായിയെ അനുവദിക്കുക.

സ്ഥാനാർത്ഥിയെയോ പോളിംഗ് ഏജന്റിനെയോ സഹായിയായി അനുവദിക്കില്ല. പ്രിസൈഡിംഗ് ഓഫീസറോ മറ്റേ തെങ്കിലും പോളിംഗ് ഓഫീസറോ വോട്ട് രേഖപ്പെടുത്തുന്ന സ്ഥലത്തേക്ക് പോകാൻ പാടില്ല. സമ്മതിദായകന് വേണ്ടി രേഖപ്പെടുത്തിയ വോട്ടിന്റെ രഹസ്യ സ്വഭാവം കാത്തുസൂക്ഷിച്ച് കൊള്ളാമെന്നും അന്നേ ദിവസം ഏതെങ്കിലും പോളിം ഗ് സ്റ്റേഷനിൽ മറ്റേതെങ്കിലും സമ്മതിദായകന്റെ സഹായായി പ്രവർത്തിച്ചിട്ടില്ലെന്നും രേഖപ്പെടുത്തിയ പ്രഖ്യാപനം സഹായി നിർദ്ദിഷ്ഠ ഫോറത്തിൽ നൽകണം. ഇത്തരത്തിലുള്ള രേഖ 22-ാം ഫോറത്തിൽ പ്രിസൈഡിംഗ് ഓഫീസർമാർ പ്രത്യേക കവറിൽ വരണാധികാരികൾക്ക് അയച്ച് കൊടുക്കണം. ശാരീരിക അവശതയുള്ളവരെ ക്യൂവിൽ നിർത്താതെ പോളിംഗ് സ്റ്റേഷനുകളിലേക്ക് പ്രവേശിപ്പിക്കും.

*(എസ്.ഇ.സി.121/2020)*

Email:
**contact.seckerala@gmail.com**
**cru.sec@kerala.gov.in**

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

**www.sec.kerala.gov.in**

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**

**1st December 2020**

## സ്പെഷ്യൽ വോട്ടർ പട്ടിക: രണ്ടാം ദിനം 5351 വോട്ടർമാർ

തദ്ദേശ തിരഞ്ഞെടുപ്പിൽ കോവിഡ് ബാധിതർക്കും ക്വാറന്റീനിലുള്ളവർക്കും വോട്ട് രേഖപ്പെടുത്താനായി തയ്യാറാക്കുന്ന സ്പെഷ്യൽ വോട്ടർ പട്ടികയിൽ രണ്ടാം ദിവസം(നവംബർ 30) 5351 പേർ ഉൾപ്പെട്ടതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി. ഭാസ്കരൻ അറിയിച്ചു. ഡിസംബർ എട്ടിന് ആദ്യഘട്ട തിരഞ്ഞെടുപ്പ് നടക്കുന്ന തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി ജില്ലകളിലെ സ്പെഷ്യൽ വോട്ടർമാരുടെ കണക്കാണിത്. ഓരോ ജില്ലയിലേയും ഡെസിഗ്നേറ്റഡ് ഹെൽത്ത് ഓഫീസർമാർ നൽകുന്ന കോവിഡ് രോഗ ബാധിതരുടെയും ക്വാറൻീനിലുള്ളവരുടെയും സർട്ടിഫൈഡ് ലിസ്റ്റിൽ നിന്നാണ് സ്പെഷ്യൽ വോട്ടർമാരുടെ പട്ടിക തയ്യാറാക്കുന്നത്. തിരുവനന്തപുരം -2238 , കൊല്ലം -1087 , പത്തനംതിട്ട-811 , ആലപ്പുഴ-899 , ഇടുക്കി-316 എന്നിങ്ങനെയാണ് ജില്ല തിരിച്ചുള്ള കണക്ക്. ആദ്യ ദിവസത്തെ (നവംബർ 29) സ്പെഷ്യൽ വോട്ടർ പട്ടികയിൽ 24,621 പേർ ഉൾപ്പെട്ടിരുന്നു. കോവിഡ് പോസിറ്റീവായവരുടേയും ക്വാറന്റീനിലുള്ളവരുടെയും നവംബർ 30 ലെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ജില്ല | കോവിഡ് പോസിറ്റീവ് | ക്വാറന്റീൻ | ആകെ |
|---|---|---|---|
| തിരുവനന്തപുരം | 599 | 1639 | 2238 |
| കൊല്ലം | 282 | 805 | 1087 |
| പത്തനംതിട്ട | 157 | 654 | 811 |
| ആലപ്പുഴ | 186 | 713 | 899 |
| ഇടുക്കി | 45 | 271 | 316 |
| ആകെ | **1269** | **4082** | **5351** |

*(എസ്.ഇ.സി.120/2020)*

Email:
**contact.seckerala@gmail.com**
**cru.sec@kerala.gov.in**

# പത്രക്കുറിപ്പ്

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

TELEPHONE: 0471-2321233
MOBILE :8281000127

**www.sec.kerala.gov.in**

**1st December 2020**

## ഉദ്യോഗസ്ഥർക്കുള്ള പോസ്റ്റൽ ബാലറ്റ് വിതരണം ഇന്ന് (ഡിസംബർ 2) മുതൽ

തിരഞ്ഞെടുപ്പ് ഡ്യൂട്ടിയുള്ള ഉദ്യോഗസ്ഥർക്കായി ഇന്ന് (ഡിസംബർ 2) മുതൽ പോസ്റ്റൽ ബാലറ്റ് വിതരണം ആരംഭിക്കുമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി. ഭാസ്കരൻ അറിയിച്ചു. പോസ്റ്റൽ ബാലറ്റിനായി ഫാറം 15 ൽ ബന്ധപ്പെട്ട വരണാധികാരിക്കാണ് അപേക്ഷ നൽകേണ്ടത്. അപേക്ഷ ഫാറം വരണാധികാരിയുടെ ഓഫീസിലും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ വെബ്സൈറ്റിലും ലഭിക്കും. ഗ്രാമ, ബ്ലോക്ക്, ജില്ലാപഞ്ചായത്തുകളിലേക്ക് പ്രത്യേകം അപേക്ഷകൾ നൽകണം. മൂന്ന് അപേക്ഷകളും ഒരു കവറിലാക്കി നൽകിയാൽ മതി. ഒരു അപേക്ഷയിൽ തന്നെ മൂന്ന് തലത്തിലേക്കുള്ള ബാലറ്റിന് അപേക്ഷിച്ചാലും അവ വരണാധികാരികൾ പരിഗണിക്കണം. ത്രിതല പഞ്ചായത്തുകളിലേക്കുള്ള അപേക്ഷകൾ ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ ഒന്നിച്ചാണ് പരിഗണിക്കുന്നത്. ജില്ലാ പഞ്ചായത്തിന്റെ ബാലറ്റ് അയക്കുന്നത് ബ്ലോക്ക് പഞ്ചായത്ത് വരണാധികാരിയായിരിക്കും.

ത്രിതല പഞ്ചായത്തുകളിലേക്കുള്ള പോസ്റ്റൽ ബാലറ്റ് പേപ്പറുകളും ഫാറം 16 ലെ സത്യപ്രസ്താവന (മൂന്ന് വീതം), ഫാറം 17 ലെ നിർദ്ദേശങ്ങൾ( ഒന്ന് വീതം), ഫാറം 18,19 എന്നിവയിലെ കവറുകൾ(മൂന്ന് വീതം) എന്നിവ ഒന്നിച്ച് വലിയ കവറിൽ അപേക്ഷകന് നേരിട്ടോ സ്പീഡ് പോസ്റ്റ് ആയോ നൽകണം. മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും ഓരോ ബാലറ്റും സത്യപ്രസ്താവനയും കവറുമാണ് ഉണ്ടാവുക. പോസ്റ്റൽ ബാലറ്റുകളുടെ മറുപുറത്ത് വരണാധികാരി പോസ്റ്റൽ ബാലറ്റ് എന്ന് രേഖപ്പെടുത്തണം. പോസ്റ്റൽ ബാലറ്റ് അയച്ചതിന് ശേഷം വോട്ടർ പട്ടികയുടെ അടയാളപ്പെടുത്തിയ പകർപ്പിൽ 'പി. ബി' എന്നും രേഖപ്പെടുത്തണം. വോട്ടർ പട്ടികയിലെ സമ്മതിദായകന്റെ ക്രമനമ്പർ ബാലറ്റ് പേപ്പറിന്റെ കൗണ്ടർ ഫോയിലിൽ രേഖപ്പെടുത്തണം.

ഫാറം 18,19 കവറുകളുടെ പുറത്ത് അതാതു തലത്തിലുള്ള വരണാധികാരികളുടെ മേൽവിലാസം രേഖപ്പെടുത്തണം.18-ാം നമ്പർ കവറിന് (ചെറിയ കവർ) പുറത്ത് അയക്കുന്ന ബാലറ്റ് പേപ്പറിന്റെ ക്രമനമ്പർ കൂടി രേഖപ്പെടുത്തണം. വോട്ട് രേഖപ്പെടുത്തിയ ശേഷം സത്യപ്രസ്താവന ഒപ്പിട്ട് സാക്ഷ്യപ്പെടുത്തി തപാൽ വഴിയോ ( സ്റ്റാമ്പ് ഒട്ടിക്കേണ്ടതില്ല ) ആൾവശമോ വരാണാധികാരിക്ക് എത്തിക്കാം.

*(എസ്.ഇ.സി.119/2020)*

## സ്പെഷ്യൽ ബാലറ്റ് വിതരണത്തിനുള്ള ക്രമീകരണങ്ങൾ പൂർത്തിയായി

ആദ്യഘട്ട തദ്ദേശ തിരഞ്ഞെടുപ്പിൽ കോവിഡ് ബാധിതർക്കും ക്വാറന്റീനിലുള്ളവർക്കുമുള്ള സ്പെഷ്യൽ തപാൽ ബാലറ്റ് വിതരണത്തിനുള്ള ക്രമീകരണങ്ങൾ പൂർത്തിയായതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി. ഭാസ്കരൻ അറിയിച്ചു. ഇന്ന് (ഡിസംബർ 2) മുതൽ ബാലറ്റ് വിതരണം ആരംഭിക്കും. സ്പെഷ്യൽ പോളിംഗ് ഓഫീസറുടെ നേതൃത്വത്തിലുള്ള സംഘമാണ് ബാലറ്റുകൾ വിതരണം ചെയ്യുന്നത്. ഡിസംബർ എട്ടിന് തിരഞ്ഞെടുപ്പ് നടക്കുന്ന തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി ജില്ലകളിലെ സ്പെഷ്യൽ വോട്ടർ പട്ടികയിലുള്ളവർക്കാണ് ഇന്ന് (ഡിസംബർ 2) മുതൽ പോസ്റ്റൽ ബാലറ്റുകൾ ലഭിക്കുക. സ്പെഷ്യൽ പോളിംഗ് ഓഫീസർ വോട്ടർമാരെ സന്ദർശിക്കുന്ന സമയം എസ്.എം.എസ്സിലൂടെയും ഫോൺ മുഖേനയും മുൻകൂട്ടി അറിയിക്കും. ബാലറ്റ് ലഭിക്കുമ്പോൾ തന്നെ വോട്ട് രേഖപ്പെടുത്തി പോളിംഗ് ടീമിന് കൈമാറാം. അല്ലെങ്കിൽ വോട്ടർക്ക് അവ തപാലിലൂടെയോ ആൾവശമോ വോട്ടെണ്ണലിന് മുൻപ് വരണാധികാരിക്ക് എത്തിക്കുകയും ചെയ്യാം. ലിസ്റ്റിലെ മറ്റു ജില്ലകളിലുള്ളവർക്ക് ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങളിലെ വരണാധികാരി വോട്ടറുടെ ഇപ്പോഴത്തെ മേൽവിലാസത്തിൽ തപാൽ മാർഗം ബാലറ്റ് അയച്ച് കൊടുക്കും. ഡിസംബർ ഏഴിന് വൈകിട്ട് മൂന്നു വരെ പട്ടികയിൽ ഉൾപ്പെടുന്നവർക്കാണ് (സർട്ടിഫൈഡ് ലിസ്റ്റ് ) സ്പെഷ്യൽ തപാൽ ബാലറ്റ് അനുവദിക്കുക. അപേക്ഷാ ഫോറം (ഫോറം ബി), സത്യപ്രസ്താവനാ ഫോറം, ബാലറ്റ് പേപ്പർ, കവറുകൾ, മറ്റ് സാധനങ്ങൾ എന്നിവയാണ് സ്പെഷ്യൽ വോട്ടർ താമസിക്കുന്ന സ്ഥലത്ത് ലഭ്യമാക്കുക. വോട്ടർ അപേക്ഷാ ഫോറവും സത്യപ്രസ്താവനയും പൂരിപ്പിച്ച് നൽകണം. വോട്ടറുടെ സത്യപ്രസ്താവന പോളിംഗ് ഓഫീസർ സാക്ഷ്യപ്പെടുത്തണം. തുടർന്ന് വോട്ടർ ബാലറ്റ് പേപ്പറിൽ പേന ഉപയോഗിച്ച് ഗുണന ചിഹ്നം അല്ലെങ്കിൽ ശരി അടയാളം രേഖപ്പെടുത്തി വോട്ട് ചെയ്യണം. വോട്ട് ചെയ്തശേഷം ബാലറ്റ്പേപ്പർ മടക്കി ചെറിയ കവറിലിട്ട് ഒട്ടിച്ചതിന് ശേഷം ആ കവറും ഡിക്ലറേഷനും അതോടൊപ്പം നൽകിയ വലിയ കവറിലിട്ട് സീൽ ചെയ്യണം. ത്രിതല പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ ഓരോ തലത്തിലുള്ള ബാലറ്റും ഡിക്ലറേഷനും പ്രത്യേകം കവറിൽ ഇടണം. അത്തരത്തിൽ സീൽ ചെയ്ത കവറുകൾ പോളിംഗ് ഓഫീസറെ ഏൽപ്പിക്കുന്നവർക്ക് കൈപ്പറ്റ് രസീത് നൽകും.

മറ്റ് ജില്ലകളിലുള്ളവർ അപേക്ഷയും ഗസറ്റ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ സത്യപ്രസ്താവനയും വോട്ട് ചെയ്ത ബാലറ്റും കവറുകളിലാക്കിയാണ് വരണാധികാരിക്ക് അയച്ചുകൊടുക്കേണ്ടത്. സ്പെഷ്യൽ പോസ്റ്റൽ ബാലറ്റ് തപാൽ മാർഗം (സ്പീഡ് പോസ്റ്റ്) അയക്കുന്നവരിൽ നിന്ന് തപാൽ ചാർജ്ജ് ഈടാക്കില്ല. അതിന്റെ ചെലവ് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനാണ് വഹിക്കുക.

*(എസ്.ഇ.സി.118/2020)*

| Email:<br>**contact.seckerala@gmail.com**<br>**cru.sec@kerala.gov.in** | # പത്രക്കുറിപ്പ് | TELEPHONE: 0471-2321233<br>MOBILE :8281000127<br><br>**www.sec.kerala.gov.in** |
|---|---|---|
| | **കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ** | **30th November 2020** |

## കോവിഡ് ബാധിതർക്കുള്ള സ്പെഷ്യൽ ബാലറ്റ് വിതരണം നാളെ (ഡിസംബർ 2) മുതൽ: സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ

ഡിസംബർ എട്ടിന് നടക്കുന്ന ആദ്യഘട്ട തദ്ദേശ തിരഞ്ഞെടുപ്പിൽ കോവിഡ് ബാധിതർക്കും ക്വാറന്റീനിലുള്ളവർക്കുമുള്ള സ്പെഷ്യൽ പോസ്റ്റൽ ബാലറ്റ് വിതരണം നാളെ (ഡിസംബർ 2) മുതൽ ആരംഭിക്കുമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി. ഭാസകരൻ അറിയിച്ചു. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ആസ്ഥാനത്ത് നടത്തിയ വാർത്താ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഓരോ ജില്ലയിലും വോട്ടെടുപ്പിന് 10 ദിവസം മുൻപു മുതൽ തലേദിവസം വൈകുന്നേരം മൂന്നുവരെ കോവിഡ് പോസിറ്റീവ് ആയവർക്കും ക്വാറന്റീനിൽ ഉള്ളവർക്കുമാണ് സെപ്ഷ്യൽ തപാൽവോട്ട് അനുവദിക്കുക. വോട്ടെടുപ്പിന്റെ തലേദിവസം മൂന്നിന് ശേഷം വോട്ടെടുപ്പ് അവസാനിക്കുന്നതു വരെയുള്ള സമയത്ത് കോവിഡ് പോസിറ്റീവ് ആയവർക്കും ആ സമയത്ത് നിരീക്ഷണത്തിൽ പ്രവേശിച്ചവർക്കും തപാൽവോട്ടില്ല. അവർക്ക് പി.പി.ഇ. കിറ്റ് ധരിച്ച് കോവിഡ് മാനദണ്ഡം പാലിച്ച് പോളിംഗ് സ്റ്റേഷനിൽ നേരിട്ട് എത്തി വോട്ട് ചെയ്യാമെന്നും കമ്മീഷണർ പറഞ്ഞു. പോളിംഗ് സ്റ്റേഷനുകളിൽ കോവിഡ് പ്രതിരോധത്തിനുള്ള സജ്ജീകരണങ്ങൾ ആരോഗ്യ വകുപ്പാണ് ക്രമീകരിക്കുന്നത്.

ഡെസിഗ്നേറ്റഡ് ഹെൽത്ത് ഓഫീസർമാർ തയ്യാറാക്കുന്ന സർട്ടിഫൈഡ് ലിസ്റ്റ് വോട്ടെടുപ്പിന് തലേ ദിവസം വരെ പ്രതിദിനം ജില്ലാ കളക്ടർമാർക്ക് (ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ) നൽകും. ലിസ്റ്റ് തയ്യാറാക്കുന്ന ദിവസം പോസിറ്റീവ് ആയി തുടരുന്നവരുടെയും ക്വാറന്റീനിൽ ഉള്ളവരുടെയും വിവരമാണ് ഉൾപ്പെടുക. പിന്നീടുള്ള ഓരോ ദിവസത്തെയും അത്തരത്തിലുള്ള ലിസ്റ്റ് അതാത് ദിവസം വൈകുന്നേരം മൂന്നിന് മുമ്പ് ജില്ലാ കളക്ടർക്ക് ലഭ്യമാക്കും. ഡിസംബർ എട്ടിന് വോട്ടെടുപ്പ് നടക്കുന്ന ജില്ലകളിലേക്കുള്ള ആദ്യ ലിസ്റ്റ് നവംബർ 29ന് തയ്യാറാക്കി. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി ജില്ലകളിൽ ഇതുവരെ ആകെ 24,621 പേരാണ് സ്പെഷ്യൽ വോട്ടർമാരുടെ പട്ടികയിൽ വന്നത്.

ഡിസംബർ 10ന് വോട്ടെടുപ്പ് നടക്കുന്ന ജില്ലകളിൽ ഡിസംബർ ഒന്നിനും, ഡിസംബർ 14ന് വോട്ടെടുപ്പ് നടക്കുന്ന ജില്ലകളിൽ ഡിസംബർ അഞ്ചിനുമാണ് ആദ്യ ലിസ്റ്റ് നൽകേണ്ടത്. ആരോഗ്യ വകുപ്പിന്റെ രേഖകളും വോട്ടർ പട്ടികയും പരിശോധിച്ച് ആശുപത്രിയിൽ ചികിത്സയിലുള്ള സ്പെഷ്യൽ വോട്ടർമാരുടെ വിവരങ്ങൾ അവിടെ നിന്നും ശേഖരിക്കും. സ്വയം ക്വാറന്റീനിൽ കഴിയുന്നവർ അവരുടെ വിവരങ്ങൾ ഡെസിഗ്നേറ്റഡ് ഹെൽത്ത് ഓഫീസർക്ക് കൈമാറണം. സർട്ടിഫൈഡ് ലിസ്റ്റിൽ കോവിഡ് പോസിറ്റീവ് ആയവരെയും ക്വാറന്റീനിൽ ഉള്ളവരെയും വേർതിരിച്ചാണ് കാണിക്കുക. ക്വാറന്റീനിൽ ഉള്ളവരുടെ വിവരങ്ങൾ ജില്ലാ കളക്ടറുടെയും ജില്ലാ മെഡിക്കൽ ഓഫീസർമാരുടെയും വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കും. എന്നാൽ കോവിഡ് പോസിറ്റീവ് ആയവരുടെ വിവരം ആരോഗ്യ വകുപ്പിന്റെ നിർദ്ദേശമുള്ളതിനാൽ അത്തരത്തിൽ പ്രസിദ്ധീകരിക്കില്ലെന്നും കമ്മീഷണർ പറഞ്ഞു.

സർട്ടിഫൈഡ് ലിസ്റ്റിൽ ചേർക്കുന്നവരിൽ അതേ ജില്ലയിലെ വോട്ടർ പട്ടികയിൽ പേര് രജിസ്റ്റർ ചെയ്തവരും മറ്റ് ജില്ലയിൽ രജിസ്റ്റർ ചെയ്തവരുമുണ്ടാകും. സർട്ടിഫൈഡ് ലിസ്റ്റ് ലഭിച്ചാലുടൻ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ വോട്ടർമാർക്ക് ബാലറ്റ് പേപ്പർ നൽകുന്നതിന് ബന്ധപ്പെട്ട വരണാധികാരികൾക്ക് അയച്ചുകൊടുക്കണം. മറ്റ് ജില്ലകളിലെ വോട്ടർമാരുടെ വിവരം അതാത് ജില്ലാ കളക്ടമാർക്കും തുടർ നടപടിയ്ക്കായി ഉടൻതന്നെ കൈമാറണം. വരണാധികാരികൾക്ക് ലിസ്റ്റ് ലഭിച്ചാലുടൻതന്നെ സ്പെഷ്യൽ വോട്ടർമാർക്ക് ബാലറ്റ് പേപ്പർ നൽകുന്നതിനുള്ള നടപടി സ്വീകരിക്കണം. ഓരോ തദ്ദേശസ്ഥാപനത്തിലും ഒന്നോ അതിലധികമോ വാർഡുകൾക്കായി ഒരു സ്പെഷ്യൽ പോളിംഗ് ടീമിനെ ജില്ലാതിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ നിയമിക്കും. സംഘത്തിൽ പ്രിസൈഡിംഗ് ഓഫീസർക്ക് സമാനമായ ഒരു പോളിംഗ് ഓഫീസറും അദ്ദേഹത്തെ സഹായിക്കാൻ ഒരു അസ്സിസ്റ്റന്റുമുണ്ടാകും. കൂടാതെ ഒരു പോലീസ് ഉദ്യോഗസ്ഥനും ഡ്രൈവറും ഉണ്ടായിരിക്കും.

പോളിംഗ് ഓഫീസർ വോട്ടർമാരെ സന്ദർശിക്കുന്ന സമയം ബന്ധപ്പെട്ട സ്ഥാനാർത്ഥികളെ എസ്.എം.എസ്സിലൂടെയും ഫോൺ മുഖേനയും മുൻകൂട്ടി അറിയിക്കും. വോട്ടർമാർക്കുള്ള അപേക്ഷാ ഫോറം (ഫോറം ബി) സത്യപ്രസ്താവനാ

ഫോറം ബാലറ്റ് പേപ്പർ, കവറുകൾ, മറ്റ് സാധനങ്ങൾ എന്നിവയും സ്പെഷ്യൽ വോട്ടർ താമസിക്കുന്ന സ്ഥലത്ത് ലഭ്യമാക്കും. വോട്ടർ അപേക്ഷാ ഫോറവും സത്യപ്രസ്താവനയും പൂരിപ്പിച്ച് നൽകണം. വോട്ടറുടെ സത്യപ്രസ്താവന പോളിംഗ് ഓഫീസർ സാക്ഷ്യപ്പെടുത്തണം. തുടർന്ന് വോട്ടർ ബാലറ്റ് പേപ്പറിൽ പേന ഉപയോഗിച്ച് ക്രോസ് അല്ലെങ്കിൽ ടിക്മാർക്ക് രേഖപ്പെടുത്തി വോട്ട് ചെയ്യണം. വോട്ട് ചെയ്തശേഷം ബാലറ്റ്പേപ്പർ മടക്കി ചെറിയ കവറിലിട്ട് ഒട്ടിച്ചതിന് ശേഷം ആ കവറും ഡിക്ലറേഷനും അതോടൊപ്പം നൽകിയ വലിയ കവറിലിട്ട് സീൽ ചെയ്യണം. ത്രിതല പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ ഓരോ തലത്തിലുള്ള ബാലറ്റും ഡിക്ലറേഷനും പ്രത്യേകം കവറിൽ ഇടണം. അത്തരത്തിൽ സീൽ ചെയ്ത കവറുകൾ പോളിംഗ് ടീമിനെ ഏൽപ്പിക്കണം. വോട്ടർക്ക് അവ തപാലിലൂടെയോ ആൾവശമോ വരണാധികാരിക്ക ലഭ്യമാക്കുകയും ചെയ്യാം. പോളിംഗ് ഓഫീസറെ ഏൽപ്പിക്കുന്നവർക്ക് കൈപ്പറ്റ് രസീത് നൽകുമെന്നും അദ്ദേഹം പറഞ്ഞു.

ഓരോ പ്രദേശത്തും ആവശ്യമുള്ള ബാലറ്റ് പേപ്പറുകളുടെ എണ്ണം അതാത് വരണാധികാരികളാണ് നിശ്ചയിക്കുക. മറ്റ് ജില്ലകളിലെ വോട്ടർമാരെ സംബന്ധിച്ച വിവരം ബന്ധപ്പെട്ട ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ വരണാധികാരികൾക്ക് കൈമാറണം. വരണാധികാരികൾ വോട്ടർമാർക്കുള്ള ബാലറ്റ് പേപ്പർ, സത്യപ്രസ്താവന ഫോറം, അപേക്ഷ ഫോറം, കവറുകൾ തുടങ്ങിയവ വോട്ടറുടെ ഇപ്പോഴത്തെ മേൽവിലാസത്തിൽ തപാൽ മാർഗം അയച്ച് കൊടുക്കും. പൂരിപ്പിച്ച അപേക്ഷയും ഗസറ്റ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ സത്യപ്രസ്താവനയും വോട്ട് ചെയ്ത ബാലറ്റും കവറുകളിലാക്കി തപാൽ മുഖേനയോ ആൾവശമോ വരണാധികാരിക്ക് തിരികെ അയച്ചുകൊടുക്കണം.

ഡെസിഗ്നേറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പട്ടികയിലുള്ള വോട്ടർക്ക് തപാൽ ബാലറ്റിനായി നിശ്ചിത ഫോറത്തിൽ നേരിട്ടും അപേക്ഷിക്കാം. വരണാധികാരി അവ പരിശോധിച്ച് ഡിക്ലറേഷൻ ഫോറവും, ബാലറ്റും കവറുകളും വോട്ടറുടെ മേൽവിലാസത്തിൽ തപാൽ മുഖേന അയച്ചു കൊടുക്കും. അത്തരത്തിൽ ലഭിക്കുന്ന ബാലറ്റ് പേപ്പറിൽ വോട്ട് രേഖപ്പെടുത്തി ഡിക്ലറേഷൻ ഗസറ്റ് ഓഫീസറെ കൊണ്ട് സാക്ഷ്യപ്പെടുത്തി തപാൽ മുഖേനയോ നേരിട്ടോ വരണാധികാരിക്ക് നൽകാം. സർട്ടിഫൈഡ് ലിസ്റ്റിൽ ഉൾപ്പെടാത്ത സ്പെഷ്യൽ വോട്ടർ ഡെസിഗ്നേറ്റഡ് ഹെൽത്ത് ഓഫീസറോ സർക്കാർ ആശുപത്രിയിലെ മെഡിക്കൽ ഓഫീസറോ നൽകുന്ന സാക്ഷ്യപത്രം (ഫോറം 16 സി) സഹിതം നേരിട്ട് അപേക്ഷിക്കണം. അത്തരം സന്ദർഭത്തിലും ബാലറ്റ് അയച്ചുകൊടുക്കേണ്ടതും സാക്ഷ്യപ്പെടുത്തിയ ഡിക്ലറേഷനും ബാലറ്റും തിരികെ കൊടുക്കേണ്ടതുമാണ്.

വോട്ടെടുപ്പിന്റെ തലേദിവസം വൈകുന്നേരം മൂന്നിന് ശേഷം വോട്ടെടുപ്പ് അവസാനിക്കുന്നത് വരെ ലിസ്റ്റ് ചെയ്യുന്നവർക്ക് പോളിംഗ് സ്റ്റേഷനിൽ നേരിട്ട് വോട്ട് ചെയ്യുന്നതിന് ഡി.എച്ച്.ഒ.യുടെ സാക്ഷ്യപത്രം നിർബന്ധമാണ്. വോട്ടെടുപ്പിന്റെ അവസാന സമയത്ത് ക്യൂവിലെ എല്ലാവരും വോട്ട് ചെയ്ത ശേഷം മാത്രമാണ് അവർക്ക് അവസരം നൽകുക. പി.പി.ഇ. കിറ്റ് ഉൾപ്പെടെ കോവിഡ് നിയന്ത്രണത്തോടെ മാത്രമേ വോട്ട് ചെയ്യാൻ അനുവദിക്കൂ.

*(എസ്.ഇ.സി.117/2020)*

## <u>സ്പെഷ്യൽ തപാൽ വോട്ട്: തപാൽ ചർജ്ജ് ഈടാക്കില്ല</u>

കോവിഡ് ബാധിതർക്കും ക്വാറന്റീനിലുള്ളവർക്കും ഏർപ്പെടുത്തിയ സ്പെഷ്യൽ പോസ്റ്റൽ ബാലറ്റ് തപാൽ മാർഗം അയക്കുന്നവരിൽ നിന്ന് തപാൽ ചാർജ്ജ് ഈടാക്കില്ലെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി. ഭാസ്കരൻ പറഞ്ഞു. കാലതാമസം ഒഴിവാക്കാനായി സ്പെഷ്യൽ തപാൽ വോട്ട് സ്പീഡ് പോസ്റ്റ് വഴി അയക്കുന്നതിനുള്ള ക്രമീകരണമാണ് ഒരുക്കുന്നത്. സ്പീഡ് പോസ്റ്റിന്റെ ചെലവ് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനാണ് വഹിക്കുക. പോസ്റ്റ് മാസ്റ്റർ ജനറലുമായുള്ള ചർച്ചയുടെ അടിസ്ഥാനത്തിലാണ് തീരുമാനമെന്ന് കമ്മീഷണർ അറിയിച്ചു.

*(എസ്.ഇ.സി.116/2020)*

## <u>സ്പെഷ്യൽ വോട്ടർ പട്ടിക: ആദ്യ ദിവസം 24,621 വോട്ടർമാർ</u>

തദ്ദേശ തിരഞ്ഞെടുപ്പിൽ കോവിഡ് ബാധിതർക്കും ക്വാറന്റീനിലുള്ളവർക്കും വോട്ട് രേഖപ്പെടുത്താനായി തയ്യാറാക്കുന്ന സ്പെഷ്യൽ വോട്ടർ പട്ടികയിൽ ആദ്യ ദിവസം 24,621 പേർ ഉൾപ്പെട്ടതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി. ഭാസ്കരൻ പറഞ്ഞു. ഡിസംബർ എട്ടിന് ആദ്യഘട്ട തിരഞ്ഞെടുപ്പ് നടക്കുന്ന തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി ജില്ലകളിലെ സ്പെഷ്യൽ വോട്ടർമാരുടെ നംവബർ 29ലെ കണക്കാണിത്. ഓരോ ജില്ലയിലേയും ഡെസിഗ്നേറ്റഡ് ഹെൽത്ത് ഓഫീസർമാർ നൽകുന്ന കോവിഡ് രോഗ ബാധിതരുടെയും ക്വാറന്റീനിലുള്ളവരുടെയും സർട്ടിഫൈഡ് ലിസ്റ്റിൽ നിന്നാണ് സ്പെഷ്യൽ വോട്ടർമാരുടെ പട്ടിക തയ്യാറാക്കുന്നത്. തിരുവനന്തപുരം - 8197, കൊല്ലം - 6051, പത്തനംതിട്ട- 3207, ആലപ്പുഴ- 2213, ഇടുക്കി- 4953 എന്നിങ്ങനെയാണ് ജില്ല തിരിച്ചുള്ള

കണക്ക്. കോവിഡ് പോസിറ്റീവായവരുടേയും ക്വാറന്റീനിലുള്ളവരുടെയും ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ജില്ല | കോവിഡ് പോസിറ്റീവ് | ക്വാറന്റീൻ | ആകെ |
|---|---|---|---|
| തിരുവനന്തപുരം | 2906 | 5291 | 8197 |
| കൊല്ലം | 2367 | 3684 | 6051 |
| പത്തനംതിട്ട | 1237 | 1970 | 3207 |
| ആലപ്പുഴ | 450 | 1763 | 2213 |
| ഇടുക്കി | 1608 | 3345 | 4953 |
| ആകെ | 8568 | 16053 | 24,621 |

*(എസ്.ഇ.സി.115/2020)*

## ബാലറ്റ് പേപ്പർ അച്ചടി പുരോഗമിക്കുന്നു

തദ്ദേശ സ്ഥാപന തിരഞ്ഞെടുപ്പിനുള്ള ബാലറ്റ് പേപ്പറുകളുടെയും വോട്ടിംഗ് യന്ത്രങ്ങളിൽ പതിപ്പിക്കുന്ന ബാലറ്റ് ലേബലുകളുടെയും അച്ചടി വിവിധ സർക്കാർ പ്രസ്സുകളിൽ പുരോഗമിക്കുന്നതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി. ഭാസ്കരൻ അറിയിച്ചു. ഗ്രാമപഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നിവിടങ്ങളിൽ വെള്ള നിറത്തിലും, ബ്ലോക്ക്

പഞ്ചായത്തുകളിലേക്ക് പിങ്ക് നിറത്തിലും, ജില്ലാ പഞ്ചായത്തുകളിലേക്ക് ആകാശ നീല നിറത്തിലും ആണ് ബാലറ്റ് പേപ്പറുകളും ബാലറ്റ് ലേബലുകളും അച്ചടിക്കുന്നത്.

ഓരോ പോളിംഗ് സ്റ്റേഷനുകൾക്കും ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രത്തിൽ പതിപ്പിക്കുന്നതിനായി അഞ്ച് ബാലറ്റ് ലേബലുകൾ, ടെൻഡേഡ് വോട്ടിനായുള്ള 15 ബാലറ്റ് പേപ്പറുകൾ എന്നിവ അച്ചടിക്കും. കോവിഡ് ബാധിതർക്കും ക്വാറന്റീനിലുള്ളവർക്കുമുള്ള സ്പെഷ്യൽ തപാൽ വോട്ടിനായി കൂടുതലായി വരുന്ന ബാലറ്റ് പേപ്പറുകൾ അതാത് പ്രദേശങ്ങളിലെ വരണാധികാരികൾ നിർണയിക്കുന്ന കണക്കിന്റെ അടിസ്ഥാനത്തിൽ അച്ചടിക്കും. തമിഴ് / കന്നഡ ഭാഷാ ന്യൂനപക്ഷങ്ങളുള്ള പ്രദേശങ്ങളിൽ ആ ഭാഷകളിൽകൂടി ബാലറ്റ് പേപ്പറുകളും ബാലറ്റ് ലേബലുകളും അച്ചടിക്കും.

തിരുവനന്തപുരം ജില്ലയിലെ ഗ്രാമ - ബ്ലോക്ക് പഞ്ചായത്തുകളുടെയും, മുനിസിപ്പാലിറ്റി, കോർപ്പഷനിലേയും തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ ജില്ലാ പഞ്ചായത്തുകളിലേയും ബാലറ്റ് പേപ്പറുകളും ബാലറ്റ് ലേബലുകളും തിരുവനന്തപുരം മണ്ണന്തലയിലെ ഗവ. പ്രസ്സിലാണ് അച്ചടിക്കുന്നത്. കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി ജില്ലകളിലെ ഗ്രാമ - ബ്ലോക്ക് പഞ്ചായത്തുകളുടെയും, മുനിസിപ്പാലിറ്റി, കോർപ്പഷനിലേയും കണ്ണൂർ, കാസർഗോഡ്, വയനാട് ജില്ലാ പഞ്ചായത്തുകളുടെയും ബാലറ്റ് പേപ്പറുകളും ബാലറ്റ് ലേബലുകളും തിരുവനന്തപുരത്തെ ഗവ. സെൻട്രൽ പ്രസ്സിലാണ് അച്ചടിക്കുന്നത്. കോട്ടയം ജില്ലയിലെ എല്ലാ തദ്ദേശ സ്ഥാപനങ്ങളിലേക്കുമുള്ള ബാലറ്റ് പേപ്പറുകളും ബാലറ്റ് ലേബലുകളും വാഴൂർ ഗവ. പ്രസ്സിൽ അച്ചടിക്കും. എറണാകുളം, തൃശ്ശൂർ ജില്ലകളിലെ എല്ലാ തദ്ദേശ സ്ഥാപനങ്ങളിലേക്കുമുള്ള ബാലറ്റ് പേപ്പറുകളും ബാലറ്റ് ലേബലുകളും എറണാകുളം ഗവ. പ്രസ്സിൽ അച്ചടിക്കും. പാലക്കാട്, മലപ്പുറം ജില്ലകളിലെ എല്ലാ തദ്ദേശ സ്ഥാപനങ്ങളിലേക്കുമുള്ള ബാലറ്റ് പേപ്പറുകളും ബാലറ്റ് ലേബലുകളും ഷൊർണ്ണൂർ ഗവ. പ്രസ്സിലാണ് അച്ചടിക്കുന്നത്. കോഴിക്കോട് ജില്ലയിലെ എല്ലാ തദ്ദേശ സ്ഥാപനങ്ങളിലേക്കുമുള്ള ബാലറ്റ് പേപ്പറുകളും ബാലറ്റ് ലേബലുകളും കോഴിക്കോട് ഗവ. പ്രസ്സിൽ അച്ചടിക്കും. വയനാട് ജില്ലയിലെ ഗ്രാമ - ബ്ലോക്ക് പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റി എന്നിവിടങ്ങളിലേക്കുള്ള ബാലറ്റ് പേപ്പറുകളും ബാലറ്റ് ലേബലുകളും വയനാട് ഗവ. പ്രസ്സിൽതന്നെയാണ് അച്ചടിക്കുന്നത്. കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ ഗ്രാമ - ബ്ലോക്ക് പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവിടങ്ങളിലേക്കുള്ള ബാലറ്റ് പേപ്പറുകളും ബാലറ്റ് ലേബലുകളും കണ്ണൂർ ഗവ. പ്രസ്സിലും അച്ചടിക്കും. ഇടുക്കി ജില്ലാ പഞ്ചായത്തിലേക്കുള്ള ബാലറ്റ് പേപ്പറുകളും ബാലറ്റ് ലേബലുകളും തിരുവനന്തപുരത്തെ ഗവ. സ്റ്റാമ്പ് മാനുഫാക്ച്ചറി പ്രസ്സിലാണ് അച്ചടിക്കുന്നത്.

*(എസ്.ഇ.സി.114/2020)*

## വോട്ടർ ബോധവത്കരണം: ഡമ്മി ബാലറ്റ് പേപ്പറും ബാലറ്റ് യൂണിറ്റുകളും ഉപയോഗിക്കാം

സ്ഥാനാർത്ഥികൾക്കും രാഷ്ട്രീയ കക്ഷികൾക്കും വോട്ടർമാരെ ബോധവത്കരിക്കുന്നതിന് ഡമ്മി ബാലറ്റ് പേപ്പറും ഡമ്മി ബാലറ്റ് യൂണിറ്റുകളും വ്യവസ്ഥകൾ പാലിച്ച് ഉപയോഗിക്കാമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ

വി. ഭാസ്കരൻ അറിയിച്ചു. ഡമ്മി ബാലറ്റ് പേപ്പറിന് വലിപ്പത്തിലും നിറത്തിലും അസ്സൽ ബാലറ്റ് പേപ്പറിനോട് സാമ്യമുണ്ടാകാൻ പാടില്ല. ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷനുകൾ എന്നിവയ്ക്ക് വെള്ളയും ജില്ലാ പഞ്ചായത്തുകൾക്ക് ആകാശ നീലയും ബ്ലോക്ക് പഞ്ചായത്തുകൾക്ക് പിങ്കും നിറത്തിലുള്ള ബാലറ്റ് പേപ്പറാണ് കമ്മീഷൻ നിശ്ചയിച്ചിട്ടുള്ളത്. അതിനാൽ വെള്ള, നീല, പിങ്ക് നിറങ്ങളൊഴികെയുള്ള നിറങ്ങളിൽ ഡമ്മി ബാലറ്റ് പേപ്പർ അച്ചടിക്കാം. ഒരു സ്ഥാനാർത്ഥി തന്റെ പേര് ബാലറ്റ് പേപ്പറിൽ എവിടെ വരുമെന്ന് സൂചിപ്പിക്കാൻ സ്വന്തം പേരും ചിഹ്നവുമുള്ള ഡമ്മി ബാലറ്റ് പേപ്പർ അച്ചടിക്കുന്നതിന് തടസമില്ല. പക്ഷേ അതേ നിയോജകമണ്ഡലത്തിൽ മത്സരിക്കുന്ന മറ്റു സ്ഥാനാർത്ഥികളുടെ പേരും ചിഹ്നവും ഉണ്ടാകാൻ പാടില്ല. യഥാർത്ഥ ബാലറ്റുയൂണിറ്റുകളുടെ പകുതി വലിപ്പത്തിലുള്ളതും തടിയിലോ പ്ലൈവുഡിലോ നിർമ്മിച്ചതുമായ ഡമ്മി ബാലറ്റുയൂണിറ്റുകൾ ഉപയോഗിക്കാം. എന്നാൽ ഇത് യഥാർത്ഥ ബാലറ്റുയൂണിറ്റുകളുടെ നിറത്തിലാകാൻ പാടില്ലെന്നും കമ്മീഷൻ അറിയിച്ചു.

*(എസ്.ഇ.സി.113/2020)*

## വോട്ടിംഗ് യന്ത്രം: വിതരണത്തിനുള്ള സമയക്രമം നിശ്ചയിച്ചു

മൂന്ന് ഘട്ടങ്ങളിലായി നടക്കുന്ന തദ്ദേശ തിരഞ്ഞെടുപ്പിനുള്ള ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രങ്ങളുടെ വിതരണത്തിനും കാന്റിഡേറ്റ് സെറ്റിംഗിനും (വോട്ടിംഗ് യന്ത്രത്തിൽ സ്ഥാനാർത്ഥികളുടെ പേര് പതിക്കൽ) സമയക്രമം നിശ്ചയിച്ചതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി. ഭാസ്കരൻ അറിയിച്ചു. ഡിസംബർ എട്ടിന് ഒന്നാം ഘട്ട വോട്ടെടുപ്പ് നടക്കുന്ന തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി ജില്ലകളിലേക്കുള്ള വോട്ടിംഗ് യന്ത്രങ്ങളുടെ വിതരണം നാളെയും മറ്റന്നാളുമായി (ഡിസംബർ രണ്ട്, മൂന്ന് തീയതികളിലായി) നടക്കും. വോട്ടിംഗ് യന്ത്രം അതാത് ജില്ലാ കളക്ടർമാരിൽ നിന്നും ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥർ സ്വീകരിക്കും. ഡിസംബർ നാല്, അഞ്ച് തിയതികളിൽ വോട്ടിംഗ് യന്ത്രത്തിൽ കാന്റിഡേറ്റ് സെറ്റിംഗ് നടത്തും. ഡിസംബർ ഏഴിന് വോട്ടിംഗ് യന്ത്രവും പോളിംഗ് സാധനങ്ങളും പോളിംഗ് ഉദ്യോഗസ്ഥർക്ക് വിതരണം ചെയ്യും.

ഡിസംബർ 10ന് രണ്ടാം ഘട്ട തിരഞ്ഞെടുപ്പ് നടക്കുന്ന കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, വയനാട് ജില്ലകളിലേക്കുള്ള വോട്ടിംഗ് യന്ത്രങ്ങളുടെ വിതരണം ഡിസംബർ നാല്, അഞ്ച് തിയതികളിൽ നടക്കും. കാന്റിഡേറ്റ് സെറ്റിംഗ് നടത്തുക ഡിസംബർ ആറ്, ഏഴ് തിയതികളിലായിരിക്കും. വോട്ടിംഗ് യന്ത്രവും പോളിംഗ് സാധനങ്ങളും ഡിസംബർ ഒൻപതിന് പോളിംഗ് ഉദ്യോഗസ്ഥർക്ക് വിതരണം ചെയ്യും.

ഡിസംബർ 14ന് മൂന്നാം ഘട്ട തിരഞ്ഞെടുപ്പ് നടക്കുന്ന മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലേക്കുള്ള വോട്ടിംഗ് യന്ത്രങ്ങളുടെ വിതരണം ഡിസംബർ എട്ട്, ഒൻപത് തിയതികളിൽ നടക്കും. ഡിസംബർ 10, 11 തിയതികളിൽ കാന്റിഡേറ്റ് സെറ്റിംഗ് നടത്തും. വോട്ടിംഗ് യന്ത്രവും പോളിംഗ് സാധനങ്ങളും ഡിസംബർ 13ന് പോളിംഗ് ഉദ്യോഗസ്ഥർക്ക് വിതരണം ചെയ്യും.

തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പോളിംഗ് സാധനങ്ങൾ വിതരണം ചെയ്യുന്നതിനും തിരികെ വാങ്ങുന്നതിനുമുള്ള ചുമതല പഞ്ചായത്തുകളിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും മുനിസിപ്പാലിറ്റി, കോർപ്പറേഷനുകളിൽ അതാത് സെക്രട്ടറിമാർക്കുമാണ്. വരണാധികാരികളുടെ നേതൃത്വത്തിലായിരിക്കും കാന്റിഡേറ്റ് സെറ്റിംഗ് നടത്തുക. രണ്ടുപേർ വീതമുള്ള സംഘത്തെയാണ് കാന്റിഡേറ്റ് സെറ്റിംഗിനായി നിയോഗിക്കുന്നത്. ഓരോ സംഘത്തിനും നിശ്ചിത എണ്ണം വാർഡുകളുടെ ചുമതല ഓരോ ദിവസവും നൽകും. കാന്റിഡേറ്റ് സെറ്റിംഗ് പൂർത്തിയാകുന്ന മുറയ്ക്ക് അതാത് വരണാധികാരികളുടെ മേൽനോട്ടത്തിൽ വോട്ടിംഗ് യന്ത്രങ്ങൾ സ്ട്രോംഗ് റൂമുകളിൽ സൂക്ഷിക്കും. പോളിംഗ് സാധനങ്ങളുടെ കിറ്റും വോട്ടിംഗ് യന്ത്രങ്ങളും മുൻകൂട്ടി നിശ്ചയിച്ച വാഹനങ്ങളിൽ വിതരണത്തിന് ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥർ ഓരോ ബൂത്തിലേക്കും എത്തിക്കും.

വിതരണ – സ്വീകരണ കേന്ദ്രങ്ങളിലേക്ക് ആവശ്യമായ ജീവനക്കാരെയും റൂട്ട് ഓഫീസർമാരെയും ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ മുൻകൂട്ടി നിയമിക്കണം. ഈ കേന്ദ്രങ്ങളിലേക്ക് ആവശ്യമായ പൊലീസ് സംരക്ഷണം ജില്ലാ പോലീസ് മേധാവിയുമായി ബന്ധപ്പെട്ടും ഉറപ്പാക്കണം.

*(എസ്.ഇ.സി.112/2020)*

Email:
**contact.seckerala@gmail.com**
**cru.sec@kerala.gov.in**

# പത്രക്കുറിപ്പ്

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**

TELEPHONE: 0471-2321233
MOBILE :8281000127

**www.sec.kerala.gov.in**

**29th November 2020**

## തദ്ദേശ തിരഞ്ഞെടുപ്പ് - പോളിംഗ് സ്റ്റേഷൻ സജ്ജീകരണം
## കോവിഡ് 19 പ്രോട്ടോകോൾ പാലിക്കുവാൻ കർശന നിർദ്ദേശം.

സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് ഡിസംബർ 8, 10, 14 തീയതികളിൽ നടക്കുന്ന പൊതുതിരഞ്ഞെടുപ്പിനായി പോളിംഗ് സ്റ്റേഷനുകൾ സജ്ജീകരിക്കുമ്പോൾ കോവിഡ് പ്രോട്ടോകോൾ കർശനമായി പാലിക്കണമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി.ഭാസ്കരൻ അറിയിച്ചു. ഇതു സംബന്ധിച്ച് കമ്മീഷൻ പുറപ്പെടുവിച്ച സർക്കുലറിൽ പോളിംഗ് സ്റ്റേഷനുകളിൽ ഏർപ്പെടുത്തേണ്ട സജ്ജീകരണങ്ങളെക്കുറിച്ച് നിർദ്ദേശം നൽകിയിട്ടുണ്ട്. വോട്ടർമാർക്ക് പോളിംഗ് സ്റ്റേഷന് പുറത്ത് ബ്രേക്ക് ദി ചെയിന്റെ ഭാഗമായി ബക്കറ്റ്, മഗ്, സോപ്പ്, വെള്ളം എന്നിവ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം. സാമൂഹ്യ അകലം പാലിച്ച് ക്യൂ നിൽക്കുന്നതിന് പ്രത്യേകം അടയാളം മാർക്ക് ചെയ്യേണ്ടതാണ്. അത്തരത്തിൽ വോട്ടർമാർ ക്യൂ നിൽക്കുന്ന സ്ഥലത്ത് ആവശ്യമെങ്കിൽ തണൽ ലഭ്യമാക്കുന്നതിന് ടാർപാളിൻ കെട്ടുന്നതിനുള്ള നടപടിയും സ്വീകരിക്കേണ്ടതാണ്.

വോട്ടെടുപ്പിന് ശേഷം പോളിംഗ് സ്റ്റേഷനുകളിൽ അവശേഷിക്കുന്ന പേപ്പറുകളും മറ്റ് വസ്തുക്കളും നീക്കം ചെയ്യുന്നതിനും അവ നശിപ്പിക്കുന്നതിനുമുള്ള നടപടി അതാത് തദ്ദേശസ്വയംഭരണസ്ഥാപന സെക്രട്ടറിമാർ സ്വീകരിക്കേണ്ടതാണ്.

പോളിംഗ് സ്റ്റേഷനുകളിൽ വോട്ടെടുപ്പ് ദിവസം പഴയതും ഉപയോഗശൂന്യമായതുമായ ജൈവ അജൈവ വസ്തുക്കൾ വെവ്വേറെ നിക്ഷേപിക്കുന്നതിന് ഓരോ ക്യാരി ബാഗുകൾ വീതം ലഭ്യമാക്കുന്നതിന് സെക്രട്ടറിമാർ നടപടി സ്വീകരിക്കേണ്ടതാണ്. പോളിംഗ് സ്റ്റേഷനുകളായി ഉപയോഗിക്കുന്ന കെട്ടിടത്തിൽ പ്രവേശിക്കുന്നതിന് റാമ്പ് സൗകര്യം ലഭ്യമല്ലായെങ്കിൽ അവ താല്കാലികമായി സജ്ജമാക്കണം.

കൂടാതെ പോളിംഗ് സ്റ്റേഷനുകളിൽ ഉപയോഗിച്ച ബയോ മെഡിക്കൽ വേസ്റ്റുകളിൽ മാസ്ക്, ഗ്ലൗസ്, എന്നിവ പ്രത്യേകം പ്രത്യേകം ശേഖരിച്ച് സംസ്കരിക്കുന്നതിനായി യഥാക്രമം മഞ്ഞ, ചുവപ്പ് എന്നീ നിറങ്ങളിലെ 2 ക്യാരി ബാഗുകൾ കൂടി സെക്രട്ടറിമാർ ലഭ്യമാക്കേണ്ടതും ശാസ്ത്രീയ രീതിയിൽ സംസ്കരിക്കുന്നതിന് പി.എച്ച്.സി, സി.എച്ച്.സി, സി.എഫ്.എൽ.റ്റി.സി കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട് തുടർ നടപടി സ്വീകരിക്കേണ്ടതുമാണ്.

ഗ്രാമപഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ മുനിസിപ്പൽ കോർപ്പറേഷൻ എന്നിവിടങ്ങളിലെ പോളിംഗ് സ്റ്റേഷനുകളായി നിശ്ചയിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ ബന്ധപ്പെട്ട തദ്ദേശസ്ഥാപനങ്ങളിലെ സെക്രട്ടറിമാർ നേരിട്ട് പരിശോധിച്ച് വൈദ്യുതി, കുടിവെള്ളം, ഫർണിച്ചർ, ടോയ് ലെറ്റ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാണെന്ന് ഉറപ്പാക്കണം. പോളിംഗ് സ്റ്റേഷനുകളായി നിശ്ചയിച്ചിട്ടുള്ള സ്ഥാപനങ്ങളും അവയുടെ പരിസരവും വൃത്തിയാക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

വൈദ്യുതി, കുടിവെള്ളം എന്നിവ ലഭ്യമല്ലായെങ്കിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, കേരള വാട്ടർ അതോറിറ്റി എന്നിവയുടെ പ്രാദേശിക ഓഫീസുകളുമായി ബന്ധപ്പെട്ട് അവ ലഭ്യമാക്കാൻ സാധിക്കുമോയെന്ന് പരിശോധിക്കണം. അത്തരത്തിൽ വൈദ്യുതി ലഭ്യമാക്കുന്നതിന് കഴിയാത്ത സാഹചര്യത്തിൽ പോർട്ടബിൾ ടൈപ്പ് ജനറേറ്റർ സംവിധാനം ഏർപ്പെടുത്തേണ്ടതാണ്. പോളിംഗ് സ്റ്റേഷനിൽ തലേദിവസവും പോളിംഗ് ദിവസവും ആവശ്യത്തിനുള്ള വെളിച്ചം ലഭ്യമാണെന്ന് ഉറപ്പാക്കണം. കുടിവെള്ളം ലഭ്യമല്ലായെങ്കിൽ അവ ലഭ്യമാക്കുന്നതിന് സൗകര്യം ഏർപ്പെടുത്തണം.

ഏതെങ്കിലും സ്റ്റേഷനിൽ ടോയ് ലെറ്റ് സൗകര്യം ലഭ്യമല്ലായെങ്കിൽ അവ ലഭ്യമാക്കുന്നതിന് ഉചിത നടപടി സ്വീകരിക്കണം. അവ ലഭ്യമാക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ടെങ്കിൽ അവ പരിസരത്തെ സ്ഥാപനങ്ങളിലോ വീടുകളിലോ ലഭ്യമാക്കാൻ കഴിയുമോയെന്നും പരിശോധിക്കണം. കൂടാതെ പോളിംഗ് ഉദ്യോഗസ്ഥർക്കുള്ള ഭക്ഷണം കുടുംബശ്രീയുമായി ചേർന്ന് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.

പോളിംഗ് സ്റ്റേഷനുകളായി ഉപയോഗിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള പൊതു സ്വകാര്യ കെട്ടിടങ്ങളിലെ ചുമരുകളിലും പരിസരത്തും ബോധവൽക്കരണത്തിനായി കമ്മീഷന്റെ നിർദ്ദേശാനുസരണം പതിക്കുന്ന പോസ്റ്ററുകളും ബോർഡുകളും മറ്റും വോട്ടെടുപ്പിന് ശേഷം നീക്കം ചെയ്ത് വൃത്തിയാക്കുന്നതിന് ബന്ധപ്പെട്ട സെക്രട്ടറിമാർ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

*(എസ്.ഇ.സി.111/2020)*

## തദ്ദേശ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കുള്ള പരിശീലന വിവരങ്ങൾ ഇ-ഡ്രോപ്പിൽ

തദ്ദേശ പൊതുതിരഞ്ഞെടുപ്പിനോടനുബന്ധിച്ച് ഗ്രാമ പഞ്ചായത്തുകളിൽ റിസർവ്വ് പോളിംഗ് ഡ്യൂട്ടിക്ക് നിയോഗിച്ചിട്ടുള്ള പ്രിസൈഡിംഗ് ഓഫീസർമാരും ഫസ്റ്റ് പോളിംഗ് ഓഫീസർമാരും ഇ-ഡ്രോപ് വെബ് സൈറ്റിൽ അവരുടെ പരിശീലന ക്ലാസ്സിന്റെ ഷെഡ്യൂൾ പരിശോധിച്ച ശേഷം നിശ്ചയിച്ചിട്ടുള്ള സ്ഥലത്ത് കൃത്യ സമയത്ത് എത്തിച്ചേർന്ന് പരിശീലന ക്ലാസ്സിൽ പങ്കെടുക്കേണ്ടതാണെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു.

*(എസ്.ഇ.സി.110/2020)*

## ആന്റി ഡീഫേയ്സ്മെന്റ് സ്ക്വാഡ് പ്രവർത്തനം ഊർജ്ജിതമാക്കാൻ നിർദ്ദേശം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പൊതുതിരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥികളുടെ പ്രചാരണ പ്രവർത്തനങ്ങൾ നിയമപരമാണോ എന്ന് പരിശോധിക്കുന്നതിനും നിയമപരമല്ലാത്തവ നിർത്തിവയ്പ്പിക്കുന്നതിനും അനധികൃതമായി സ്ഥാപിക്കുന്ന പരസ്യങ്ങളും ബോർഡുകളും നീക്കം ചെയ്യുന്നതിനുമായി രൂപീകരിച്ച ആന്റി ഡീഫേയ്സ്മെന്റ് സ്ക്വാഡിന്റെ പ്രവർത്തനം ഊർജ്ജിതമാക്കാൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി. ഭാസ്കരൻ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി.

തിരഞ്ഞെടുപ്പ് പ്രചാരണത്തിൽ ഫ്ലക്സ്, പ്ലാസ്റ്റിക് തുടങ്ങിയ സാധനങ്ങൾ ഉപയോഗിക്കുന്നതിന് കർശന വിലക്ക് ഏർപ്പെടുത്തണമെന്ന ബഹു. ഹൈക്കോടതിയുടെ ഉത്തരവ് പാലിക്കുന്നതിലേയ്ക്ക് കൂടി ആന്റീ-ഡീഫേയ്സ്മെന്റ് സ്ക്വാഡിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്. ഈ സാഹചര്യത്തിൽ താലൂക്ക് തലത്തിൽ രൂപീകരിച്ചിട്ടുള്ള ആന്റി ഡീഫേയ്സ്മെന്റ് സ്ക്വാഡിൽ പോലീസ് ഓഫീസർമാരെ ഉൾപ്പെടുത്താത്ത ജില്ലകൾ ഉണ്ടെങ്കിൽ ആ ജില്ലകളിലെ ഓരോ സ്ക്വാഡിലും കുറഞ്ഞത് ഒരു പോലീസ് ഓഫീസറെ കൂടി ഉൾപ്പെടുത്തി അവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ജില്ലാ പോലീസ് ചീഫുമായി കൂടിയാലോചിച്ച് അടിയന്തിര നടപടി സ്വീകരിക്കാൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശം നൽകി.

*(എസ്.ഇ.സി.109/2020)*

| Email:<br>**contact.seckerala@gmail.com**<br>**cru.sec@kerala.gov.in** | **പത്രക്കുറിപ്പ്** | TELEPHONE: 0471-2321233<br>MOBILE :8281000127<br><br>**www.sec.kerala.gov.in** |
|---|---|---|
| | **കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ** | **28th November 2020** |

## സ്പെഷ്യൽ തപാൽ വോട്ട്:
## കോവിഡ് ബാധിതരുടെ പട്ടിക ഇന്ന്(നവംബർ 29) മുതൽ തയ്യാറാക്കും

കോവിഡ് ബാധിതർക്കും നിരീക്ഷണത്തിൽ കഴിയുന്നവർക്കും ആദ്യഘട്ട തദ്ദേശ തിരഞ്ഞെടുപ്പിൽ സ്പെഷ്യൽ തപാൽ വോട്ട് അനുവദിക്കുന്നതിനായുള്ള പട്ടിക (സർട്ടിഫൈഡ് ലിസ്റ്റ്) ഇന്ന് മുതൽ (നവംബർ 29) തയ്യാറാക്കുമെന്ന് സംസ്ഥാന

തിരഞ്ഞെടുപ്പ് കമ്മീഷണർ വി. ഭാസ്കരൻ അറിയിച്ചു. മറ്റ് ജില്ലകളിൽ കഴിയുന്ന കോവിഡ് ബാധിതർക്കും ക്വാറന്റീനിലുള്ളവർക്കും സ്പെഷ്യൽ തപാൽ വോട്ട് അനുവദിക്കും. ഡിസംബർ എട്ടിന് തിരഞ്ഞെടുപ്പ് നടക്കുന്ന തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി ജില്ലകളിൽ ഇന്ന് (നവംബർ 29) തന്നെ ആദ്യ സർട്ടിഫൈഡ് ലിസ്റ്റ് ഡെസിഗ്നേറ്റഡ് ഹെൽത്ത് ഓഫീസർ തയ്യാറാക്കി ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന് കൈമാറും. കൂടാതെ നാളെ (നവംബർ 30) മുതൽ ഡിസംബർ ഏഴിന് വൈകുന്നേരം മൂന്നുവരെയുള്ള ദിവസങ്ങളിലെ സർട്ടിഫൈഡ് ലിസ്റ്റും അതാത് ദിവസങ്ങളിൽ കൈമാറും.

ആദ്യ ഘട്ടത്തിൽ തിരഞ്ഞെടുപ്പ് നടക്കാത്ത ഒമ്പത് ജില്ലകളിലെ ഡെസിഗ്നേറ്റഡ് ഹെൽത്ത് ഓഫീസർമാർ ആദ്യ ഘട്ട വോട്ടെടുപ്പ് നടക്കുന്ന ജില്ലകളിൽ നിന്നുള്ളവരുടെ സർട്ടിഫൈഡ് ലിസ്റ്റ് ഇന്ന് മുതൽ (നവംബർ 29) തയ്യാറാക്കണം. തുടർന്ന് ഡിസംബർ ഏഴുവരെയുള്ള തീയതികളിൽ കോവിഡ് പോസിറ്റീവ് ആയവരുടെയും ക്വാറന്റീനിൽ ഉള്ളവരുടെയും പട്ടിക തയ്യാറാക്കണം. അത്തരത്തിലുള്ള ജില്ലകളിലെ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ അവർക്ക് ലഭിക്കുന്ന സർട്ടിഫൈഡ് ലിസ്റ്റുകൾ ആദ്യ ഘട്ട തിരഞ്ഞെടുപ്പ് നടക്കുന്ന ജില്ലകളിലെ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്ക് അതേ ദിവസംതന്നെ കൈമാറണം.

മറ്റ് ജില്ലകളിൽ കഴിയുന്ന വോട്ടർമാർക്ക് പോസ്റ്റൽ ബാലറ്റ് അയച്ചുകൊടുക്കുന്നതിന് ബന്ധപ്പെട്ട വരണാധികാരികൾ നടപടി സ്വീകരിക്കും. വോട്ടർ പട്ടിക പരിശോധിച്ചതിന് ശേഷമായിരിക്കും പോസ്റ്റൽ ബാലറ്റ് അനുവദിക്കുക. വോട്ട് രേഖപ്പെടുത്തിയതിന് ശേഷം രജിസ്ട്രേഡ് പോസ്റ്റ് മുഖേനയോ ആൾവശമോ ബാലറ്റ് പേപ്പറും സത്യപ്രസ്താവനയും അടങ്ങിയ കവർ വോട്ടെണ്ണൽ ആരംഭിക്കുന്നതിന് മുമ്പ് വരണാധികാരിക്ക് ലഭിക്കത്തക്കവിധം തിരികെ നൽകേണ്ടതാണ്. സർട്ടിഫൈഡ് ലിസ്റ്റിൽ ഉൾപ്പെട്ടവർ പോളിംഗ് ദിനത്തിന് മുൻപ് കോവിഡ് മുക്തരായാലും, ക്വാറന്റീൻ പൂർത്തിയാക്കിയാലും സ്പെഷ്യൽ തപാൽ വോട്ട് മാത്രമേ അനുവദിക്കുകയുള്ളു. ഇവർക്ക് നേരിട്ട് പോളിംഗ് സ്റ്റേഷനിലെത്തി വോട്ട് രേഖപ്പെടുത്തുവാനാകില്ല.

*(എസ്.ഇ.സി.108/2020)*

## സോഷ്യൽ മീഡിയയിലൂടെ വ്യക്തിഹത്യ നടത്തിയാൽ ശക്തമായ നപടി

തിരഞ്ഞെടുപ്പ് പശ്ചാത്തലത്തിൽ സോഷ്യൽ മീഡിയയിലൂടെ സ്ഥാനാർത്ഥികൾക്കും മറ്റും എതിരെ അപകീർത്തികരമായ പ്രചാരണം നടത്തുന്നവർക്കെതിതെക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുമെന്ന് സംസ്ഥാന തിരഞ്ഞെുപ്പ് കമ്മീഷണർ വി.ഭാസ്കരൻ അറിയിച്ചു. ഓൺലൈൻ പ്ലാറ്റ്ഫോമുകളിലൂടെ നടത്തുന്ന ഇത്തരം പ്രചാരണങ്ങൾ കുറ്റകരമാണ്. എതിർ രാഷ്ട്രീയ കക്ഷി നേതാക്കളെ വ്യക്തിപരമായി തേജോവധം ചെയ്യുന്നതും അവരുടെ സ്വകാര്യതയെ ഹനിക്കുന്നതുമായ പ്രചാരണം പാടില്ല. തെളിവില്ലാത്ത ആരോപണങ്ങൾ എതിർ കക്ഷിയെക്കുറിച്ചോ അവരുടെ പ്രവർത്തകരെപ്പറ്റിയോ ഉന്നയിക്കരുത്. മറ്റ് പാർട്ടികളെക്കുറിച്ചുള്ള വിമർശനം അവരുടെ നയപരിപാടികളെക്കുറിച്ച് മാത്രമാകണമെന്നും കമ്മീഷണർ അറിയിച്ചു.

*(എസ്.ഇ.സി.107/2020)*

## ബാലറ്റ് പേപ്പർ തമിഴ്, കന്നട ഭാഷകളിൽ കൂടി അച്ചടിക്കും

തദ്ദേശ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഭാഷാ ന്യൂനപക്ഷങ്ങൾ ഉള്ള നിയോജകമണ്ഡലങ്ങളിൽ ബാലറ്റ് പേപ്പർ,

വോട്ടിംഗ് മെഷീനിൽ പതിപ്പിക്കുന്ന ബാലറ്റ് ലേബൽ എന്നിവ തമിഴ്/കന്നട ഭാഷകളിൽ കൂടി അച്ചടിക്കുവാൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി. ഭാസ്കരൻ നിർദ്ദേശം നൽകി. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ഇടുക്കി, പാലക്കാട്, വയനാട് ജില്ലകളിലെ ചില വാർഡുകളിൽ മലയാളത്തിന് പുറമേ തമിഴിലും കാസർകോട് ജില്ലയിലെ ചില വാർഡുകളിൽ കന്നഡ ഭാഷയിലും ആണ് ബാലറ്റ് ലേബലും ബാലറ്റ് പേപ്പറും അച്ചടിക്കുക.

36 ഗ്രാമപഞ്ചായത്തുകളിലായി 375 വാർഡുകളിൽ തമിഴിലും 18 ഗ്രാമപഞ്ചായത്തുകളിലായി 228 വാർഡുകളിൽ കന്നഡയിലും ബാലറ്റ് ലേബൽ, ബാലറ്റ് പേപ്പർ അച്ചടിക്കും. ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ 36 ഡിവിഷനുകളിലും ജില്ലാ പഞ്ചായത്ത് പരിധിയിൽ 375 വാർഡുകളിലും തമിഴ് ബാലറ്റ് ലേബൽ, ബാലറ്റ് പേപ്പർ അച്ചടിക്കും. മുനിസിപ്പാലിറ്റി പരിധിയിൽ മൂന്ന് വാർഡുകളിൽ തമിഴിലും 38 വാർഡുകളിൽ കന്നഡയിലും ബാലറ്റ് ലേബൽ, ബാലറ്റ് പേപ്പർ അച്ചടിക്കുന്നുണ്ട്. കോർപ്പറേഷൻ പരിധിയിൽ ആകെ രണ്ട് വാർഡുകളിലാണ് തമിഴ് ബാലറ്റ് ലേബൽ, ബാലറ്റ് പേപ്പർ അച്ചടിക്കുന്നത്.

തിരുവനന്തപുരം കോർപ്പറേഷന് കിഴീൽ വരുന്ന വലിയശാല, കരമന എന്നീ വാർഡുകളിലാണ് തമിഴ് ബാലറ്റ് ലേബൽ, ബാലറ്റ് പേപ്പർ അച്ചടിക്കുന്നത്. പാലക്കാട് ജില്ലയിലെ ചിറ്റൂർ - തത്തമംഗലം മുനിസിപ്പാലിറ്റിയിലെ മൂന്ന് വാർഡുകളിൽ തമിഴിലും കാസർകോട് ജില്ലയിലെ കാസർകോട് മുൻസിപ്പാലിറ്റിക്ക് കീഴിൽ വരുന്ന 38 വാർഡുകളിൽ കന്നഡയിലും അച്ചടിക്കും. കൊല്ലം ജില്ലയിലെ മൂന്ന് ഗ്രാമപഞ്ചായത്തുകളിലായി 12 വാർഡുകളിലും, പത്തനംതിട്ടയിലെ രണ്ട് ഗ്രാമപഞ്ചായത്തുകളിലായി മൂന്ന് വാർഡുകളിലും ഇടുക്കിയിലെ 22 ഗ്രാമപഞ്ചായത്തുകളിലായി 224 വാർഡുകളിലും, പാലക്കാട് എട്ട് ഗ്രാമപഞ്ചായത്തുകളിലായി 135 വാർഡുകളിലും, വയനാട് തവിഞ്ഞാൽ ഗ്രാമപഞ്ചായത്തിലെ കൈതക്കൊല്ലി വാർഡിലും തമിഴ് ഭാഷയിലും ബാലറ്റ് ലേബൽ, ബാലറ്റ് പേപ്പർ അച്ചടിക്കും. കാസർകോട് ജില്ലയിലെ 18 ഗ്രാമപഞ്ചായത്തുകളിലായി 228 വാർഡുകളിൽ കന്നഡയിലും ബാലറ്റ് ലേബൽ, ബാലറ്റ് പേപ്പർ അച്ചടിക്കും.

കൊല്ലം ജില്ലയിലെ അഞ്ചൽ ബ്ലോക്ക് പഞ്ചായത്തിന് കീഴിലെ മൂന്ന് ഡിവിഷനുകളിലായി വരുന്ന 12 വാർഡുകളിലും, പത്തനംതിട്ടയിലെ കോന്നി, റാന്നി ബ്ലോക്ക് പഞ്ചായത്തുകൾക്ക് കീഴിലെ രണ്ട് ഡിവിഷനുകളിലെ മൂന്ന് വാർഡുകളിലും, ഇടുക്കിയിലെ അഞ്ച് ബ്ലോക്ക് പഞ്ചായത്തുകളിലായി 22 ഡിവിഷനുകളിലെ 224 വാർഡുകളിലും, പാലക്കാട് മൂന്ന് ബ്ലോക്ക് പഞ്ചായത്തുകളിലെ എട്ട് ഡിവിഷനുകളിലായി 135 വാർഡുകളിലും, വയനാട് മാനന്തവാടി ബ്ലോക്ക് പഞ്ചായത്തിന് കീഴിലെ തവിഞ്ഞാൽ ഡിവിഷനിലെ ഒരു വാർഡിലും തമിഴ് ഭാഷയിൽ ബാലറ്റ് ലേബൽ, ബാലറ്റ് പേപ്പർ അച്ചടിക്കും. കാസർകോട് ജില്ലയിലെ നാല് ബ്ലോക്ക് പഞ്ചായത്തുകളിലായി 18 ഡിവിഷനുകളിൽ 228 വാർഡുകളിൽ കന്നഡയിലും ബാലറ്റ് ലേബൽ, ബാലറ്റ് പേപ്പർ അച്ചടിക്കും.

കൊല്ലം ജില്ലാ പഞ്ചായത്തിലെ 12 വാർഡുകൾ, പത്തനംതിട്ട ജില്ലാ പഞ്ചായത്തിലെ മൂന്ന് വാർഡുകൾ, ഇടുക്കി ജില്ലാ പഞ്ചായത്തിലെ 224 വാർഡുകൾ, പാലക്കാട് ജില്ലാ പഞ്ചായത്തിലെ 135 വാർഡുകൾ, വയനാട് ജില്ലാ പഞ്ചായത്തിലെ ഒരു വാർഡിലും തമിഴ് ഭാഷയിലും അച്ചടിക്കും. കാസർകോട് ജില്ലാ പഞ്ചായത്തിലെ 228 വാർഡുകളിൽ കന്നഡയിലും ബാലറ്റ് ലേബൽ, ബാലറ്റ് പേപ്പർ അച്ചടിക്കും.

വാർഡുകളെ സംബന്ധിക്കുന്ന വിശദ വിവരങ്ങൾ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ വെബ്സൈറ്റിൽ (**sec.kerala.gov.in**) **What's new** എന്ന വിഭാഗത്തിൽ ലഭ്യമാണ്.

*(എസ്.ഇ.സി.106/2020)*

## സ്ഥാനാർത്ഥികൾക്ക് അനുവദിച്ച ചിഹ്നങ്ങൾക്ക് മാറ്റമുണ്ടാകില്ല: സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ

തദ്ദേശ ഭരണസ്ഥാപന തിരഞ്ഞെടുപ്പിലെ സ്ഥാനാർത്ഥികൾക്ക് അനുവദിച്ച ചിഹ്നങ്ങളിൽ മാറ്റമുണ്ടാകില്ലെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി. ഭാസ്കരൻ അറിയിച്ചു. സ്ഥാനാർത്ഥി പട്ടികയിലെ പേരുകളുടെ ക്രമത്തിലും മാറ്റം വരുത്താനാകില്ല. ഇതു സംബന്ധിച്ച് ലഭിച്ച പരാതികൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലാണ് കമ്മീഷൻ വ്യക്തത വരുത്തിയത്.

പഞ്ചായത്ത് രാജ് ആക്ടിലെ 57(2)-ാം വകുപ്പു പ്രകാരവും മുനിസിപ്പാലിറ്റി ആക്ടിലെ 113(2)-ാം വകുപ്പു പ്രകാരവും മത്സരിക്കുന്ന സ്ഥാനാർത്ഥികളുടെ പട്ടിക തയ്യാറാക്കുമ്പോൾ അവരുടെ പേരുകൾ ക്രമീകരിക്കേണ്ടത് മലയാളം അക്ഷരമാല ക്രമത്തിലാണ്. അപ്രകാരം പേരുകൾ ക്രമീകരിക്കുമ്പോൾ ഓരേ പേരുള്ള ആളുകളുടെ പേരുകൾ അടുത്തടുത്തു വരുന്നു. എന്നാൽ 1951 ലെ ജനപ്രാതിനിധ്യ നിയമത്തിലെ 38(2) വകുപ്പു പ്രകാരം പേര് ക്രമീകരിക്കുന്നത് അംഗീകൃത രാഷ്ട്രീയ പാർട്ടികളുടെ സ്ഥാനാർത്ഥികൾ, രജിസ്ട്രേഡ് രാഷ്ട്രീയ പാർട്ടികളുടെ സ്ഥാനാർത്ഥികൾ, മറ്റു സ്ഥാനാർത്ഥികൾ എന്ന ക്രമത്തിലാണ്.

ലോക്സഭാ- നിയമസഭാ തിരഞ്ഞെടുപ്പുകളിൽ രാഷ്ട്രീയ പാർട്ടികളുടെ സ്ഥാനാർഥികളുടെ പേര് ആദ്യം കൊടുക്കുന്ന തിനുള്ള ജനപ്രാതിനിധ്യ നിയമത്തിലെ വ്യവസ്ഥകൾ പഞ്ചായത്ത് രാജ് ആക്ടിലും മുനിസിപ്പാലിറ്റി ആക്ടിലും ബന്ധ പ്പെട്ട ചട്ടങ്ങളിലും ഇല്ലെന്നും കമ്മീഷൻ വ്യക്തമാക്കി. അതിനാൽ സ്വതന്ത്ര സ്ഥാനാർത്ഥികളുടെ പേരും ചിഹ്നവും രാ ഷ്ട്രീയ പാർട്ടി സ്ഥാനാർത്ഥികളുടെ പേരിനും ചിഹ്നത്തിനും ശേഷം ചേർക്കണമെന്ന ആവശ്യവും അനുവദിക്കാനാവി ല്ലെന്ന് തിരഞ്ഞെടുപ്പ് കമ്മീഷണർ അറിയിച്ചു..

ബന്ധപ്പെട്ട വരണാധികാരികളാണ് വ്യവസ്ഥകൾ പാലിച്ചുകൊണ്ട് സ്ഥാനാർത്ഥികൾക്ക് ചിഹ്നം അനുവദിക്കുന്നത്. ഇ പ്രകാരം അനുവദിച്ചുകഴിഞ്ഞ ചിഹ്നങ്ങൾ പിൻവലിക്കാനോ മറ്റൊരു ചിഹ്നം അനുവദിക്കാനോ സാധ്യമല്ല. കേരള പ ഞ്ചായത്ത്, കേരള മുനിസിപ്പാലിറ്റി തിരഞ്ഞെടുപ്പ് ചട്ടങ്ങൾ പ്രകാരവും തിരഞ്ഞെടുപ്പ് കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള സിംബൽ അലോട്ട്മെന്റ് ഉത്തരവ് പ്രകാരവുമാണ് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ചിഹ്നങ്ങളുടെ പട്ടിക ഗസറ്റിൽ വിജ്ഞാപനം ചെയ്യുന്നത്. ഈ പട്ടികയിൽ നിന്നും വരണാധികാരി സ്ഥാനാർത്ഥികൾക്ക് ചിഹ്നം അനുവദിക്കുകയാണ് ചെയ്യുന്നത്. ചിഹ്നങ്ങളുടെ പുതിയ പട്ടിക 2020 നവംബർ ആറിലെ വിജ്ഞാപന പ്രകാരം സംസ്ഥാന തിരഞ്ഞെടുപ്പ് ക മ്മീഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ തിരഞ്ഞെടുപ്പിൽ മത്സരിക്കുന്ന സ്ഥാനാർത്ഥികളുടെ പേരും ചിഹ്നവും ഉൾക്കൊ ള്ളുന്ന പട്ടിക 2020 നവംബർ 23ന് പ്രസിദ്ധീകരിച്ച

ശേഷമാണ് ഇതുസംബന്ധിച്ച് പരാതി ലഭിച്ചത്. ഈ സാഹചര്യത്തിൽ സ്ഥാനാർത്ഥികൾക്ക് നിലവിൽ അനുവദിച്ചിട്ടു ള്ള ചിഹ്നം പിൻവലിക്കാനോ മറ്റൊരു ചിഹ്നം അനുവദിക്കാനോ സാധ്യമല്ലെന്നും തിരഞ്ഞെടുപ്പ് കമ്മീഷണർ അറി യിച്ചു.

*(എസ്.ഇ.സി.105/2020)*

## <u>പ്രത്യേക പോളിംഗ് ഓഫീസർക്കും പോളിംഗ് അസിസ്റ്റന്റിനും വേതനം നിശ്ചയിച്ചു</u>

കോവിഡ് ബാധിതർക്കും ക്വാറന്റീനിലുള്ളവർക്കും സ്പെഷ്യൽ ബാലറ്റ് പേപ്പർ വിതരണത്തിന് നിയോഗിക്കുന്ന പ്രത്യേക പോളിംഗ് ഓഫീസർ, പോളിംഗ് അസിസ്റ്റന്റ് എന്നിവരുടെ വേതനം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നി ശ്ചയിച്ചു. പ്രത്യേക പോളിംഗ് ഓഫീസർക്ക് പ്രതിദിനം 1000 രൂപയും പോളിംഗ് അസിസ്റ്റന്റിന് 750 രൂപയുമാണ് ല ഭിക്കുക. ഇതുകൂടാതെ പ്രതിദിനം 250 രൂപ ഭക്ഷണ ചെലവായും അനുവദിക്കും.

*(എസ്.ഇ.സി.104/2020)*

## <u>ബാലറ്റ് സൂക്ഷിക്കാൻ ട്രഷറികളിൽ അവധി ദിവസങ്ങളിലും ക്രമീകരണം</u>

സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പൊതു തിരഞ്ഞെടുപ്പിലേക്കുള്ള ബാലറ്റ് പേപ്പറുകളുടെ അച്ചടി സർക്കാർ പ്രസ്സുകളിൽ പുരോഗമിക്കുന്നു. അവ പൂർത്തിയായാലുടൻ അവിടെ നിന്നും ശേഖരിച്ച് പോളിംഗിന്റെ ആവശ്യത്തിന് വിതരണം ചെയ്യുന്നതുവരെ സുരക്ഷിതമായി സൂക്ഷിക്കേണ്ടതുണ്ട്. ഈ സാഹചര്യത്തിൽ വരണാധി കാരികൾക്ക് പ്രിന്റ് ചെയ്ത് ലഭിക്കുന്ന ബാലറ്റ് പേപ്പറുകൾ അവധി ദിവസങ്ങളിലും ട്രഷറികളിൽ സൂക്ഷിക്കുന്നതിന് സൗകര്യമേർപ്പെടുത്താൻ എല്ലാ ട്രഷറി ഓഫീസർമാർക്കും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി. ഭാസ്കരൻ നിർദേശം നൽകി.

*(എസ്.ഇ.സി.103/2020)*

Email:
contact.seckerala@gmail.com
cru.sec@kerala.gov.in

# പത്രക്കുറിപ്പ്

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

27th November 2020

## തദ്ദേശ തിരഞ്ഞെടുപ്പ്: സംസ്ഥാനത്ത് ആകെ 74,899 സ്ഥാനാർത്ഥികൾ

തദ്ദേശ തിരഞ്ഞെടുപ്പിൽ സംസ്ഥാനത്താകെ മത്സരരംഗത്തുള്ളത് 74,899 സ്ഥാനാർത്ഥികൾ. 38,593 പുരുഷന്മാരും 36,305 സ്ത്രീകളും ട്രാൻസ്ജെന്റർ വിഭാഗത്തിൽ നിന്നും ഒരാളുമാണ് മത്സരരംഗത്തുള്ളത്. ഏറ്റവും കൂടുതൽ സ്ഥാനാർത്ഥികൾ ഉള്ളത് മലപ്പുറം ജില്ലയിലാണ് (8,387). വയനാട് ജില്ലയിലാണ് ഏറ്റവും കുറവ് സ്ഥാനാർത്ഥികൾ (1,857). ഏറ്റവുമധികം വനിതാ സ്ഥാനാർത്ഥികളും മലപ്പുറം ജില്ലയിലാണ് (4,390). ട്രാൻസ്ജെന്റർ വിഭാഗത്തിലെ ഏക സ്ഥാനാർത്ഥി കണ്ണൂർ കോർപ്പറേഷനിലാണ് മത്സരിക്കുന്നത്.

തിരുവനന്തപുരം ജില്ലയിൽ മത്സര രംഗത്തുള്ളത് 6465 സ്ഥാനാർത്ഥികളാണ്. ഇതിൽ 3343 പുരുഷന്മാരും 3122 സ്ത്രീകളുമാണുള്ളത്. കൊല്ലം 5723 (പു- 3040, സ്ത്രീ- 2683), പത്തനംതിട്ട 3699 (പു- 2014, സ്ത്രീ- 1685), ആലപ്പുഴ 5463 (പു- 2958, സ്ത്രീ- 2505), കോട്ടയം 5432 (പു- 2828, സ്ത്രീ- 2604), ഇടുക്കി 3234 (പു- 1646, സ്ത്രീ- 1588), എറണാകുളം 7255 (പു-3732, സ്ത്രീ- 3523), തൃശ്ശൂർ 7020 (പു- 3671, സ്ത്രീ- 3349), പാലക്കാട് 6587 (പു- 3321, സ്ത്രീ- 3266), മലപ്പുറം 8387 (പു- 3997, സ്ത്രീ- 4390), കോഴിക്കോട് 5985 (പു- 3078, സ്ത്രീ- 2907), വയനാട് 1857 (പു- 987, സ്ത്രീ- 870), കണ്ണൂർ 5144 (പു- 2630, സ്ത്രീ- 2513, ട്രാൻസ്ജെന്റർ- 1), കാസർകോട് 2648 (പു- 1348, സ്ത്രീ- 1300) എന്നിങ്ങനെയാണ് വിവിധ ജില്ലകളിൽ ജനവിധി തേടുന്ന സ്ഥാനാർത്ഥികളുടെ ആകെ എണ്ണം.

അന്തിമ പട്ടിക പ്രകാരം ഓരോ ജില്ലയിലേയും മത്സരരംഗത്തുള്ള സ്ഥാനാർത്ഥികളുടെ എണ്ണം ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമപഞ്ചായത്ത്, കോർപ്പറേഷൻ, മുനിസിപ്പാലിറ്റി എന്ന ക്രമത്തിൽ ചുവടെ -

| ജില്ല | ജില്ലാ പഞ്ചായത്ത് | | ബ്ലോക്ക് പഞ്ചായത്ത് | | ഗ്രാമ പഞ്ചായത്ത് | | കോർപ്പറേഷൻ | | | മുനിസിപ്പാലിറ്റി | | സ്ഥാനാർത്ഥികൾ | | | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | പു. | സ്ത്രീ | പു. | സ്ത്രീ | പു. | സ്ത്രീ | പു. | സ്ത്രീ | ട്രാൻസ് ജെന്റർ | പു. | സ്ത്രീ | പു. | സ്ത്രീ | ട്രാൻസ് ജെന്റർ | |
| തിരുവനന്തപുരം | 45 | 52 | 266 | 257 | 2482 | 2291 | 277 | 279 | 0 | 273 | 243 | 3343 | 3122 | 0 | **6465** |
| കൊല്ലം | 50 | 57 | 279 | 249 | 2357 | 2055 | 115 | 116 | 0 | 239 | 206 | 3040 | 2683 | 0 | **5723** |
| പത്തനംതിട്ട | 26 | 34 | 187 | 155 | 1542 | 1261 | 0 | 0 | 0 | 259 | 235 | 2014 | 1685 | 0 | **3699** |
| ആലപ്പുഴ | 39 | 43 | 272 | 236 | 2251 | 1833 | 0 | 0 | 0 | 396 | 393 | 2958 | 2505 | 0 | **5463** |
| കോട്ടയം | 40 | 49 | 256 | 235 | 2165 | 1953 | 0 | 0 | 0 | 367 | 367 | 2828 | 2604 | 0 | **5432** |
| ഇടുക്കി | 29 | 31 | 174 | 163 | 1319 | 1276 | 0 | 0 | 0 | 124 | 118 | 1646 | 1588 | 0 | **3234** |
| എറണാകുളം | 50 | 55 | 307 | 304 | 2450 | 2274 | 203 | 197 | 0 | 722 | 693 | 3732 | 3523 | 0 | **7255** |
| തൃശ്ശൂർ | 52 | 55 | 366 | 323 | 2649 | 2381 | 108 | 122 | 0 | 496 | 468 | 3671 | 3349 | 0 | **7020** |
| പാലക്കാട് | 59 | 67 | 310 | 326 | 2557 | 2459 | 0 | 0 | 0 | 395 | 414 | 3321 | 3266 | 0 | **6587** |
| മലപ്പുറം | 63 | 82 | 384 | 455 | 2841 | 3038 | 0 | 0 | 0 | 709 | 815 | 3997 | 4390 | 0 | **8387** |
| കോഴിക്കോട് | 47 | 55 | 283 | 274 | 2135 | 1959 | 172 | 178 | 0 | 441 | 441 | 3078 | 2907 | 0 | **5985** |
| വയനാട് | 28 | 27 | 91 | 80 | 703 | 605 | 0 | 0 | 0 | 165 | 158 | 987 | 870 | 0 | **1857** |
| കണ്ണൂർ | 37 | 42 | 228 | 209 | 1853 | 1691 | 104 | 101 | 1 | 408 | 470 | 2630 | 2513 | 1 | **5144** |
| കാസർഗോഡ് | 29 | 36 | 137 | 126 | 1017 | 974 | 0 | 0 | 0 | 165 | 164 | 1348 | 1300 | 0 | **2648** |
| ആകെ | 594 | 685 | 3540 | 3392 | 28321 | 26050 | 979 | 993 | 1 | 5159 | 5185 | 38593 | 36305 | 1 | **74,899** |

*(എസ്.ഇ.സി.102/2020)*

## സ്പെഷ്യൽ തപാൽ വോട്ട്: കോവിഡ് ബാധിതരുടെ പട്ടിക നവംബർ 29 മുതൽ തയ്യാറാക്കും

ആദ്യഘട്ട തദ്ദേശ തിരഞ്ഞെടുപ്പിൽ കോവിഡ് ബാധിതർക്കും ക്വാറന്റീനിലുള്ളവർക്കും സ്പെഷ്യൽ തപാൽ വോട്ട് അനുവദിക്കുന്നതിനായുള്ള പട്ടിക (സർട്ടിഫൈഡ് ലിസ്റ്റ്) നവംബർ 29 മുതൽ തയ്യാറാക്കുമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി. ഭാസ്കരൻ അറിയിച്ചു. മറ്റ് ജില്ലകളിൽ കഴിയുന്ന കോവിഡ് ബാധിതർക്കും ക്വാറന്റീനിലുള്ളവർക്കും സ്പെഷ്യൽ തപാൽ വോട്ട് അനുവദിക്കും. ഡിസംബർ എട്ടിന് തിരഞ്ഞെടുപ്പ് നടക്കുന്ന തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി എന്നീ ജില്ലകളിൽ നവംബർ 29ന് തന്നെ ആദ്യ സർട്ടിഫൈഡ് ലിസ്റ്റ് ഡെസിഗ്നേറ്റഡ് ഹെൽത്ത് ഓഫീസർ തയ്യാറാക്കി ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന് കൈമാറണം. കൂടാതെ നവംബർ 30 മുതൽ ഡിസംബർ ഏഴിന് വൈകുന്നേരം മൂന്നുവരെയുള്ള ദിവസങ്ങളിലെ സർട്ടിഫൈഡ് ലിസ്റ്റും അതാത് ദിവസങ്ങളിൽ കൈമാറേണ്ടതാണ്.

ഡിസംബർ എട്ടിന് വോട്ടെടുപ്പ് നടക്കുന്ന ജില്ലകളിൽ നിന്നുള്ളവർ ഉൾപ്പെടുന്ന ആദ്യ സർട്ടിഫൈഡ് ലിസ്റ്റ് കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, വയനാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ ഡെസിഗ്നേറ്റ്ഡ് ഹെൽത്ത് ഓഫീസർമാർ നവംബർ 29ന് തയ്യാറാക്കണം. തുടർന്ന് ഡിസംബർ ഏഴുവരെ തിയതിക ളിൽ കോവിഡ് പോസിറ്റീവ് ആയവരുടെയും ക്വാറന്റീനിൽ ഉള്ളവരുടെയും ലിസ്റ്റും തയ്യാറാക്കണം. അത്തരത്തിലുള്ള ഒൻപത് ജില്ലകളിലെ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ അവർക്ക് ലഭിക്കുന്ന സർട്ടിഫൈഡ് ലിസ്റ്റുകൾ ആദ്യ ഘട്ട തി രഞ്ഞെടുപ്പ് നടക്കുന്ന അഞ്ച് ജില്ലകളിലെ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്ക് അതേ ദിവസംതന്നെ അറിയിച്ചിരിക്കേണ്ടതാണ്. ഇത്തരത്തിൽ തിരഞ്ഞെടുപ്പിന്റെ ഓരോ ഘട്ടത്തിലും മറ്റ് ജില്ലകളിൽ കഴിയുന്ന സ്പെഷ്യൽ വോട്ടർമാർ ഉൾപ്പെടുന്ന സർട്ടിഫൈഡ് ലിസ്റ്റ് തിരഞ്ഞെടുപ്പിന് 10 ദിവസം മുമ്പ് മുതൽ അതാത് ദിവസം ഡെസിഗ്നേറ്റഡ് ഹെൽത്ത് ഓഫീസർ തയ്യാറാക്കി ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന് കൈമാറണം. ഈ പട്ടിക സ് പെഷ്യൽ വോട്ടറുൾപ്പെടുന്ന ജില്ലയിലെ തിരഞ്ഞെടുപ്പ് ഉദ്യോഗസസ്ഥന് അതാത് ദിവസം തന്നെ നൽകണം.

ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ നൽകുന്ന പട്ടികയിലുള്ള മറ്റ് ജില്ലകളിൽ രജിസ്റ്റർ ചെയ്ത വോട്ടർമാർക്കുള്ള പോ സ്റ്റൽ ബാലറ്റ് അതാത് തദ്ദേശ സ്ഥാപനങ്ങളിലെ വരണാധികാരികൾ അയച്ച് കൊടുക്കും. സമ്മതിദായകരെ കുറിച്ചുള്ള രേഖപ്പെടുത്തലുകൾ വോട്ടർ പട്ടികയുമായി ബന്ധപ്പെടുത്തി പരിശോധിച്ചതിനു ശേഷമായിരിക്കും പോസ് റ്റൽ ബാലറ്റ് അനുവദിക്കുക. വോട്ട് രേഖപ്പെടുത്തിയതിന് ശേഷം രജിസ്ട്രേഡ് പോസ്റ്റ് മുഖേനയോ ആൾവശമോ ബാലറ്റ് പേപ്പറും സത്യപ്രസ്താവനയും അടങ്ങിയ കവർ വാർഡിലെ വോട്ടെണ്ണൽ ആരംഭിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള സമയത്തിന് മുൻപ് വരണാധികാരിക്ക് ലഭിക്കത്തക്കവിധം തിരികെ നൽകേണ്ടതാണ്.

ഡിസംബർ 10ന് തിരഞ്ഞെടുപ്പ് നടക്കുന്ന കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, വയനാട് എന്നീ ജില്ലകളിൽ ഡിസംബർ ഒന്നിന് തന്നെ ആദ്യ സർട്ടിഫൈഡ് ലിസ്റ്റ് ഡെസിഗ്നേറ്റഡ് ഹെൽത്ത് ഓഫീസർ തയ്യാറാക്കി ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന് കൈമാറേണ്ടതാണ്. ഡിസംബർ രണ്ട് മുതൽ ഡിസംബർ ഒൻപതിന് വൈകിട്ട് മൂന്ന് വരെയുള്ള സർട്ടിഫൈഡ് ലിസ്റ്റും അതാത് ദിവസങ്ങളിൽ കൈമാറേണ്ടതാണ്. ഡിസംബർ 14ന് തിരഞ്ഞെടുപ്പ് നടക്കുന്ന മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഡിസംബർ അഞ്ചിന് തന്നെ ആദ്യ സർട്ടിഫൈഡ് ലിസ്റ്റ് ഡെസിഗ്നേറ്റഡ് ഹെൽത്ത് ഓഫീസർ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന് കൈമാറണം. ഡിസം ബർ ആറ് മുതൽ 13 വൈകിട്ട് മൂന്ന് വരെയുള്ള സർട്ടിഫൈഡ് ലിസ്റ്റും അതാത് ദിവസങ്ങളിൽ കൈമാറേണ്ടതാണ്.

*(എസ്.ഇ.സി.101/2020)*

## പ്രത്യേക ബാലറ്റ് പേപ്പറുകളുടെ എണ്ണം വരണാധികാരികൾ നിർണയിക്കണം

കോവിഡ് ബാധിതർക്കും ക്വാറന്റീനിലുള്ളവർക്കും നൽകുന്ന പ്രത്യേക ബാലറ്റ് പേപ്പറുകളുടെ എണ്ണം ബന്ധപ്പെട്ട വരണാധികാരികൾ നിർണയിക്കണമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ കമ്മീഷണർ വി. ഭാസ്കരൻ അറിയിച്ചു. അന്തിമ സ്ഥാനാർത്ഥി പട്ടിക തയ്യാറാക്കുന്ന ദിവസത്തെ കോവിഡ് ബാധിതരുടെയും നിരീക്ഷണത്തിൽ കഴിയുന്നവരുടെയും എണ്ണത്തെ അടിസ്ഥാനമാക്കിയാണ് കണക്കെടുക്കേണ്ടത്. സർട്ടിഫൈഡ് ലിസ്റ്റിലുള്ളവരുടെ എണ്ണം കൂടിവരാമെന്നതി നാൽ ബാലറ്റുകളുടെ എണ്ണം കണക്കാക്കാൻ പ്രദേശത്തെ ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥന്റെ സഹായം വരണാധികാരി തേടേണ്ടതാണ്. വരണാധികാരിക്ക് മുൻകരുതലായി ആവശ്യമാണെന്നു കാണുന്ന പ്രത്യേക പോസ്റ്റൽ ബാലറ്റുപേപ്പറുകളുടെ കണക്ക് യാഥാർത്ഥ്യബോധത്തോടെ എടുക്കേണ്ടതാണ്.

*(എസ്.ഇ.സി.100/2020)*

Email:
contact.seckerala@gmail.com
cru.sec@kerala.gov.in

# പത്രക്കുറിപ്പ്

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

26th November 2020

## തദ്ദേശ തിരഞ്ഞെടുപ്പ് കോവിഡ് ബാധിതർക്ക് വോട്ട് ചെയ്യുന്നതിനുള്ള മാർഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു

തദ്ദേശ തിരഞ്ഞെടുപ്പിൽ കോവിഡ് ബാധിതരെയും ക്വാറന്റീനിൽ ഉള്ളവരെയും പ്രത്യേക വിഭാഗം സമ്മതിദായകരായി (സ്പെഷ്യൽ വോട്ടർ) പരിഗണിച്ച് വോട്ട് രേഖപ്പെടുത്താൻ അനുമതി നൽകുന്ന വിജ്ഞാപനമായതിനെ തുർന്ന് വോട്ടു ചെയ്യുന്നതിനുള്ള മാർഗ നിർദ്ദേശങ്ങൾ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി.ഭാസ്കരൻ പുറപ്പെടുവിച്ചു.

വോട്ടെടുപ്പിന് തലേദിവസം വൈകിട്ട് മൂന്നുവരെ കോവിഡ് സ്ഥിരീകരിച്ചവർക്കോ ക്വാറന്റീനിലുള്ളവർക്കോ പോസ്റ്റൽ വോട്ട് അനുവദിക്കും. ഇതിന് ശേഷം രോഗം സ്ഥിരീകരിക്കുന്നവർക്ക് വോട്ടെടുപ്പ് ദിവസം അവസാന മണിക്കൂറിൽ (വൈകിട്ട് അഞ്ച് മുതൽ ആറ് വരെ മറ്റ് വോട്ടർമാർ, ടോക്കൺ ലഭിച്ചവർ തുടങ്ങിയവർ വോട്ട് രേഖപ്പെടുത്തിയ ശേഷം) പോളിംഗ് സ്റ്റേഷനിൽ നേരിട്ടെത്തി വോട്ട് രേഖപ്പെടുത്താം.

സർക്കാർ നിയോഗിക്കുന്ന അധികാരപ്പെടുത്തിയ ആരോഗ്യ ഓഫീസർമാരാണ് (ഡെസിഗ്നേറ്റഡ് ഹെൽത്ത് ഓഫീസർ)

പ്രത്യേക സമ്മതിദായകരുടെ സാക്ഷ്യപ്പെടുത്തിയ പട്ടിക (സർട്ടിഫൈഡ് ലിസ്റ്റ്) തയ്യാറാക്കുക. വോട്ടെടുപ്പ് നടത്തുന്ന ദിവസത്തിന് പത്ത് ദിവസം മുൻപ് മുതൽ വോട്ടെടുപ്പ് നടത്തുന്ന ദിവസം വരെയുള്ള കാലയളവിലെ പട്ടികയാണ് നിയുക്ത ആരോഗ്യ ആഫീസർ തയ്യാറാക്കുക. മെഡിക്കൽ ഓഫീസർ നൽകുന്ന സാക്ഷ്യപ്പെടുത്തിയ പട്ടികയിലുള്ള വോട്ടർമാർക്ക് സ്പെഷ്യൽ പോളിംഗ് ഓഫീസറും പോളിംഗ് അസിസ്റ്റന്റുമാണ് സ്പെഷ്യൽ പോസ്റ്റൽ ബാലറ്റ് വിതരണം ചെയ്യുക. പ്രത്യേക പോളിംഗ് ഓഫീസർ നൽകുന്ന പോസ്റ്റൽ ബാലറ്റ് പേപ്പർ ലഭിച്ചതായി ഫാറം 19 ബിയിൽ ഒപ്പിട്ട് നൽകേണ്ടതാണ്.

സ്പെഷ്യൽ പോളിംഗ് ഓഫീസർ നൽകുന്ന അപേക്ഷ പൂരിപ്പിച്ച് ഒപ്പിട്ട് തിരികെ നൽകിയാൽ സത്യപ്രസ്താവനയും പോസ്റ്റൽ ബാലറ്റും ലഭിക്കും. സ്പെഷ്യൽ വോട്ടർ സത്യപ്രസ്താവന സ്പെഷ്യൽ പോളിംഗ് ഓഫീസർ മുമ്പാകെ ഒപ്പിടുക. അതിനു ശേഷം ഫാറം 16ലെ സത്യപ്രസ്താവന പ്രത്യേക പോളിംഗ് ആഫീസർ സാക്ഷ്യപ്പെടുത്തേണ്ടതാണ്. പിന്നീട് സ്പെഷ്യൽ വോട്ടർ വീടിനകത്തു പോയി രഹസ്യ സ്വഭാവം കാത്ത് സൂക്ഷിച്ചുകൊണ്ടാകണം വോട്ട് രേഖപ്പെടുത്തേണ്ടത്. പ്രത്യേക സമ്മതിദായകൻ വോട്ട് രേഖപ്പെടുത്തിയതിന് ശേഷം പ്രത്യേക പോസ്റ്റൽ ബാലറ്റ് പേപ്പറും സത്യപ്രസ്തവനയും വെവ്വേറെ കവറിൽ അടക്കം ചെയ്ത് ഒട്ടിച്ച് മൂന്നാമത്തെ കവറിൽ അവ ഉള്ളടക്കം ചെയ്ത് ഒട്ടിച്ച് വരണാധികാരിക്ക് നൽകുന്നതിനായി സ്പെഷ്യൽ പോളിംഗ് ഓഫീസർക്ക് കൈമാറേണ്ടതാണ്. പോസ്റ്റൽ ബാലറ്റ് ഇപ്രകാരം സ്പെഷ്യൽ പോളിംഗ് ഓഫീസർക്ക് കൈമാറുവാൻ താൽപര്യമില്ലാത്തവർ ആൾവശമോ തപാൽ വഴിയോ വരണാധികാരിക്ക് എത്തിക്കേണ്ടതാണ്.

പോസ്റ്റൽ ബാലറ്റ് പേപ്പർ ലഭിച്ചതിന് സമ്മതിദായകന് പ്രത്യേക പോളിംഗ് ഓഫീസർ രസീത് നൽകും. വോട്ടെടുപ്പിന് തലേദിവസം വൈകിട്ട് മൂന്നു വരെ സർട്ടിഫൈഡ് ലിസ്റ്റിൽ ഉൾപ്പെടുന്നവർക്കുള്ള പോസ്റ്റൽ ബാലറ്റ് വിതരണം അന്നേ ദിവസം വൈകിട്ട് അറിന് മുമ്പ് പൂർത്തീകരിക്കണം.സ്പെഷ്യൽ ബാലറ്റിനുവേണ്ടി നേരിട്ട് അപേക്ഷിക്കുന്ന സ്പെഷ്യൽ വോട്ടർമാർ കോവിഡ് രോഗിയെന്നോ നിർബന്ധിത ക്വാറന്റീൻ എന്നോ സാക്ഷ്യപ്പെടുത്താൻ അധികാരപ്പെടുത്തിയ ആരോഗ്യ വകുപ്പ് അധികാരിയുടെ സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

പോസ്റ്റൽ ബാലറ്റ് സ്വീകരിച്ച ശേഷം വോട്ട് രേഖപ്പെടുത്തി സ്പെഷ്യൽ കൈമാറാത്തവർക്ക് ബാലറ്റ് സ്വീകരിച്ചതിന് തെളിവായി പ്രത്യേക പോളിംഗ് ഓഫീസർക്ക് രസീത് നൽകണം. ഇത്തരം കേസുകളിലും നടപടി ക്രമങ്ങൾ പൂർത്തിയാക്കുന്നതിന് സമ്മതിദായകനെ സഹായിക്കുന്നതിനായി ഫാറം 16 ലെ പ്രഖ്യാപനം സ്പെഷ്യൽ പോളിംഗ് ഓഫീസർ അല്ലെങ്കിൽ ബന്ധപ്പെട്ട മെഡിക്കൽ ആഫീസർ സാക്ഷ്യപ്പെടുത്തേണ്ടതാണ്. വോട്ട് രേഖപ്പെടുത്തിയ പോസ്റ്റൽ ബാലറ്റ് പേപ്പറും മറ്റ് ഫാറങ്ങളും രജിസ്റ്റേർഡ് തപാൽ വഴിയോ അല്ലെങ്കിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ഏതെങ്കിലും മാർഗ്ഗ ത്തിലൂടെയോ വരണാധികാരിക്ക് ആ വാർഡിലെ വോട്ടെണ്ണൽ ആരംഭിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള സമയത്തിന് മുമ്പായി എത്തിക്കേണ്ടതാണ്.

*(എസ്.ഇ.സി.99/2020)*

## <u>പ്രത്യേക സമ്മതിദായകരും സാക്ഷ്യപ്പെടുത്തിയ പട്ടികയും</u>

കോവിഡ് പോസിറ്റീവ് ആയതോ ക്വാറന്റീനിലുള്ളതോ ആയ വോട്ടർമാരാണ് പ്രത്യേക വിഭാഗം സമ്മതിദായകർ (സ്പെഷ്യൽ വോട്ടേഴ്സ് ) . ഇവർക്ക് നൽകുന്ന പോസ്റ്റൽ ബാലറ്റ് പേപ്പറിനെ സ്പെഷ്യൽ ബാലറ്റ് പേപ്പർ എന്നാണ് വിളിക്കുക. കോവിഡ് പോസിറ്റീവ് ആകുന്നവരുടെയും നിർബന്ധിത ക്വാറന്റീൻ ആകുന്നവരുടെയും ലിസ്റ്റ് സാക്ഷ്യപ്പെടുത്തുന്നതിനായി ആരോഗ്യ കുടുംബ ക്ഷേമ വകുപ്പ് ഡെസിഗ്നേറ്റഡ് ഹെൽത്ത് ഓഫീസറെ നിയമിക്കും. ഇവരാണ് പ്രത്യേക സമ്മതിദായകരുടെ സാക്ഷ്യപ്പെടുത്തിയ പട്ടിക (സർട്ടിഫൈഡ് ലിസ്റ്റ്) തയ്യാറാക്കുക. വോട്ടെടുപ്പിന് പത്ത് ദിവസം മുമ്പ് മുതൽ തലേ ദിവസം വൈകിട്ട് മൂന്നു വരെ സർട്ടിഫൈഡ് ലിസ്റ്റിൽ ഉൾപ്പെട്ട് വരുന്ന സ്പെഷ്യൽ വോട്ടർമാർക്കാണ് സ്പെഷ്ൽ പോസ്റ്റൽ ബാലറ്റ് അനുവദിക്കുക.. വോട്ടെടുപ്പിന് തലേ ദിവസം വൈകിട്ട് മൂന്ന് മുതൽ വോട്ടെടുപ്പ് അവസാനിക്കുന്നതുവരെ സർട്ടിഫൈഡ് ലിസ്റ്റിൽ ഉൾപ്പെടുന്നവർക്ക് പോളിംഗ് സ്റ്റേഷനിൽ നേരിട്ട് ഹാജരായി വോട്ട് രേഖപ്പെടുത്താവുന്നതാണ്.

ഓരോ ജില്ലയിലേയും ഡെസിഗ്നേറ്റഡ് ഹെൽത്ത് ഓഫീസർമാർ സ്പെഷ്യൽ വോട്ടർമാരുടെ വിശദാംശങ്ങൾ അടങ്ങിയ സർട്ടിഫൈഡ് ലിസ്റ്റ് ഫോറം 19 എ യിൽ തയ്യാറാക്കണം. പോളിംഗിന് 10 ദിവസം മുമ്പ് ആദ്യ ലിസ്റ്റ് തയ്യാറാക്കി ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന് നൽകണം. തുടർന്ന് പോളിംഗിന് തലേ ദിവസം വൈകിട്ട് മൂന്നു വരെ അതാത് ദിവസങ്ങളിലെ ലിസ്റ്റും നൽകേണ്ടതാണ്. ആദ്യ ലിസ്റ്റ് തയ്യാറാക്കുന്ന ദിവസം വരെ കോവിഡ്പോസിറ്റീവ് ആയവരും അന്നേ ദിവസം വരെ നിരീക്ഷണത്തിൽ പ്രവേശിച്ചിട്ടുള്ളവരുമായവരെ മാത്രമേ സർട്ടിഫൈഡ് ലിസ്റ്റിൽ ഉൾപ്പെടുത്താവൂ. പ്രസ്തുത പത്ത് ദിവസത്തിന് മുമ്പ് കോവിഡ്19 നെഗറ്റീവ് ആയവരെയും നിരീക്ഷണം വിജയകരമായി പൂർത്തിയാക്കിയവരെയും സർട്ടിഫൈഡ് ലിസ്റ്റിൽ ഉൾപ്പെടുത്താൻ പാടില്ല. തുടർന്ന് പോളിംഗ് ദിവസത്തിന് തലേന്ന് വൈകിട്ട് മൂന്ന് വരെയുള്ള ദിവസങ്ങളിൽ പുതിയതായി കോവിഡ് പോസിറ്റീവ് ആയവരുടെയും നിരീക്ഷണത്തിൽ പ്രവേശിക്കുന്നവരുടെയും വിശദാംശങ്ങൾ അടങ്ങിയ ലിസ്റ്റ് അതാത് ദിവസങ്ങളിൽതന്നെ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്ക് കൊടുക്കേണ്ടതാണ്. ഡെസിഗ്നേറ്റഡ് ഹെൽത്ത് ഓഫീസർ സാക്ഷ്യാപ്പെടുത്താത്തതും എന്നാൽ സ്വയം നിരീക്ഷണത്തിൽ കഴിയുന്നതുമായ വ്യക്തികളുടെ വിശദാംശങ്ങൾ സർട്ടിഫൈഡ് ലിസ്റ്റിൽ ഉൾപ്പെടുത്താൻ പാടില്ല. ക്വാന്റീനിൽ ഉള്ള വോട്ടർമാരുടെ വിവരങ്ങൾ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന്റേയും / ഡെസിഗ്നേറ്റഡ് ഹെൽത്ത് ഓഫീസറുടെയും വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തണം. എന്നാൽ സാക്ഷ്യപ്പെടുത്തിയ പട്ടികയിലെ കോവിഡ് പോസിറ്റീവ് ആയവരുടെ വിവരങ്ങൾ പ്രസിദ്ധീകരിക്കാൻ പാടില്ല. ഇത്തരത്തിൽ അർഹതപ്പെട്ടവരുടെ പേര് വിവരം സർട്ടിഫൈഡ് ലിസ്ററിൽ നിന്ന് ഒഴിവായി പോകാതെ ശ്രദ്ധിക്കേണ്ട താണ്.

സർട്ടിഫൈഡ് ലിസ്റ്റ് തയ്യാറാക്കുന്നതു സംബന്ധിച്ച തുടർനടപടി പ്ലാൻ ചെയ്യുന്നതിനും അവ മറ്റ് ജില്ലകളിലേയ്ക്കും, റിട്ടേണിംഗ് ഓഫീസർമാർക്കും അയച്ചു കൊടുക്കുന്നതിനുമായി ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന്റെ ഓഫീസിൽ ആവശ്യമായ ഉദ്യോഗസ്ഥരും സജ്ജീകരണങ്ങളുമായി ഒരു സ്പെഷ്യൽസെല്ലിന്റെ പ്രവർത്തനം ഉടൻ ആരംഭിക്കും. സ്പെഷ്യൽ സെല്ലാണ് ഡെസിഗ്നേറ്റഡ് ഹെൽത്ത് ഓഫീസർ ലഭ്യമാക്കിയ ഫാറം 19 എ യിലെ സർട്ടിഫൈഡ് ലിസ്റ്റിലെ വിവരങ്ങൾ സപ്ലിമെന്ററി പട്ടികകൾ ഉൾപ്പെടെയുള്ള അന്തിമ വോട്ടർ പട്ടികയുമായി ഒത്തുനോക്കി പരിശോധിക്കേണ്ടതാണ്. സർട്ടിഫൈഡ് ലിസ്റ്റിൽ എല്ലാ രേഖപ്പെടുത്തലുകളും ഡെസിഗ്നേറ്റഡ് ഹെൽത്ത് ഓഫീസർ വരുത്തിയിട്ടില്ലായെങ്കിൽ സെൽ ആവശ്യമായ ഉൾപ്പെടുത്തലുകൾ വരുത്തിയതിനുശേഷം സർട്ടിഫൈഡ് ലിസ്റ്റ് റിട്ടേണിംഗ് ഓഫീസർക്ക് നൽകേണ്ടതാണ്. സർട്ടിഫൈഡ് ലിസ്റ്റിൽ മറ്റൊരു ജില്ലയിലെ വോട്ടറുണ്ടെങ്കിൽ അവരുടെ വിവരങ്ങൾ ബന്ധപ്പെട്ട ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന് അയച്ചു കൊടുക്കേണ്ടതും അദ്ദേഹം അത് അന്നു തന്നെ ബന്ധപ്പെട്ട വരണാധികാരിക്ക് കൊടുക്കേണ്ടതുമാണ്.

ആരോഗ്യവകുപ്പ് നൽകുന്ന ഫാറം 19 സി യിലെ സർട്ടിഫിക്കറ്റ് സഹിതം ഫാറം 19 ഡി യിൽ അപേക്ഷ നൽകി വരണാധികാരിയിൽ നിന്നും സ്പെഷ്യൽ പോസ്റ്റൽ ബാലറ്റ് വാങ്ങാവുന്നതാണ്. 19 സി സർട്ടിഫിക്കറ്റ് നൽകുന്നത് ഡെസിഗ്നേറ്റഡ് ഹെൽത്ത് ഓഫീസറാണ്. സർട്ടിഫൈഡ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഏതൊരു സ്പെഷ്യൽ വോട്ടർ ആവശ്യപ്പെട്ടാലും അവർക്ക് ഡെസിഗ്നേറ്റഡ് ഹെൽത്ത് ഓഫീസർ 19 സി സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്.പോസ്റ്റൽ ബാലറ്റിനായി ലഭിക്കുന്ന അത്തരം അപേക്ഷകളിലെ സർട്ടിഫിക്കറ്റ് ഉൾപ്പെടെയുള്ളവയുടെ ആധികാരികത ഉറപ്പു വരുത്തി പോളിംഗ് ഓഫീസർമാർക്ക് ബാലറ്റ് നൽകുന്നതിനുള്ള അതേ നടപടി ക്രമം പാലിച്ച് സ്പെഷ്യൽ പോസ്റ്റൽ ബാലറ്റ് നൽകുന്നതിനുള്ള നടപടി വരണാധികാരി സ്വീകരിക്കേണ്ടതാണ്.

പ്രത്യേക ബാലറ്റുപേപ്പറുകളുടെ ആവശ്യാനുസരണമുള്ള എണ്ണം അതാത് വരണാധികാരികൾ നിർണ്ണയിക്കണം. സ്ഥാനാർത്ഥികളുടെ പട്ടിക അന്തിമമാക്കുന്ന ദിവസത്തെ കോവിഡ് ബാധിതരുടെയും നിരീക്ഷണത്തിൽ കഴിയുന്നവരുടെയും എണ്ണത്തെ അടിസ്ഥാനമാക്കിയാണ് കണക്കെടുക്കേണ്ടത്. സർട്ടിഫൈഡ് ലിസ്റ്റിൽ ആളുകളുടെ എണ്ണം കൂടിവരാമെന്നതിനാൽ ആവശ്യമായ പ്രത്യേക ബാലറ്റുകളുടെ എണ്ണം കണക്കാക്കാൻ ആ പ്രദേശത്തെ ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥന്റെ സഹായം വരണാധികാരി തേടേണ്ടതാണ്. എങ്കിലും വരണാധികാരിക്ക് മുൻകരുതലായി യുക്തിഭദ്രമായി ആവശ്യമാണെന്നു കാണുന്ന അത്രയും എണ്ണം പ്രത്യേക പോസ്റ്റൽ ബാലറ്റു പേപ്പറുകൾ അച്ചടിക്കാവുന്നതാണ്.

*(എസ്.ഇ.സി.98/2020)*

## <u>തദ്ദേശ തിരഞ്ഞെടുപ്പ് ഡ്യൂട്ടി ഉദ്യോഗസ്ഥരുടെ നിയമന ഉത്തരവുകൾ നൽകി തുടങ്ങി</u>

ഡിസംബർ 8,10,14 തിയതികളിൽ നടക്കുന്ന തദ്ദേശ പൊതുതിരഞ്ഞെടുപ്പ് ജോലികൾക്കായുള്ള ഉദ്യോഗസ്ഥരുടെ നിയമന ഉത്തരവുകൾ നൽകി തുടങ്ങിയെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി.ഭാസ്ക്കരൻ അറിയിച്ചു . 'ഇ ഡ്രോപ്പ്' എന്ന സോഫ്റ്റ് വെയർ സംവിധാനം ഉപയോഗിച്ചാണ് ഉദ്യോഗസ്ഥരെ വിവിധ പോളിംഗ് സ്റ്റേഷനുകളിൽ വിന്യസിപ്പിച്ചിരിക്കുന്നത് . ഉദ്യോഗസ്ഥർക്ക് ഇതു സംബന്ധിച്ച അറിയിപ്പ് എസ്.എം. എസ്സിലൂടെ ലഭ്യമാകുന്ന മുറ യ്ക്ക് www.edrop.gov.in എന്ന വെബ് സാറ്റിൽ നിന്ന് നിയമന ഉത്തരവുകൾ ഡൗൺലോഡ് ചെയ്യാവുന്നതാണ്. ഡ്യൂട്ടി / ട്രയിനിംഗ് സംബന്ധിച്ച വിവരങ്ങൾ ഉത്തരവിൽ ലഭ്യമാണ്.

*(എസ്.ഇ.സി.97/2020)*

Email:
**contact.seckerala@gmail.com**
**cru.sec@kerala.gov.in**

# പത്രക്കുറിപ്പ്

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**

TELEPHONE: 0471-2321233
MOBILE :8281000127

**www.sec.kerala.gov.in**

**25th November 2020**

## തദ്ദേശ തിരഞ്ഞെടുപ്പ്: ഓഫീസുകളെയും ജീവനക്കാരെയും പണിമുടക്കിൽ നിന്നും ഒഴിവാക്കി

തദ്ദേശ സ്വയംഭരണ സ്ഥാപന തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഓഫീസുകളെയും ജീവനക്കാരെയും ദേശീയ പണിമുടക്കിൽ നിന്നും ഒഴിവാക്കിയതായി സംയുക്ത ട്രേഡ് യൂണിയൻ സംസ്ഥാന സമിതി പ്രസ്ഥാപിച്ചിട്ടുണ്ട്. അതിനാൽ ഇന്ന് (നവംബർ 26) തദ്ദേശ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ഓഫീസുകൾ തുറന്ന് പ്രവർത്തിക്കുമെന്ന് സംസ്ഥാന
തിരഞ്ഞെടുപ്പ് കമ്മീഷണർ വി. ഭാസ്കരൻ അറിയിച്ചു. പണിമുടക്ക് ദിവസം തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് നിരത്തിലിറങ്ങുന്ന ജീവനക്കാരുടെയും സർക്കാരിന്റെയും വാഹനങ്ങളിൽ 'ഇലക്ഷൻ ഡ്യൂട്ടി' എന്ന ബോർഡ് / സ്ലിപ്പ് പതിപ്പിക്കേണ്ടതാണ്.

*(എസ്.ഇ.സി.97/2020)*

## തദ്ദേശ തിരഞ്ഞെടുപ്പ്: ഹരിതചട്ടം കർശനമായി പാലിക്കാൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശം

തദ്ദേശ തിരഞ്ഞെടുപ്പിൽ ഹരിതചട്ടം കർശനമായി പാലിക്കണമെന്ന സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ സർക്കുലർ അംഗീകരിച്ച് ഹൈക്കോടതി പുറപ്പെടുവിച്ച ഉത്തരവ് കമ്മീഷൻ സംസ്ഥാന പോലീസ് മേധാവിക്കും ജില്ലാ കളക്ടർമാർക്കും കൈമാറി. ജസ്റ്റിസ് ദേവൻ രാമചന്ദ്രന്റെ ഉത്തരവിൽ നിർദ്ദേശിച്ചിരിക്കുന്നത് പ്രകാരം തദ്ദേശ തിരഞ്ഞെടുപ്പ് പ്രവർത്തനങ്ങളിൽ ഹരിത ചട്ടം കർശനമായി പാലിക്കുന്നുണ്ടെന്ന് സംസ്ഥാന പോലീസ് മേധാവിയും ജില്ലാ കളക്ടർമാരും ഉറപ്പുവരുത്തേണ്ടതാണെന്നും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി. ഭാസ്കരൻ നിർദ്ദേശിച്ചു.

പ്രകൃതിക്ക് ദോഷകരമായ വസ്തുക്കൾ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ ഒഴിവാക്കി പകരം പുനരുപയോഗ സാധ്യതയുള്ള പ്രകൃതി സൗഹൃദ വസ്തുക്കൾ ഉപയോഗിക്കാൻ നിർദ്ദേശിച്ചാണ് കമ്മീഷൻ സർക്കുലർ പുറത്തിറക്കിയത്. പരിസ്ഥിതി സൗഹൃദവും മണ്ണിൽ അലിഞ്ഞുചേരുന്നതും പുനഃചംക്രമണം ചെയ്യാൻ കഴിയുന്നതുമായ വസ്തുക്കൾ മാത്രമേ ഉപയോഗിക്കാൻ പാടുള്ളു. തിരഞ്ഞെടുപ്പ് പരസ്യം സ്ഥാപിക്കുന്നതിനായി പ്ലാസ്റ്റിക് നിർമ്മിത പേപ്പറുകൾ, നൂലുകൾ, റിബ്ബണുകൾ എന്നിവ ഉപയോഗിക്കാൻ പാടില്ല. പ്ലാസ്റ്റിക്, പിവിസി തുടങ്ങിയ വസ്തുക്കൾകൊണ്ടുണ്ടാക്കിയ ബോർഡുകൾ, ബാനറുകൾ, കൊടിതോരണങ്ങൾ തുടങ്ങിയവ ഉപയോഗിക്കരുത്. തിരഞ്ഞെുപ്പ് നടത്തിപ്പുമായി ബന്ധപ്പെട്ട എല്ലാ ഔദ്യോഗിക ആവശ്യങ്ങൾക്കും കോട്ടൺ തുണി, പേപ്പർ, പോളി എത്തലീൻ തുടങ്ങിയ പ്രകൃതി പരിസ്ഥിതി സൗഹൃദ വസ്തുക്കൾ ഉപയോഗിക്കേണ്ടതാണ്.

വോട്ടെടുപ്പിന് ശേഷം പോളിംഗ് സ്റ്റേഷനുകളിൽ അവശേഷിക്കുന്ന പേപ്പറുകളും മറ്റ് വസ്തുക്കളും നീക്കം ചെയ്യുന്നതിനും അവ നശിപ്പിക്കുന്നതിനുമുള്ള നടപടി അതാത് തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ സ്വീകരിക്കണം. പോളിംഗ് സ്റ്റേഷനുകളിലും വോട്ടെണ്ണൽ കേന്ദ്രങ്ങളിലും വോട്ടെടുപ്പ് വോട്ടെണ്ണൽ ദിവസങ്ങളിൽ പഴയതും ഉപയോഗ ശൂന്യമായതുമായ ജൈവ അജൈവ വസ്തുക്കൾ വെവ്വേറെ നിക്ഷേപിക്കുന്നതിന് ഓരോ ക്യാരിബാഗുകൾ വീതം ലഭ്യമാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ നടപടി സ്വീകരിക്കണം. തിരഞ്ഞെടുപ്പ് കേന്ദ്രങ്ങളിൽ ഉപയോഗിച്ച ബയോമെഡിക്കൽ വേസ്റ്റുകളിൽ മാസ്ക്, ഗ്ലൗസ് എന്നിവ പ്രത്യേകം ശേഖരിച്ച് ശാസ്ത്രീയമായി സംസ്ക്കരിക്കുന്നതിന് സെക്രട്ടറിമാർ നടപടി സ്വീകരിക്കണം. വോട്ടെടുപ്പ് അവസാനിച്ചാൽ ഉടൻ തന്നെ അതാത് സ്ഥാനാർത്ഥികളും രാഷ്ട്രീയ കക്ഷികളും തിരഞ്ഞെടുപ്പ് പരസ്യം നീക്കം ചെയ്ത് നശിപ്പിക്കുകയോ പുനഃചംക്രമണം ചെയ്യുന്നതിന് ബന്ധപ്പെട്ട ഏജൻസികൾക്ക് കൈമാറുകയോ ചെയ്യണം. ഇവ നീക്കം ചെയ്തില്ലെങ്കിൽ വോട്ടെടുപ്പ് അവസാനിച്ച് അഞ്ച് ദിവസത്തിനുള്ളിൽ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറി പരസ്യം നീക്കം ചെയ്ത് നശിപ്പിക്കു

ന്നതിനോ പുനഃചംക്രമണം ചെയ്യുന്നതിന് ബന്ധപ്പെട്ട ഏജൻസികൾക്ക് കൈമാറുന്നതിനോ നടപടികൾ സ്വീകരിക്കേണ്ടതും ഇതിന്റെ ചെലവ് സ്ഥാനാർത്ഥികളിൽ നിന്നും ഈടാക്കേണ്ടതുമാണ്.

*(എസ്.ഇ.സി.96/2020)*

## തദ്ദേശ തിരഞ്ഞെടുപ്പിന് 1,72,331 പുതിയ വോട്ടർമാർ

ഡിസംബർ 8,10,14 തിയതികളിൽ നടക്കുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിൽ 1,72,331 കന്നി വോട്ടർമാർ തങ്ങളുടെ സമ്മതിദാനാവകാശം വിനിയോഗിക്കും. 90,507 പുരുഷ വോട്ടർമാരും, 81,821 സ്ത്രീ വോട്ടർമാരും, ട്രാൻസ്ജെന്റേഴ്സ് വിഭാഗത്തിൽ 3 പേരുമാണ് പുതിയ വോട്ടേഴ്സ് ലിസ്റ്റിൽ ഉള്ളത്. പുതിയ വോട്ടർമാരുടെ ലിസ്റ്റ് ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.

| ജില്ല | പുരുഷൻമാർ | സ്ത്രീകൾ | ട്രാൻസ്ജെന്റർ | ആകെ |
|---|---|---|---|---|
| തിരുവനന്തപുരം | 6942 | 6804 | 0 | 13,746 |
| കൊല്ലം | 5536 | 5311 | 0 | 10,847 |
| പത്തനംതിട്ട | 2183 | 1971 | 0 | 4,154 |
| ആലപ്പുഴ | 4642 | 4535 | 0 | 9,177 |
| കോട്ടയം | 3612 | 3316 | 0 | 6,928 |
| ഇടുക്കി | 2360 | 2246 | 0 | 4,606 |
| എറണാകുളം | 7925 | 7417 | 0 | 15,342 |
| തൃശ്ശൂർ | 9224 | 8865 | 0 | 18,089 |
| പാലക്കാട് | 7568 | 6666 | 1 | 14,235 |
| മലപ്പുറം | 19150 | 15303 | 0 | 34,453 |
| കോഴിക്കോട് | 9798 | 8892 | 2 | 18,692 |
| വയനാട് | 1759 | 1542 | 0 | 3,301 |
| കണ്ണൂർ | 6155 | 5794 | 0 | 11,949 |
| കാസർഗോഡ് | 3653 | 3159 | 0 | 6,812 |
| **ആകെ** | 90507 | 81821 | 3 | 1,72,331 |

*(എസ്.ഇ.സി.95/2020)*

Email:
**contact.seckerala@gmail.com**
**cru.sec@kerala.gov.in**

# പത്രക്കുറിപ്പ്

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

TELEPHONE: 0471-2321233
MOBILE :8281000127

**www.sec.kerala.gov.in**

**24th November 2020**

## തദ്ദേശ തിരഞ്ഞെടുപ്പ്: ഒരുങ്ങുന്നത് 34,710 പോളിംഗ് സ്റ്റേഷനുകൾ

മൂന്ന് ഘട്ടങ്ങളിലായി നടക്കുന്ന തദ്ദേശ തിരഞ്ഞെടുപ്പിൽ ഒരുങ്ങുന്നത് 34,710 പോളിങ് സ്റ്റേഷനുകൾ. ത്രിതല പഞ്ചായത്തുകളിൽ 29,322 വോട്ടിംഗ് യന്ത്രങ്ങളും കോർപ്പറേഷൻ, നഗരസഭകളിൽ 5,388 വോട്ടിംഗ് യന്ത്രങ്ങളുമാണ് ക്രമീകരിക്കുന്നത്. ഇവ കൂടാതെ ത്രിതല പഞ്ചായത്തുകളിൽ 12 ശതമാനം വോട്ടിംഗ് യന്ത്രങ്ങളും കോർപ്പറേഷൻ, നഗരസഭകളിൽ 30 ശതമാനം വോട്ടിംഗ് യന്ത്രങ്ങളും റിസർവായി സൂക്ഷിക്കും. ത്രിതല പഞ്ചായത്തുകളിൽ മൾട്ടി പോസ്റ്റ് ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രങ്ങളാണ് ഉപയോഗിക്കുന്നത്. മൂന്ന് ബാലറ്റ് യൂണിറ്റുകളും ഒരു കൺട്രോൾ യൂണിറ്റുമടങ്ങിയതാണ് മൾട്ടി പോസ്റ്റ് ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രങ്ങൾ. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ ഉടമസ്ഥതയിലുള്ളതാണ് മൾട്ടി പോസ്റ്റ് ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രങ്ങൾ. ആണവോർജ്ജ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ ഇലക്ട്രോണിക് കോർപ്പറേഷൻ ഓഫ് ഇന്ത്യാ ലിമിറ്റഡാണ് വോട്ടിംഗ് യന്ത്രങ്ങൾ നിർമിച്ചത്. നിലവിൽ ഇത്തരത്തിലുള്ള 37,551 വോട്ടിംഗ് യന്ത്രങ്ങളാണ് ഉള്ളത്.

മുനിസിപ്പൽ കോർപ്പറേഷനുകളിൽ ഉപയോഗിക്കുക സിംഗിൾ പോസ്റ്റ് വോട്ടിംഗ് യന്ത്രങ്ങളാണ്. ഇത്തരത്തിലുള്ള 11,000-ത്തോളം വോട്ടിംഗ് യന്ത്രങ്ങളാണ് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷനിൽ നിന്നും എത്തിച്ചിട്ടുള്ളത്. ത്രിതല പഞ്ചായത്തുകളിൽ വോട്ടിംഗ് യന്ത്രങ്ങളുടെ വിതരണ ചുമതല ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്ക് ആയിരിക്കും. മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും അതാത് സ്ഥാപനങ്ങളിലെ ഇലക്ട്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്ക് ആയിരിക്കും വിതരണ ചുമതല.

എല്ലാ വോട്ടിംഗ് യന്ത്രങ്ങളുടെയും ആദ്യ ഘട്ട പരിശോധന (ഫസ്റ്റ് ലെവൽ ചെക്കിംഗ്) പൂർത്തിയായി. ഇലക്ട്രോണിക് കോർപ്പറേഷൻ ഓഫ് ഇന്ത്യാ ലിമിറ്റഡിൽ നിന്നെത്തിയ 71 എൻജിനീയർമാരാണ് പരിശോധന നടത്തിയത്. വോട്ടെടുപ്പിന് നാലുദിവസം മുമ്പായിരിക്കും വരണാധികാരികളുടെ നേതൃത്വത്തിൽ ബാലറ്റ് ലേബൽ വോട്ടിംഗ് യന്ത്രങ്ങളിൽ സ്ഥാപിച്ച് തിരഞ്ഞെടുപ്പിനായി സജ്ജമാക്കുന്നത്. വോട്ടിംഗ് യന്ത്രങ്ങൾ നിലവിൽ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ ജില്ലാതല വെയർഹൗസുകളിലാണ് സൂക്ഷിച്ചിരിക്കുന്നത്.

*(എസ്.ഇ.സി.94/2020)*

## തദ്ദേശ തിരഞ്ഞെടുപ്പ്: പ്രചരണ വാഹനങ്ങളുടെ എണ്ണം നിശ്ചയിച്ചു

തദ്ദേശ തിരഞ്ഞെടുപ്പിന് പ്രചരണ വാഹനങ്ങളുടെ എണ്ണം നിശ്ചയിച്ച് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഉത്തരവിറക്കി. ഗ്രാമപഞ്ചായത്തിലെ ഒരു സ്ഥാനാർത്ഥിക്ക് ഒരു പ്രചരണ വാഹനം മാത്രമെ ഉപയോഗിക്കാൻ അനുമതിയുള്ളു. ബ്ലോക്ക് പഞ്ചായത്തിൽ ഒരു സ്ഥാനാർത്ഥിക്ക് പരമാവധി മൂന്നു വാഹനങ്ങളും ജില്ലാ പഞ്ചായത്തിൽ നാലു വാഹനങ്ങളും ഉപയോഗിക്കാം. മുനിസിപ്പാലിറ്റികളിൽ ഒരു സ്ഥാനാർത്ഥിക്ക് പരമാവധി രണ്ട് വാഹനങ്ങളും കോർപ്പറേഷനുകളിൽ നാല് വാഹനങ്ങൾ വരെയും ഉപയോഗിക്കാം. പ്രചരണ വാഹനങ്ങളിൽ ഉച്ചഭാഷിണി ഉപയോഗിക്കുന്നതിന് പോലീസിൽ നിന്നും മുൻകൂർ അനുമതി വാങ്ങണം. ഉച്ചഭാഷിണി ഉപയോഗിക്കുന്നത് അനുവദനീയമായ ശബ്ദ പരിധിക്കുള്ളിലായിരിക്കണം. രാത്രി ഒൻപതിനും രാവിലെ ആറിനും ഇടയ്ക്ക് വാഹനങ്ങളിൽ ഉച്ചഭാഷിണി ഉപയോഗിച്ചുള്ള പ്രചരണം പാടില്ല.

*(എസ്.ഇ.സി.93/2020)*

Email:
**contact.seckerala@gmail.com**
**cru.sec@kerala.gov.in**

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

**www.sec.kerala.gov.in**

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**

**23rd November 2020**

## തിരഞ്ഞെടുപ്പ് പ്രചരണം: പരാതി ലഭിച്ചാൽ പൊതു – സ്വകാര്യ സ്ഥലങ്ങളിലെ പരസ്യങ്ങൾ നീക്കം ചെയ്യും

രാഷ്ട്രീയ കക്ഷികളോ സ്ഥാനാർത്ഥികളോ ഏതെങ്കിലും പൊതുസ്ഥലമോ സ്വകാര്യസ്ഥലമോ പരസ്യങ്ങൾ സ്ഥാപിച്ചോ, മുദ്രാവാക്യങ്ങൾ എഴുതിയോ വികൃതമാക്കിയതായി പരാതി ലഭിച്ചാൽ അവ ഉടൻ നീക്കം ചെയ്യാൻ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ നോട്ടീസ് നൽകണമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി. ഭാസ്കരൻ അറിയിച്ചു. നോട്ടീസ് ലഭിച്ചിട്ടും നീക്കം ചെയ്തില്ലെങ്കിൽ അവ നീക്കം ചെയ്യുന്നതിന് ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ നടപടി സ്വീകരിക്കുകയും അതിന് വേണ്ടിവരുന്ന ചെലവ് ബന്ധപ്പെട്ട സ്ഥാനാർത്ഥിയുടെ തിരഞ്ഞെടുപ്പ് ചെലവിനോട് ചേർക്കുകയും ചെയ്യണം. ഏതെങ്കിലും പൊതു സ്ഥലത്ത് പരസ്യങ്ങളും ബോർഡുകളും മറ്റ് പ്രചരണോപാധികളും സ്ഥാപിക്കുന്നതിന് തടസ്സമില്ലെങ്കിൽ അവിടെ എല്ലാ രാഷ്ട്രീയ കക്ഷികൾക്കും സ്ഥാനാർത്ഥികൾക്കും തുല്യ അവസരം നൽകണം. ഏതെങ്കിലും പ്രത്യേക കക്ഷിക്കോ, സ്ഥാനാർത്ഥിക്കോ മാത്രമായി ഒരു പൊതുസ്ഥലവും നീക്കിവച്ചിട്ടില്ലെന്നും ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തണം. പൊതുജനങ്ങൾക്ക് അസൗകര്യമോ ശല്യമോ ഉണ്ടാകുന്ന വിധത്തിൽ പ്രചരണ സാമഗ്രികൾ (കൊടി, ബാനർ, പോസ്റ്റർ, കട്ടൗട്ട് തുടങ്ങിയവ) സ്ഥാപിക്കാൻ പാടില്ല. പരസ്യങ്ങൾക്ക് വേണ്ടിവരുന്ന ചെലവ് സ്ഥാനാർത്ഥിയുടെ തിരഞ്ഞെടുപ്പ് ചെലവ് കണക്കിൽ ഉൾപ്പെടുത്തേണ്ടതാണ്.

*(എസ്.ഇ.സി.92/2020)*

## തദ്ദേശ തിരഞ്ഞെടുപ്പ്: മുന്നൊരുക്കം വിലയിരുത്താൻ യോഗം ചേർന്നു

തദ്ദേശ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ മുന്നൊരുക്കം വിലയിരുത്താൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി. ഭാസ്കരന്റെ അധ്യക്ഷതയിൽ പഞ്ചായത്ത്, നഗരകാര്യ ഡയറക്ടർമാരുടെ യോഗം ചേർന്നു. മാതൃകാ പെരുമാറ്റച്ചട്ട ലംഘനം ഉണ്ടായാൽ ഉദ്യോഗസ്ഥർ അടിയന്തരമായി ഇടപെടണം. ഏതെങ്കിലും മേഖലകളിൽ കമ്മീഷന്റെ ഇടപെടലുകൾ ആവശ്യമായി വന്നാൽ ഉടൻ തന്നെ റിപ്പോർട്ട് ചെയ്യുകയും വേണമെന്ന് കമ്മീഷണർ പറഞ്ഞു. പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവിടങ്ങളിൽ സെക്രട്ടറിമാർ അതാത് സ്ഥാപനങ്ങളിലെ പോളിംഗ് സ്റ്റേഷനുകൾ സജ്ജമാക്കണം. പഞ്ചായത്തുകളിലേക്കുള്ള വോട്ടിംഗ് സാധനങ്ങളുടെ വിതരണ, സ്വീകരണ കേന്ദ്രങ്ങളും വോട്ടെണ്ണൽ കേന്ദ്രങ്ങളും ബ്ലോക്ക് തലത്തിലാണ്. അവയിലെ അടിസ്ഥാന സൗകര്യങ്ങൾ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർ ഒരുക്കണം. മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവിടങ്ങളിൽ അതാത് തലങ്ങളിലാണ് കേന്ദ്രങ്ങൾ സജ്ജമാക്കേണ്ടത്. ഇത് സംബന്ധിച്ച സൗകര്യങ്ങൾ ബന്ധപ്പെട്ട സ്ഥാപനങ്ങളിലെ സെക്രട്ടറിമാർ ഒരുക്കണം. കുടിവെള്ളം, ഫർണിച്ചർ, വൈദ്യുതി എന്നിവ ലഭ്യമല്ലെങ്കിൽ അവ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കാൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകണം. തിരഞ്ഞെടുപ്പ് നടപടികൾ പൂർത്തിയാകുന്നതുവരെയുള്ള എല്ലാ പ്രവർത്തനങ്ങളും നിരീക്ഷിക്കാൻ വകുപ്പുതലത്തിൽ പ്രത്യേക മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തണം. കമ്മീഷൻ നൽകുന്ന നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർ യഥാവിധി പാലിക്കുന്നുണ്ടെന്നും ഉറപ്പാക്കണം.

കോവിഡ് പ്രോട്ടോക്കോൾ പാലിക്കുന്നതിന് കമ്മീഷന്റെ മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നുണ്ടെന്ന് ഉദ്യോഗസ്ഥർ ഉറപ്പുവരുത്തണം. പോളിംഗ് സ്റ്റേഷനുകളിൽ 'ബ്രേക്ക് ദ ചെയിൻ' ക്യാമ്പയിൻ നടത്തുന്നതിന് വേണ്ടി ബക്കറ്റ്, മഗ്ഗ്, സോപ്പ്, വെള്ളം എന്നിവ കരുതേണ്ടതാണ്. ഹരിതചട്ടം കർശനമായി പാലിച്ചുവേണം തിരഞ്ഞെടുപ്പ് പ്രചരണം നടത്തേണ്ടത്. പ്രചരണത്തിന് പ്ലാസ്റ്റിക് ഫ്ളക്സ് ഉപയോഗം നിരോധിച്ച് കമ്മീഷൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് ഹൈക്കോടതി ഉത്തരവും നിലവിലുണ്ട്. അതിനാൽ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നുണ്ടെന്ന് ഉദ്യോഗസ്ഥർ ഉറപ്പുവരുത്തേണ്ടതും മോണിറ്ററിംഗ് നടത്തേണ്ടതുമാണ്. പോളിംഗ് സ്റ്റേഷനുകളിലും വോട്ടെണ്ണൽ കേന്ദ്രങ്ങളിലും പാഴ്വസ്തുക്കൾ നിക്ഷേപിക്കുന്നതിന് പ്രത്യേകം ബാഗുകളും സ്ഥാപിക്കേണ്ടതാണ്.

പഞ്ചായത്ത് ഡയറക്ടർ ഡോ. പി. കെ. ജയശ്രീ ഐഎഎസ്, നഗരകാര്യ ഡയറക്ടർ ഡോ. രേണു രാജ് ഐഎഎസ്, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറി എ. സന്തോഷ്, മറ്റ് ഉദ്യോഗസ്ഥർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

*(എസ്.ഇ.സി.91/2020)*

## ഹരിതചട്ടം പാലിച്ച് തദ്ദേശ തിരഞ്ഞെടുപ്പ് നടത്താൻ ഹൈക്കോടതി ഉത്തരവ്

തദ്ദേശ തിരഞ്ഞെടുപ്പിൽ ഹരിതചട്ടം കർശനമായി പാലിക്കണമെന്ന് ഹൈക്കോടതി ഉത്തരവ്. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഹരിതചട്ടം പാലിക്കാൻ പുറത്തിറക്കിയ സർക്കുലർ ശരിവച്ചാണ് ജസ്റ്റിസ് ദേവൻ രാമചന്ദ്രന്റെ ഉത്തരവ്.

പ്രകൃതിക്ക് ദോഷകരമായ വസ്തുക്കൾ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ ഒഴിവാക്കി പകരം പുനരുപയോഗ സാധ്യതയുള്ള പ്രകൃതി സൗഹൃദ വസ്തുക്കൾ ഉപയോഗിക്കാൻ നിർദ്ദേശിച്ചാണ് കമ്മീഷൻ സർക്കുലർ പുറത്തിറക്കിയത്. പരിസ്ഥിതി സൗഹൃദവും മണ്ണിൽ അലിഞ്ഞുചേരുന്നതും പുനഃചംക്രമണം ചെയ്യാൻ കഴിയുന്നതുമായ വസ്തുക്കൾ മാത്രമേ ഉപയോഗിക്കാൻ പാടുള്ളു. തിരഞ്ഞെടുപ്പ് പരസ്യം സ്ഥാപിക്കുന്നതിനായി പ്ലാസ്റ്റിക് നിർമ്മിത പേപ്പറുകൾ, നൂലുകൾ, റിബ്ബണുകൾ എന്നിവ ഉപയോഗിക്കാൻ പാടില്ല. പ്ലാസ്റ്റിക്, പിവിസി തുടങ്ങിയ വസ്തുക്കൾകൊണ്ടുണ്ടാക്കിയ ബോർഡുകൾ, ബാനറുകൾ, കൊടിതോരണങ്ങൾ തുടങ്ങിയവ ഉപയോഗിക്കരുത്. തിരഞ്ഞെുപ്പ് നടത്തിപ്പുമായി ബന്ധപ്പെട്ട എല്ലാ ഔദ്യോഗിക ആവശ്യങ്ങൾക്കും കോട്ടൺ തുണി, പേപ്പർ, പോളി എത്തലീൻ തുടങ്ങിയ പ്രകൃതി പരിസ്ഥിതി സൗഹൃദ വസ്തുക്കൾ ഉപയോഗിക്കേണ്ടതാണ്.

വോട്ടെടുപ്പിന് ശേഷം പോളിംഗ് സ്റ്റേഷനുകളിൽ അവശേഷിക്കുന്ന പേപ്പറുകളും മറ്റ് വസ്തുക്കളും നീക്കം ചെയ്യുന്നതിനും അവ നശിപ്പിക്കുന്നതിനുമുള്ള നടപടി അതാത് തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ സ്വീകരിക്കണം. പോളിംഗ് സ്റ്റേഷനുകളിലും വോട്ടെണ്ണൽ കേന്ദ്രങ്ങളിലും വോട്ടെടുപ്പ് വോട്ടെണ്ണൽ ദിവസങ്ങളിൽ പഴയതും ഉപയോഗ ശൂന്യമായതുമായ ജൈവ അജൈവ വസ്തുക്കൾ വെവ്വേറെ നിക്ഷേപിക്കുന്നതിന് ഓരോ ക്യാരിബാഗുകൾ വീതം ലഭ്യമാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ നടപടി സ്വീകരിക്കണം. തിരഞ്ഞെടുപ്പ് കേന്ദ്രങ്ങളിൽ ഉപയോഗിച്ച ബയോമെഡിക്കൽ വേസ്റ്റുകളിൽ മാസ്ക്, ഗ്ലൗസ് എന്നിവ പ്രത്യേകം ശേഖരിച്ച് ശാസ്ത്രീയമായി സംസ്ക്കരിക്കുന്നതിന് സെക്രട്ടറിമാർ നടപടി സ്വീകരിക്കണം. വോട്ടെടുപ്പ് അവസാനിച്ചാൽ ഉടൻ തന്നെ അതാത് സ്ഥാനാർത്ഥികളും രാഷ്ട്രീയ കക്ഷികളും തിരഞ്ഞെടുപ്പ് പരസ്യം നീക്കം ചെയ്ത് നശിപ്പിക്കുകയോ പുനഃചംക്രമണം ചെയ്യുന്നതിന് ബന്ധപ്പെട്ട ഏജൻസികൾക്ക് കൈമാറുകയോ ചെയ്യണം. ഇവ നീക്കം ചെയ്തില്ലെങ്കിൽ വോട്ടെടുപ്പ് അവസാനിച്ച് അഞ്ച് ദിവസത്തിനുള്ളിൽ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറി പരസ്യം നീക്കം ചെയ്ത് നശിപ്പിക്കുന്നതിനോ പുനഃചംക്രമണം ചെയ്യുന്നതിന് ബന്ധപ്പെട്ട ഏജൻസികൾക്ക് കൈമാറുന്നതിനോ നടപടികൾ സ്വീകരിക്കേണ്ടതും ഇതിന്റെ ചെലവ് സ്ഥാനാർത്ഥികളിൽ നിന്നും ഈടാക്കേണ്ടതുമാണ്.

*(എസ്.ഇ.സി.90/2020)*

Email:
**contact.seckerala@gmail.com**
**cru.sec@kerala.gov.in**

# പത്രക്കുറിപ്പ്

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**

TELEPHONE: 0471-2321233
MOBILE :8281000127

**www.sec.kerala.gov.in**

**21st November 2020**

## സ്ഥാനാർത്ഥിത്വം പിൻവലിക്കുന്നതിനുള്ള നോട്ടീസ് ആധികാരികത ഉറപ്പാക്കിയതിന് ശേഷമേ സ്വീകരിക്കാവൂ: സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

സ്ഥാനാർത്ഥിത്വം പിൻവലിക്കുന്നതിനുള്ള നോട്ടീസ് ആധികാരികത ഉറപ്പാക്കിയതിന് ശേഷമേ വരണാധികാരികൾ സ്വീകരിക്കാവൂവെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി. ഭാസ്കരൻ അറിയിച്ചു. സ്ഥാനാർത്ഥി, നിർദ്ദേശകൻ, തിരഞ്ഞെടുപ്പ് ഏജന്റ് എന്നിവർക്കാണ് സ്ഥാനാർത്ഥിത്വം പിൻവലിക്കാനുള്ള നോട്ടീസ് നൽകാൻ സാധിക്കുക. നിർദ്ദേശകൻ, തിരഞ്ഞെടുപ്പ് ഏജന്റ് എന്നിവരാണ് നോട്ടീസ് നൽകുന്നതെങ്കിൽ സ്ഥാനാർത്ഥിയുടെ രേഖാമൂലമുള്ള അനുമതി ഹാജരാക്കേണ്ടതാണ്. അപേക്ഷ നൽകുന്നവരുടെ ആധികാരികത തിരിച്ചറിയൽ രേഖയുൾപ്പടെയുള്ളവ പരിശോധിച്ച് വരണാധികാരി ഉറപ്പാക്കണം. ഫോറം -5ൽ പൂരിപ്പിച്ച് നൽകാത്ത അപേക്ഷകൾ സ്വീകരിക്കില്ല. നവംബർ 23ന് വൈകിട്ട് മൂന്ന് വരെ സ്ഥാനാർത്ഥിത്വം പിൻവലിക്കാനുള്ള നോട്ടീസ് നൽകാം. ഒരു സ്ഥാനാർത്ഥിയുടെ പിൻവലിക്കൽ സാധുവാണെങ്കിൽ അത്തരം പിൻവലിക്കൽ റദ്ദാക്കുവാൻ സാധിക്കില്ല. പിൻവലിക്കൽ നോട്ടീസിൽ വരണാധികാരി പൂരിപ്പിക്കേണ്ട ഭാഗം പൂരിപ്പിച്ച് സൂക്ഷിക്കേണ്ടതും ഫോറത്തോടൊപ്പം ഉള്ള രസീത് അപേക്ഷകന് നൽകേണ്ടതുമാണ്.

*(എസ്.ഇ.സി.89/2020)*

## കേരള കോൺഗ്രസ് (എം) ജോസ് കെ. മാണി വിഭാഗത്തിന് 'രണ്ടില' ചിഹ്നം അനുവദിച്ചു

ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ കേരള കോൺഗ്രസ് (എം) ജോസ് കെ. മാണി നയിക്കുന്ന പാർട്ടിക്ക് 'രണ്ടില' ചിഹ്നം അനുവദിച്ച് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഉത്തരവിറക്കി. കേരള കോൺഗ്രസ് (എം) ജോസ് കെ. മാണി വിഭാഗവും കേരള കോൺഗ്രസ് (എം) പി. ജെ. ജോസഫ് വിഭാഗവും 'രണ്ടില' ചിഹ്നം അനുവദിക്കണമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ മുമ്പാകെ ആവശ്യമുന്നയിച്ചിരുന്നു. കേരള കോൺഗ്രസ് (എം) പാർട്ടിക്ക് അനുവദിച്ചിട്ടുള്ള 'രണ്ടില' ചിഹ്നം ഹൈക്കോടതിയിൽ നിലവിലുണ്ടായിരുന്ന കേസുകളിലെ വിധിക്ക് വിധേയമായി കമ്മീഷൻ മരവിപ്പിച്ചിരുന്നു. തുടർന്ന് ജോസ് കെ. മാണി വിഭാഗത്തിന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ 'ടേബിൾ ഫാൻ' ചിഹ്നമായി അനുവദിച്ചിരുന്നു. കേരള കോൺഗ്രസ് (എം) പി. ജെ. ജോസഫ് വിഭാഗത്തിന് അവരുടെ അപേക്ഷ പ്രകാരം 'ചെണ്ട'യാണ് ചിഹ്നമായി അനുവദിച്ചത്. ഹൈക്കോടതി വിധി പ്രകാരം കേരള കോൺഗ്രസ് എന്ന പാർട്ടിയുടെ പേരും 'രണ്ടില' ചിഹ്നവും ഉപയോഗിക്കുന്നതിനുള്ള അർഹത ജോസ് കെ. മാണി നയിക്കുന്ന കേരള കോൺഗ്രസിനാണ്. ആയതിനാൽ കേരള കോൺഗ്രസ് (എം) ജോസ് കെ. മാണി വിഭാഗം പാർട്ടി ഭാരവാഹികൾ ശുപാർശ ചെയ്യുന്ന സ്ഥാനാർത്ഥികൾക്ക് 'രണ്ടില' ചിഹ്നം അനുവദിക്കും. ജോസ് കെ. മാണി വിഭാഗത്തിന് മുൻപ് അനുവദിച്ച 'ടേബിൾ ഫാൻ' ചിഹ്നം സ്വതന്ത്ര സ്ഥാനാർത്ഥികൾക്ക് അനുവദിക്കാവുന്നതാണെന്നും കമ്മീഷൻ ഉത്തരവിൽ പറയുന്നു.

*(എസ്.ഇ.സി.88/2020)*

## തിരഞ്ഞെടുപ്പ് ചിഹ്നം ശുപാർശ ചെയ്യുന്ന പാർട്ടി ഭാരവാഹികളുടെ ഒപ്പ് സാക്ഷ്യപ്പെടുത്തി ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്ക് നൽകണം

സ്ഥാനാർത്ഥികൾക്ക് തിരഞ്ഞെടുപ്പ് ചിഹ്നം ശുപാർശ ചെയ്യുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ള ജില്ലാ പാർട്ടി ഭാരവാഹികളുടെ ഒപ്പ് സാക്ഷ്യപ്പെടുത്തി അതാത് രാഷ്ട്രീയ പാർട്ടികളുടെ സംസ്ഥാന ഭാരവാഹികൾ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്ക് /വരണാധികാരികൾക്ക് നൽകണമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി. ഭാസ്കരൻ അറിയിച്ചു. സ്ഥാനാർത്ഥികൾക്ക് ചിഹ്നം ശുപാർശ ചെയ്യുന്നതിന് അധികാരപ്പെടുത്തിയിട്ടുള്ള പാർട്ടി ഭാരവാഹികൾ കത്ത് സ്വന്തം കൈപ്പടയിൽ ഒപ്പ് വച്ച് ബന്ധപ്പെട്ട വരണാധികാരിക്ക് നവംബർ 23ന് വൈകിട്ട് മൂന്നിന് മുമ്പ് സമർപ്പിക്കണം.

പട്ടിക I, II, III എന്നിവയിൽ ഉൾപ്പെടുത്തിയിട്ടുള്ള ചിഹ്നങ്ങൾ അതാത് രാഷ്ട്രീയ പാർട്ടികളുടെ ജില്ല/സംസ്ഥാന ഭാരവാഹി ശുപാർശ ചെയ്യുന്ന സ്ഥാനാർത്ഥികൾക്ക് മാത്രമേ അനുവദിക്കാൻ പാടുള്ളു. പട്ടിക IV ൽ ഉൾപ്പെടുത്തിയിട്ടുള്ള സ്വതന്ത്ര ചിഹ്നങ്ങളിൽ ഏതെങ്കിലും രാഷ്ട്രീയ പാർട്ടികൾക്ക് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ അനുവദിച്ചിട്ടുണ്ടെങ്കിൽ ആ രാഷ്ട്രീയ പാർട്ടിയുടെ ജില്ല/സംസ്ഥാന ഭാരവാഹികൾ ശുപാർശ ചെയ്യുന്ന സ്ഥാനാർത്ഥികൾക്ക് നൽകേണ്ടതാണ്. എന്നാൽ ഏതെങ്കിലും വാർഡിൽ/നിയോജകമണ്ഡലത്തിൽ IV -ാം പട്ടികയിലെ ചിഹ്നം അനുവദിച്ച രാഷ്ട്രീയ പാർട്ടി സ്ഥാനാർത്ഥി ഇല്ലെങ്കിൽ മറ്റ് സ്വതന്ത്ര സ്ഥാനാർത്ഥികൾക്ക് അവർ ആവശ്യപ്പെടുന്ന പക്ഷം അത്തരത്തിലുള്ള സ്വതന്ത്ര ചിഹ്നങ്ങളും അനുവദിക്കാവുന്നതാണ്. കൂടാതെ IV -ാം പട്ടികയിലെ മറ്റ് സ്വതന്ത്ര ചിഹ്നങ്ങളും സ്വതന്ത്ര സ്ഥാനാർത്ഥികൾക്ക് അനുവദിക്കാവുന്നതാണ്.

ഏതെങ്കിലും രാഷ്ട്രീയ പാർട്ടികൾ സ്ഥാനാർത്ഥികൾക്ക് ചിഹ്നം നൽകിയിട്ടുള്ള ശുപാർശ റദ്ദ് ചെയ്തിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരവും പുതുതായി ആരെയെങ്കിലും ശുപാർശ ചെയ്യുന്നുവെങ്കിൽ അതും നവംബർ 23ന് വൈകിട്ട് മൂന്നിന് മുമ്പ് വരണാധികാരിക്ക് എത്തിക്കേണ്ടതാണ്.

*(എസ്.ഇ.സി.87/2020)*

Email:
**contact.seckerala@gmail.com**
**cru.sec@kerala.gov.in**

# പത്രക്കുറിപ്പ്

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**

TELEPHONE: 0471-2321233
MOBILE :8281000127

**www.sec.kerala.gov.in**

**21st November 2020**

## തദ്ദേശ തിരഞ്ഞെടുപ്പ്: നിരീക്ഷകരെ മാറ്റി നിയമിച്ചു

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള പൊതു തിരഞ്ഞെടുപ്പ് നിരീക്ഷകരെ മാറ്റി നിയമിച്ച് ഉത്തരവായതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി. ഭാസ്കരൻ അറിയിച്ചു. പുതുതായി നിയമിച്ച നിരീക്ഷകരുടെ പേര്, സ്ഥാന പ്പേര്, നിയമിച്ച ജില്ല, മുൻപ് ചുമതല ഉണ്ടായിരുന്ന ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ ചുവടെ പട്ടികയിൽ ചേർ ക്കുന്നു.

| ക്രമ നമ്പർ | പുതുതായി നിയമിച്ച നിരീക്ഷകർ | ജില്ല | മുൻപ് ചുമതല ഉണ്ടായിരുന്ന ഉദ്യോഗസ്ഥർ |
|---|---|---|---|
| 1 | ചിത്ര എസ്. ഐഎഎസ്<br>ഡയറക്ടർ<br>കേരളാ സ്റ്റേറ്റ് ഐടി മിഷൻ<br>ഐസിടി ക്യാമ്പസ് വെള്ളയമ്പലം<br>തിരുവനന്തപുരം | തിരുവനന്തപുരം | ആർ. ഗിരിജ ഐഎഎസ്<br>ഡയറക്ടർ<br>സർവ്വേ ആൻഡ് ലാൻഡ് റെക്കോഡ്സ് ഡിപ്പാർട്ട്മെന്റ് |
| 2 | സഞ്ജയൻ കുമാർ ഐഎഫ്എസ്<br>ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ്<br>സതേൺ സർക്കിൾ<br>കൊല്ലം | കൊല്ലം | വീണ എൻ. മാധവൻ ഐഎഎസ്<br>അഡീഷണൽ സെക്രട്ടറി<br>ഹയർ എജ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റ് |
| 3 | ജെറോമിക് ജോർജ് എസ്. കെ. ഐ എഎസ്<br>ഡയറക്ടർ<br>സ്പോർട്ട്സ് ആൻഡ് യൂത്ത് അഫയേഴ്സ് ഡിപ്പാർട്ട്മെന്റ് | ആലപ്പുഴ | വി വിഗ്നേശ്വരി ഐഎഎസ്<br>ഡയറക്ടർ<br>കൊളീജിയേറ്റ് എജ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റ് |
| 4 | വി. രതീശൻ ഐഎഎസ്<br>എക്സിക്യൂട്ടീവ് ഓഫീസർ<br>ശ്രീ പദ്മനാഭസ്വാമി ക്ഷേത്രം<br>തിരുവനന്തപുരം | തൃശ്ശൂർ | ബി. എസ്. തിരുമേനി ഐഎഎസ്<br>കമ്മീഷണർ<br>ട്രാവൻകൂർ ദേവസ്വം ബോർഡ് |
| 5 | ജെ. ദേവപ്രസാദ് ഐഎഫ്എസ്<br>ഡിസിഎഫ് ഇൻ ഫുൾ ചാർജ് ഓഫ് സിഎഫ് (ഐ ആൻഡ് ഇ)<br>കോഴിക്കോട് | കണ്ണൂർ | ജീവൻ ബാബു ഐഎഎസ്<br>ഡയറക്ടർ ഓഫ് ജനറൽ എജ്യൂക്കേഷൻ |
| 6 | നരസിംഹുഗരി ടി. എൽ. റെഡ്ഡി ഐ എഎസ്<br>രജിസ്ട്രാർ ഓഫ് കോഓപ്പറേറ്റീവ് സൊസൈറ്റീസ്<br>ജവഹർ സഹകരണ ഭവൻ<br>ഡിപിഐ ജംഗ്ഷൻ, തൈക്കാട്<br>തിരുവനന്തപുരം | കാസർകോട് | ഇമ്പശേഖർ ഐഎഎസ്<br>ഇൻസ്പെക്ടർ ജനറൽ ഓഫ് രജിസ്ട്രേഷൻ |
| 7 | അനൂപ് കെ. ആർ. ഐഎഫ്എസ്<br>സിഎഫ് ഇൻ ഫുൾ ചാർജ് ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വൈൽഡ് ലൈഫ്) ആൻഡ് ഫീൽഡ് ഡയറക്ടർ<br>കോട്ടയം | പത്തനംതിട്ട | വി. രതീശൻ ഐഎഎസ്<br>എക്സിക്യൂട്ടീവ് ഓഫീസർ<br>ശ്രീ പദ്മനാഭസ്വാമി ക്ഷേത്രം<br>തിരുവനന്തപുരം |

*(എസ്.ഇ.സി.87/2020)*

## <u>തദ്ദേശ തിരഞ്ഞെടുപ്പ്: സ്ഥാനാർത്ഥികളുടെ പേരിനൊപ്പം കൂട്ടിച്ചേർക്കലുകൾ നടത്തുന്ന വിധം</u>

തദ്ദേശ തിരഞ്ഞെടുപ്പിൽ മത്സരിക്കുന്ന സ്ഥാനാർത്ഥികളെ തിരിച്ചറിയാൻ പേരിനൊപ്പം കൂട്ടിച്ചേർക്കലുകൾ നടത്താൻ അവസരം. ഒരേ വാർഡിൽ/ നിയോജക മണ്ഡലത്തിൽ മത്സരിക്കുന്ന സമാന പേരുള്ള സ്ഥാനാർത്ഥികളെയും നാട്ടിൽ മറ്റ് പേരുകളിൽ അറിയപ്പെടുന്നവരെയും വോട്ടർമാർക്ക് തിരിച്ചറിയുന്നതിനു വേണ്ടി നാമനിർദ്ദേശ പത്രികയിൽ നൽകിയ പേരിനൊപ്പമോ

പേരിന് മുന്നിലോ പിന്നിലോ കൂട്ടിച്ചേർക്കലുകൾ നടത്താം. ഇതിനായി സ്ഥാനാർത്ഥിത്വം പിൻവലിക്കുന്നതിനുള്ള അവസാന തീയതിയിൽ (നവംബർ 23) വൈകിട്ട് മൂന്നിന് മുൻപായി വരണാധികാരിക്ക് അപേക്ഷ സമർപ്പിക്കണം.

ഒരേ വാർഡിൽ/ നിയോജക മണ്ഡലത്തിൽ മത്സരിക്കുന്ന സമാന പേരുള്ള സ്ഥാനാർത്ഥികൾ വരികയാണെങ്കിൽ

പേരിനൊപ്പമോ മുന്നിലോ പിന്നിലോ കൂട്ടിച്ചേർക്കലുകൾ അനുവദിക്കും. ജോലി സംബന്ധമായ വിശേഷണം (അഡ്വക്കേറ്റ് - അഡ്വ., ഡോക്ടർ - ഡോ., പ്രൊഫസർ - പ്രൊഫ.), വീട്ടുപേര്, രക്ഷിതാക്കളുടെ പേര്, സ്ഥലപ്പേര് എന്നിവ ചേർക്കാം.

ഉദാ: രാമചന്ദ്രൻ എന്ന് പേരുള്ള രണ്ടുപേർ ഉണ്ടെങ്കിൽ താഴെ പറയുന്ന രീതിയിൽ കൂട്ടിച്ചേർക്കലുകൾ നടത്താവുന്നതാണ്.

ജോലി സംബന്ധമായ വിശേഷണം - അഡ്വ. രാമചന്ദ്രൻ/ ഡോ. രാമചന്ദ്രൻ/ പ്രൊഫ. രാമചന്ദ്രൻ

വീട്ടുപേര് - കല്ലേലിൽ രാമചന്ദ്രൻ, മാങ്കുഴി രാമചന്ദ്രൻ

രക്ഷിതാക്കളുടെ പേര് - ഗോപാലൻ രാമചന്ദ്രൻ, ദാമോദരൻ രാമചന്ദ്രൻ

സ്ഥലപ്പേര് - മടത്തറ രാമചന്ദ്രൻ

നാട്ടിൽ മറ്റ് പേരുകളിൽ അറിയപ്പെടുന്നവർക്ക് ആവശ്യമെങ്കിൽ പേരിനൊപ്പം ആ പേരും ചേർക്കാം. നാമനിർദ്ദേശ പത്രികയിൽ നൽകിയിട്ടുള്ള പേരിൽ നിന്നും പൂർണമായും വ്യത്യസ്തമായ പേര് ആവശ്യപ്പെടുകയാണെങ്കിൽ നാമനിർദ്ദേശ പത്രികയിൽ നൽകിയ പേര് നൽകേണ്ടതും പുതിയതായി ആവശ്യപ്പെട്ട പേര് ബ്രാക്കറ്റിൽ നൽകേണ്ടതുമാണ്.

ഉദാ: അബ്ദുൽ ജബ്ബാർ എന്ന വ്യക്തിക്ക് അബ്ബാസ് എന്ന പേര് ചേർക്കണമെങ്കിൽ അതിന് - അബ്ദുൽ ജബ്ബാർ (അബ്ബാസ്) എന്ന് വേണം ചേർക്കേണ്ടത്.

അപേക്ഷ അംഗീകരിച്ചാൽ വോട്ടിംഗ് യന്ത്രത്തിലെ ലേബലുകളിലും ബാലറ്റ് പേപ്പറുകളിലും കൂട്ടിച്ചേർക്കലോടുകൂടിയ പേരാകും അച്ചടിച്ചുവരിക.

*(എസ്.ഇ.സി.86/2020)*

Email:
**contact.seckerala@gmail.com**
**cru.sec@kerala.gov.in**

# പത്രക്കുറിപ്പ്

## കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

TELEPHONE: 0471-2321233
MOBILE :8281000127

**www.sec.kerala.gov.in**

**20th November 2020**

### ചിഹ്നം അനുവദിക്കുന്നതിന് പാർട്ടി ഭാരവാഹികളുടെ കത്ത് 23നകം സമർപ്പിച്ചാൽമതി: സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ

സ്ഥാനാർത്ഥികൾക്ക് തിരഞ്ഞെടുപ്പ് ചിഹ്നം ശുപാർശ ചെയ്യുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ള പാർട്ടി ഭാരവാഹികളുടെ കത്ത് നാമനിർദ്ദേശ പത്രിക പിൻവലിക്കുന്ന ദിവസം (നവംബർ 23) വൈകിട്ട് മൂന്നിന് മുമ്പ് സമർപ്പിച്ചാൽ മതിയെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി. ഭാസ്കരൻ അറിയിച്ചു. നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മ പരിശോധനാ വേളയിൽ പാർട്ടി ഭാരവാഹികളുടെ കത്ത് ഹാജരാക്കണമെന്ന് ചില വരണാധികാരികൾ ആവശ്യപ്പെടുന്നതായുള്ള പരാതിയെ തുടർന്നാണ് കമ്മീഷൻ ഇക്കാര്യത്തിൽ വ്യക്തത വരുത്തിയത്. സ്ഥാനാർത്ഥികളുടെ പേരും ചിഹ്നവും 23ന് വൈകിട്ട് മൂന്നിന് ശേഷം വരണാധികാരി ഫാറം 6ൽ രേഖപ്പെടുത്തി സൈറ്റിൽ നൽകണം.

രാഷ്ട്രീയ പാർട്ടികൾക്ക് അവർക്ക് അനുവദിച്ചിട്ടുള്ള ചിഹ്നം തന്നെ നിർബന്ധമായും നൽകേണ്ടതാണ്. ഇതിലേക്കായി പ്രസ്തുത രാഷ്ട്രീയ പാർട്ടികളുടെ സംസ്ഥാന/ ജില്ലാ ഭാരവാഹി നൽകിയ അധികാര പത്രം ബന്ധപ്പെട്ട സ്ഥാനാർത്ഥികൾ വരണാധികാരിക്ക് സമർപ്പിക്കേണ്ടതാണ്. ചിഹ്നങ്ങൾ ഏതെങ്കിലും രാഷ്ട്രീയ പാർട്ടിക്ക് മുൻഗണനാ അടിസ്ഥാനത്തിൽ അനുവദിച്ചിട്ടുണ്ടെങ്കിൽ ആ വാർഡിൽ/ നിയോജകമണ്ഡലത്തിൽ ആ പാർട്ടിയുടെ സ്ഥാനാർത്ഥിക്ക് അനുവദിക്കേണ്ടതാണ്. എന്നാൽ ആ പാർട്ടിയുടെ സ്ഥാനാർത്ഥി ഇല്ലാത്ത സാഹചര്യത്തിൽ പ്രസ്തുത വാർഡിലെ മറ്റൊരു സ്വതന്ത്ര സ്ഥാനാർത്ഥിക്ക് അനുവദിക്കാവുന്നതാണ്. കമ്മീഷൻ ചിഹ്നം അനുവദിക്കാത്ത രാഷ്ട്രീയപാർട്ടി സ്ഥാനാർത്ഥികളെയും മറ്റ് സ്ഥാനാർത്ഥികളെയും സ്വതന്ത്രരായിവേണം പരിഗണിക്കേണ്ടത്.

ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയുടേയോ മുന്നണിയുടേയോ സ്വതന്ത്ര സ്ഥാനാർത്ഥികളെയും 'സ്വതന്ത്രൻ' എന്ന് വേണം പരിഗണിക്കേണ്ടത്. ഒരു രാഷ്ട്രീയ പാർട്ടി ഒന്നിലധികം ഗ്രൂപ്പുകളായി പ്രവർത്തിക്കുന്ന പക്ഷം അത്തരം ഗ്രൂപ്പുകൾക്ക് കമ്മീഷൻ അനുവദിച്ചിട്ടുള്ള പേരും ചിഹ്നവുമാണ് നൽകേണ്ടത്. ഒരു സ്വതന്ത്ര ചിഹ്നത്തിന് ഒന്നിലധികം സ്ഥാനാർത്ഥികൾ അപേക്ഷിച്ചാൽ നറുക്കെടുത്ത് വേണം അവ അനുവദിക്കേണ്ടത്.

*(എസ്.ഇ.സി.85/2020)*

### തദ്ദേശ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ഓഫീസുകൾ അവധി ദിവസങ്ങളിലും പ്രവർത്തിക്കും

തദ്ദേശ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന കളക്ട്രേറ്റുകളിലെ ഇലക്ഷൻ വിഭാഗം ഓഫീസുകൾ, വരണാധികാരികളുടെ ഓഫീസുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട മറ്റ് ഓഫീസുകൾ എന്നിവ അവധി ദിവസങ്ങളിലും തുറന്ന് പ്രവർത്തിക്കണമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഉത്തരവിട്ടു. തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ജീവനക്കാർക്ക് അത്യാവശ്യ സന്ദർഭത്തിലല്ലാതെ അവധി അനുവദിക്കരുതെന്നും ഉത്തരവിൽ നിർദ്ദേശിക്കുന്നു. തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കേണ്ടതിനാലാണ് ഉത്തരവ്.

*(എസ്.ഇ.സി.84/2020)*

### തിരഞ്ഞെടുപ്പ് പ്രചാരണം: വാഹന ഉപയോഗം കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച്

തദ്ദേശ തിരഞ്ഞെടുപ്പ് പ്രചാരണത്തിന് സ്ഥാനാർത്ഥികൾ ഇരുചക്ര വാഹനങ്ങൾ ഉൾപ്പടെയുള്ള വാഹനങ്ങൾ ഉപയോഗിക്കുന്നത് പൊലീസിന്റെ അനുമതിയോടെയാകണമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി. ഭാസ്കരൻ അറിയിച്ചു. വാഹനങ്ങളുടെ ചെലവ് സ്ഥാനാർത്ഥിയുടെ തിരഞ്ഞെടുപ്പ് ചെലവിന്റെ പരിധിയിൽ വരുന്നതാണ്. വരണാധികാരി നൽകുന്ന പെർമിറ്റ് വാഹനത്തിന്റെ മുൻവശത്ത് കാണത്തക്കവിധം പ്രദർശിപ്പിക്കണം. പെർമിറ്റിൽ വാഹന നമ്പർ, സ്ഥാനാർത്ഥിയുടെ പേര് എന്നിവ ഉണ്ടാകണം. ഒരു സ്ഥാനാർത്ഥിയുടെ പേരിൽ പെർമിറ്റെടുത്ത വാഹനം മറ്റൊരു സ്ഥാനാർത്ഥി ഉപയോഗിക്കുന്നത് കുറ്റകരമാണ്. പെർമിറ്റില്ലാതെ ഉപയോഗിക്കുന്ന വാഹനങ്ങൾ അനധികൃതമായി കണക്കാക്കി നടപടി സ്വീകരിക്കും. ഈ വാഹനങ്ങൾ പിന്നീട് പ്രചാരണ വാഹനമായി ഉപയോഗിക്കാൻ പാടില്ല. പ്രകടനം നടക്കുമ്പോൾ രാഷ്ട്രീയ കക്ഷിയുടെയോ സ്ഥാനാർത്ഥിയുടെയോ വാഹനത്തിൽ തിരഞ്ഞെടുപ്പ് പരസ്യം, കൊടി തുടങ്ങിയവ മോട്ടോർവാഹന നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി മാത്രമേ പ്രദർശിപ്പിക്കാവൂ.

സുരക്ഷാ അധികാരികളും ഇന്റലിജൻസ് ഏജൻസികളും നിഷ്കർഷിച്ചിട്ടുണ്ടെങ്കിൽ പ്രത്യേക സുരക്ഷ അനുവദിച്ചിട്ടുള്ള ആളുകൾക്ക് സർക്കാർ അനുവദിച്ച ബുള്ളറ്റ് പ്രൂഫ് വാഹനങ്ങൾ ഉപയോഗിക്കാം. സുരക്ഷാ അധികാരികൾ നിഷ്കർഷിച്ചിട്ടുണ്ടെങ്കിൽ മാത്രമേ പകരം വാഹനമായി ഒന്നിൽ കൂടുതൽ വാഹങ്ങൾ ഉപയോഗിക്കാൻ പാടുള്ളു. ഇപ്രകാരം ബുള്ളറ്റ് പ്രൂഫ് വാഹനങ്ങൾ ഓടിക്കുന്നതിനുള്ള ചെലവ് അതാത് വ്യക്തികൾ വഹിക്കേണ്ടതാണ്. പൈലറ്റ് വാഹനവും എസ്കോട്ട് വാഹനവും ഉൾപ്പടെ ബുള്ളറ്റ് പ്രൂഫ് വാഹനത്തെ അനുഗമിക്കുന്ന വാഹനങ്ങളുടെ എണ്ണം സുരക്ഷാ അധികാരികൾ അനുവദിച്ചിട്ടുള്ളവയിൽ കൂടാൻ പാടാല്ല. സർക്കാർ വാഹനങ്ങളായിരുന്നാലും വാടക വാഹനങ്ങളായിരുന്നാലും അതിന്റെ ചെലവ് അതാത് വ്യക്തികൾ വഹിക്കേണ്ടതാണ്.

*(എസ്.ഇ.സി.83/2020)*

## പൊതുയോഗം, ജാഥ എന്നിവയ്ക്ക് മുൻകൂർ അനുമതി വാങ്ങണം: സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ

തദ്ദേശ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പൊതുയോഗം, ജാഥ എന്നിവ സംഘടിപ്പിക്കുന്നതിന് ബന്ധപ്പെട്ട അധികാരികളിൽ നിന്നും മുൻകൂർ അനുമതി വാങ്ങണമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി ഭാസ്കരൻ അറിയിച്ചു. തിരഞ്ഞെടുപ്പിനോടനുബന്ധിച്ച് പൊതുയോഗം നടത്തുന്ന സ്ഥലവും ജാഥ കടന്നുപോകുന്ന വഴിയും കാണിച്ച് ബന്ധപ്പെട്ട പോലീസ് അധികാരിയിൽ നിന്ന് മുൻകൂർ അനുമതി വാങ്ങേണ്ടതാണ്. ഉച്ചഭാഷിണി ഉപയോഗത്തിനും അനുമതി ആവശ്യമാണ്. രാത്രി പത്തു മുതൽ രാവിലെ ആറുവരെ പൊതുയോഗം, ജാഥ, ഉച്ചഭാഷിണി ഉപയോഗം എന്നിവ പാടില്ല. വോട്ടെടുപ്പ് അവസാനിക്കുന്നതിന് 48 മണിക്കൂർ മുമ്പ് മുതൽ പൊതുയോഗവും ജാഥയും പാടില്ല.

സർക്കാർ അതിഥി മന്ദിരങ്ങളിലോ സമാനമായ മറ്റ് സർക്കാർ സ്ഥാപനങ്ങളിലോ തിരഞ്ഞെടുപ്പ് യോഗങ്ങൾ നടത്താനോ തിരഞ്ഞെടുപ്പ് ഓഫീസായി ഉപയോഗിക്കാനോ പാടില്ല. സർക്കാരിന്റെയോ സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളുടെയോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയോ ഉടമസ്ഥതയിലുള്ള ഹാളുകളിൽ യോഗങ്ങൾ നടത്താൻ അനുവദിക്കുകയാണെങ്കിൽ എല്ലാ രാഷ്ട്രീയ കക്ഷികൾക്കും സ്ഥാനാർത്ഥികൾക്കും തുല്യ അവസരം നൽകേണ്ടതാണ്.

ഏതെങ്കിലും പൊതുസ്ഥലമോ സ്വകാര്യ സ്ഥലമോ കച്ചേരിയോ ആരാധനാലയങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ എന്നിവിടങ്ങളിലോ രാഷ്ട്രീയ പാർട്ടികളും സ്ഥാനാർത്ഥികളും താൽക്കാലിക ഓഫീസുകൾ സ്ഥാപിക്കരുത്. ഇവ പഞ്ചായത്തിൽ പോളിംഗ് സ്റ്റേഷൻ പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ 200 മീറ്റർ പരിധിയിലും നഗരസഭാ സ്ഥാപനങ്ങളിൽ 100 മീറ്റർ പരിധിയിലും പ്രവർത്തിപ്പിക്കരുത്.

വിദ്യാഭ്യാസ സ്ഥാപനങ്ങളോ (സർക്കാർ/ എയ്ഡഡ്/ അൺ എയ്ഡഡ്) അവയുടെ കളിസ്ഥലമോ രാഷ്ട്രീയ കക്ഷികൾക്ക് റാലിക്കോ തിരഞ്ഞെടുപ്പ് പ്രചാരണത്തിനോ ഉപയോഗിക്കാൻ പാടില്ല. പൊതുസ്ഥലത്ത് നിലവിലുള്ള നിയമങ്ങൾക്ക് അനുസൃതമായി പ്രചാരണ സാമഗ്രികൾ സ്ഥാപിക്കാം.

*(എസ്.ഇ.സി.82/2020)*

## ചിഹ്നം അനുവദിച്ചു

തദ്ദേശ തിരഞ്ഞെുപ്പിൽ സമാജ്‌വാദി ഫോർവേഡ് ബ്ലോക്ക് പാർട്ടിക്ക് 'അലമാരയും' ഇന്ത്യൻ ക്രിസ്ത്യൻ സെക്യുലർ പാർട്ടിക്ക് 'ഗ്യാസ് സ്റ്റൗവും' ചിഹ്നമായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ അനുവദിച്ചു.

*(എസ്.ഇ.സി.81/2020)*

## തദ്ദേശ തിരഞ്ഞെടുപ്പ്: സ്ഥാനാർത്ഥികളുടെ പേരിനൊപ്പം കൂട്ടിച്ചേർക്കലുകൾക്ക് അവസരം

തദ്ദേശ തിരഞ്ഞെടുപ്പിൽ മത്സരിക്കുന്ന സ്ഥാനാർത്ഥികളെ തിരിച്ചറിയാൻ പേരിനൊപ്പം കൂട്ടിച്ചേർക്കലുകൾ നടത്താൻ അവസരം. ഒരേ വാർഡിൽ/ നിയോജക മണ്ഡലത്തിൽ മത്സരിക്കുന്ന സമാന പേരുള്ള സ്ഥാനാർത്ഥികളെയും നാട്ടിൽ മറ്റ് പേരുകളിൽ അറിയപ്പെടുന്നവരെയും വോട്ടർമാർക്ക് തിരിച്ചറിയാൻ നാമനിർദ്ദേശ പത്രികയിൽ നൽകിയ പേരിനൊപ്പമോ പേരിന് മുന്നിലോ, പിന്നിലോ കൂട്ടിച്ചേർക്കലുകൾ നടത്താം. ഇതിനായി സ്ഥാനാർത്ഥിത്വം പിൻവലിക്കുന്നതിനുള്ള അവസാന തീയതിക്ക് (നവംബർ 23) മുൻപായി വരണാധികാരിക്ക് അപേക്ഷ സമർപ്പിക്കണം. സ്ഥാനാർത്ഥിയുടെ പേരിന് മുന്നിൽ 'അഡ്വക്കേറ്റ്' (അഡ്വ.), 'ഡോക്ടർ' (ഡോ.) തുടങ്ങിയവ ചേർക്കുന്നതിനും അപേക്ഷ നൽകാം. അപേക്ഷ അംഗീകരിച്ചാൽ വോട്ടിംഗ് യന്ത്രത്തിലെ ലേബലുകളിലും ബാലറ്റ് പേപ്പറുകളിലും കൂട്ടിച്ചേർക്കലോടുകൂടിയ പേരാകും അച്ചടിച്ചുവരിക. നാമനിർദ്ദേശ പത്രികയിൽ നൽകിയിട്ടുള്ള പേരിൽ നിന്നും പൂർണമായും വ്യത്യസ്തമായ പേര് ആവശ്യപ്പെടുകയാണെങ്കിൽ നാമനിർദ്ദേശ പത്രികയിൽ നൽകിയ പേര് നൽകേണ്ടതും പുതിയതായി ആവശ്യപ്പെട്ട പേര് ബ്രാക്കറ്റിൽ നൽകേണ്ടതുമാണ്.

*(എസ്.ഇ.സി.80/2020)*

Email:
**contact.seckerala@gmail.com**
**cru.sec@kerala.gov.in**

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127
**www.sec.kerala.gov.in**

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**

**20th November 2020**

## തദ്ദേശഭരണ തിരഞ്ഞെടുപ്പ്: നാമനിർദ്ദേശ പത്രികകളുടെ എണ്ണം 1.50 ലക്ഷം കടന്നു

തദ്ദേശഭരണ തിരഞ്ഞെടുപ്പിൽ ഇന്ന് (19.11.2020) വൈകിട്ട് ആറ് മണിവരെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്തിട്ടുള്ള നാമനിർദ്ദേശ പത്രികകളുടെ എണ്ണം 1,52,292 ആയി. ഗ്രാമപഞ്ചായത്തുകളിലേക്ക് 1,14,515 എണ്ണവും ബ്ലോക്ക് പഞ്ചായത്തുകളിലേക്ക് 12,322 എണ്ണവും ജില്ലാ പഞ്ചായത്തുകളിലേക്ക് 1,865 പത്രികകളുമാണ് ലഭിച്ചത്. 19,747 നാമനിർദ്ദേശ പത്രികകളാണ് മുനിസിപ്പാലിറ്റികളിലേക്ക് ലഭിച്ചത്. ആറ് കോർപ്പറേഷനുകളിലേക്ക് 3,843 നാമനിർദ്ദേശ പത്രികകളും ലഭിച്ചു.

തിരഞ്ഞെടുപ്പ് കമ്മീഷന്റെ വിജ്ഞാപനത്തെ തുടർന്ന് നവംബർ 12 മുതലാണ് പത്രിക സമർപ്പണം ആരംഭിച്ചത്. പത്രികാ സമർപ്പണം അവസാനിച്ചു. നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന ഇന്ന് (നവംബർ 20) നടക്കും. സ്ഥാനാർത്ഥിത്വം പിൻവലിക്കാനുള്ള അവസാന തീയതി നവംബർ 23-നാണ്.

| ജില്ല | ഗ്രാമ പഞ്ചായത്ത് | ബ്ലോക്ക് പഞ്ചായത്ത് | മുനിസിപ്പാലിറ്റി | കോർപ്പറേഷൻ | ജില്ലാ പഞ്ചായത്ത് | ആകെ |
|---|---|---|---|---|---|---|
| തിരുവനന്തപുരം | 9817 | 1075 | 1069 | 892 | 129 | 12982 |
| കൊല്ലം | 9609 | 932 | 653 | 469 | 217 | 11880 |
| പത്തനംതിട്ട | 5826 | 454 | 881 | - | 29 | 7190 |
| ആലപ്പുഴ | 9184 | 893 | 1453 | - | 84 | 11614 |
| കോട്ടയം | 7579 | 811 | 1428 | - | 116 | 9934 |
| ഇടുക്കി | 4599 | 359 | 303 | - | - | 5261 |
| എറണാകുളം | 10486 | 1330 | 3127 | 778 | 2 | 15723 |
| തൃശൂർ | 11401 | 1379 | 2025 | 665 | 217 | 15687 |
| പാലക്കാട് | 9762 | 879 | 584 | - | 176 | 11401 |
| മലപ്പുറം | 13549 | 1549 | 3288 | - | 226 | 18612 |
| കോഴിക്കോട് | 8961 | 1017 | 1827 | 626 | 235 | 12666 |
| വയനാട് | 3245 | 295 | 608 | - | 133 | 4281 |
| കണ്ണൂർ | 6866 | 866 | 1832 | 413 | 178 | 10155 |
| കാസർഗോഡ് | 3631 | 483 | 669 | - | 123 | 4906 |
| **ആകെ** | 1,14,515 | 12,322 | 19,747 | 3,843 | 1,865 | **1,52,292** |

*(എസ്.ഇ.സി.79/2020)*

## നാമനിർദ്ദേശപത്രികകളുടെ സൂക്ഷ്മപരിശോധന ഇന്ന് (നവംബർ 20ന്)

തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിനുവേണ്ടി സമർപ്പിച്ചിട്ടുള്ള നാമനിർദ്ദേശപത്രികകളുടെ സൂക്ഷ്മപരിശോധന ഇന്ന് (നവംബർ 20ന്) നടക്കും. സൂക്ഷ്മ പരിശോധനയുമായി ബന്ധപ്പെട്ട മാർഗനിർദ്ദേശങ്ങൾ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ പുറത്തിറക്കി.

ബന്ധപ്പെട്ട വരണാധികാരികളാണ് നാമനിർദ്ദേശപത്രികകളുടെ സൂക്ഷ്മപരിശോധന നടത്തുക. നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മ പരിശോധനാ വേളയിൽ സ്ഥാനാർത്ഥിക്കൊപ്പം തിരഞ്ഞെടുപ്പ് ഏജന്റ്, നിർദ്ദേശകൻ എന്നിവർക്കു പുറമേ സ്ഥാനാർത്ഥി എഴുതി നൽകുന്ന ഒരാൾക്കുകൂടി വരണാധികാരിയുടെ മുറിയിലേക്ക് പ്രവേശനം അനുവദിക്കും. സൂക്ഷ്മപരിശോധനാ സമയം എല്ലാ സ്ഥാനാർത്ഥികളുടേയും നാമനിർദ്ദേശ പത്രികകൾ പരിശോധിക്കുന്നതിനുള്ള സൗകര്യം മേൽപ്പറഞ്ഞവർക്ക് ലഭിക്കുന്നതാണ്.

ഒരു സ്ഥാനാർത്ഥിയുടെ യോഗ്യതയോ അയോഗ്യതയോ നാമനിർദ്ദേശപത്രിക പരിശോധനയ്ക്കായി നിശ്ചയിച്ച ദിവസുമായി ബന്ധപ്പെടുത്തിയാണ് പരിശോധിക്കേണ്ടത്. എന്നാൽ നാമനിർദ്ദേശപത്രിക സമർപ്പിക്കുന്ന ദിവസം 21 വയസ്സ് പൂർത്തിയായിരിക്കേണ്ടതുമാണ്. സൂക്ഷ്മപരിശോധനയ്ക്കുശേഷം സ്ഥാനാർത്ഥികളുടെ പട്ടിക അക്ഷരമാലാക്രമത്തിൽ ഫാറം നമ്പർ 4-ൽ തയ്യാറാക്കേണ്ടതാണ്. വരണാധികാരിക്ക് ലഭിച്ചിട്ടുള്ള എല്ലാ നാമനിർദ്ദേശപത്രികകളും ഓരോന്നായി സൂക്ഷ്മപരിശോധന നടത്തേണ്ടതാണ്. ഒരു സ്ഥാനാർത്ഥിയോ അഥവാ സ്ഥാനാർത്ഥിക്കുവേണ്ടിയോ ഒന്നിലധികം നാമനിർദ്ദേശപത്രിക സമർപ്പിച്ചിട്ടുണ്ടെങ്കിൽ അവയെല്ലാം ഒരുമിച്ചെടുത്തശേഷം സൂക്ഷ്മപരിശോധന നടത്തേണ്ടതാണ്.

ഏതെങ്കിലും ഒരു നാമനിർദ്ദേശ പത്രികയിൽ കാണുന്ന നിസ്സാര തെറ്റ്, അതായത് പട്ടികയിലെ പാർട്ട് നമ്പർ, ക്രമ നമ്പർ, സ്ഥാനാർത്ഥിയുടെ പേര്, വയസ്സ് എന്നിവ അവഗണിക്കേണ്ടതാണ്. ഒരു സ്ഥാനാർത്ഥിയുടെ നാമനിർദ്ദേശപത്രിക സാധുവാണെന്ന് കണ്ടതിനാൽ അയാളെത്തന്നെ സംബന്ധിക്കുന്ന മറ്റു നാമനിർദ്ദേശപത്രികകൾ സൂക്ഷ്മപരിശോധന നടത്താതെ വിടാൻ പാടില്ല. ഒരു സ്ഥാനാർത്ഥി സമർപ്പിച്ച എല്ലാ നാമനിർദ്ദേശപത്രികകളും തള്ളുകയാണെങ്കിൽ അതിനുള്ള കാരണങ്ങൾ ഉടൻ തന്നെ രേഖപ്പെടുത്തി ഉത്തരവിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് നൽകുന്നതാണ്.

ഏതെങ്കിലും ഒരു നാമനിർദ്ദേശപത്രിക സ്വീകരിച്ചിട്ടുണ്ടെങ്കിൽ തള്ളിയ പത്രികകളെ സംബന്ധിച്ച് ഉത്തരവിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സ്ഥാനാർത്ഥി ആവശ്യപ്പെട്ടാൽ നൽകേണ്ടതാണ്. സ്വീകരിക്കപ്പെട്ട നാമനിർദ്ദേശപത്രികളുടെ കാര്യത്തിൽ അവ സ്വീകരിയ്ക്കാനിടയായ കാരണങ്ങൾ വരണാധികാരി വ്യക്തമാക്കണമെന്നില്ല. എന്നാൽ ഒരു നാമനിർദ്ദേശ പത്രിക സ്വീകരിപ്പെടുന്നതിൽ ആക്ഷേപം ഉന്നയിച്ചിട്ടുള്ള സംഗതികളിൽ പ്രസ്തുത ആക്ഷേപം നിരസിച്ചുകൊണ്ട് എന്തുകൊണ്ട് പത്രിക സ്വീകരിക്കപ്പെട്ടു എന്ന കാര്യം വരണാധികാരി വ്യക്തമാക്കേണ്ടതുണ്ട്.

നാമനിർദ്ദേശപത്രിക സൂക്ഷ്മപരിശോധന നടത്തുമ്പോൾ പ്രധാനപ്പെട്ട ഒരു അർദ്ധനീതി ന്യായസ്വഭാവമുള്ള ചുമതലയാണ് വരണാധികാരി നിർവ്വഹിക്കുന്നത്. അതിനാൽ വരണാധികാരി ഒരു നീതിപാലകന്റെ ഉയർന്ന മാനദണ്ഡങ്ങൾക്കനുസൃതമായാണ് തീരുമാനമെടുക്കേണ്ടത്. വ്യക്തിപരമോ രാഷ്ട്രീയമോ ആയ മാനസിക നിലപാട് വരണാധികാരിയുടെ നടപടികളെയോ തീരുമാനങ്ങളെയോ സ്വാധീനിക്കാൻ അനുവദിക്കരുത്. നിർഭയമായും നിഷ്പക്ഷമായും തീരുമാനമെടുക്കണം എന്നാണ് ബന്ധപ്പെട്ട നിയമങ്ങൾ അനുശാസിക്കുന്നത്.

ഏതെങ്കിലും നാമനിർദ്ദേശപത്രികയെക്കുറിച്ച് തടസ്സവാദം ഉന്നയിക്കപ്പെട്ടാൽ അതേപ്പറ്റി തീർപ്പാക്കുന്നതിന് വരണാധികാരി ഒരു സംക്ഷിപ്ത അന്വേഷണം നടത്തേണ്ടതും ആ നാമനിർദ്ദേശപത്രിക പരിഗണിച്ച് സാധുവാണെന്നോ അല്ലെന്നോ ഉത്തരവാകേണ്ടതുമാണ്. ഓരോന്നിലും, പ്രത്യേകിച്ച് തടസ്സവാദമുന്നയിക്കപ്പെട്ടിട്ടില്ലെങ്കിലും നാമനിർദ്ദേശപത്രിക തള്ളുകയാണെങ്കിൽ വരണാധികാരിയുടെ തീരുമാനം കാര്യകാരണസഹിതം ബോദ്ധ്യപ്പെടുത്തേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

*(എസ്.ഇ.സി.78/2020)*

## തദ്ദേശ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട അഴിമതിയും കുറ്റങ്ങളും തടയാൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശം നൽകി

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് നടക്കുന്ന തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട അഴിമതി പ്രവൃത്തികൾ, കുറ്റങ്ങൾ എന്നിവ തടയുന്നതിന് കർശന നടപടികൾ സ്വീകരിക്കാൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി. ഭാസ്ക്കരൻ സംസ്ഥാന പോലീസ് മേധാവിക്കും ജില്ലാ കളക്ടർമാർക്കും നിർദേശം നൽകി.

**തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് അനുവദനീയമല്ലാത്ത പ്രവർത്തനങ്ങൾ:**

മതപരമോ വംശീയമോ ജാതീയമോ സാമുദായികമോ ഭാഷാപരമോ ആയ വിദ്വേഷ പരാമർശങ്ങൾ കുറ്റകരമാണ്. ദൈവങ്ങളുടെയോ ആരാധനാ മൂർത്തികളുടെയോ ചിത്രങ്ങൾ ആലേഖനം ചെയ്ത ഡയറി, കലണ്ടർ, സ്റ്റിക്കർ എന്നിവ വിതരണം ചെയ്യരുത്. ഏതെങ്കിലും സ്ഥാനാർത്ഥിക്ക് വോട്ട് ചെയ്യുന്നത് ദൈവീകമായ അപ്രീതിക്ക് കാരണമാകും എന്ന് ഭീഷണിപ്പെടുത്തി വോട്ട് തേടുകയോ വോട്ടു ചെയ്യാൻ പ്രേരിപ്പിക്കുകയോ ചെയ്യരുത്.

രാഷ്ട്രീയ പർട്ടികളുടെയോ സ്ഥാനാർത്ഥികളുടെയോ തിരഞ്ഞെടുപ്പ് യോഗങ്ങളുടെ നടത്തിപ്പ് തടയാൻ പാടില്ല. എന്നാൽ വോട്ടെടുപ്പ് അവസാനിക്കുന്നതുവരെയുള്ള 48 മണിക്കൂർ കാലയളവിൽ പൊതുയോഗങ്ങൾ പാടില്ല.

സർക്കാർ ജീവനക്കാരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരോ സ്ഥാനാർത്ഥികളുടെ വിജയ സാധ്യതക്കുവേണ്ടിയോ തിരഞ്ഞെടുപ്പ്/പോളിംഗ് ഏജന്റുമാരായോ പ്രവർത്തിക്കരുത്. തിരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾക്കായി നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥർ സ്ഥാനാർത്ഥികൾക്കുവേണ്ടി പ്രവർത്തിക്കുകയോ വോട്ട് ചെയ്യുന്നതിനെ സ്വാധീനിക്കാനോ പാടില്ല. തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥരും ഏജന്റുമാരും വോട്ടിംഗിന്റെ രഹസ്യസ്വഭാവം സൂക്ഷിക്കേണ്ടതാണ്.

പോളിംഗ് ദിവസം പോളിംഗ് സ്റ്റേഷനിൽ വച്ചോ പരിസര പ്രദേശങ്ങളിലോ വോട്ട് പിടിക്കുകയോ പ്രചരണം നടത്താനോ പാടില്ല. വോട്ട് ചെയ്യാനെത്തുന്നവരെ അലോസരപ്പെടുത്തുന്ന തരത്തിലുള്ള ഇടപെടലുകൾ പാടില്ല. പ്രിസൈഡിംഗ് ഓഫീസറുടെ നിയമാനുസൃത നിർദ്ദേശങ്ങൾ ലംഘിക്കരുത്. തിരഞ്ഞെടുപ്പിൽ നിയമവിരുദ്ധമായി വാഹനങ്ങൾ വാടകയ്ക്ക് എടുക്കുകയോ ഉപയോഗിക്കുകയോ ചെയ്യരുത്.

തിരഞ്ഞെടുപ്പിന്റെ ക്രമമായ നടത്തിപ്പിനെ തടസപ്പെടുത്തുന്ന പ്രവൃത്തികൾ കുറ്റകരമാണ്. വോട്ടർമാരെ ഭീഷണിപ്പെടുത്തി വോട്ട് ചെയ്യാൻ പ്രേരിപ്പിക്കുകയോ വോട്ട് ചെയ്യാൻ പോകുന്നതിന് തടസം നിൽക്കാനോ പാടില്ല. നാമനിർദ്ദേശ പത്രികകൾ, പോസ്റ്റൽ ബാലറ്റുകൾ, വോട്ടിംഗ് യന്ത്രങ്ങൾ എന്നിവ വിരൂപമാക്കുകയോ നശിപ്പിക്കുകയോ ചെയ്യരുത്. വോട്ടർമാരെ സമ്മതിദാന അവകാശം വിനിയോഗിക്കുന്നതിൽ സ്വാധീനിക്കുകയോ, ഒന്നിൽകൂടുതൽ തവണ വോട്ട് രേഖപ്പെടുത്തുകയോ ആൾമാറാട്ടം നടത്തുകയോ ചെയ്യുന്നത് കുറ്റകരമാണ്. മേൽപ്പറഞ്ഞ തിരഞ്ഞെടുപ്പ് കുറ്റങ്ങൾ നടത്തിയതായി കണ്ടെത്തിയാൽ ബന്ധപ്പെട്ട വരണാധികാരി/ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ വീഴ്ച കൂടാതെ അധികാരികളെ വിവരമറിയിക്കേണ്ടതാണ്.

*(എസ്.ഇ.സി.77/2020)*

## പ്രചാരണങ്ങളിൽ പാലിക്കേണ്ട മാർഗനിർദ്ദേശങ്ങൾ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ പുറത്തിറക്കി

തദ്ദേശ തിരഞ്ഞെടുപ്പ് പ്രചാരണങ്ങളിൽ പാലിക്കേണ്ട മാർഗനിർദ്ദേശങ്ങൾ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ പുറത്തിറക്കി.

സമുദായങ്ങൾ, ജാതികൾ, ഭാഷാ വിഭാഗങ്ങൾ എന്നിവ തമ്മിൽ നിലനിൽക്കുന്ന സംഘർഷങ്ങൾ മൂർച്ചിക്കുന്നതിനിടയാക്കുന്ന പ്രവർത്തനങ്ങൾ ഉണ്ടാകരുത്. മറ്റ് പാർട്ടികളെക്കുറിച്ചുള്ള വിമർശനം നയപരിപാടികളെക്കുറിച്ച് മാത്രമാകണം. എതിർ രാഷ്ട്രീയ കക്ഷി നേതാക്കളെ വ്യക്തിപരമായി തേജോവധം ചെയ്യുന്നതും

അവരുടെ സ്വകാര്യതയെ ഹനിക്കുന്നതുമായ പ്രചാരണം പാടില്ല. തെളിവില്ലാത്ത ആരോപണങ്ങൾ എതിർ കക്ഷിയെക്കുറിച്ചോ അവരുടെ പ്രവർത്തകരെപറ്റിയോ ഉന്നയിക്കരുത്.

സ്ഥാനാർത്ഥിക്ക് ഇരുചക്ര വാഹനമുൾപ്പടെ എത്ര വാഹനങ്ങളും കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് ഉപയോഗിക്കാം ഇത് തിരഞ്ഞെടുപ്പ് ചെലവിന്റെ പരിധിയിൽ വരുന്നതുമാണ്. വരണാധികാരി നൽകുന്ന പെർമിറ്റ് വാഹനത്തിന്റെ മുൻവശത്ത് കാണത്തക്കവിധം പ്രദർശിപ്പിക്കണം. പെർമിറ്റിൽ വാഹന നമ്പർ, സ്ഥാനാർത്ഥിയുടെ പേര് എന്നിവ ഉണ്ടാകണം. ഒരു സ്ഥാനാർത്ഥിയുടെ പേരിൽ പെർമിറ്റെടുത്ത വാഹനം മറ്റൊരു സ്ഥാനാർത്ഥി ഉപയോഗിക്കുന്നത് കുറ്റകരമാണ്. പെർമിറ്റില്ലാതെ ഉപയോഗിക്കുന്ന വാഹനങ്ങൾ അനധികൃതമായി കണക്കാക്കി നടപടി സ്വീകരിക്കും. ഈ വാഹനങ്ങൾ പിന്നീട് പ്രചാരണ വാഹനമായി ഉപയോഗിക്കാൻ പാടില്ല.

സുരക്ഷാ അധികാരികളും ഇന്റലിജൻസ് ഏജൻസികളും നിഷ്കർഷിച്ചിട്ടുണ്ടെങ്കിൽ പ്രത്യേക സുരക്ഷ അനുവദിച്ചിട്ടുള്ള ആളുകൾക്ക് സർക്കാർ അനുവദിച്ച ബുള്ളറ്റ് പ്രൂഫ് വാഹനങ്ങൾ ഉപയോഗിക്കാം. സുരക്ഷാ അധികാരികൾ നിഷ്കർഷിച്ചിട്ടുണ്ടെങ്കിൽ മാത്രമേ പകരം വാഹനമായി ഒന്നിൽ കൂടുതൽ വാഹങ്ങൾ ഉപയോഗിക്കാൻ പാടുള്ളു. ഇപ്രകാരം ബുള്ളറ്റ് പ്രൂഫ് വാഹനങ്ങൾ ഓടിക്കുന്നതിനുള്ള ചെലവ് അതാത് വ്യക്തികൾ വഹിക്കേണ്ടതാണ്. പൈലറ്റ് വാഹനവും എസ്കോട്ട് വാഹനവും ഉൾപ്പടെ ബുള്ളറ്റ് പ്രൂഫ് വാഹനത്തെ അനുഗമിക്കുന്ന വാഹനങ്ങളുടെ എണ്ണം സുരക്ഷാ അധികാരികൾ അനുവദിച്ചിട്ടുള്ളവയിൽ കൂടാൻ പാടാല്ല. സർക്കാർ വാഹനങ്ങളായിരുന്നാലും വാടക വാഹനങ്ങളായിരുന്നാലും അതിന്റെ ചെലവ് അതാത് വ്യക്തികൾ വഹിക്കേണ്ടതാണ്.

വിദ്യാഭ്യാസ സ്ഥാപനങ്ങളോ (സർക്കാർ/ എയ്ഡഡ്/ അൺ എയ്ഡഡ്) അവയുടെ കളിസ്ഥലേമോ രാഷ്ട്രീയ കക്ഷികൾക്ക് റാലിക്കോ തിരഞ്ഞെടുപ്പ പ്രചാരണത്തിനോ ഉപയോഗിക്കാൻ പാടില്ല. ആരാധനാലയങ്ങളും തിരഞ്ഞെടുപ്പ് പ്രചരണത്തിന് വേദിയാക്കരുത്. പൊതുസ്ഥലത്ത് നിലവിലുള്ള നിയമങ്ങൾക്ക് അനുസൃതമായി പ്രചാരണ സാമഗ്രികൾ സ്ഥാപിക്കാം. സ്വകാര്യ സ്ഥാപനങ്ങളിലും സ്വകാര്യ വ്യക്തിയുടെ സ്ഥലങ്ങളിലും പ്രചാരണ സാമഗ്രികൾ സ്ഥാപിക്കുന്നതിനും ചുമരെഴുതുന്നതിനും ഉടമയുടെ രേഖാമൂലമുള്ള അനുമതിപത്രം വാങ്ങേണ്ടേതാണ്. ഇത് വരണാധികാരിയുടേയോ അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെയോ മുൻപാകെ മൂന്ന് ദിവസത്തിനകം സമർപ്പിക്കണം. പ്രചാരണത്തിന് പ്ലാസ്റ്റിക് ഫ്ളക്സ് എന്നിവ ഉപയോഗിക്കുന്നതിന് നിരോധനമുണ്ട്.

സ്ഥാനാർത്ഥിയുടെ ഫോട്ടോ, ചിഹ്നം ആലേഖനം ചെയ്ത തൊപ്പി, മുഖംമൂടി, മാസ്ക് എന്നിവ ഉപയോഗിക്കാം. ഇവയുടെ ചെലവ് സ്ഥാനാർത്ഥിയുടെ തിരഞ്ഞെടുപ്പ് ചെലവിൽ ഉൾപ്പെടുത്തണം. വോട്ടർമാരെ സ്വാധീനിക്കാനായി വസ്ത്രങ്ങൾ വിതരണം ചെയ്യുന്നത് കുറ്റകരമാണ്.പ്രസാധകന്റേയും അച്ചടി സ്ഥാപനത്തിന്റേയും പേര്, വിലാസം, കോപ്പികളുടെ എണ്ണം എന്നിവ ഉൾക്കൊള്ളിച്ചേ പോസ്റ്ററുകളും ലഘുലേഖകളും അച്ചടിക്കാവു. ഇതിന്റെ പകർപ്പ് ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന് സമർപ്പിക്കേണ്ടതാണ്. പ്രചാരണത്തിനായി സിനിമ, ടെലിവിഷൻ, സാമൂഹ്യമാധ്യമങ്ങൾ എന്നിവ ഉപയോഗിക്കാം. എന്നാൽ പൊതുപ്രചാരണം അവസാനിച്ച ശേഷം ഇവയിലൂടെയുള്ള പ്രചാരണം പാടില്ല. തിരഞ്ഞെടുപ്പ് നിയമങ്ങൾക്കും നിലവിലുള്ള മറ്റ് നിയമങ്ങൾക്കും വിരുദ്ധമായി ആർക്കെങ്കിലും അപകീർത്തികരമായ വിധം എസ്.എം.എസ് അല്ലെങ്കിൽ സോഷ്യൽ മീഡിയ സന്ദേശങ്ങൾ അയയ്ക്കുന്നത് കുറ്റകരമാണ്.

തിരഞ്ഞെടുപ്പിനോടനുബന്ധിച്ച് പൊതുയോഗം നടത്തുന്ന സ്ഥലവും ജാഥ കടന്നുപോകുന്ന വഴിയും കാണിച്ച് ബന്ധപ്പെട്ട പോലീസ് അധികാരിയിൽ നിന്ന് മുൻകൂർ അനുമതി വാങ്ങേണ്ടതാണ്. ഉച്ചഭാഷിണി ഉപയോഗത്തിനും അനുമതി ആവശ്യമാണ്. രാത്രി പത്തു മുതൽ രാവിലെ ആറുവരെ പൊതുയോഗം, ജാഥ, ഉച്ചഭാഷിണി ഉപയോഗം എന്നിവ പാടില്ല.

രാഷ്ട്രീയ കക്ഷികൾ വോട്ടർമാർക്ക് നൽകുന്ന സ്ലിപ്പുകൾ വെള്ള പേപ്പറിൽ തയ്യാറാക്കേണ്ടതും വോട്ടറുടെ പേര് , സീരിയൽ നമ്പർ, പാർട്ട് നമ്പർ, പോളിംഗ് സ്റ്റേഷന്റെ പേര് എന്നിവ മാത്രം രേഖപ്പെടുത്തിയതുമാകണം. വോട്ടർമാരുടെ ബോധവത്കരണത്തിനായി ഉപയോഗിക്കുന്ന ഡമ്മി ബാലറ്റ് യൂണിറ്റുകൾ യഥാർത്ഥ ബാലറ്റ് യൂണിറ്റുകളുടെ പകുതി വലുപ്പത്തിലുള്ളതും തടിയിലോ പ്ലൈവുഡിലോ നിർമ്മിച്ചതായിരിക്കണം.

ഇത് യഥാർത്ഥ ബാലറ്റ് യൂണിറ്റുകളുടെ നിറത്തിലാകാൻ പാടില്ല. രാഷ്ട്രീയ പാർട്ടികളും സ്ഥാനാർത്ഥികളും തിരഞ്ഞെടുപ്പിനോടനുബന്ധിച്ച് ഏതെങ്കിലും പൊതുസ്ഥലമോ സ്വകാര്യ സ്ഥലമോ കയ്യേറിയോ ആരാധനാലയങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ എന്നിവിടങ്ങളിലോ താൽക്കാലിക ഓഫീസ് സ്ഥാപിക്കാൻ പാടില്ല.

*(എസ്.ഇ.സി.76/2020)*

## തദ്ദേശ തിരഞ്ഞെടുപ്പ്: ജില്ലാതല മീഡിയ റിലേഷൻസ് സമിതി രൂപീകരിക്കും

തദ്ദേശ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ജില്ലാതല മീഡിയാ റിലേഷൻസ് സമിതി രൂപീകരിക്കാൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി. ഭാസ്കരൻ ഉത്തരവിട്ടു. മാധ്യമ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട തിരഞ്ഞെടുപ്പ് കമ്മീഷന്റെ മാർഗ നിർദ്ദേശങ്ങൾ സംബന്ധിച്ച പരാതികളിലും, മാധ്യമ സംബന്ധമായ മറ്റുകാര്യങ്ങളിൽ തീർപ്പുകൽപ്പിക്കുന്നതിനും ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസറെ സഹായിക്കുകയാണ് സമിതിയുടെ ചുമതല. മാധ്യമ മാർഗനിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടോയെന്ന് നിരീക്ഷിക്കുന്നതിനും ആവശ്യമെങ്കിൽ അതിന്മേൽ തുടർ നടപടികൾ ശുപാർശ ചെയ്യുന്നതിനുമാണ് സമിതി രൂപീകരിച്ചിരിക്കുന്നത്. ജില്ലാ കളക്ടർ ചെയർമാനായ സമിതിയിൽ ജില്ലാ ഇൻഫർമേഷൻ ഓഫീസറായിരിക്കും കൺവീനർ. ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പിലെ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ കളക്ടറേറ്റിലെ ലോ ഓഫീസർ, ഒരു വിശിഷ്ട മാധ്യമ/ സാമൂഹ്യ പ്രവർത്തകൻ എന്നിവരാണ് സമിതിയിലെ മറ്റ് അംഗങ്ങൾ. ജില്ലാതല മീഡിയാ റിലേഷൻസ് സമിതിയുടെ തീരുമാനങ്ങളിന്മേലുള്ള അപ്പീൽ പരിശോധിച്ച് തീരുമാനമെടുക്കുന്നതിന് അപേക്ഷകൾ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന് സമർപ്പിക്കണം. ഡിസംബർ 16 വരെയാണ് സമിതിയുടെ കാലാവധി. സമിതിയിലെ അനൗദ്യോഗിക അംഗങ്ങൾക്ക് സിറ്റിംഗിന് ദിനബത്ത അനുവദിക്കും. സമിതികൾ പ്രവർത്തന സജ്ജമാക്കുന്നതിന് ആവശ്യമായ ഭൗതിക സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള ചുമതല ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കാണ്.

*(എസ്.ഇ.സി.75/2020)*

## തദ്ദേശ തിരഞ്ഞെടുപ്പ്: സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് അവധി അനുവദിച്ച് ഉത്തരവ്

തദ്ദേശ തിരഞ്ഞെടുപ്പ് ദിവസം വോട്ട് ചെയ്യുന്നതിന് സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് അവധി അനുവദിച്ച് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഉത്തരവിറക്കി. വേതനം കുറയ്ക്കാതെ അവധി നൽകാനാണ് ഉത്തരവ്. സ്വകാര്യ വാണിജ്യ-വ്യാപാര സ്ഥാപനങ്ങളിലെയും മറ്റ് സ്ഥാപനങ്ങളിലെയും ജീവനക്കാർക്കാണ് തിരഞ്ഞെടുപ്പ് നടക്കുന്ന ജില്ലകളുടെ അടിസ്ഥാനത്തിൽ അവധി അനുവദിച്ചിരിക്കുന്നത്. ഡിസംബർ എട്ടാം തിയതി തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി ജില്ലകളിലേയും ഡിസംബർ പത്തിന് കോട്ടയം എറണാകുളം, തൃശൂർ, പാലക്കാട്, വയനാട് ജില്ലകളിലേയും ഡിസംബർ 14ന് മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലുമാണ് അവധി പ്രഖ്യാപിച്ചിരിക്കുന്നത്. സ്വന്തം ജില്ലക്ക് പുറത്ത് ജോലിയുള്ളവർക്ക് വോട്ടെടുപ്പ് ദിവസം സ്വന്തം ജില്ലയിലെ പോളിംഗ് സ്റ്റേഷനിൽ പോയി വോട്ടു ചെയ്യാൻ പ്രത്യേക അനുമതി നൽകാമെന്നും ഉത്തരവിൽ പറയുന്നു. അവധി നൽകാത്തത് പിഴ ഈടാക്കാവുന്ന കുറ്റമാണ്.

*(എസ്.ഇ.സി.74/2020)*

## തിരഞ്ഞെടുപ്പ് ചിഹ്നം ശുപാർശ ചെയ്യുന്നതിന് കത്ത് നൽകണം

സ്ഥാനാർത്ഥികൾക്ക് തിരഞ്ഞെടുപ്പ് ചിഹ്നം ശുപാർശ ചെയ്യുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ള ജില്ലാ പാർട്ടി ഭാരവാഹികളുടെ ഒപ്പ് സാക്ഷ്യപ്പെടുത്തി അതാത് രാഷ്ട്രീയ പാർട്ടികളുടെ സംസ്ഥാന ഭാരവാഹികൾ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്ക് നൽകേണ്ടതാണെന്നും സ്ഥാനാർത്ഥികൾക്ക് ചിഹ്നം ശുപാർശ ചെയ്യുന്നതിന് അധികാരപ്പെടുത്തിയിട്ടുള്ള പാർട്ടി ഭാരവാഹികൾ കത്ത് സ്വന്തം കൈപ്പടയിൽ ഒപ്പുവച്ച് ബന്ധപ്പെട്ട വരണാധികാരിക്ക് നവംബർ 23ന് വൈകുന്നേരം മൂന്ന് മണിക്ക് മുമ്പ് സമർപ്പിക്കേണ്ടതാണെന്നും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ
വി. ഭാസ്കരൻ അറിയിച്ചു.

*(എസ്.ഇ.സി.73/2020)*

Email:
**contact.seckerala@gmail.com**
**cru.sec@kerala.gov.in**

# പത്രക്കുറിപ്പ്

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**

TELEPHONE: 0471-2321233
MOBILE :8281000127

**www.sec.kerala.gov.in**

**18th November 2020**

## തദ്ദേശഭരണ തിരഞ്ഞെടുപ്പ് : നവംബർ 18 വരെ ലഭിച്ചത് 82,810 നാമനിർദ്ദേശ പത്രികകൾ

തദ്ദേശഭരണ തിരഞ്ഞെടുപ്പിൽ നവംബർ 18 വരെ ലഭിച്ചത് 82,810 നാമനിർദ്ദേശ പത്രികകൾ. ഗ്രാമപഞ്ചായത്തുകളിലേക്ക് 64,767 എണ്ണവും ബ്ലോക്ക് പഞ്ചായത്തുകളിലേക്ക് 5,612 ജില്ലാ പഞ്ചായത്തുകളിലേക്ക് 664 പത്രികകളുമാണ് ലഭിച്ചത്. 9,865 നാമനിർദ്ദേശ പത്രികകളാണ് മുനിസിപ്പാലിറ്റികളിലേക്ക് ലഭിച്ചത്. ആറ് കോർപ്പറേഷനുകളിലേക്ക് 1,902 നാമനിർദ്ദേശ പത്രികകളും ലഭിച്ചു. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ വെബ്സൈറ്റിൽ 18ന് വൈകിട്ട് ആറുവരെ അപ്‌ലോഡ് ചെയ്തിട്ടുള്ള നാമനിർദ്ദേശ പത്രികകളുടെ കണക്കാണിത്.

തിരഞ്ഞെടുപ്പ് കമ്മീഷന്റെ വിജ്ഞാപനത്തെ തുടർന്ന് നവംബർ 12 മുതലാണ് പത്രിക സമർപ്പണം ആരംഭിച്ചത്. അവധി ദിനങ്ങളിലൊഴികെ (14, 15) അഞ്ച് ദിവസങ്ങളിലായാണ് പത്രികകൾ ലഭിച്ചത്. പത്രികാ സമർപ്പണം ഇന്ന് (നവംബർ 19) അവസാനിക്കും. നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന നാളെ (നവംബർ 20) നടക്കും. സ്ഥാനാർത്ഥിത്വം പിൻവലിക്കാനുള്ള അവസാന തീയതി നവംബർ 23-നാണ്.

| ജില്ല | ഗ്രാമ പഞ്ചായത്ത് | ബ്ലോക്ക് പഞ്ചായത്ത് | മുനിസിപ്പാലിറ്റി | കോർപ്പറേഷൻ | ജില്ലാ പഞ്ചായത്ത് | ആകെ |
|---|---|---|---|---|---|---|
| തിരുവനന്തപുരം | 5,795 | 637 | 644 | 543 | 58 | 7,677 |
| കൊല്ലം | 4,500 | 294 | 257 | 82 | 13 | 5,146 |
| പത്തനംതിട്ട | 3,003 | 148 | 455 | - | 8 | 3,614 |
| ആലപ്പുഴ | 3,991 | 332 | 476 | - | 35 | 4,834 |
| കോട്ടയം | 3,581 | 272 | 529 | - | 31 | 4,413 |
| ഇടുക്കി | 2,086 | 72 | 163 | - | - | 2,321 |
| എറണാകുളം | 5,712 | 537 | 1,329 | 393 | - | 7,971 |
| തൃശൂർ | 7,049 | 748 | 864 | 348 | 60 | 9,069 |
| പാലക്കാട് | 6,092 | 440 | 241 | - | - | 6,773 |
| മലപ്പുറം | 7,961 | 667 | 1,765 | - | 92 | 10,485 |
| കോഴിക്കോട് | 6,214 | 606 | 1,255 | 297 | 140 | 8,512 |
| വയനാട് | 1,930 | 138 | 246 | - | 60 | 2,374 |
| കണ്ണൂർ | 5,025 | 534 | 1,254 | 239 | 113 | 7,165 |
| കാസർഗോഡ് | 1,828 | 187 | 387 | - | 54 | 2,456 |
| **ആകെ** | 64,767 | 5,612 | 9,865 | 1,902 | 664 | **82,810** |

*(എസ്.ഇ.സി.72/2020)*

## തദ്ദേശ തിരഞ്ഞെടുപ്പ് ഡ്യൂട്ടി: ഉദ്യോഗസ്ഥരുടെ പ്രതിഫലം വർദ്ധിപ്പിച്ചു

തദ്ദേശ തിരഞ്ഞെടുപ്പ് ഡ്യൂട്ടിയിലുള്ള ഉദ്യോഗസ്ഥരുടെ പ്രതിഫലം വർദ്ധിപ്പിച്ചു. പ്രിസൈഡിംഗ് ഓഫീസർ, കൗണ്ടിംഗ് സൂപ്പർവൈസർ എന്നിവർക്ക് ദിവസം 600/- രൂപ വീതം ലഭിക്കും. പോളിംഗ് ഓഫീസർ, കൗണ്ടിംഗ് അസിസ്റ്റന്റ് എന്നിവർക്ക് 500/- രൂപ വീതമാണ് ലഭിക്കുക. പോളിംഗ് അസിസ്റ്റന്റിന് 400/- രൂപ വീതവും പ്രതിഫലം ലഭിക്കും. ജില്ലാതല മാസ്റ്റർ ട്രെയ്നർമാർക്ക് ഒരു സെഷന് 750/- രൂപ വീതവും ബ്ലോക്കുതല ട്രെയ്നർമാർക്ക് സെഷന് 500/- രൂപ വീതവും ലഭിക്കും. ഇത് കൂടാതെ എല്ലാ ഉദ്യോഗസ്ഥർക്കും ഫുഡ് അലവൻസ് ആയി പ്രതിദിനം 250/- രൂപയും അനുവദിക്കും.

*(എസ്.ഇ.സി.71/2020)*

## വോട്ടിംഗ് യന്ത്രത്തിലെ ലേബലുകളുടെയും ബാലറ്റ് പേപ്പറുകളുടെയും നിറം നിശ്ചയിച്ചു

തദ്ദേശ സ്വയംഭരണ തിരഞ്ഞെടുപ്പിൽ ഉപയോഗിക്കുന്ന വോട്ടിംഗ് യന്ത്രങ്ങളിൽ പതിപ്പിക്കുന്ന ലേബലുകളുടെയും ബാലറ്റ് പേപ്പറുകളുടെയും നിറം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നിശ്ചയിച്ചു. ഗ്രാമപഞ്ചായത്തുകളിലേക്ക് വെള്ളയും, ബ്ലോക്കുകളിൽ പിങ്കും, ജില്ലാ പഞ്ചായത്തുകളിൽ ആകാശ നീല(സ്കൈ ബ്ലൂ)യുമാണ് നിശ്ചയിച്ചിരിക്കുന്ന നിറങ്ങൾ. മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും വെള്ള നിറമാണ് ഉപയോഗിക്കുക.

*(എസ്.ഇ.സി.70/2020)*

## തദ്ദേശ തിരഞ്ഞെടുപ്പ്: സർക്കാർ സ്കൂൾ പ്രീ പ്രൈമറി അധ്യാപകർക്ക് മത്സരിക്കാനാകില്ല

സർക്കാർ സ്കൂളുകളിൽ ജോലി ചെയ്യുന്ന പ്രീ പ്രൈമറി അധ്യാപകർക്കും മറ്റ് ജീവനക്കാർക്കും തദ്ദേശഭരണ തിരഞ്ഞെടുപ്പിൽ മത്സരിക്കാനാവില്ലെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി. ഭാസ്കരൻ അറിയിച്ചു. സ്വാശ്രയ/ അൺ എയ്ഡഡ്/ എയ്ഡഡ് സ്കൂളുകളിലെ പ്രീ പ്രൈമറി അധ്യാപകർക്കും മറ്റ് ജീവനക്കാർക്കും തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിന് തടസ്സമില്ല.

*(എസ്.ഇ.സി.69/2020)*

| Email: **contact.seckerala@gmail.com** **cru.sec@kerala.gov.in** | **പത്രക്കുറിപ്പ്** | TELEPHONE: 0471-2321233 MOBILE :8281000127 **www.sec.kerala.gov.in** |
| --- | --- | --- |
| | **കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ** | **17th November 2020** |

## പോൾ മാനേജർ മൊബൈൽ ആപ്ലിക്കേഷൻ : ഉദ്യോഗസ്ഥർക്കുള്ള പരിശീലനം ആരംഭിച്ചു

തദ്ദേശ തിരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾ കാര്യക്ഷമമായി ഏകോപിപ്പിക്കുന്നതിന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഏർപ്പെടുത്തിയ മൊബൈൽ ആപ്പ് പോൾ മാനേജറുമയി ബന്ധപ്പെട്ട് ഉദ്യോഗസ്ഥർക്കുള്ള പരിശീലനം ആരംഭിച്ചു. ആദ്യഘട്ടത്തിൽ മാസ്റ്റർ ട്രയിനർമാർക്ക് എൻ.ഐ.സിയുടെ ജില്ലാ ഇൻഫർമാറ്റിക്സ് ഓഫീസർമാരാണ് പരിശീനം നൽകുന്നത്. പരിശീലനം ലഭിച്ച മാസ്റ്റർ ട്രയിനർമാർ, ബ്ലോക്ക് ലെവൽ/ മുനിസിപ്പൽ ട്രയിനർ തുടങ്ങിയവർക്ക് 23 മുതൽ പരിശീലനം നൽകും. പ്രിസൈഡിംഗ് ഓഫീസർ, ഫസ്റ്റ് പോളിംഗ് ഓഫീസർ തുടങ്ങിയവർക്ക് ബ്ലോക്ക് ലെവൽ ട്രയിനർമാരാകും പരിശീലനം നൽകുക.

വോട്ടെടുപ്പുമായി ബന്ധപ്പെട്ട പ്രധാന വിവരങ്ങൾ വേഗത്തിൽ ജില്ലാ തലത്തിൽ ലഭ്യമാക്കാനാണ് "പോൾ മാനേജർ" മൊബൈൽ ആപ്പ് ഉപയോഗിക്കുക. വോട്ടെടുപ്പ് ദിവസവും അതിന് മുന്നിലത്തെ ദിവസവുമാണ് പോൾ മാനേജർ ഉപയോഗിക്കുക. വോട്ടിംഗ് യന്ത്രങ്ങൾ ഏറ്റുവാങ്ങുന്നതുമുതൽ വോട്ടെടുപ്പ് കഴിഞ്ഞ് തിരിച്ച് ഏൽപ്പിക്കുന്നതുവരെയുള്ള എല്ലാ വിവരങ്ങളും ആപ്പിൽ രേഖപ്പെടുത്തും. വോട്ടെടുപ്പ് ദിവസം കൃത്യമായ ഇടവേളകളിൽ എല്ലാ ബൂത്തുകളിൽ നിന്നും വോട്ടിംഗ് ശതമാനം ആപ്പിലൂടെ ഉദ്യോഗസ്ഥർക്ക് നൽകാം. നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററാണ് ആപ്പ് വികസിപ്പിച്ചത്.

മുൻകൂട്ടി നിശ്ചയിച്ച 21 ചോദ്യാവലികളാണ് ആപ്പിലുള്ളത്. ഇതിലൂടെ പോളിംഗ് സ്റ്റേഷനിലേക്ക് നിയമിക്കപ്പെട്ട ഉദ്യോഗസ്ഥർ പുറപ്പെട്ട് തിരിച്ചെത്തുന്നതു വരെയുള്ള വിവരങ്ങൾ ആപ്പിൽ രേഖപ്പെടുത്തും.പ്രിസൈഡിംഗ് ഓഫീസർ, ഫസ്റ്റ് പോളിംഗ് ഓഫീസർ, സെക്ടറൽ ഓഫീസർ എന്നിവർക്കാണ് ആപ്പ് ഉപയോഗിക്കാൻസാധിക്കുക. ഉദ്യോഗസ്ഥരുടെ മൊബൈൽ ഫോണിലേക്ക് വരുന്ന ഒ ടി പി നമ്പർ ഉപയോഗിച്ചാണ് ആപ്പ് ഓപ്പൺ ചെയ്യുന്നത്. ബൂത്തുകളിലേക്ക് പുറപ്പെടുന്നതിന് മുൻപ് ഉദ്യോഗസ്ഥർക്ക് നമ്പർ അപ്ഡേറ്റ് ചെയ്യാനുള്ള സംവിധാനം തിരഞ്ഞെടുപ്പ് സാമഗ്രികൾ വിതരണം ചെയ്യുന്ന കേന്ദ്രങ്ങളിൽ ലഭിക്കും. ജില്ലാതല നോഡൽ ഓഫീസർമാർക്കാണ് പോൾ മാനേജർ ആപ്പ് ഉപയോഗിക്കുന്ന ഉദ്യോഗസ്ഥരുടെ വിവരങ്ങൾ ശേഖരിക്കേണ്ട ചുമതല.

*(എസ്.ഇ.സി.68/2020)*

## നാമനിർദ്ദേശപത്രിക നിരസിക്കുന്നത് ആക്ടുകൾ വ്യക്തമായി പരിശോധിച്ചതിനു ശേഷം - സംസ്ഥാന ഇലക്ഷൻ കമ്മീഷണർ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിന് സ്ഥാനാർത്ഥികളുടെ നാമനിർദ്ദേശ പത്രിക നിരസിക്കുന്നതിന് മുമ്പ് കേരള പഞ്ചായത്ത് രാജ് / കേരള മുനിസിപ്പാലിറ്റി ആക്റ്റുകൾ വ്യക്തമായി പരിശോധിച്ച് മതിയായ കാരണങ്ങൾ ഉറപ്പ് വരുത്തണമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി. ഭാസ്കരൻ നിർദ്ദേശിച്ചു.

നാമനിർദ്ദേശപത്രിക സമർപ്പിച്ച സ്ഥാനാർത്ഥി ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിലെ അംഗമാകാൻ നിയമാനുസൃതം യോഗ്യനല്ലെന്നോ ആ സ്ഥാനാർത്ഥി അപ്രകാരം ബന്ധപ്പെട്ട പഞ്ചായത്തിലെയോ മുനിസിപ്പാലിറ്റിയിലെയോ അംഗമാകുന്നകാര്യത്തിൽ അയോഗ്യനാണെന്നോ വ്യക്ത

മായാൽ നാമനിർദ്ദേശപത്രിക നിരസിക്കപ്പെടും. നാമനിർദ്ദേശപത്രിക സമർപ്പിക്കുന്നതിന് വിജ്ഞാപനം ചെയ്യപ്പെട്ട ദിവസങ്ങളിൽ മൂന്നു മണിക്ക് ശേഷം നാമനിർദ്ദേശപത്രിക സമർപ്പിക്കുവാൻ പാടില്ല. സ്ഥാനാർത്ഥിക്കോ അല്ലെങ്കിൽ അദ്ദേഹത്തെ നാമനിർദ്ദേശം ചെയ്യുന്നയാളോ അല്ലാതെ മറ്റാരെങ്കിലും നാമനിർദ്ദേശപത്രിക സമർപ്പിക്കരുത്.

നാമനിർദ്ദേശപത്രിക നിശ്ചിത 2-ാം നമ്പർ ഫോറത്തിൽ തന്നെ സമർപ്പിക്കേണ്ടതാണ്. നാമനിർദ്ദേശപത്രികയിൽ സ്ഥാനാർത്ഥിയും നാമനിർദ്ദേശം ചെയ്തയാളും ഒപ്പിട്ടിരിക്കണം. സ്ഥാനാർത്ഥി മത്സരിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ ഏതെങ്കിലും നിയോജകമണ്ഡലം (വാർഡിലെ) വോട്ടർ ആയിരിക്കേണ്ടതും എന്നാൽ നാമനിർദ്ദേശം ചെയ്യുന്നയാൾ സ്ഥാനാർത്ഥി മത്സരിക്കുന്ന നിയോജകമണ്ഡലത്തിലെയോ വാർഡിലെയോ വോട്ടർ ആയിരിക്കേണ്ടതാണ്.

ഒരാൾ ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ ഒന്നിലധികം നിയോജകമണ്ഡലങ്ങളിലേയ്ക്ക് നാമനിർദ്ദേശ പത്രിക സമർപ്പിക്കാൻ പാടില്ല. കൂടാതെ സ്ഥാനാർത്ഥി യഥാവിധി പണം കെട്ടിവെയ്ക്കുകയും സത്യപ്രതിജ്ഞ അല്ലെങ്കിൽ ദൃഢപ്രതിജ്ഞ ചെയ്ത് ഒപ്പിടുകയും വേണം. സ്ത്രീയ്ക്കോ പട്ടികജാതിയ്ക്കോ പട്ടികവർഗ്ഗത്തിനോ ആയി സംവരണം ചെയ്തിട്ടുള്ള നിയോജകമണ്ഡലത്തിലേയ്ക്ക് ഈ വിഭാഗത്തിൽപ്പെടാത്തവർ പത്രിക സമർപ്പിക്കരുത്. സ്ഥാനാർത്ഥി നാമനിർദ്ദേശപത്രികയിൽ വയസ്സ് കൃത്യമായി രേഖപ്പെടുത്തിയിരിക്കണം. സ്ഥാനാർത്ഥി വേറെ ഏതെങ്കിലും നിയോജകമണ്ഡലത്തിലെ സമ്മതിദായകനായിരിക്കുന്നിടത്ത് ബന്ധപ്പെട്ട വോട്ടർ പട്ടികയോ പ്രസക്ത ഭാഗമോ പ്രസക്ത ഭാഗത്തിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പോ നാമനിർദ്ദേശപത്രികക്കൊപ്പമോ അല്ലെങ്കിൽ സൂക്ഷ്മപരിശോധനാ സമയത്തോ ഹാജരാക്കണം. ഒരു സ്ഥാനാർത്ഥി സമർപ്പിച്ച എല്ലാ നാമനിർദ്ദേശപത്രികകളും തള്ളുകയാണെങ്കിൽ അതിനുള്ള കാരണങ്ങൾ ഉടൻ തന്നെ രേഖപ്പെടുത്തി ഉത്തരവിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് നൽകുന്നതാണ്.

ഏതെങ്കിലും ഒരു നാമനിർദ്ദേശപത്രിക സ്വീകരിച്ചിട്ടുണ്ടെങ്കിൽ തള്ളിയ പത്രികകളെ സംബന്ധിച്ച് ഉത്തരവിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സ്ഥാനാർത്ഥി ആവശ്യപ്പെട്ടാൽ നൽകേണ്ടതാണ്. സ്വീകരിക്കപ്പെട്ട നാമനിർദ്ദേശപത്രികളുടെ കാര്യത്തിൽ അവ സ്വീകരിയ്ക്കാനിടയായ കാരണങ്ങൾ വരണാധികാരി വ്യക്തമാക്കണമെന്നില്ല. എന്നാൽ ഒരു നാമനിർദ്ദേശ പത്രിക സ്വീകരിപ്പെടുന്നതിൽ ആക്ഷേപം ഉന്നയിച്ചിട്ടുള്ള സംഗതികളിൽ പ്രസ്തുത ആക്ഷേപം നിരസിച്ചുകൊണ്ട് എന്തുകൊണ്ട് പത്രിക സ്വീകരിക്കപ്പെട്ടു എന്ന കാര്യം വരണാധികാരി വ്യക്തമാക്കേണ്ടതുണ്ട്.

*(എസ്.ഇ.സി.67/2020)*

## തദ്ദേശ തിരഞ്ഞെടുപ്പ് : ചിഹ്നം അനുവദിച്ചു

തദ്ദേശ തിരഞ്ഞടുപ്പിൽ വിവിധ രാഷ്ട്രീയ കക്ഷികൾക്ക് ചിഹ്നം അനുവദിച്ചതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി. ഭാസ്കരൻ അറിയിച്ചു. ദ മാർക്സിസ്റ്റ് ലെനിനിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ( റെഡ് ഫ്ളാഗ് ) - ബ്ലാക്ക് ബോർഡ്, ഡെമൊക്രാറ്റിക് സോഷ്യൽ ജസ്റ്റിസ് പാർട്ടി -ക്യാമറ, കേരള കാമരാജ് കോൺഗ്രസ് പാർട്ടി - ക്രിക്കറ്റ് ബാറ്റ്, കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടി (എം. വി രാജേഷ് വിഭാഗം) - ഇങ്ക് പോട്ട് ആൻഡ് പെൻ, ഭാരത് ധർമ്മ ജന സേന പാർട്ടി - പൈനാപ്പിൾ, ഭാരതീയ സബ്‌ലോക് പാർട്ടി - പ്രഷർ കുക്കർ, സോഷ്യലിസ്റ്റ് റിപ്പബ്ലിക്കൻ പാർട്ടി - ഷിപ്പ്, അണ്ണാ ഡെമോക്രാറ്റിക് ഹ്യൂമൻ റൈറ്റ്സ് മൂവ്മെന്റ് പാർട്ടി ഓഫ് ഇന്ത്യ - പെരുമ്പറ,
കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടി ( എം. അജീബ് വിഭാഗം )- വാട്ടർ ടാപ്പ് എന്നിങ്ങനെയാണ് ചിഹ്നം അനുവദിച്ചത്.

*(എസ്.ഇ.സി.66/2020)*

## തദ്ദേശ തിരഞ്ഞെടുപ്പ് : ചെലവ് നിരീക്ഷകരെ നിയമിച്ചു

തദ്ദേശഭരണ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ചെലവുകൾ സംബന്ധിച്ച കാര്യങ്ങൾ നിരീക്ഷിക്കുന്നതിനായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നിരീക്ഷകരെ നിയോഗിച്ചു. നിരീക്ഷകന്റെ പേര്, ചുമതലപ്പെട്ട ബ്ലോക്ക്/മുനിസിപ്പാലിറ്റി, മൊബൈൽ ഫോൺ നമ്പർ എന്നിവ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ ഔദ്യോഗിക വെബ് സൈറ്റായ www.sec.kerala.gov.in ൽ പ്രസിദ്ധീകരിച്ചു.

*(എസ്.ഇ.സി.65/2020)*

## കേരള കോൺഗ്രസ്സ് (എം) ന്റെ ചിഹ്നം മരവിപ്പിച്ചു

കേരള കോൺഗ്രസ്സ് (എം) ന്റെ ചിഹ്നമായ ''രണ്ടില'' സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ മരവിപ്പിച്ചു.

കേരള കോൺഗ്രസ്സ് (എം)-ലെ പി.ജെ.ജോസഫ് വിഭാഗവും ജോസ്.കെ.മാണി വിഭാഗവും ''രണ്ടില'' ചിഹ്നം തങ്ങൾക്ക് അനുവദിക്കണം എന്ന് അവകാശവാദം ഉന്നയിച്ചതിനെ തുടർന്നാണ് ചിഹ്നം മരവിപ്പിച്ചു കൊണ്ട് സംസ്ഥാന ഇലക്ഷൻ കമ്മീഷണർ വി.ഭാസ്ക്കരൻ ഉത്തരവ് പുറപ്പെടുവിച്ചത്. ഇപ്രകാരം ചിഹ്നം മരവിപ്പിച്ച നടപടി

ബഹു.ഹൈക്കോടതിയിൽ നിലവിലുള്ള WP(c). 18633/2020, 18556/2020 എന്നീ കേസുകളിലെ വിധിക്ക് വിധേയമായിരിക്കും. .

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിനായി കേരള കോൺഗ്രസ്സ് (എം) പി.ജെ.ജോസഫ് വിഭാഗത്തിന് ''ചെണ്ട'' യും, കേരള കോൺഗ്രസ്സ് (എം) ജോസ്.കെ.മാണി വിഭാഗത്തിന് ''ടേബിൾ ഫാനും'' അതാത് വിഭാഗം ആവശ്യപ്പെട്ടതനുസരിച്ച് അവർക്ക് അനുവദിച്ചു.

*(എസ്.ഇ.സി.64/2020)*

Email:
contact.seckerala@gmail.com
cru.sec@kerala.gov.in

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

16th November 2020

## തിരഞ്ഞെടുപ്പ് പ്രചാരണം ചട്ടങ്ങൾ പാലിച്ചുവേണം- സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

തദ്ദേശ പൊതു തെരഞ്ഞെടുപ്പിൽ മത്സരിക്കുന്ന രാഷ്ട്രീയകക്ഷികളും സ്ഥാനാർത്ഥികളും അച്ചടി ശാല ഉടമസ്ഥരും തിരഞ്ഞെടുപ്പിന്റെ ആവശ്യത്തിലേക്കായി അച്ചടിക്കുന്ന ലഘുലേഖകൾ, പോസ്റ്ററുകൾ തുടങ്ങിയവയിൽ അച്ചടിക്കുന്ന ആളിന്റെയും പ്രസാധകന്റെയും പേരും മേൽവിലാസവും ഉണ്ടായിരിക്കണമെന്ന പഞ്ചായത്ത് രാജ്/മുനിസിപ്പൽ അക്ടിലെ വ്യവസ്ഥകൾ കർശനമായി പാലിക്കണമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി.ഭാസ്കരൻ അറിയിച്ചു.

അച്ചടിക്കുന്നതിനു മുമ്പായി പ്രസാധകനെ തിരിച്ചറിയുന്നതിനായ് രണ്ട് ആളുകൾ സാക്ഷ്യപ്പെടുത്തിയ നിശ്ചിത ഫാറത്തിലുള്ള ഒരു പ്രഖ്യാപനം പ്രസ്സുടമ നൽകേണ്ടതും അച്ചടിച്ച ശേഷം മേൽപ്പറഞ്ഞ പ്രഖ്യാപനത്തോടൊപ്പം അച്ചടി രേഖയുടെ പകർപ്പ് സഹിതം പ്രസ്സുടമ നിശ്ചിത ഫോറത്തിൽ ജില്ലാ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന് അയച്ചു കൊടുക്കേണ്ടതുമാണ്. മുകളിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥയുടെ ലംഘനം ആറുമാസത്തോളം ആകാവുന്ന തടവുശിക്ഷയോ, 2000രൂപ വരെ പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടുന്ന കുറ്റമാണ്.

ഒരു വ്യക്തിയുടെ സ്ഥലം, കെട്ടിടം, മതിൽ തുടങ്ങിയവ അയാളുടെ അനുവാദം കൂടാതെ കൊടിമരം നാട്ടുന്നതിനോ ബാനറുകൾ കെട്ടുന്നതിനോ, പരസ്യം ഒട്ടിക്കുന്നതിനോ മുദ്രാവാക്യങ്ങൾ എഴുതുന്നതിനോ ഉപയോഗിക്കാൻ രാഷ്ട്രീയകക്ഷികളോ സ്ഥാനാർത്ഥികളോ അവരുടെ അനുയായികളെ അനുവദിക്കാൻ പാടില്ല.

സർക്കാർ ആഫീസുകളിലും അവയുടെ കോമ്പൗണ്ടിലും പരിസരത്തും ചുവർ എഴുതാനോ പോസ്റ്റർ ഒട്ടിക്കാനോ ബാനർ, കട്ട് ഔട്ട് തുടങ്ങിയവ സ്ഥാപിക്കാനോ പാടില്ല. ഏതെങ്കിലും പൊതുസ്ഥലത്ത് പരസ്യങ്ങളും ബോർഡുകളും മറ്റ് പ്രചരണോപാധികളും സ്ഥാപിക്കുന്നതിന് തടസ്സമില്ലെങ്കിൽ അവിടെ പരസ്യങ്ങൾ സ്ഥാപിക്കുന്നതിന് എല്ലാ രാഷ്ട്രീയകക്ഷികൾക്കും സ്ഥാനാർത്ഥികൾക്കും തുല്യ അവസരം നൽകണം. ഏതെങ്കിലും പ്രത്യേക കക്ഷിക്കോ സ്ഥാനാർത്ഥിക്കോ മാത്രമായി ഒരു പൊതുസ്ഥലവും നീക്കി വച്ചിട്ടില്ലെന്ന് ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ ഉറപ്പു വരുത്തേണ്ടതാണ്. പൊതുജനങ്ങൾക്ക് അസൗകര്യമോ ശല്യമോ ഉണ്ടാകുന്ന വിധത്തിൽ പ്രചരണ സാമഗ്രികൾ (കൊടി, ബാനർ, പോസ്റ്റർ, കട്ടൗട്ട് തുടങ്ങിയവ) സ്ഥാപിക്കാൻ പാടില്ല. പരസ്യങ്ങൾക്ക് വേണ്ടിവരുന്ന ചെലവ് സ്ഥാനാർത്ഥിയുടെ തിരഞ്ഞെടുപ്പ് ചെലവ് കണക്കിൽ ഉൾപ്പെടുത്തേണ്ടതാണ്.

രാഷ്ട്രീയ കക്ഷികളോ സ്ഥാനാർത്ഥികളോ ഏതെങ്കിലും പൊതുസ്ഥലമോ സ്വകാര്യസ്ഥലമോ പരസ്യങ്ങൾ സ്ഥാപിച്ചോ മുദ്രാവാക്യങ്ങൾ എഴുതിയോ വികൃതമാക്കിയതായി പരാതി ലഭിച്ചാൽ അവ ഉടൻ നീക്കം ചെയ്യാൻ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ നോട്ടീസ് നൽകേണ്ടതാണ്. നോട്ടീസ് ലഭിച്ചിട്ടും അവ നീക്കം ചെയ്തില്ലെങ്കിൽ അവ നീക്കം ചെയ്യുന്നതിന് ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ നടപടി സ്വീകരിക്കുകയും അതിനു വേണ്ടിവരുന്ന ചെലവ് ബന്ധപ്പെട്ട സ്ഥാനാർത്ഥിയുടെ തിരഞ്ഞെടുപ്പ് ചെലവിനോട് ചേർക്കുകയും ചെയ്യേണ്ടതാണ്.

വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ മൈതാനങ്ങൾ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട രാഷ്ട്രീയ പ്രചരണങ്ങൾക്കോ റാലികൾക്കോ ഉപയോഗിക്കാൻ പാടില്ല.

*(എസ്.ഇ.സി.63/2020)*

## ആന്റി ഡീഫെയ്സ്മെന്റ് സ്ക്വാഡ് രൂപീകരിക്കുവാൻ നിർദ്ദേശം

തദ്ദേശഭരണ പൊതുതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് രാഷ്ട്രീയ കക്ഷികളും സ്ഥാനാർത്ഥികളും നടത്തുന്ന തിരഞ്ഞെടുപ്പ് പ്രചാരണ പരിപാടികൾ നിയമാനുസൃതമാണോ എന്ന് പരിശോധിക്കുന്നതിനായി ആന്റി ഡീഫെയ്സ്മെന്റ് സ്ക്വാഡ് രൂപീകരിക്കുവാൻ തിരഞ്ഞെടുപ്പ് കമ്മീഷൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകി. ജില്ലാ തലത്തിൽ, വരണാധികാരിയല്ലാത്ത അസിസ്റ്റന്റ് കളക്ടറുടേയോ സബ് കളക്ടറുടേയോ ഡെപ്യൂട്ടി കളക്ടറുടേയോ നേതൃത്വത്തിലുള്ള ഒരു സ്ക്വാഡും താലൂക്ക് തലത്തിൽ തഹസിൽദാർ/ഗസറ്റഡ്റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ സ്ക്വാഡും രൂപീകരിക്കേണ്ടതാണ്.

നോട്ടീസുകൾ, ബാനറുകൾ, ബോർഡുകൾ, പോസ്റ്ററുകൾ, ചുവരെഴുത്തുകൾ, മൈക്ക് അനൗൺസ്മെന്റ്, മീറ്റിംഗുകൾ, മറ്റ് സാമൂഹ്യ മാധ്യമങ്ങൾ മുഖേനയുള്ള പ്രചാരണ പരിപാടികൾ എന്നിവയുടെ നിയമസാധുത പരിശോധിക്കേണ്ടതാണ്.

പ്ലാസ്റ്റിക്, ഫ്ലക്സ്, മുതലായവയുടെ ഉപയോഗത്തിൽ നിയന്ത്രണം ഏർപ്പെടുത്തി കമ്മീഷൻ 28/10/2020 തീയതിക്ക് ബി1/34970/2019 നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. അവയിലെ നിർദ്ദേശങ്ങളും പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കണം.

നിയമപരമല്ലാത്ത പ്രചാരണ പരിപാടികൾ ഉടൻ നിർത്തി വയ്പ്പിക്കേണ്ടതും പോസ്റ്ററുകളോ ബോർഡുകളോ നീക്കം ചെയ്യാൻ നിർദ്ദേശിക്കേണ്ടതുമാണ്. ഇപ്രകാരമുള്ള നിർദ്ദേശം പാലിക്കുന്നില്ലെങ്കിൽ അവ നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതും അത് സംബന്ധിച്ച ചെലവ് ബന്ധപ്പെട്ടവരിൽ നിന്ന് ഇൗടാക്കുന്നതിന് നിരീക്ഷകരുടെ ശ്രദ്ധയിൽപ്പെടുത്തി നടപടി സ്വീകരിക്കേണ്ടതുമാണ്.

മേൽപ്പറഞ്ഞവരെ നിയമിക്കുന്നതു സംബന്ധിച്ച് ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ പുറപ്പെടുവിക്കുന്ന ഉത്തരവിന്റെ പകർപ്പ് കമ്മീഷനിൽ ലഭ്യമാക്കേണ്ടതാണെന്ന് കമ്മീഷണർ നിർദ്ദേശിച്ചു.

*(എസ്.ഇ.സി.62/2020)*

## ഹരിതചട്ടപാലനം - പ്ലാസ്റ്റിക് വിമുക്ത തെരഞ്ഞെടുപ്പിനായുള്ള കൈപ്പുസ്തകം പ്രകാശനം ചെയ്തു

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിൽ ഹരിത ചട്ടം പാലിക്കുന്നതിന്റെ ഭാഗമായി സ്ഥാനാർത്ഥികൾക്കും ഉദ്യോഗസ്ഥർക്കും രാഷ്ട്രീയ പാർട്ടികൾക്കും പൊതുജനങ്ങൾക്കുമുള്ള സംശയങ്ങൾ ദൂരീകരിക്കുന്നതിനായി തയ്യാറാക്കിയ ഹരിതചട്ടലംഘനം എന്ന കൈപുസ്തകം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി.ഭാസ്കരൻ പ്രകാശനം ചെയ്തു. ശുചിത്വ മിഷൻ, ഹരിതകേരളം മിഷൻ എന്നിവയുടെ സംയുക്താഭിമുഖ്യത്തിലാണ് കൈപുസ്തകം തയ്യാറാക്കിയിരിക്കുന്നത്. സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണറുടെ ചേംബറിൽ നടത്തിയ പുസ്തക പ്രകാശന ചടങ്ങിൽ ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ശ്രീ.മിർ മുഹമ്മദ് അലി IAS, തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറി എ.സന്തോഷ്, ഹരിതകേരളം പ്രോഗ്രാം ഓഫീസർ അമീർ ഷാ, കൺസൽട്ടന്റ്മാരായ എൻ.ജഗജീവൻ, ടി.പി.സുധാകരൻ തുടങ്ങിയവർ പങ്കെടുത്തു.

(ഫോട്ടോ ഐ&പിആർഡി നൽകുന്നതാണ്)

*(എസ്.ഇ.സി.61/2020)*

# തദ്ദേശ തിരഞ്ഞെടുപ്പ് - സ്ഥാനാർത്ഥികളുടെ യോഗ്യതകളും അയോഗ്യതകളും അറിയിച്ച് മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചു

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് മത്സരിക്കുന്നതിനുള്ള സ്ഥാനാർത്ഥികളുടെ യോഗ്യതകളും അയോഗ്യതകളും കേരള പഞ്ചായത്ത് രാജ് ആക്ടിലെ 29 മുതൽ 34 വരെയുള്ള വകുപ്പുകളിലും കേരള മുനിസിപ്പാലിറ്റി ആക്ടിലെ 85 മുതൽ 90 വരെയുള്ള വകുപ്പുകളിലും നിഷ്കർഷിച്ചിട്ടുണ്ട്. അവ സംബന്ധിച്ച നിയമങ്ങളും ചട്ടങ്ങളും പരിശോധിച്ച് വേണം വരണാധികാരികൾ സ്ഥാനാർത്ഥികളുടെ യോഗ്യതകളും അയോഗ്യതകളും നിശ്ചയിക്കേണ്ടത് എന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി.ഭാസ്കരൻ അറിയിച്ചു.

തദ്ദേശ സ്ഥാപനത്തിൽ മത്സരിക്കുന്ന ഒരാൾക്ക് ആ സ്ഥാപനത്തിലെ ഏതെങ്കിലും വാർഡിലെ വോട്ടർ പട്ടികയിൽ പേരുണ്ടായിരിക്കുകയും നാമനിർദ്ദേശ പത്രിക സമർപ്പിക്കുന്ന തീയതിയിൽ 21 വയസ്സ് പൂർത്തിയായിരിക്കുകയും വേണം. ഒരു വാർഡിലെ സ്ഥാനാർത്ഥിയെ നാമനിർദ്ദേശം ചെയ്യുന്നയാൾ അതേ വാർഡിലെ വോട്ടർ പട്ടികയിൽ തന്നെ പേരുള്ള ആളായിരിക്കണം.

സംവരണ സീറ്റിൽ മത്സരിക്കുന്നയാൾ ആ സംവരണ വിഭാഗത്തിൽപ്പെട്ട ആളായിരിക്കണം. പട്ടികജാതി, പട്ടികവർഗ്ഗ സംവരണ വാർഡുകളിൽ മത്സരിക്കുന്നവർ തഹസിൽദാറിൽ നിന്നു ലഭിച്ച ജാതിസർട്ടിഫിക്കറ്റ് ഹാജരാക്കണം. 3 വർഷ സാധുതാകാലയളവുള്ള ജാതി സർട്ടിഫിക്കറ്റുകളും ഇതിന് പരിഗണിക്കേണ്ടതാണ്.

സംസ്ഥാന സർക്കാരിന്റേയോ കേന്ദ്ര സർക്കാരിന്റേയോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയോ അവ നിയന്ത്രിക്കുന്ന കോർപ്പറേഷനുകളിലേയോ എല്ലാ വിഭാഗം ഉദ്യോഗസ്ഥരും ജീവനക്കാരും തദ്ദേശ തിരഞ്ഞെടുപ്പിന് സ്ഥാനാർത്ഥിയാകുന്നതിന് അയോഗ്യരാണ്.

കേന്ദ്ര സംസ്ഥാന സർക്കാരുകൾക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും 51 ശതമാനത്തിൽ കുറയാതെ ഓഹരിയുള്ള കമ്പനികളിലും സഹകരണ സംഘങ്ങളിലുമുള്ള ജീവനക്കാർക്കും മത്സരിക്കുന്നതിന് യോഗ്യതയില്ല.

സംസ്ഥാനത്തെ ഏതെങ്കിലും ബോർഡിലോ സർവ്വകലാശാലയിലോ ഉള്ള ഉദ്യോഗസ്ഥർക്കും ജീവനക്കാർക്കും സ്ഥാനാർത്ഥിയാകുന്നതിന് യോഗ്യതയില്ല. പാർട്ട് ടൈം ജീവനക്കാരും ഓണറേറിയം കൈപ്പറ്റുന്ന ജീവനക്കാരും ഇതിൽ ഉൾപ്പെടും.

അംഗണവാടി ജീവനക്കാർക്കും ബാലവാടി ജീവനക്കാർക്കും ആശാവർക്കർമാർക്കും പഞ്ചായത്ത്, മുനിസിപ്പാലിറ്റി തിരഞ്ഞെടുപ്പുകളിൽ മത്സരിക്കുന്നതിന് അയോഗ്യത ഉണ്ടായിരിക്കുന്നതല്ല. എന്നാൽ സാക്ഷരതാ പ്രേരക് മാർക്ക് പഞ്ചായത്തുകളിൽ മാത്രമേ മത്സരിക്കാൻ യോഗ്യത ഉള്ളു.

സർക്കാരിന് 51 ശതമാനം ഓഹരിയില്ലാത്ത പ്രാഥമിക സർവ്വീസ് സഹകരണ സംഘങ്ങളിലെ ജീവനക്കാർക്ക് മത്സരിക്കുന്നതിന് അയോഗ്യതയില്ല.

കെ.എസ്സ്.ആർ.റ്റി.സി യിലെ ജീവനക്കാർ, എംപാനൽ കണ്ടക്ടർമാർ, ഇലക്ട്രിസിറ്റി ബോർഡ് ജീവനക്കാർ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലൂടെ 179 ദിവസത്തേയ്ക്ക് നിയമിക്കപ്പെടുന്ന താത്കാലിക ജീവനക്കാർ എന്നിവർക്ക് മത്സരിക്കുന്നതിന് അയോഗ്യതയുണ്ട്.

കുടുംബശ്രീ സി.ഡി.എസ് ചെയർപേഴ്സൻമാർ ജീവനക്കാരല്ലാത്തതിനാൽ മത്സരിക്കുതിന് അയോഗ്യത ഉണ്ടായിരിക്കുന്നതല്ല. തദ്ദേശ സ്ഥാപനങ്ങളിലെ സി.ഡി.എസ്സ് അക്കൗണ്ടന്റുമാർക്ക് തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിന് അയോഗ്യത ഉണ്ടായിരിക്കും.

സർക്കാരുമായോ തദ്ദേശ സ്ഥാപനവുമായോ നിലവിലുള്ള കരാറിൽ ഏർപ്പെട്ടിട്ടുള്ള ഒരാൾ അയോഗ്യനാണ്. മുമ്പ് ഏതെങ്കിലും കരാറിലോ പണിയിലോ അവകാശമുണ്ടായിരുന്നു എന്ന കാരണത്താൽ അയോഗ്യത ഉണ്ടായിരിക്കുന്നതല്ല.

സമൂഹത്തിന്റെ നന്മയ്ക്കുവേണ്ടി ഒരു പ്രതിനിധി എന്ന നിലയിൽ പഞ്ചായത്തിലെയോ മുനിസിപ്പാലിറ്റിയിലെയോ ഏതെങ്കിലും പണി ഏറ്റെടുക്കുന്നവർക്ക് അയോഗ്യതയില്ല. തദ്ദേശ സ്ഥാപനത്തിന്റെ ഒരു കെട്ടിടമോ കടമുറിയോ വ്യാപാരാവശ്യത്തിനു വാടക വ്യവസ്ഥയിലോ പാട്ട വ്യവസ്ഥയിലോ ഏറ്റെടുത്തിട്ടുണ്ടെങ്കിൽ അതും അയോഗ്യതയല്ല.

സർക്കാരിലേയ്ക്കോ തദ്ദേശ സ്ഥാപനങ്ങളിലേയ്ക്കോ ഏതെങ്കിലും കുടിശ്ശികയുള്ളവർ അയോഗ്യരാണ്. കുടിശ്ശികക്കാരായി കണക്കാക്കുന്നതിന് അത് സംബന്ധിച്ച് ഒരു ബില്ലോ നോട്ടീസോ നല്കുകയും അതിൽ നിർദ്ദേശിച്ചിട്ടുള്ള സമയം കഴിയുകയും വേണം.

ബാങ്കുകൾക്കോ സർവ്വീസ് സഹകരണ സംഘങ്ങൾക്കോ നല്കാനുള്ള കുടിശിക സർക്കാരിനോ തദ്ദേശ സ്ഥാപനത്തിനോ നൽകുവാനുള്ള കുടിശ്ശികയായി കരുതാൻ കഴിയില്ല. ബാങ്കുകൾ, കെ.എഫ്.സി, കെ.എസ്.എഫ്.ഇ മുതലായവക്ക് കൊടുക്കാനുള്ള കുടിശിക റവന്യൂ റിക്കവറി വഴിയാണ് നടത്തുന്നതെങ്കിൽകൂടിയും അത് കുടിശ്ശികയായി പരിഗണിക്കേണ്ടതില്ല.

സർക്കാരിനോ ഏതെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനത്തിനോ നൽകുവാനുള്ള കുടിശ്ശിക ഗഡുക്കളാക്കിയിട്ടുണ്ടെങ്കിൽ അതിൽപ്പറയുന്ന ഗഡുക്കൾ മുടങ്ങിയിട്ടുണ്ടെങ്കിൽ മാത്രമേ കുടിശ്ശികക്കാരനായി കണക്കാക്കി അയോഗ്യത ഉണ്ടാകുകയുള്ളൂ.

1951-ലെ ജനപ്രാതിനിത്യ നിയമത്തിലെ 8-ാം വകുപ്പിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും കുറ്റത്തിനു ശിക്ഷിക്കപ്പെട്ടതോ അല്ലെങ്കിൽ സാൻമാർഗ്ഗിക ദൂഷ്യം ഉൾപ്പെട്ട ഒരു കുറ്റത്തിന് മൂന്നു മാസത്തിൽ കുറയാതെയുള്ള ഒരു കാലത്തേയ്ക്ക് തടവുശിക്ഷ വിധിക്കപ്പെട്ടിട്ടുള്ളതോ ആയ ഒരാൾക്ക് അയോഗ്യത ഉണ്ടായിരിക്കുന്നതാണ്. ശിക്ഷിക്കപ്പെട്ടാൽ ജയിൽ മോചിതനായ ശേഷം ആറു കൊല്ലം വരെ അയോഗ്യതയുണ്ടായിരിക്കും. ശിക്ഷ നടപ്പിലാക്കുന്നത് അപ്പീൽ കോടതി സ്റ്റേ നൽകിയിട്ടുണ്ടെങ്കിലും കുറ്റസ്ഥാപനം (കൺവിക്ഷൻ) സ്റ്റേ ചെയ്യാത്ത കാലത്തോളം അയോഗ്യത ഉണ്ടായിരിക്കുന്നതാണ്.

നാമനിർദ്ദേശ പത്രിക സമർപ്പിക്കുന്ന തീയതിയിൽ 21 വയസ് പൂർത്തിയായിരിക്കണം എന്നതൊഴികെയുള്ള മറ്റു കാര്യങ്ങളിൽ സൂക്ഷ്മ പരിശോധന നടത്തുന്ന ദിവസത്തിലെ സ്ഥിതിയാണ് യോഗ്യതയ്ക്കും അയോഗ്യതക്കും കണക്കാക്കുക. ഏതെങ്കിലും കേസുകളിൽ പ്രതിയായതുകൊണ്ട് മാത്രം ഒരാൾക്ക് തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിനു അയോഗ്യതയില്ല.

അഴിമതിയ്ക്കോ കൂറില്ലായ്മയ്ക്കോ ഉദ്യോഗത്തിൽ നിന്നും പിരിച്ചുവിടപ്പെട്ട ഏതൊരു ഉദ്യോഗസ്ഥനും പിരിച്ചുവിടപ്പെട്ട തീയതി മുതൽ 5 വർഷത്തേയ്ക്ക് അയോഗ്യത ഉണ്ടായിരിക്കുന്നതാണ്.

കേരള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ (കൂറുമാറ്റ നിരോധനം) ആക്ടിലെ വ്യവസ്ഥപ്രകാരം അയോഗ്യനാക്കപ്പെടുകയും അയോഗ്യനാക്കപ്പെട്ട തീയതി മുതൽ 6 വർഷം കഴിയാതിരിക്കുകയും ചെയ്യുന്ന സംഗതിയിൽ അയോഗ്യനാണ്. (അയോഗ്യരാക്കപ്പെട്ടവരുടെ ലിസ്റ്റ് കമ്മീഷന്റെ വെബ് സൈറ്റിൽ പരിശോധനക്ക് ലഭ്യമാണ്.) എന്നാൽ അത് സംബന്ധിച്ച് ഹൈക്കോടതിയുടെ സ്റ്റേ ഉത്തരവുണ്ട് എന്ന കാരണത്താൽ മാത്രം അയോഗ്യത ഇല്ലാതാകുന്നില്ല. സ്റ്റേ ഉത്തരവിലെ ഉപാധികൾ പരിശോധിച്ച് വരണാധികാരി അയോഗ്യത സംബന്ധിച്ച തീരുമാനം കൈക്കൊള്ളണം.

തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ തിരഞ്ഞെടുപ്പിൽ മത്സരിച്ചതിനുശേഷം തിരഞ്ഞെടുപ്പു ചെലവുകണക്കു യഥാസമയം സമർപ്പിച്ചിട്ടില്ലാത്തവർക്ക് കമ്മീഷൻ അയോഗ്യനാക്കുന്ന തീയതി മുതൽ 5 വർഷക്കാലം അയോഗ്യതയുണ്ട്. (അയോഗ്യരാക്കപ്പെട്ടവരുടെ ലിസ്റ്റ് കമ്മീഷന്റെ വെബ് സൈറ്റിൽ പരിശോധനക്ക് ലഭ്യമാണ്.)

ഗ്രാമസഭയുടേയോ വാർഡ് സഭയുടേയോ യോഗം വിളിച്ച് കൂട്ടുന്നതിൽ വീഴ്ച വരുത്തുക, അംഗമായി തുടരവേ തദ്ദേശ സ്ഥാപനത്തിന്റേയോ അതിന്റെ സ്റ്റാന്റിംഗ് കമ്മിറ്റികളുടേയോ യോഗങ്ങളിൽ ഹാജരാകാതിരിക്കുക തുടങ്ങിയ കാരണങ്ങളാലുണ്ടായ അയോഗ്യത പ്രസ്തുത കമ്മിറ്റിയുടെ കാലാവധിവരെ മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ. അതിനാൽ അവർക്ക് ഈ പൊതുതിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിന് അയോഗ്യതയില്ല.

സർക്കാരുമായുള്ള ഏതെങ്കിലും കരാറിലോ ലേലത്തിനോ വീഴ്ച വരുത്തുന്നതിന്റെ ഫലമായി ബ്ലാക്ക് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ അയോഗ്യനാകും. തദ്ദേശ സ്ഥാപനത്തിന്റെ ധനമോ മറ്റ് വസ്തുക്കളോ നഷ്ടപ്പെടുത്തുകയോ പാഴാക്കുകയോ ദുർവിനിയോഗം ചെയ്യുകയോ ചെയ്തിട്ടുണ്ടെന്ന തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനുവേണ്ടിയുള്ള ഓംബുഡ്സ്മാൻ കണ്ടെത്തിയിട്ടുണ്ടെങ്കിലും അയോഗ്യനാകും.

ഒരാൾ ബധിരമൂകനാണെങ്കിലും അയോഗ്യനാണ്.

അഭിഭാഷകനായി പ്രാക്ടീസ് ചെയ്യുതിൽ നിന്നും വിലക്കപ്പെട്ടിട്ടുണ്ടെങ്കിൽ അയോഗ്യനാണ്. സർക്കാർ അഭിഭാഷകർക്ക് പുറമെ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിനുവേണ്ടി പ്രതിഫലം പറ്റുന്ന ഒരു അഭിഭാഷകനായി ജോലിയിലേർപ്പെട്ടിരിക്കുന്ന ആളും സ്ഥാനാർത്ഥിയായി മത്സരിക്കുന്നതിനു അയോഗ്യനാണ്.

ഒരാൾക്ക് തദ്ദേശസ്ഥാപനത്തിന്റെ ഒരു വാർഡിലേയ്ക്ക് മാത്രമെ മത്സരിക്കുവാൻ പാടുള്ളൂ. ഒന്നിൽ കൂടുതൽ വാർഡിലേയ്ക്കു മത്സരിച്ചാൽ അയാളുടെ എല്ലാ നാമനിർദ്ദേശ പത്രികകളും നിരസിക്കുന്നതാണ്. എന്നാൽ ത്രിതല പഞ്ചായത്തുകളിൽ ഒന്നിലധികം തലങ്ങളിൽ മത്സരിക്കാവുന്നതാണ്.

നാമനിർദ്ദേശ പത്രികയോടൊപ്പം സമർപ്പിക്കുന്ന 2എ ഫാറത്തിലെ എല്ലാ കോളങ്ങളും പൂരിപ്പിച്ചിട്ടുണ്ടെന്ന് സ്ഥാനാർത്ഥികൾ ഉറപ്പാക്കേണ്ടതാണ്. ഭേദഗതി വരുത്തിയ നാമനിർദ്ദേശ പത്രികയും 2എ ഫാറവും കമ്മീഷന്റെ സൈറ്റിൽ ലഭ്യമാണ്.

നാമനിർദ്ദേശപത്രിക സമർപ്പിച്ചിട്ടുള്ള സ്ഥാനാർത്ഥി വരണാധികാരി മുമ്പാകെയോ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ അധികാരപ്പെടുത്തിയ ഉദ്യാഗസ്ഥൻ മുമ്പാകെയോ അതത് സംഗതിപോലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 1 - ാം പട്ടികയിലോ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 2- ാം പട്ടികയിലോ നൽകിയിട്ടുള്ള ഫാറത്തിൽ സത്യപ്രതിജ്ഞയോ ദൃഢപ്രതിജ്ഞയോ ചെയ്ത് ഒപ്പ് വച്ചിട്ടില്ലെങ്കിൽ അയാളുടെ നാമനിർദ്ദേശപത്രിക നിരസിക്കപ്പെടും. ഇപ്രകാരം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥരുടെ കൂട്ടത്തിൽ സംസ്ഥാന സർവ്വീസിലെ എല്ലാ ഗസറ്റഡ് ഓഫീസർമാരും ചികിത്സയിലുള്ള സ്ഥാനാർത്ഥിയെ സംബന്ധിച്ച് അദ്ദേഹത്തെ ചികിത്സിക്കുന്ന ഡോക്ടർമാരും പ്രസ്തുത ആശുപത്രിയുടെ ചുമതലയുള്ള മെഡിക്കൽ സൂപ്രണ്ടുമാരും ഉൾപ്പെടുന്നു.

സ്ഥാനാർത്ഥിയുടെ യോഗ്യതയും അയോഗ്യതയും സംബന്ധിച്ച് വരണാധികാരി അർദ്ധ നീതിന്യായ സ്വഭാവമുള്ള ആളെന്ന നിലക്ക് സ്വന്തമായി തീരുമാനമെടുക്കേണ്ടതാണ്.

*(എസ്.ഇ.സി.60/2020)*

## തദ്ദേശ പൊതു തിരഞ്ഞെടുപ്പ് നിരീക്ഷകരെ നിയമിച്ചു

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള പൊതു തിരഞ്ഞെടുപ്പ് നീതിപൂർവ്വവും നിഷ്പക്ഷവുമായി നടത്തുന്നതിന് നിരീക്ഷകരെ നിയമിച്ചുകൊണ്ട് ഉത്തരവായതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി.ഭാസ്കരൻ അറിയിച്ചു. നിരീക്ഷകരുടെ പേര്, സ്ഥാനപേര്, നിയമിച്ച ജില്ല എന്നീ ക്രമത്തിൽ പട്ടിക താഴെ കൊടുത്തിരിക്കുന്നു.

| ക്രമ നമ്പർ | ഓഫീസറുടെ പേര് | മേൽവിലാസം | ജില്ല |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | ആർ.ഗിരിജ IAS | ഡയറക്ടർ, സർവ്വേ ആന്റ് ലാൻഡ് റെക്കോർഡ്സ് ഡിപ്പാർട്ട്മെന്റ് | തിരുവനന്തപുരം |
| 2 | വീണ.എൻ.മാധവൻ IAS | അഡീഷണൽ സെക്രട്ടറി, ഹയർ എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റ് | കൊല്ലം |

| | | | |
|---|---|---|---|
| 3 | വി.രതീശൻ IAS | എക്സിക്യൂട്ടീവ് ഓഫീസർ, ശ്രീ പത്മനാഭസ്വാമി ക്ഷേത്രം, തിരുവനന്തപുരം | പത്തനംത്തിട്ട |
| 4 | വി.വിഘ്നേശ്വരി IAS | ഡയറക്ടർ കൊളീജിയേറ്റ്, എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റ് | ആലപ്പുഴ |
| 5 | ജോർജ്ജി.പി.മാത്തച്ചൻ IFS | കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് ഇൻ ഫുൾ ചാർജ്ജ് ഓഫ് ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഹൈ റേയ്ഞ്ച് സർക്കിൾ), കോട്ടയം | കോട്ടയം |
| 6 | രാജേഷ് രവീന്ദ്രൻ IFS | ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, CAMPA | ഇടുക്കി |
| 7 | സാജൻ.സി.വി IAS | ഡപ്യൂട്ടി സെക്രട്ടറി, ലോക്കൽ സെൽഫ് ഗവൺമെന്റ് ഡിപ്പാർട്ട്മെന്റ് | എറണാകുളം |
| 8 | ബി.എസ്.തിരുമേനി IAS | കമ്മീഷണർ, ട്രാവൻകൂർ ദേവസ്വം ബോർഡ് | തൃശ്ശൂർ |
| 9 | പ്രമോദ്.പി.പി IFS | കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് ഇൻ ഫുൾ ചാർജ്ജ് ഓഫ് ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഈസ്റ്റേൺ സർക്കിൾ), പാലക്കാട് & കസ്റ്റോഡിയൻ ഓഫ് വെസ്റ്റഡ് ഫോറസ്റ്റ്സ് | പാലക്കാട് |
| 10 | കെ.വിജയനാഥൻ IFS | കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് ഇൻ ഫുൾ ചാർജ്ജ് ഓഫ് ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (WL), & ഫീൽഡ് ഡയറക്ടർ, പാലക്കാട് | മലപ്പുറം |
| 11 | ഗോകുൽ ജി.ആർ IAS | ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി, ഫിനാൻസ് (റിസോഴ്സസ്) ഡിപ്പാർട്ട്മെന്റ് | കോഴിക്കോട് |
| 12 | ജി.ഫനിന്ദ്ര കുമാർ റാവു IFS | ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് & നോഡൽ ഓഫീസർ, CAMPA | വയനാട് |
| 13 | ജീവൻ ബാബു IAS | ഡയറക്ടർ ഓഫ് ജനറൽ എഡ്യൂക്കേഷൻ | കണ്ണൂർ |
| 14 | ഇമ്പശേഖർ IAS | ഇൻസ്പെക്ടർ ജനറൽ ഓഫ് രജിസ്ട്രേഷൻ | കാസർഗോഡ് |

*(എസ്.ഇ.സി.59/2020)*

| Email:<br>**contact.seckerala@gmail.com**<br>**cru.sec@kerala.gov.in** | # പത്രക്കുറിപ്പ് | TELEPHONE: 0471-2321233<br>MOBILE :8281000127<br>**www.sec.kerala.gov.in** |
|---|---|---|
| | **കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ** | **13th November 2020** |

## തദ്ദേശ തിരഞ്ഞെടുപ്പ് രണ്ടാം ദിനത്തിൽ 119 പത്രികകൾ സമർപ്പിച്ചു

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിനായ് പത്രിക സമർപ്പിക്കുവാനുള്ള രണ്ടാം ദിനമായ വെള്ളിയാഴ്ച 119 പത്രികകൾ സമർപ്പിക്കപ്പെട്ടു. വ്യാഴാഴ്ച ആണ് കമ്മീഷൻ ഇലക്ഷൻ വിജ്ഞാപനം പുറപ്പെടുവിച്ചത്. വ്യാഴം വെള്ളി എന്നീ രണ്ടു ദിവസങ്ങളിൽ ആകെ 191 പത്രികകളാണ് മൊത്തം ലഭിച്ചിട്ടുള്ളത്. ഇതുവരെ ലഭിച്ച പത്രികകളുടെ എണ്ണം ജില്ല തിരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നീ ക്രമത്തിൽ താഴെ നൽകിയിരിക്കുന്നു.

| ജില്ല | കോർപ്പറേഷൻ | മുനിസിപ്പാലിറ്റി | ഡിസട്രിക്റ്റ് പഞ്ചായത്ത് | ബ്ലോക്ക് പഞ്ചായത്ത് | ഗ്രാമ പഞ്ചായത്ത് | ആകെ |
|---|---|---|---|---|---|---|
| തിരുവനന്തപുരം | | | 1 | 3 | 12 | 16 |
| കൊല്ലം | 2 | 1 | | 1 | 33 | 37 |
| പത്തനംതിട്ട | | 2 | 1 | | 17 | 20 |
| ആലപ്പുഴ | | 3 | | | 15 | 18 |
| കോട്ടയം | | 1 | | 1 | 10 | 12 |
| ഇടുക്കി | | 1 | | | 9 | 10 |
| എറണാകുളം | | | | | 6 | 6 |
| തൃശ്ശൂർ | 1 | 6 | | 1 | 17 | 25 |
| പാലക്കാട് | | | | 1 | 11 | 12 |
| കോഴിക്കോട് | | | | | 4 | 4 |
| മലപ്പുറം | | 1 | | 1 | 13 | 15 |
| വയനാട് | | | | | 3 | 3 |
| കണ്ണൂർ | | | | | 6 | 6 |
| കാസർഗോഡ് | | | | | 7 | 7 |
| ആകെ | 3 | 15 | 15 | 8 | 163 | 191 |

*(എസ്.ഇ.സി.58/2020)*

## സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ അയോഗ്യരാക്കിയവരുടെ പട്ടിക പ്രസിദ്ധീകരിച്ചു.

കൂറുമാറ്റ നിരോധന നിയമപ്രകാരം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ അയോഗ്യരായി പ്രഖ്യാപിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അംഗങ്ങളുടെ പേരു വിവര പട്ടിക തിരഞ്ഞെടുപ്പ് കമ്മീഷന്റെ www.sec.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഉത്തരവ് തീയതി മുതൽ ആറു വർഷത്തേയ്ക്കാണ് അയോഗ്യത കൽപ്പിച്ചിട്ടുള്ളത്. പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള പലരും കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഉപാധികളോടെ അംഗങ്ങളായി തുടർന്നിരുന്നു. കോടതിയുടെ സ്റ്റേ ഉത്തരവിന്റെ മാത്രം അടിസ്ഥാനത്തിൽ ഇവരുടെ അയോഗ്യത ഇല്ലാതാകുന്നില്ല ആയതിനാൽ ഇവരിൽ നിന്ന് പത്രിക സ്വീകരിക്കുമ്പോൾ അയോഗ്യത തീരുമാനിക്കുന്നത് കോടതി ഉത്തരവ് സൂക്ഷ്മമായി പരിശോധിച്ചതിന് ശേഷമായിരിക്കണമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി.ഭാസ്കരൻ വരണാധികാരികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

*(എസ്.ഇ.സി.57/2020)*

Email:
**contact.seckerala@gmail.com**
**cru.sec@kerala.gov.in**

# പത്രക്കുറിപ്പ്

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**

TELEPHONE: 0471-2321233
MOBILE :8281000127

**www.sec.kerala.gov.in**

**12th November 2020**

## തദ്ദേശ തിരഞ്ഞെടുപ്പ് ആദ്യദിനത്തിൽ 72 പത്രികകൾ സമർപ്പിച്ചു

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിനായ് പത്രിക സമർപ്പിക്കുവാനുള്ള ആദ്യദിനമായ വ്യാഴാഴ്ച 72 പത്രികകൾ സമർപ്പിച്ചു. ജില്ല ,ലഭിച്ച പത്രികകളുടെ എണ്ണം എന്നീ ക്രമത്തിൽ

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 4 |
| കൊല്ലം | 8 |
| പത്തനംതിട്ട | 8 |
| ആലപ്പുഴ | 6 |
| കോട്ടയം | 9 |
| ഇടുക്കി | 7 |
| എറണാകുളം | 4 |
| തൃശ്ശൂർ | 6 |
| പാലക്കാട് | 2 |
| കോഴിക്കോട് | 1 |
| മലപ്പുറം | 12 |
| വയനാട് | 1 |
| കണ്ണൂർ | 4 |
| കാസർഗോഡ് | ഇല്ല |
| ആകെ | 72 |

*(എസ്.ഇ.സി.56/2020)*

## തദ്ദേശ പൊതുതിരഞ്ഞെടുപ്പ് - ഇ-ഡ്രോപ്പ് പരിശീലനം ആരംഭിച്ചു

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള പൊതുതിരഞ്ഞെടുപ്പിലേയ്ക്ക് പോളിംഗ് ഉദ്യോഗസ്ഥരെ നിയമിക്കുന്ന പ്രവർത്തനം സുഗമവും കാര്യക്ഷമവും ആക്കുന്ന ഇ-ഡ്രോപ്പ് (Electronically Deploying Randomly Officers for Polling) സോഫ്റ്റ് വെയറിന്റെ ഉദ്യോഗസ്ഥർക്കായുള്ള പരിശീലന പരിപാടി ആരംഭിച്ചു. ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ, തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലെ സെക്രട്ടറിമാർ എന്നിവർക്കായുള്ള ഓൺലൈൻ പരിശീലന പരിപാടി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി.ഭാസ്കരൻ ഉദ്ഘാടനം ചെയ്തു.

വെബ് അധിഷ്ഠിത സോഫ്റ്റ് വെയറിന്റെ സഹായത്തോടെ സർക്കാർ ജീവനക്കാരുടെ വിശദാംശങ്ങൾ സംബന്ധിച്ച് ഡാറ്റാ പൂൾ ഉണ്ടാക്കി അതിൽ നിന്നും റാൻഡമൈസേഷൻ നടത്തി നിഷ്പക്ഷവും സുതാര്യവുമായി പോളിംഗ് ഉദ്യോഗസ്ഥരെ നിയോഗിക്കുന്ന സംവിധാനമാണ് ഇ-ഡ്രോപ്പ്. നാഷണൽ ഇൻഫോർമാറ്റിക് സെന്റർ (NIC)-ന്റെ സാങ്കേതിക സഹായത്തോടെയാണ് കമ്മീഷൻ ഇ-ഡ്രോപ്പ് നടപ്പിലാക്കി വരുന്നത്.

ഏകദേശം രണ്ടേ കാൽ ലക്ഷത്തോളം പോളിംഗ് ഉദ്യോഗസ്ഥരാണ് ഇത്തവണ ഇലക്ഷൻ ഡ്യൂട്ടിക്ക് ഉണ്ടാകുക. ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയും പരിധിക്കുള്ളിലുള്ള സർക്കാർ, അർദ്ധ സർക്കാർ, ഗവൺമെന്റ് അംഗീകൃത സ്വാശ്രയ സ്ഥാപനങ്ങൾ തുടങ്ങിയവയിൽ നിന്നും ജീവനക്കാരുടെ വിശദാംശങ്ങൾ ഇ-ഡ്രോപ്പിൽ സ്ഥാപന

മേധാവികൾ രേഖപ്പെടുത്തും. വിശദാംശങ്ങൾ ബന്ധപ്പെട്ട തദ്ദേശ സ്വായംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറി പരിശോധന നടത്തി അവ ഫ്രീസ് ചെയ്ത് ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ മുമ്പാകെ സമർപ്പിക്കുന്നു. അവ വീണ്ടും ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന്മാർ സൂക്ഷ്മ പരിശോധന നടത്തി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നിശ്ചയിച്ച ദിവസം റാൻഡമൈസേഷൻ നടത്തി പോളിംഗ് ഉദ്യോഗസ്ഥരെ നിയമിക്കുകയും ചെയ്യുന്നതാണ് ഇ-ഡ്രോപ്പിന്റെ പ്രവർത്തനം.

റാൻഡമൈസേഷൻ രണ്ടു ഘട്ടമായി ആണ് നടത്തുന്നത്. ആദ്യ ഘട്ടത്തിൽ പോളിംഗ് ഉദ്യോഗസ്ഥന്മാരെ നിയമിച്ചുകൊണ്ടുള്ള പോസ്റ്റിംഗ് ഓർഡറുകൾ പുറപ്പെടുവിക്കുന്നു. പ്രസ്തുത പോസ്റ്റിംഗ് ഓർഡറിൽ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന്മാർ ഏത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലേയ്ക്കാണ് നിയമിക്കപ്പെട്ടിട്ടുള്ളതെന്നും അവർക്കുള്ള ഇ.വി.എമ്മുകളുടെ പരിശീലനം സംബന്ധിച്ചുമുള്ള വിശദാംശങ്ങളും അതിൽ ഉണ്ടായിരിക്കും.

രണ്ടാം ഘട്ട റാൻഡമൈസേഷൻ പോളിംഗ് ദിവസത്തിന്റെ രണ്ടു ദിവസം മുമ്പെ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ നടത്തുന്നു. അതുവഴി പോളിംഗ് ഉദ്യോഗസ്ഥർക്ക് അവർ നിയമിക്കപ്പെട്ടിട്ടുള്ള പോളിംഗ് സ്റ്റേഷന്റെ വിശദാംശങ്ങൾ ലഭ്യമാകുന്നു. ഇലക്ഷൻ സാധന സാമഗ്രികൾ ശേഖരിക്കുവാൻ വരുന്ന സമയത്ത് (പോളിംഗിന്റെ തലേ ദിവസം) ഇക്കാര്യം പോളിംഗ് ഉദ്യോഗസ്ഥരെ അറിയിക്കുന്നു. കൂടാതെ എസ്എംഎസ് മുഖാന്തിരം പ്രസ്തുത വിവരങ്ങൾ പോളിംഗ് ഉദ്യോഗസ്ഥർക്ക് ലഭ്യമാകുന്നതാണ്.

വൺ ടൈം പാസ് വേർഡ് (ഒ.ടി.പി) മുഖാന്തിരം സ്ഥാപനം/സ്റ്റാഫ് എന്നിവരുടെ വിശദാംശങ്ങൾ നേരിട്ട് 'www.edrop.gov.in" എന്ന വെബ്സൈറ്റിൽ അപ്ലോഡ് ചെയ്യുവാനും പോസ്റ്റിംഗ് ഓർഡർ, നിയോഗിച്ചിരിക്കുന്ന പോളിംഗ് സ്റ്റേഷന്റെ വിശദാംശങ്ങൾ തുടങ്ങിയവ മേൽ വെബ് സൈറ്റിൽ നിന്നും സ്ഥാപനമേധാവി/പോളിംഗ് ഉദ്യോഗസ്ഥർ എന്നിവർക്കു തന്നെ ഡൗൺലോഡ് ചെയ്യുവാനുള്ള സൗകര്യവും, കോവിഡ്-19-യുടെ പശ്ചാത്തലത്തിൽ, ഇത്തവണ അധികമായി ഒരുക്കിയിട്ടുണ്ട്.

2015-ലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തിരഞ്ഞെടുപ്പ്, 2017-ലെ മട്ടന്നൂർ മുനിസിപ്പാലിറ്റിയിലേയ്ക്കുള്ള പൊതുതിരഞ്ഞെടുപ്പ് എന്നിവയിൽ ഇ-ഡ്രോപ്പ് സംവിധാനം വിജയകരമായി നടപ്പിലാക്കിയിരുന്നു.

ഉദ്യോഗസ്ഥൻമാരുടെ വിശദാംശങ്ങൾ, ഇ-ഡ്രോപ്പ് സോഫ്റ്റ്‌വെയറിൽ സ്ഥാപനങ്ങളുടെ മേധാവി 16.11.2020 മുതൽ 21.11.2020 തീയതിക്കകം ചേർക്കേണ്ടതാണ്. ഇപ്രകാരം ചെയ്യുന്നുണ്ടെന്ന് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിമാർ ഉറപ്പുവരുത്തേണ്ടതാണ്.

ഉദ്യോഗസ്ഥരുടെ വിശദാംശങ്ങൾ സംബന്ധിച്ച സൂക്ഷ്മപരിശോധന 26/11/2020നു മുമ്പായി ജില്ലാതല ഉദ്യോഗസ്ഥർ പൂർത്തീകരിക്കേണ്ടതാണ്.

26/11/2020ന് ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ ഒന്നാംഘട്ട റാൻഡമൈസേഷൻ നടത്തി പോസ്റ്റിംഗ് ഓർഡർ പുറപ്പെടുവിക്കേണ്ടതാണ്.

പ്രിസൈഡിംഗ് ഓഫീസർ, ഒന്നാം പോളിംഗ് ഓഫീസർ എന്നിവർക്ക് (റിസർവ്വ് ഉൾപ്പെടെ) ഇ.വി.എം കൈകാര്യം ചെയ്യുന്നത് ഉൾപ്പെടെയുള്ള തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട വിഷയങ്ങൾ സംബന്ധിച്ച ട്രെയിനിംഗ് 30/11/2020ന് നടത്തേണ്ടതാണ്. പ്രസ്തുത ട്രെയിനിംഗിന് ഹാജരാകേണ്ട കേന്ദ്രങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ പോസ്റ്റിംഗ് ഓർഡറിൽ ഉണ്ടായിരിക്കുന്നതാണ്.

ആദ്യഘട്ട ട്രെയിനിംഗ് ക്ലാസ്സുകളിൽ ഹാജരാകുവാൻ സാധിക്കാത്തവർക്കും റീ പോസ്റ്റിംഗ് ഓർഡർ ലഭിച്ചവർക്കുള്ള അന്തിമ ഘട്ട ട്രെയിനിംഗ് 04/12/2020ന് നടക്കുന്നതാണ്.

ഇ-ഡ്രോപ്പ് സോഫ്റ്റ് വെയറിൽ എങ്ങനെയാണ് എൻട്രി വരുത്തുക എന്നുള്ളതും മറ്റുമുള്ള സാങ്കേതിക കാര്യങ്ങൾ NIC ഉദ്യോഗസ്ഥൻ ഈ ക്ലാസ്സിൽ വിശദീകരിക്കുന്നതായിരിക്കും.

*(എസ്.ഇ.സി.55/2020)*

Email:
**contact.seckerala@gmail.com**
**cru.sec@kerala.gov.in**

# പത്രക്കുറിപ്പ്

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**

TELEPHONE: 0471-2321233
MOBILE :8281000127

**www.sec.kerala.gov.in**

**12th November 2020**

## തദ്ദേശ തെരഞ്ഞെടുപ്പ് അന്തിമ വോട്ടർ പട്ടികയിൽ 2,76,56,579 വോട്ടർമാർ

### ഏറ്റവും കൂടുതൽ വോട്ടർമാർ മലപ്പുറത്ത് കുറവ് വയനാട്ടിലും

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിനായുള്ള അന്തിമ വോട്ടർ പട്ടികയിൽ 2,76,56,579 വോട്ടർമാർ. 14483668 പേർ സ്ത്രീകളും 13172629 പേർ പുരുഷൻമാരും 282 പേർ ട്രാൻസ്ജെൻഡേഴ്സുമാണ്.

ഏറ്റവും കൂടുതൽ വോട്ടർമാർ മലപ്പുറം ജില്ലയിലും ഏറ്റവും കുറവ് വയനാട്ടിലുമാണ്. മലപ്പുറത്ത് 3354658 വോട്ടർമാരിൽ 1725455 പേർ സ്ത്രീകളും 1629154 പേർ പുരുഷന്മാരും 49 ട്രാൻസ്ജെൻഡേഴ്സുമാണ്. വയനാട്ടിലെ 625453 വോട്ടർമാരിൽ 319534 പേർ സ്ത്രീകളും 305913 പേർ പുരുഷന്മാരും 6 ട്രാൻസ്ജെൻഡേഴ്സുമാണ്. ജില്ലകളിലെ വോട്ടർമാരുടെ എണ്ണം ചുവടെ ചേർക്കുന്നു:

| ജില്ല | സ്ത്രീ | പുരുഷൻ | ട്രാൻസ്ജെൻഡർ | ആകെ |
|---|---|---|---|---|
| തിരുവനന്തപുരം | 1507550 | 1330503 | 24 | 2838077 |
| കൊല്ലം | 1181236 | 1041513 | 21 | 2222770 |
| പത്തനംതിട്ട | 575832 | 502712 | 6 | 1078550 |
| ആലപ്പുഴ | 943584 | 838984 | 12 | 1782580 |
| കോട്ടയം | 833032 | 780551 | 11 | 1613594 |
| ഇടുക്കി | 460007 | 444629 | 7 | 904643 |
| എറണാകുളം | 1335044 | 1253978 | 42 | 2589064 |
| തൃശ്ശൂർ | 1424160 | 1267180 | 24 | 2691364 |
| പാലക്കാട് | 1216473 | 1120781 | 28 | 2337282 |
| മലപ്പുറം | 1725455 | 1629154 | 49 | 3354658 |
| വയനാട് | 319534 | 305913 | 6 | 625453 |
| കോഴിക്കോട് | 1324448 | 1208544 | 30 | 2533022 |
| കണ്ണൂർ | 1090781 | 946178 | 14 | 2036973 |
| കാസർഗോഡ് | 546532 | 502009 | 8 | 1048549 |
| **ആകെ** | 14483668 | 13172629 | 282 | 27656579 |

*(എസ്.ഇ.സി.54/2020)*

Email:
**contact.seckerala@gmail.com**
**cru.sec@kerala.gov.in**

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

**www.sec.kerala.gov.in**

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**

**11th November 2020**

## തദ്ദേശ സ്വയംഭരണ പൊതു തിരഞ്ഞെടുപ്പ് വിജ്ഞാപനം ഇന്ന് (12.11.2020)

സംസ്ഥാനത്ത് ഡിസംബർ 8,10,14 തീയതികളിൽ നടക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള പൊതു തിരഞ്ഞെടുപ്പിന്റെ വിജ്ഞാപനം ഇന്നു(12.11.2020) പുറപ്പെടുവിക്കുമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി.ഭാസ്കരൻ അറിയിച്ചു. ഇന്നു മുതൽ സ്ഥാനാർത്ഥികൾക്ക് പത്രിക സമർപ്പിക്കാം. അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വരണാധികാരികൾക്കോ ഉപവരണാധികാരികൾക്കോ മുന്നിലാണ് പത്രിക സമർപ്പിക്കേണ്ടത്. അവധി ദിവസങ്ങളൊഴികെ രാവിലെ 11 നും ഉച്ചയ്ക്ക് 3നും ഇടയ്ക്കുള്ള സമയത്താണ് പത്രിക സമർപ്പിക്കേണ്ടത്. പത്രിക സമർപ്പണത്തിനുള്ള അവസാന തീയതി നവംബർ 19 ആണ്.

നാമനിർദ്ദേശ പത്രികയോടൊപ്പം സ്ഥാനാർത്ഥി നൽകേണ്ട വിശദ വിവരങ്ങൾ ഫോറം 2എ യിൽ സമർപ്പിക്കണം. ഫാറം 2എ ഭേദഗതി ചെയ്തിട്ടുണ്ട്. പുരുഷൻ/സ്ത്രീ എന്നതിന് പുറമേ ട്രാൻസ്ജെൻഡർ എന്നുകൂടി ചേർത്തിട്ടുണ്ട്. കൂടാതെ നാമനിർദ്ദേശകന്റെ പ്രഖ്യാപനത്തിലും മാറ്റം ഉണ്ട്. 2എ ഫോറത്തിൽ സ്ഥാനാർത്ഥിയുടെ പാസ്പോർട്ട് വലിപ്പത്തിലുള്ള കളർ ഫോട്ടോ പതിക്കേണ്ടതാണ്. 2എ ഫാറത്തിലെ എല്ലാ കോളങ്ങളും പൂരിപ്പിക്കേണ്ടതാണ്. സ്ഥാനാർത്ഥിയുടെ ഫോൺ നമ്പർ, ഇ-മെയിൽ വിവരം, സോഷ്യൽ മീഡിയ അക്കൗണ്ട് നമ്പർ പാൻ നമ്പർ തുടങ്ങിയ വിവരങ്ങളും പുതുതായി നൽകണം. സ്ഥാനാർത്ഥിയുടെയും കുടുംബത്തിന്റേയും സ്വത്ത്, ബാദ്ധ്യത-കുടിശ്ശിക വിവരങ്ങൾ എന്നിവയ്ക്ക് പുറമേ സ്ഥാനാർത്ഥിയുടെ വരുമാന സ്രോതസിന്റെ വിശദവിവരങ്ങളും കാണിക്കേണ്ടതുണ്ട്. കോടതിയിൽ വിചാരണയിലുള്ള കേസുകൾ ശിക്ഷിക്കപ്പെട്ട കേസുകൾ എന്നിവയുണ്ടെങ്കിൽ അതിന്റെ വിവരവും സ്ഥാനാർത്ഥി നൽകേണ്ടതുണ്ട്.

*(എസ്.ഇ.സി.53/2020)*

## തദ്ദേശ തിരഞ്ഞെടുപ്പ് - സ്ഥാനാർത്ഥികളുടെ യോഗ്യതകളും അയോഗ്യതകളും

തദ്ദേശ തിരഞ്ഞെടുപ്പിന് മത്സരിക്കുന്ന സ്ഥാനാർത്ഥികളുടെ യോഗ്യതകളും അയോഗ്യതകളും പൊതു അവബോധത്തിനായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ പ്രസിദ്ധപ്പെടുത്തി. ഇത് ആധികാരിക രേഖയായി കണക്കാക്കാതെ ബന്ധപ്പെട്ട നിയമങ്ങളും ചട്ടങ്ങളും പരിശോധിച്ച് യോഗ്യതകളും അയോഗ്യതകളും തീരുമാനിക്കുന്നത് അതാത് വരണാധികാരികളുടെ ചുമതലയാണെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി.ഭാസ്കരൻ അറിയിച്ചു.

തദ്ദേശ സ്ഥാപനത്തിൽ മത്സരിക്കുന്ന ഒരാൾക്ക് ആ സ്ഥാപനത്തിലെ ഏതെങ്കിലും വാർഡിലെ വോട്ടർ പട്ടികയിൽ പേരുണ്ടായിരിക്കുകയും നാമനിർദ്ദേശ പത്രിക സമർപ്പിക്കുന്ന തീയതിയിൽ 21 വയസ്സ് പൂർത്തിയായിരിക്കുകയും വേണം. ഒരു വാർഡിലെ സ്ഥാനാർത്ഥിയെ നാമനിർദ്ദേശം ചെയ്യുന്നയാൾ അതേ വാർഡിലെ വോട്ടർ പട്ടികയിൽ

തന്നെ പേരുള്ള ആളായിരിക്കണം. സംവരണ സീറ്റിൽ മത്സരിക്കുന്നയാൾ ആ സംവരണ വിഭാഗത്തിൽപ്പെട്ട ആളായിരിക്കണം. പട്ടികജാതി, പട്ടികവർഗ്ഗ സംവരണ വാർഡുകളിൽ മത്സരിക്കുന്നവർ വില്ലേജ് ഓഫീസറിൽ നിന്നുള്ള ജാതിസർട്ടിഫിക്കറ്റ് ഹാജരാക്കണം.

സംസ്ഥാന സർക്കാരിന്റേയോ കേന്ദ്ര സർക്കാരിന്റേയോ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയോ അവ നിയന്ത്രിക്കുന്ന കോർപ്പറേഷനുകളിലേയോ എല്ലാ വിഭാഗം ഉദ്യോഗസ്ഥരും ജീവനക്കാരും തദ്ദേശ തിരഞ്ഞെടുപ്പിന് സ്ഥാനാർത്ഥിയാകുന്നതിന് അയോഗ്യരാണ്. കേന്ദ്ര സംസ്ഥാന സർക്കാരുകൾക്കും തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കും 51 ശതമാനത്തിൽ കുറയാതെ ഓഹരിയുള്ള കമ്പനികളിലും, സഹകരണ സംഘങ്ങളിലുമുള്ള ജീവനക്കാർക്കും അയോഗ്യതയുണ്ട്. സംസ്ഥാനത്തെ ഏതെങ്കിലും ബോർഡിലോ, സർവ്വകലാശാലയിലോ ഉള്ള ഉദ്യോഗസ്ഥർക്കും ജീവനക്കാർക്കും സ്ഥാനാർത്ഥിയാകുന്നതിന് യോഗ്യതയില്ല. പാർട്ട്ടൈം ജീവനക്കാരും, ഓണറേറിയും കൈപ്പറ്റുന്ന ജീവനക്കാരും ഇതിൽ ഉൾപ്പെടും. അംഗനവാടി ജീവനക്കാർക്കും, ബാലവാടി ജീവനക്കാർക്കും, ആശാ വർക്കർമാർക്കും, പഞ്ചായത്ത്, മുനിസിപ്പാലിറ്റി തിരഞ്ഞെടുപ്പുകളിൽ മത്സരിക്കുന്നതിന് അയോഗ്യത ഉണ്ടായിരിക്കുന്നതല്ല. സാക്ഷരതാ പ്രേരകർക്ക് പഞ്ചായത്തുകളിൽ മാത്രമേ മത്സരിക്കാൻ യോഗ്യത ഉള്ളു.

സർക്കാരിന് 51 ശതമാനം ഓഹരിയില്ലാത്ത പ്രാഥമിക സർവ്വീസ് സഹകരണ സംഘങ്ങളിലെ ജീവനക്കാർക്ക് മത്സരിക്കുന്നതിന് അയോഗ്യതയില്ല. കെ.എസ്സ്.ആർ.റ്റി.സി യിലെ ജീവനക്കാർക്കും, എംപാനൽ കണ്ടക്ടർമാർക്കും മത്സരിക്കുവാൻ അയോഗ്യത ഉണ്ട്. ഇലക്ട്രിസിറ്റി ബോർഡ്, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലൂടെ 179 ദിവസത്തേയ്ക്കു നിയമിക്കപ്പെടുന്ന താത്കാലിക ജീവനക്കാർ എന്നിവർക്കും അയോഗ്യതയുണ്ട്.

കുടുംബശ്രീ സി.ഡി.എസ് ചെയർപേഴ്സൺമാർ ജീവനക്കാരല്ലാത്തതിനാൽ മത്സരിക്കുന്നതിന് അയോഗ്യത ഉണ്ടായിരിക്കുന്നതല്ല. തദ്ദേശ സ്ഥാപനങ്ങളിലെ സി.ഡി.എസ്സ് അക്കൗണ്ടന്റുമാർക്ക് തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിന് അയോഗ്യത ഉണ്ടായിരിക്കും.

സർക്കാരുമായോ തദ്ദേശ സ്ഥാപനവുമായോ നിലവിലുള്ള കരാറിൽ ഏർപ്പെട്ടിട്ടുള്ള ഒരാൾ അയോഗ്യനാണ്. മുമ്പ് ഏതെങ്കിലും കരാറിലോ പണിയിലോ അവകാശമുണ്ടായിരുന്നു എന്ന കാരണത്താൽ അയോഗ്യത ഉണ്ടായിരിക്കുന്നതല്ല. സമൂഹത്തിന്റെ ഒരു പ്രതിനിധി എന്ന നിലയിൽ സമൂഹത്തിന്റെ നന്മയ്ക്കുവേണ്ടി പഞ്ചായത്തിലെയോ മുനിസിപ്പാലിറ്റിയിലെയോ ഏതെങ്കിലും പണി ഏറ്റെടുക്കുന്നവർക്ക് അയോഗ്യതയില്ല. തദ്ദേശ സ്ഥാപനത്തിന്റെ ഒരു കെട്ടിടമോ കടമുറിയോ വ്യാപാര ആവശ്യത്തിനു വാടക വ്യവസ്ഥയിലോ പാട്ട വ്യവസ്ഥയിലോ ഏറ്റെടുത്തിട്ടുണ്ടെങ്കിൽ അതും
അയോഗ്യതയല്ല.

സർക്കാരിലേയ്ക്കോ തദ്ദേശ സ്ഥാപനങ്ങളിലേയ്ക്കോ ഏതെങ്കിലും കുടിശ്ശികയുള്ളവർ അയോഗ്യരാണ്. കുടിശ്ശികക്കാരായി കണക്കാക്കുന്നതിന് അത് സംബന്ധിച്ച് ഒരു ബില്ലോ നോട്ടീസോ നല്കുകയും അതിൽ നിർദ്ദേശിച്ചിട്ടുള്ള സമയം കഴിയുകയും വേണം. ബാങ്കുകൾക്കോ സർവ്വീസ് സഹകരണ സംഘങ്ങൾക്കോ നല്കാനുള്ള കുടിശിക സർക്കാരിനോ തദ്ദേശ സ്ഥാപനത്തിനോ നൽകുവാനുള്ള കുടിശ്ശികയായി കരുതാൻ കഴിയില്ല. ബാങ്കുകൾ, കെ.എഫ്.സി, കെ.എസ്.എഫ്.ഇ മുതലായവക്ക് കൊടുക്കുവാനുള്ള കുടിശിക റവന്യൂ റിക്കവറി വഴിയാണ് നടത്തുന്നതെങ്കിൽകൂടിയും അത് കുടിശ്ശികയായി പരിഗണിക്കേണ്ടതില്ല. സർക്കാരിനോ ഏതെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനത്തിനോ നൽകുവാനുള്ള കുടിശ്ശിക ഗഡുക്കളാക്കിയിട്ടുണ്ടെങ്കിൽ അതിൽപ്പറയുന്ന ഗഡുക്കൾ മുടങ്ങിയിട്ടുണ്ടെങ്കിൽ മാത്രമേ കുടിശ്ശികക്കാരനായി കണക്കാക്കി അയോഗ്യത ഉണ്ടാകുകയുള്ളൂ.

1951-ലെ ജനപ്രാതിനിത്യ നിയമത്തിലെ 8-ാം വകുപ്പിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും കുറ്റത്തിനു ശിക്ഷിക്കപ്പെട്ടതോ അല്ലെങ്കിൽ സാൻമാർഗ്ഗിക ദൂഷ്യം ഉൾപ്പെട്ട ഒരു കുറ്റത്തിന് മൂന്നു മാസത്തിൽ കുറയാതെയുള്ള ഒരു കാലത്തേയ്ക്ക് തടവുശിക്ഷ വിധിക്കപ്പെട്ടിട്ടുള്ളതോ ആയ ഒരാൾക്ക് അയോഗ്യത ഉണ്ടായിരിക്കുന്നതാണ്. ശിക്ഷിക്കപ്പെട്ടാൽ ജയിൽ മോചിതനായ ശേഷം ആറു കൊല്ലം വരെ അയോഗ്യതയുണ്ടായിരിക്കുന്നതാണ്. ശിക്ഷ നടപ്പിലാക്കുന്നത് അപ്പീൽ കോടതി സ്റ്റേ നൽകയിട്ടുണ്ടെങ്കിലും കുറ്റസ്ഥാപനം(കൺവിക്ഷൻ) സ്റ്റേ ചെയ്യാത്ത കാലത്തോളം അയോഗ്യത ഉണ്ടായിരിക്കുന്നതാണ്. അപേക്ഷ സൂക്ഷ്മ പരിശോധന നടത്തുന്ന ദിവസത്തിലെ സ്ഥിതിയാണ് യോഗ്യതയ്ക്കും അയോഗ്യതക്കും കണക്കാക്കുക. ഏതെങ്കിലും കേസുകളിൽ പ്രതിയായതുകൊണ്ട് മാത്രം ഒരാൾക്ക് തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിനു അയോഗ്യതയില്ല.

അഴിമതിയ്ക്കോ കൂറില്ലായ്മയ്ക്കോ ഉദ്യോഗത്തിൽ നിന്നും പിരിച്ചുവിടപ്പെട്ട ഏതൊരു ഉദ്യോഗസ്ഥനും പിരിച്ചുവിടപ്പെട്ട തീയതി മുതൽ 5 വർഷത്തേയ്ക്ക് അയോഗ്യത ഉണ്ടായിരിക്കുന്നതാണ്. കേരള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ (കൂറുമാറ്റ നിരോധനം) ആക്ടിലെ വ്യവസ്ഥപ്രകാരം അയോഗ്യനാക്കപ്പെടുകയും അയോഗ്യനാക്കപ്പെട്ട തീയതി മുതൽ 6 വർഷം കഴിയാതിരിക്കുകയും ചെയ്യുന്ന സംഗതിയിൽ അയോഗ്യനാണ്. എന്നാൽ അതേ സംബന്ധിച്ച് ഹൈക്കോടതിയിൽ സ്റ്റേ ഉത്തരവുണ്ടെന്ന കാരണത്താൽ അയോഗ്യതയിൽ നിന്നും ഒഴിവാകുന്നില്ല. സ്റ്റേ ഉത്തരവ് പരിശോധിച്ച് വരണാധികാരി തീരുമാനമെടുക്കേണ്ടതാണ്.

സർക്കാരുമായുള്ള ഏതെങ്കിലും കരാറിലോ ലേലത്തിനോ വീഴ്ച വരുത്തുന്നതിന്റെ ഫലമായി ബ്ലാക്ക് ലിസ്റ്റിൽപ്പെടുത്തിയിട്ടുണ്ടെങ്കിൽ അയോഗ്യനാകും.

തദ്ദേശ സ്ഥാപനത്തിന്റെ ധനമോ മറ്റു വസ്തുക്കളോ നഷ്ടപ്പെടുത്തുകയോ, പാഴാക്കുകയോ, ദുർവിനി യോഗം ചെയ്യുകയോ ചെയ്തിട്ടുണ്ടെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനുവേണ്ടിയുള്ള ഓംബുഡ്സ്മാൻ കണ്ടെ ത്തിയിട്ടുണ്ടെങ്കിൽ അയാൾ അയോഗ്യനാണ്. ഒരാൾ ബധിരമൂകനാണെങ്കിലും അയോഗ്യനാണ്.

അഭിഭാഷകനായി പ്രാക്ടീസ് ചെയ്യുന്നതിൽ നിന്നും വിലക്കപ്പെട്ടിട്ടുണ്ടെങ്കിൽ അയോഗ്യനാണ്. സർക്കാ ർ അഭിഭാഷകർക്ക് കൂടാതെ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിനുവേണ്ടി പ്രതിഫലം പറ്റുന്ന ഒരു അഭിഭാഷ കനായി ജോലിയിലേർപ്പെട്ടിരിക്കുന്ന ആളും സ്ഥാനാർത്ഥിയായി മത്സരിക്കുന്നതിനു അയോഗ്യനാണ്.

തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ തിരഞ്ഞെടുപ്പിൽ മത്സരിച്ചതിനുശേഷം തിരഞ്ഞെടുപ്പു ചെലവു കണക്കു സമർപ്പിച്ചിട്ടില്ലാത്തവർക്ക് കമ്മീഷൻ അയോഗ്യനാക്കുന്ന തീയതി മുതൽ 5 വർഷക്കാലം അയോഗ്യതയുണ്ട്. ഗ്രാമസഭയുടേയോ വാർഡ് സഭയുടേയോ യോഗം വിളിച്ച് കൂട്ടുന്നതിനു വീഴ്ച വരുത്തുകയോ അല്ലെങ്കിൽ അംഗമായി തുടരവേ തദ്ദേശ സ്ഥാപനത്തത്തന്റേയോ അതിന്റെ സ്റ്റാന്റിംഗ് കമ്മിറ്റികളുടേയോ യോഗങ്ങളിൽ ഹാജരാകാതിരിക്കു കയോ ചെയ്തതിലുണ്ടായിട്ടുള്ള അയോഗ്യത പ്രസ്തുത കമ്മിറ്റിയുടെ കാലാവധിവരെ മാത്രമേ ഉണ്ടായിരിക്കു. അവർക്ക് ഈ പൊതുതിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിന് അയോഗ്യതയില്ല.

ഒരാൾക്ക് തദ്ദേശസ്ഥാപനത്തിന്റെ ഒരു വാർഡിലേയ്ക്ക് മാത്രമെ മത്സരിക്കുവാൻ പാടുള്ളൂ. ഒന്നിൽ കൂടുതൽ വാർഡിലേയ്ക്കു മത്സരിച്ചാൽ അയാളുടെ എല്ലാ നാമനിർദ്ദേശ പത്രികകളും നിരസിക്കുന്നതാണ്. ത്രിതല പഞ്ചായ ത്തുകളിൽ ഒന്നിലധികം തലങ്ങളിൽ മത്സരിക്കാവുന്നതാണ്. നാമനിർദ്ദേശ പത്രികയോടൊപ്പം സമർപ്പിക്കുന്ന 2എ ഫാറത്തിലെ എല്ലാ കോളങ്ങളും പൂരിപ്പിച്ചിട്ടുണ്ടെന്ന് സ്ഥാനാർത്ഥികൾ ഉറപ്പാക്കേണ്ടതാണ്. ഭേദഗതി വരുത്തിയ നാമ നിർദ്ദേശ പത്രിക ഫാറവും 2എ ഫാറവും കമ്മീഷന്റെ സൈറ്റിൽ ലഭ്യമാണ്.

സ്ഥാനാർത്ഥിയുടെ യോഗ്യതയും അയോഗ്യതയും സംബന്ധിച്ച് വരണാധികാരി അർദ്ധ നീതിന്യായ സ്വഭാവ മുള്ള ആളെന്ന നിലക്ക് സ്വന്തമായി തീരുമാനമെടുക്കേണ്ടതാണെന്നും വിശദീകരണത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

*(എസ്.ഇ.സി.52/2020)*

Email:
**contact.seckerala@gmail.com**
**cru.sec@kerala.gov.in**

# പത്രക്കുറിപ്പ്

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**

TELEPHONE: 0471-2321233
MOBILE :8281000127

**www.sec.kerala.gov.in**

**10th November 2020**

## തദ്ദേശതിരഞ്ഞെടുപ്പ്- നാമനിർദ്ദേശ പത്രികാസമർപ്പണം 12 മുതൽ

തദ്ദേശ സ്ഥാപനങ്ങളിലെ പൊതു തിരഞ്ഞെടുപ്പ് വിജ്ഞാപനം പുറപ്പെടുവിക്കുന്ന നവംബർ 12 മുതൽ നാമനിർദ്ദേശ പത്രിക സമർപ്പിക്കാമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി. ഭാസ്ക്കരൻ അറിയിച്ചു.

തദ്ദേശ സ്ഥാപനത്തിലെ വരണാധികാരിയുടേയോ ഉപവരണാധികാരിയുടേയോ മുമ്പാകെവേണം പത്രിക സമർപ്പിക്കേണ്ടത്. നവംബർ 12 മുതൽ 19 വരെ രാവിലെ 11 നും ഉച്ചയ്ക്ക്ശേഷം 3 നും ഇടക്കുള്ള സമയത്ത് പത്രിക സമർപ്പിക്കാവുന്നതാണ്. അവധി ഒഴികെയുള്ള ദിവസങ്ങളിൽ വേണം പത്രിക സമർപ്പിക്കേണ്ടത്.

നാമനിർദ്ദേശ പത്രികയോടൊപ്പം സ്ഥാനാർത്ഥികൾ 2A ഫാറവും പൂരിപ്പിച്ച് നൽകേണ്ടതാണ്. ഓരോ ദിവസവും ലഭിക്കുന്ന നാമനിർദ്ദേശങ്ങളുടെ പട്ടികയോടൊപ്പം 2A ഫാറവും വരണാധികാരികൾ പ്രസിദ്ധപ്പെടുത്തും.

ഒരു തദ്ദേശസ്ഥാപനത്തിൽ മത്സരിക്കുന്നയാൾ ആ സ്ഥാപനത്തിലെ ഏതെങ്കിലും ഒരു വാർഡിലെ വോട്ടറായിരിക്കുകയും പത്രികസമർപ്പിക്കുന്ന തീയതിയിൽ 21 വയസ്സ് പൂർത്തിയാകുകയും വേണം. സ്ഥാനാർത്ഥിയെ നാമനിർദ്ദേശം ചെയ്യുന്നയാൾ അതേ വാർഡിലെ ഒരു വോട്ടർ ആയിരിക്കുകയും വേണം.

സംവരണ വാർഡിൽ മത്സരിക്കുന്നവർ ആ സംവരണ വിഭാഗത്തിൽപ്പെട്ട ആളായിരിക്കണം. പട്ടികജാതി പട്ടിക വിഭാഗത്തിൽപ്പെട്ടവർ വില്ലേജ് ഓഫീസറിൽ നിന്നുള്ള ജാതിസർട്ടിഫിക്കറ്റ് കൂടി ഹാജരാക്കേണ്ടതാണ്.

സ്ഥാനാർത്ഥികൾക്ക് ഒരു സ്ഥാപനത്തിലെ ഒന്നിലധികം വാർഡുകളിൽ മത്സരിക്കാൻ പാടില്ല. ത്രിതല പഞ്ചായത്തുകളിൽ ഒന്നിലധികം തലങ്ങളിൽ മത്സരിക്കുന്നതിന് തടസ്സമില്ല.

പത്രികാ സമർപ്പണത്തോടൊപ്പം സെക്യൂരിറ്റി നിക്ഷേപമായി ഗ്രാമപഞ്ചായത്തിന് 1000 രൂപയും ബ്ലോക്ക് പഞ്ചായത്തിനും മുനിസിപ്പാലിറ്റിക്കും 2000 രൂപയും, ജില്ലാപഞ്ചായത്തിനും കോർപ്പറേഷനും 3000 രൂപയുമാണ് അടയ്ക്കേണ്ടത്. പട്ടികജാതി പട്ടികവിഭാഗത്തിൽപ്പെട്ടവർക്ക് പകുതി തുക നിക്ഷേപമായി നൽകിയാൽ മതി. ട്രഷറിയിലോ തദ്ദേശസ്ഥാപനത്തിലോ ഒടുക്കിയ രസീതോ ക്യാഷോ ഡെപ്പോസിറ്റായി നൽകാവുന്നതാണ്.

*(എസ്.ഇ.സി.51/2020)*

## മാതൃക പെരുമാറ്റചട്ടം –

## അനുമതി ഇല്ലാതെ ചെയ്യാവുന്ന കാര്യങ്ങളെ സംബന്ധിച്ച് കമ്മീഷന്റെ അറിയിപ്പ്

സംസ്ഥാന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തിരഞ്ഞെടുപ്പിന്റെ മാതൃക പെരുമാറ്റ ചട്ടം നിലവിൽ വന്നതുമൂലം പൊതുജനങ്ങളുടെ സാധാരണ ജീവിതത്തെ ബാധിക്കുന്ന പല വിഷയ ങ്ങൾക്കും ഉദ്യോഗസ്ഥർ തടസ്സം ഉന്നയിക്കുന്നതായി സംസ്ഥാന ഇലക്ഷൻ കമ്മീഷന്റെ ശ്രദ്ധയിൽ പെട്ടിട്ടു ണ്ട്. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ അനുമതിയോ അംഗീകാരമോ തേടാതെ സർക്കാരിനോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കോ താഴെ പറയുന്ന കാര്യങ്ങൾ ചെയ്യാവുന്നതാണെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി.ഭാസ്കരൻ അറിയിച്ചു.

തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടല്ലാതെ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥന്റെ കാലാവധി നീട്ടി നൽകൽ, പൾസ് പോളിയോ പോലുള്ള ബോധവത്കരണ പരസ്യ പ്രചാരണങ്ങൾ, കോടതി നിർദ്ദേശമുണ്ടെങ്കിൽ ആശ്രിത നിയമനച്ചട്ടപ്രകാരമുള്ള നിയമനം നടത്തൽ, ഒരു ഉദ്യോഗസ്ഥന് മറ്റൊരുദ്യോഗസ്ഥന്റെ അധിക ചുമതല നൽകൽ, വരൾച്ച, വെള്ളപ്പൊക്കം, കോവിഡ് മഹാമാരി പോലുള്ള അടിയന്തിര സാഹചര്യം നേരിടുന്നതിനായി ദേശീയ പ്രകൃതി ദുരന്ത ഫണ്ടിൽ നിന്ന് സാമ്പത്തിക സഹായം തേടൽ. ഇതുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനത്തിനായി ഉദ്യോഗസ്ഥതല സംഘത്തെ നിയോഗിക്കൽ, സർക്കാർ ജീവനക്കാരുടെ വിരമിക്കൽ, ഡെപ്യൂട്ടേഷൻ എന്നിവ മൂലമുണ്ടായ ഒഴിവുകൾ നികത്തുന്നതിന് ഡിപ്പാർട്ട്മെന്റൽ പ്രമോഷൻ കമ്മിറ്റി യോഗം ചേരൽ, സർക്കാരിന്റേയോ, തദ്ദേശ സ്ഥാപനങ്ങളുടേയോ നിയന്ത്രണത്തിലുള്ള പൊതുസ്ഥാപനങ്ങളുടെ അറ്റകുറ്റപ്പണി നടത്തുക., ജലവിതരണത്തിനുള്ള കേടായ പൈപ്പുകളുടെ അറ്റകുറ്റപ്പണിനടത്തുക., ശൗചാലയം പോലെയുള്ള പൊതു സൗകര്യങ്ങൾക്ക് കോടതി നിർദ്ദേശം ഉണ്ടെങ്കിൽ മാത്രം, ബി.ഒ.റ്റി. വ്യവസ്ഥ പ്രകാരം നിർമ്മാണാനുമതി നൽകൽ, കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ അനധികൃത നിർമ്മാണം പൊളിച്ചുമാറ്റൽ, തൊഴിൽ നിയമങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണ പരസ്യം നൽകൽ, എച്ച്.ഐ.വി/എയ്ഡ്സ് നിയന്ത്രണവുമായി ബന്ധപ്പെട്ട പരസ്യങ്ങളുടെ പ്രസിദ്ധീകരണം, ഓടകളിൽ നിന്നും കുളങ്ങളിൽ നിന്നുമുള്ള മണ്ണ് നീക്കം ചെയ്യൽ, ശുചീകരണ/കൊതുക് നിയന്ത്രണ പദ്ധതികളുടെ നടത്തിപ്പ്, ഡോക്ടർമാരുടെയും പാരാമെഡിക്കൽ ജീവനക്കാരുടെയും നിയമനവും സ്ഥലംമാറ്റവും, കോടതി ഉത്തരവ് പ്രകാരമുള്ള തടവ് പുള്ളികളുടെ ജയിൽമാറ്റം, നേരത്തെ അനുവദിച്ച ഗ്രാന്റ് ഉപയോഗിച്ചും ക്ഷണിച്ച ടെണ്ടർ പ്രകാരവും ആശുപത്രി ഉപകരണങ്ങൾ മരുന്ന് എന്നിവ വാങ്ങുക തുടങ്ങിയ കാര്യങ്ങൾ ചെയ്യാവുന്നതാണ്. മാതൃക പെരുമാറ്റച്ചട്ടം സംബന്ധിച്ച പൂർണ്ണ വിവരങ്ങൾ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ www.sec.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

*(എസ്.ഇ.സി.50/2020)*

## തദ്ദേശ തിരഞ്ഞെടുപ്പ് - പുനർ വിജ്ഞാപനം ചെയ്ത സംവരണ നിയോജകമണ്ഡലങ്ങൾ/ വാർഡുകൾ നറുക്കെടുപ്പ് ഇന്ന് (11.11.2020)

തദ്ദേശ തിരഞ്ഞെടുപ്പിനായി നിയോജകമണ്ഡലങ്ങളുടെയും വാർഡുകളുടെയും സംവരണ സ്ഥാനങ്ങൾ ആവർത്തനക്രമമനുസരിച്ച് നറുക്കെടുപ്പിലൂടെ തീരുമാനിക്കുന്ന പ്രക്രിയ പുനർ വിജ്ഞാപനം ചെയ്യണമെന്ന് ഹൈക്കോടതി നിർദ്ദേശിച്ചതിനെത്തുടർന്നുള്ള സംവരണം നിശ്ചയിക്കുന്നതിനുള്ള നറുക്കെടുപ്പ് ഇന്ന് നടക്കും.

പാലാ മുനിസിപ്പാലിറ്റിയിലെ സംവരണ വാർഡുകളുടെ നറുക്കെടുപ്പ് കൊല്ലം ടി.എം.വർഗ്ഗീസ് സ്മാരക ഹാളിലും, കോതമംഗലം മുനിസിപ്പാലിറ്റിയിലെ നറുക്കെടുപ്പ് കൊച്ചി കോർപ്പറേഷൻ ടൗൺ ഹാളിലും, മലപ്പുറം മുനിസിപ്പാലിറ്റിയുടേത് കോഴിക്കോട് ടൗൺ ഹാൾ മാനാഞ്ചിറയിലും, കൊല്ലം ജില്ലയിലെ ശാസ്താംകോട്ട ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട ജില്ലയിലെ അയിരൂർ, മൈലപ്ര ഗ്രാമ പഞ്ചായത്തുകൾ, എറണാകുളം ജില്ലയിലെ കാലടി, ശ്രീമൂലനഗരം ഗ്രാമ പഞ്ചായത്തുകൾ, പറവൂർ ബ്ലോക്ക് പഞ്ചായത്ത്, മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത് എന്നീ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സംവരണ നിയോജക മണ്ഡലങ്ങളുടെ നറുക്കെടുപ്പ് അതത് ജില്ലാ കളക്ടറേറ്റ് കോൺഫറൻസ് ഹാളിലും നടക്കും.

*(എസ്.ഇ.സി.49/2020)*

| | | |
|---|---|---|
| Email: **contact.seckerala@gmail.com** **cru.sec@kerala.gov.in** | **പത്രക്കുറിപ്പ്** | TELEPHONE: 0471-2321233 MOBILE :8281000127 **www.sec.kerala.gov.in** |
| | **കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ** | **9th November 2020** |


## തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പ് നിയോജകമണ്ഡലങ്ങൾ/ വാർഡുകൾ സംവരണം - നറുക്കെടുപ്പ് പുനർവിജ്ഞാപനങ്ങൾ പുറപ്പെടുവിച്ചു.

പാലാ, കോതമംഗലം, മലപ്പുറം മുനിസിപ്പാലിറ്റികൾ, കൊല്ലം ജില്ലയിലെ ശാസ്താംകോട്ട ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട ജില്ലയിലെ അയിരൂർ, മൈലപ്ര ഗ്രാമ പഞ്ചായത്തുകൾ, എറണാകുളം ജില്ലയിലെ കാലടി, ശ്രീമൂലനഗരം ഗ്രാമ പഞ്ചായത്തുകൾ, പറവൂർ ബ്ലോക്ക് പഞ്ചായത്ത്, മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത് എന്നീ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സംവരണ നിയോജക മണ്ഡലങ്ങൾ/വാർഡുകൾ നിർണ്ണയിക്കാൻ പുനർവിജ്ഞാപനങ്ങൾ പുറപ്പെടുവിച്ചതായി സംസ്ഥാന തിരഞ്ഞടുപ്പ് കമ്മീഷണർ വി. ഭാസ്കരൻ അറിയിച്ചു.

2020 നവംബർ 11-ാം തീയതി നറുക്കെടുപ്പ് നടത്താനാണ് നിർദ്ദേശം. മുനിസിപ്പാലിറ്റികളിൽ അതത് നഗരകാര്യ ജോയിന്റ് ഡയറക്ടർമാരെയും ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളിൽ അതത് ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥനെയുമാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് നടക്കുന്ന പൊതു തിരഞ്ഞെടുപ്പിലേയ്ക്കായി നിയോജകമണ്ഡലങ്ങളുടെയും വാർഡുകളുടെയും സംവരണ സ്ഥാനങ്ങൾ ആവർത്തനക്രമമനുസരിച്ച് നറുക്കെടുപ്പിലൂടെ തീരുമാനിക്കുന്ന പ്രക്രിയ പൂർത്തീകരിച്ചിരുന്നു. എന്നാൽ ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരമാണ് പുനർ വിജ്ഞാപനം നടത്തിയത്.

*(എസ്.ഇ.സി.48/2020)*

## തദ്ദേശ പൊതുതിരഞ്ഞെടുപ്പ് അന്തിമ വോട്ടർപട്ടിക നവംബർ 11-ന് പ്രസിദ്ധീകരിക്കും

സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള പൊതുതിരഞ്ഞെടുപ്പിനുള്ള അന്തിമ വോട്ടർ പട്ടിക നവംബർ 11-ന് പ്രസിദ്ധീകരിക്കുമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി. ഭാസ്കരൻ അറിയിച്ചു.

നവംബർ 10 ന് നടപടിക്രമങ്ങൾ പൂർത്തിയാക്കി പട്ടിക പ്രസിദ്ധീകരിക്കുവാൻ കമ്മീഷൻ നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ഏതാനും തദ്ദേശ സ്ഥാപനങ്ങൾക്ക് നടപടികൾ പൂർത്തിയാക്കാൻ കാലതാമസം നേരിട്ടതിനാലാണ് ഒരു ദിവസം കൂടി സമയം അനുവദിച്ചത്. നടപടിക്രമങ്ങൾ പൂർത്തിയാക്കിയ തദ്ദേശ സ്ഥാപനങ്ങൾക്ക് 10-ാം തീയതി തന്നെ പട്ടിക പ്രസിദ്ധീകരിക്കാവുന്നതാണ്.

*എസ്.ഇ.സി.47/2020)*

Email:
contact.seckerala@gmail.com
cru.sec@kerala.gov.in

പത്രക്കുറിപ്പ്

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

6th November 2020

## തദ്ദേശ തിരഞ്ഞെടുപ്പ് - മൂന്നു ഘട്ടങ്ങളിലായി ഡിസംബർ 8, 10, 14-ന്

തദ്ദേശ സ്ഥാപനങ്ങളിലെ പൊതുതിരഞ്ഞെടുപ്പ് മൂന്നു ഘട്ടങ്ങളിലായി ഡിസംബർ 8, 10, 14 തീയതികളിൽ നടത്താൻ തീരുമാനിച്ചതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി.ഭാസ്കരൻ അറിയിച്ചു.

തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ ഇടുക്കി ജില്ലകളിൽ ഡിസംബർ 8 നും കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, വയനാട് ജില്ലകളിൽ 10 നും മലപ്പുറം കോഴിക്കോട്, കണ്ണൂർ, കാസർകോഡ് ജില്ലകളിൽ 14 നുമാണ് തിരഞ്ഞെടുപ്പ്. വോട്ടെടുപ്പ് സമയം രാവിലെ 7 മുതൽ വൈകുന്നേരം 6 മണിവരെയാണ് . വോട്ടെണ്ണൽ ഡിസംബർ 16 ന് രാവിലെ 8 മണി മുതൽ ആരംഭിക്കും. മാതൃകാപെരുമാറ്റ ചട്ടം ഇന്നു മുതൽ പ്രാബല്യത്തിൽ. തിരഞ്ഞെടുപ്പ് വിജ്ഞാപനം കമ്മീഷൻ നവംബർ 12 ന് പുറപ്പെടുവിക്കും. അന്ന് തന്നെ വരണാധികാരികൾ എല്ലാ വാർഡിലെയും തിരഞ്ഞെടുപ്പ് നോട്ടീസ് (ഫാറം1) പ്രസിദ്ധീകരിക്കും.

മട്ടന്നൂർ നഗരസഭ ഒഴികെയുളള 1199 സ്ഥാപനങ്ങളിലെ 21865 വാർഡുകളിലാണ് തിരഞ്ഞെടുപ്പ് നടത്തുന്നത്. 941 ഗ്രാമപഞ്ചായത്തുകളിലെ 15962 വാർഡുകളിലും 152 ബ്ലോക്ക് പഞ്ചായത്തുകളിലെ 2080 വാർഡുകളിലും 14 ജില്ലാ പഞ്ചായത്തുകളിലെ 331 വാർഡുകളിലും 86 മുനിസിപ്പാലിറ്റികളിലെ 3078 വാർഡുകളിലും 6 കോർപ്പറേഷനുകളിലെ 414 വാർഡുകളിലുമാണ് തിരഞ്ഞെടുപ്പ്.കോവിഡ്-19 പ്രോട്ടോക്കോൾ കർശനമായി പാലിച്ചുകൊണ്ടായിരിക്കും

പൊതു തിരഞ്ഞെടുപ്പ് നടത്തുക. ഇതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ആരോഗ്യ വകുപ്പുമായി കൂടിയാലോചിച്ച് തയ്യാറാക്കിയിട്ടുണ്ട്.

തിരഞ്ഞെടുപ്പിന്റെ എല്ലാ പ്രവർത്തനങ്ങളിലും മാസ്ക്, ഗ്ലൗസ്, സാനിട്ടൈസർ, സാമൂഹ്യ അകലം എന്നിവ നിർബന്ധമാക്കിയിട്ടുണ്ട്.തിരഞ്ഞെടുപ്പ് സുഗമമായി നടത്തിപ്പിന് ചീഫ് സെക്രട്ടറി, സംസ്ഥാന പോലീസ് ചീഫ്, വിവിധ വകുപ്പ് സെക്രട്ടറിമാർ എന്നിവരുമായി കമ്മീഷൻ കൂടിയാലോചന നടത്തിയിരുന്നു.

പൊതുതിരഞ്ഞെടുപ്പിനുള്ള അന്തിമ വോട്ടർപട്ടിക ഒക്ടോബർ 1 ന് തന്നെ പ്രസിദ്ധീകരിച്ചിരുന്നു. അതിൽ 1,29,25,766 പുരുഷന്മാരും 1,41,94,725 സ്ത്രീകളും 282 ട്രാൻസ് ജെണ്ടറുകളും ഉൾപ്പെട്ടിട്ടുണ്ട്. ആകെ 2,71,20,823 വോട്ടർമാർ.

അന്തിമ പട്ടികയിൽ ഇല്ലാത്തവർക്ക് പേര് ചേർക്കുന്നതിന് ഒക്ടോബർ 31 വരെ അവസരം നൽകിയിരുന്നു. അതനുസരിച്ചുള്ള സപ്ലിമെന്ററി പട്ടികകൾ നവംബർ 10 ന് പ്രസിദ്ധീകരിക്കും. തിരഞ്ഞെടുപ്പിന്റെ ആവശ്യത്തിലേയ്ക്കായി ആകെ 34,744 .പോളിംഗ് സ്റ്റേഷനുകൾ സജ്ജമാക്കിയിട്ടുണ്ട്. പഞ്ചായത്തുകൾക്ക് 29,321 എണ്ണവും, മുനിസിപ്പാലിറ്റികൾക്ക് 34,22 , കോർപ്പറേഷനുകൾക്ക് 2001 എണ്ണവുമാണ്. എല്ലാ തദ്ദേശസ്ഥാപനങ്ങൾക്കും വരണാധികാരികളെയും ഉപവരണാധി കാരികളെയും നിശ്ചയിച്ച് കമ്മീഷൻ വിജ്ഞാപനം ചെയ്തിട്ടുണ്ട്. അവർക്കുള്ള പരിശീലനവും പൂർത്തിയായിട്ടുണ്ട്.

കോവിഡ് പശ്ചാത്തലത്തിൽ ഉദ്യോഗസ്ഥർക്ക് മാസ്ക്, സാനിട്ടൈസർ, ഗ്ലൗസ്, ഫെയ്സ് ഷീൽഡ് എന്നിവ കമ്മീഷൻ ലഭ്യമാക്കും.കോവിഡ് പോസിറ്റീവ് ആകുന്നവർക്കും ക്വാറന്റൈനിൽ ഉള്ളവർക്കും പോസ്റ്റൽ വോട്ടാണ്. പോളിംഗിന് 3 ദിവസം മുമ്പ് വരെ പോസ്റ്റൽ വോട്ടിന് അപേക്ഷിക്കാം. പോളിംഗ് സ്റ്റേഷനുകളിൽ വോട്ടർമാർക്ക് സാനിട്ടൈസറും Break the Chain സൗകര്യവും ലഭ്യമാക്കും.ക്രിസ്തുമസിന് മുമ്പ് പുതിയ ഭരണ സമിതികൾ സത്യ പ്രതിജ്ഞ ചെയ്ത് അധികാരം ഏൽക്കുന്നതിന് നടപടിയുണ്ടാകും.ഗ്രാമ പഞ്ചായത്തിലെ സ്ഥാനാർത്ഥികൾ 1000 രൂപയും ബ്ലോക്ക് പഞ്ചായത്ത്, മുനിസിപ്പാലിറ്റികളിലേത് 2000 രൂപയും ജില്ലാ പഞ്ചായത്ത് കോർപ്പറേഷനുകളിലേയ്ക്ക് 3000 രൂപയുമാണ് നിക്ഷേപമായി കെട്ടിവയ്ക്കേണ്ടത്. പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗങ്ങളിലുള്ളവർക്ക് പകുതി തുക മാത്രം.

ഗ്രാമപഞ്ചായത്തുകളിൽ സ്ഥാനാർത്ഥികൾക്ക് 25,000/- രൂപയും ബ്ലോക്ക് പഞ്ചായത്ത് മുനിസിപ്പാലിറ്റികളിൽ 75,000/- രൂപയും ജില്ലാ പഞ്ചായത്ത് കോർപ്പറേഷനുകളിൽ 1,50,000/- രൂപയുമാണ് പരമാവധി ചെലവഴിക്കാവുന്നത്.

| | | |
|---|---|---|
| Email:<br>**contact.seckerala@gmail.com**<br>**cru.sec@kerala.gov.in** | # പത്രക്കുറിപ്പ് | TELEPHONE: 0471-2321233<br>MOBILE :8281000127<br>**www.sec.kerala.gov.in** |
| | **കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ** | **5th November 2020** |

*(എസ്.ഇ.സി.46/2020)*

## തദ്ദേശതിരഞ്ഞെടുപ്പ് – ചെലവ് കണക്ക് നൽകാത്ത 81 പേരെ കമ്മീഷൻ അയോഗ്യരാക്കി

തദ്ദേശസ്ഥാപനങ്ങളിൽ 2019 ജനുവരി മുതൽ നടന്ന ഉപതിരഞ്ഞെടുപ്പുകളിൽ മത്സരിച്ച സ്ഥാനാർത്ഥികളിൽ യഥാസമയം ചെലവ് കണക്ക് സമർപ്പിക്കാതിരുന്ന 81 പേരെ തദ്ദേശ തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിന് അയോഗ്യരാക്കിയതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി.ഭാസ്കരൻ അറിയിച്ചു.

ഉത്തരവ് തീയതി മുതൽ അഞ്ച് വർഷക്കാലത്തേയ്ക്കാണ് അയോഗ്യത. പഞ്ചായത്തുകളിലെ ഉപതിരഞ്ഞെടുപ്പുകളിൽ മത്സരിച്ച 67 പേരെയും മുനിസിപ്പാലിറ്റി കോർപ്പറേഷനുകളിൽ മത്സരിച്ച 14 പേരെയുമാണ് അയോഗ്യരാക്കിയത്. ഉത്തരവ് തീയതി മുതൽ അഞ്ച് വർഷക്കാലത്തേയ്ക്കാണ് മത്സരിക്കുന്നതിന് അയോഗ്യതയുള്ളത്.

യഥാസമയം ചെലവ് കണക്ക് സമർപ്പിക്കാതിരുന്ന 2015-ലെ പൊതുതിരഞ്ഞെടുപ്പിൽ മത്സരിച്ച 8750 പേരെയും ഉപതിരഞ്ഞെടുപ്പിൽ മത്സരിച്ച 224 പേരെയും കമ്മീഷൻ അയോഗ്യരാക്കിയട്ടുണ്ട്. 2020-ലെ തദ്ദേശ തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിന് അവർക്ക് അയോഗ്യത നിലനിൽക്കുന്നുണ്ട്.

അയോഗ്യരാക്കിയവരുടെ ലിസ്റ്റ് കമ്മീഷന്റെ വെബ്സൈറ്റിൽ ലഭ്യമാണ് (www.sec.kerala.gov.in).

*(എസ്.ഇ.സി.45/2020)*

## ഭാരവാഹികളുടെ പട്ടിക രാഷ്ട്രീയ പാർട്ടികൾ അറിയിക്കണം

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ചിഹ്നം അനുവദിച്ചിട്ടുള്ള എല്ലാ രാഷ്ട്രീയ പാർട്ടികളും തങ്ങളുടെ സ്ഥാനാർത്ഥികൾക്ക് ചിഹ്നം ശുപാർശ ചെയ്യുന്നതിന് ജില്ലകളിൽ അധികാരപ്പെടുത്തിയ ഭാരവാഹികളുടെ പട്ടിക അടിയന്തിരമായി എല്ലാ ജില്ലാ കളക്ടർമാരെയും തിരഞ്ഞെടുപ്പ് കമ്മീഷനെയും അറിയിക്കേണ്ടതാണെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി.ഭാസ്കരൻ അറിയിച്ചു.

*(എസ്.ഇ.സി.44/2020)*

| | | |
|---|---|---|
| Email: **contact.seckerala@gmail.com** **cru.sec@kerala.gov.in** | # പത്രക്കുറിപ്പ് | TELEPHONE: 0471-2321233 MOBILE :8281000127 **www.sec.kerala.gov.in** |
| | **കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ** | **3rd November 2020** |

**തദ്ദേശ ഭരണ തിരഞ്ഞെടുപ്പ് : അദ്ധ്യക്ഷ സ്ഥാനങ്ങളുടെ സംവരണം നിശ്ചയിച്ച് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ചു.**

സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കു 2020-ൽ നടക്കാനിരിക്കുന്ന പൊതുതിരഞ്ഞെടുപ്പിൽ മുനിസിപ്പൽ കോർപ്പറേഷനുകൾ, മുനിസിപ്പൽ കൗൺസിലുകൾ ത്രിതല പഞ്ചായത്തുകൾ എന്നിവയിലെ അദ്ധ്യക്ഷ സ്ഥാനങ്ങളുടെ സംവരണം നിശ്ചയിച്ച് വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ചതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി.ഭാസ്കരൻ അറിയിച്ചു.

പട്ടികജാതി സ്ത്രീ, പട്ടിക ജാതി, പട്ടികവർഗ്ഗ സ്ത്രീ, പട്ടിക വർഗ്ഗം, സ്ത്രീ എന്നീ സംവരണ സ്ഥാനങ്ങൾ ആണ് നിശ്ചയിച്ചിട്ടുള്ളത്. വിജ്ഞാപനങ്ങൾ നാളെ മുതൽ (നവംബർ 4) www.sec.kerala.gov.in എന്ന വെബ് സൈറ്റിൽ ലഭ്യമാകും.

*(എസ്.ഇ.സി.43/2020)*

Email:
contact.seckerala@gmail.com
cru.sec@kerala.gov.in

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**

**2nd November 2020**

## തദ്ദേശതിരഞ്ഞെടുപ്പ് – ഉദ്യോഗസ്ഥരുടെ സ്ഥലമാറ്റം നിരോധിച്ച് ഉത്തരവായി

തദ്ദേശ തിരഞ്ഞെടുപ്പിന്റെ സുഗമമായ നടത്തിപ്പിന് സംസ്ഥാന ജീവനക്കാരുടെയും അദ്ധ്യാപകരുടെയും സ്ഥലമാറ്റത്തിന് നവംബർ 2 മുതൽ തിരഞ്ഞെടുപ്പ് പൂർത്തിയാകുന്നത് വരെ വിലക്ക് ഏർപ്പെടുത്തുന്നതിന് ചീഫ് സെക്രട്ടറിക്കും മറ്റ് വകുപ്പ് തലവന്മാർക്കും നിർദ്ദേശം നൽകിയതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി.ഭാസ്കരൻ അറിയിച്ചു.

സംസ്ഥാനത്തെ വിവിധ സർക്കാർ വകുപ്പുകളിലെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും, നിയമാനുസൃതബോർഡുകളിലെയും മറ്റ് സ്ഥാപനങ്ങളിലെയും ജീവനക്കാരുടെയും അദ്ധ്യാപകരുടെയും സ്ഥലമാറ്റത്തിനാണ് നവംബർ 2 മുതൽ നിരോധനം ഏർപ്പെടുത്തി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിച്ചത്.

തദ്ദേശതിരഞ്ഞെടുപ്പിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങൾക്ക് വിവിധ വകുപ്പുകളിൽ നിന്നും ഉദ്യോഗസ്ഥരെ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാരായും വരണാധികാരികളായും ഉപവരണാധികാരികളായും കമ്മീഷൻ ചുമതലപ്പെടുത്തിയിട്ടുണ്ട്.

വോട്ടെടുപ്പ് വോട്ടെണ്ണൽ തുടങ്ങിയവയുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടികളും പുരോഗമിച്ച് വരുകയാണ്. ജീവനക്കാരുടെ സ്ഥലമാറ്റം തിരഞ്ഞെടുപ്പിന്റെ സുഗമമായ നടത്തിപ്പിന് തടസ്സമുണ്ടാക്കുമെന്നതിനാലാണ് സ്ഥലമാറ്റത്തിന് തിരഞ്ഞെടുപ്പ് പൂർത്തിയാകുന്നത് വരെ നിരോധനം ഏർപ്പെടുത്തിയത്.

*(എസ്.ഇ.സി.42/2020)*

## സി.എം.പി അരവിന്ദാക്ഷൻ പക്ഷത്തിന്റെ ചിഹ്നം മരവിപ്പിച്ചു

സി.എം.പി അരവിന്ദാക്ഷൻ പക്ഷത്തിന്റെ തിരഞ്ഞെടുപ്പ് ചിഹ്നമായ ടെലിവിഷൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ മരവിപ്പിച്ചു.

സി.എം.പി അരവിന്ദാക്ഷൻ പക്ഷത്തിലെ എം.അജിബും എം.വി.രാജേഷും തമ്മിൽ ടെലിവിഷൻ ചിഹ്നം അനുവദിക്കുന്നതു സംബന്ധിച്ചുണ്ടായ തർക്കത്തെ തുടർന്നാണ് ചിഹ്നം മരവിപ്പിച്ചു കൊണ്ട് സംസ്ഥാന ഇലക്ഷൻ കമ്മീഷണർ വി.ഭാസ്ക്കരൻ ഉത്തരവ് പുറപ്പെടുവിച്ചത്. .

വരുന്ന തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിനായ് കമ്മീഷൻ പ്രസിദ്ധീകരിച്ചിട്ടുള്ള സ്വതന്ത്ര ചിഹ്നങ്ങൾ ലഭിക്കുന്നതിനായി രണ്ടു പക്ഷക്കാർക്കും അപേക്ഷ നൽകാവുന്നതാണ് .

എം.അജീബ് നൽകിയ പരാതിയിൽ എതിർകക്ഷിയായ എം.വി.രാജേഷിന്റെ വാദം കേട്ടതിനു ശേഷമാണ് കമ്മീഷൻ ഉത്തരവ് പുറപ്പെടുവിച്ചത്.

| | | |
|---|---|---|
| Email:<br>**contact.seckerala@gmail.com**<br>**cru.sec@kerala.gov.in** | **പത്രക്കുറിപ്പ്**<br>**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ** | TELEPHONE: 0471-2321233<br>MOBILE :8281000127<br>**www.sec.kerala.gov.in**<br>**30th October 2020** |


*(എസ്.ഇ.സി.41/2020)*

## തദ്ദേശ വോട്ടർ പട്ടിക – നാളെ (31.10.2020) കൂടി പേര് ചേർക്കാം

സംസ്ഥാനത്തെ തദ്ദേശസ്ഥാപനങ്ങളിലെ വോട്ടർപട്ടികയിൽ പേര് ചേർക്കുന്നതിനുള്ള അപേക്ഷകളും മറ്റ് ആക്ഷേപങ്ങളും നാളെ (ഒക്ടോബർ 31) കൂടി സമർപ്പിക്കാമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി.ഭാസ്കരൻ അറിയിച്ചു.

കോവിഡ്-19 വൈറസ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ പേര് ചേർക്കുന്നതിനുള്ള ഹിയറിംഗിന് നേരിട്ട് ഹാജരാകാൻ കഴിയാത്തവർക്ക് അപേക്ഷയുടെ പ്രിന്റൗട്ടിൽ ഒപ്പും ഫോട്ടോയും പതിച്ച് സ്കാൻ ചെയ്ത് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്ക് ഇ-മെയിൽ ആയോ നേരിട്ടോ/ആൾവശമോ ലഭ്യമാക്കാം. ഓൺലൈൻ വഴിയോ മൊബൈൽ ഫോൺ വീഡിയോകോൾ വഴിയോ ഹിയറിംഗ് നടത്തുന്നതിനും സൗകര്യമുണ്ട്.

വോട്ടർ പട്ടിക സംബന്ധിച്ച ആക്ഷേപങ്ങൾക്കും ഓൺലൈൻ വഴിയോ മൊബൈൽ ഫോൺ വീഡിയോ കോൾ വഴിയോ ഹിയറിംഗ് നടത്തുന്നതിനുള്ള സാങ്കേതിക സൗകര്യം ഉപയോഗിക്കാം.

31 വരെ ലഭിക്കുന്ന അപേക്ഷകളും ആക്ഷേപങ്ങളും പരിശോധിച്ച് സപ്ലിമെന്ററി പട്ടികകൾ നവംബർ 10-ന് പ്രസിദ്ധീകരിക്കും.

*(എസ്.ഇ.സി.40/2020)*

Email:
contact.seckerala@gmail.com
cru.sec@kerala.gov.in

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

28th October 2020

## തദ്ദേശ തിരഞ്ഞെടുപ്പ് - പ്രചാരണപ്രവർത്തനങ്ങൾക്ക് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു

തദ്ദേശതിരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥികളും രാഷ്ട്രീയ കക്ഷികളും മറ്റുള്ളവരും പ്രചാരണ പ്രവർത്തനത്തിനായി ബോർഡുകൾ, ബാനറുകൾ, ഹോർഡിംഗുകൾ മുതലായവ സ്ഥാപിക്കുന്നതും നീക്കം ചെയ്യുന്നതും സംബന്ധിച്ച പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി.ഭാസ്കരൻ അറിയിച്ചു.

തിരഞ്ഞെടുപ്പ് പ്രചാരണത്തിന് പ്ലാസ്റ്റിക്, പി.വി.സി തുടങ്ങിയ വസ്തുക്കൾ ഉപയോഗിക്കാൻ പാടില്ല. പരിസ്ഥിതി സൗഹൃദവും മണ്ണിൽ അലിഞ്ഞു ചേരുന്നതും പുന:ചംക്രമണം ചെയ്യാൻ കഴിയുന്നതുമായ വസ്തുക്കൾ മാത്രമേ ഉപയോഗിക്കാവൂ.

കേരള ഹൈക്കോടതിയും സംസ്ഥാന സർക്കാരും പുറപ്പെടുവിച്ച ഉത്തരവുകളുടെ അടിസ്ഥാനത്തിലും കോവിഡ്-19 വ്യാപന പശ്ചാത്തലത്തിലുമാണ് പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളത്.

*(എസ്.ഇ.സി.39/2020)*

| Email:<br>contact.seckerala@gmail.com<br>cru.sec@kerala.gov.in | പത്രക്കുറിപ്പ് | TELEPHONE: 0471-2321233<br>MOBILE :8281000127<br><br>www.sec.kerala.gov.in |
|---|---|---|
| | കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ | 23rd October 2020 |


## തദ്ദേശ തിരഞ്ഞെടുപ്പ് - വോട്ടർപട്ടികയിൽ ഉൾപ്പെടാത്തവർക്ക് പേര് ചേർക്കുന്നതിന് 27 മുതൽ വീണ്ടും അവസരം

സംസ്ഥാനത്തെ തദ്ദേശ സ്ഥാപനങ്ങളിൽ ഒക്ടോബർ 1-ന് പ്രസിദ്ധീകരിച്ച അന്തിമ വോട്ടർപട്ടികയിൽ പേര് ഉൾപ്പെട്ടിട്ടില്ലാത്തവർക്ക് പേര് ചേർക്കുന്നതിന് ഒക്ടോബർ 27 മുതൽ 31 വരെ വീണ്ടും അവസരമുണ്ടെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി.ഭാസ്കരൻ അറിയിച്ചു.

941 ഗ്രാമപഞ്ചായത്തുകൾ, 86 മുനിസിപ്പാലിറ്റികൾ, 6 കോർപ്പറേഷനുകൾ എന്നീ സ്ഥാപനങ്ങളിലെ അന്തിമ വോട്ടർപട്ടിക ഒക്ടോബർ 1-ന് പ്രസിദ്ധീകരിച്ചിരുന്നു. വോട്ടർ പട്ടികയിൽ നിന്നും പേരുകൾ ഒഴിവാക്കുന്നതിനും ഉൾക്കുറിപ്പുകൾ തിരുത്തുന്നതിനുമുള്ള അപേക്ഷകളും 27 മുതൽ സമർപ്പിക്കാം.

പേരുകൾ ചേർക്കുന്നതിനും തിരുത്തലുകൾ വരുത്തുന്നതിനും സ്ഥാനമാറ്റം നടത്തുന്നതിനും *"lsgelection.kerala.gov.in"* എന്ന വെബ്സൈറ്റിൽ ഓൺലൈൻ അപേക്ഷകളാണ് നൽകേണ്ടത്. മരണപ്പെട്ടവരെയും സാധാരണ താമസക്കാരല്ലാത്തവരെയും പട്ടികയിൽ നിന്ന് ഒഴിവാക്കുന്നതിനുള്ള ആക്ഷേപങ്ങൾ ഫാറം 5-ലും ഫാറം 8-ലും നേരിട്ടോ തപാലിലൂടെയോ അതാത് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്ക് സമർപ്പിക്കാം.

ഒക്ടോബർ 31 വരെ ലഭിക്കുന്ന അപേക്ഷകളും ആക്ഷേപങ്ങളും പരിശോധിച്ച് നവംബർ 10-ന് സപ്ലിമെന്ററി പട്ടികകൾ പ്രസിദ്ധീകരിക്കുന്നതിന് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്ക് കമ്മീഷൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

ഒക്ടോബർ ഒന്നിന് പ്രസിദ്ധീകരിച്ച അന്തിമ വോട്ടർപട്ടികയിൽ 1,29,25,766 പുരുഷന്മാർ, 1,41,94,775 സ്ത്രീകൾ 282 ട്രാൻസ്ജെന്റർമാർ എന്നിങ്ങനെ 2,71,20,823 വോട്ടർമാരാണ് ഉൾപ്പെട്ടിട്ടുള്ളത്.

*(എസ്.ഇ.സി.38/2020)*

| | | |
|---|---|---|
| Email:<br>**contact.seckerala@gmail.com**<br>**cru.sec@kerala.gov.in** | **പത്രക്കുറിപ്പ്** | TELEPHONE: 0471-2321233<br>MOBILE :8281000127<br>**www.sec.kerala.gov.in** |
| | **കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ** | **21st October 2020** |


# തദ്ദേശ തിരഞ്ഞെടുപ്പ്
# കോവിഡ് 19 മാർഗ്ഗനിർദ്ദേശങ്ങൾ ഉത്തരവായി

സംസ്ഥാനത്ത് കോവിഡ്-19 വ്യാപനം തുടരുന്ന സാഹചര്യത്തിൽ ഈ വർഷം നടത്തുന്ന തദ്ദേശ തിരഞ്ഞെടുപ്പിന് രാഷ്ട്രീയ പാർട്ടികളും സ്ഥാനാർത്ഥികളും ഉദ്യോഗസ്ഥരും സ്വീകരിക്കേണ്ട മുൻകരുതലുകൾ സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി.ഭാസ്കരൻ അറിയിച്ചു.

തിരഞ്ഞെടുപ്പ് നടത്തുന്നത് സംബന്ധിച്ച് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സെപ്റ്റംബർ 18-ന് വിളിച്ചുചേർത്ത രാഷ്ട്രിയ പാർട്ടി പ്രതിനിധികളുടെ യോഗത്തിൽ കരട് മാർഗ്ഗനിർദ്ദേശങ്ങൾ ചർച്ച ചെയ്തിരുന്നു. ആ യോഗത്തിലെ തീരുമാനങ്ങളുടെ കൂടി അടിസ്ഥാനത്തിലാണ് മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കി ഉത്തരവായിട്ടുള്ളത്.

941 ഗ്രാമ പഞ്ചായത്തുകൾ, 152 ബ്ലോക്ക് പഞ്ചായത്തുകൾ, 14 ജില്ലാ പഞ്ചായത്തുകൾ 86 മുനിസിപ്പാലിറ്റികൾ 6 മുനിസിപ്പൽ കോർപ്പറേഷനുകൾ എന്നിവിടങ്ങളിലായി 21,865 വാർഡുകളിലേയ്ക്കാണ് ഈ വർഷം പൊതുതിരഞ്ഞെടുപ്പ് നടത്തുന്നത്.

പൊതുതിരഞ്ഞെടുപ്പിന്റെ ഭാഗമായി ഉദ്യോഗസ്ഥർക്കുള്ള പരിശീലനം, ഇ.വി.എം ഫസ്റ്റ് ലെവൽ ചെക്കിംഗ് എന്നിവ പുരോഗമിച്ച് വരുകയാണ്. അന്തിമ വോട്ടർപട്ടിക ഒക്ടോബർ 1-ന് പ്രസിദ്ധീകരിച്ചിരുന്നു. തിരഞ്ഞെടുപ്പിന് മുമ്പ് വോട്ടർപട്ടികയിൽ പേര് ചേർക്കുന്നതിനും മറ്റും ഒരു അവസരം കൂടി നൽകും.

*(എസ്.ഇ.സി.37/2020)*

Email:
**contact.seckerala@gmail.com**
**cru.sec@kerala.gov.in**

# പത്രക്കുറിപ്പ്

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**

TELEPHONE: 0471-2321233
MOBILE :8281000127

**www.sec.kerala.gov.in**

**14th October 2020**

## തിരുവനന്തപുരം, കൊല്ലം കോർപ്പറേഷനുകളിലെ വാർഡ് സംവരണം - നറുക്കെടുപ്പ് 16ന്

തിരുവനന്തപുരം, കൊല്ലം മുനിസിപ്പൽ കോർപ്പറേഷനുകളിലെ സംവരണ വാർഡുകൾ നിശ്ചയിക്കുന്നതിനുള്ള നറുക്കെടുപ്പ് ഒക്ടോബർ 16ന് തിരുവനന്തപുരം കളക്റ്ററേറ്റിൽ വച്ച് നടത്തുമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി.ഭാസ്കരൻ അറിയിച്ചു.

തിരുവനന്തപുരം കോർപ്പറേഷനിലെ നറുക്കെടുപ്പ് രാവിലെ 10നും കൊല്ലം കോർപ്പറേഷനിലേത് രാവിലെ 11.30നുമാണ് നടത്തുന്നത്. കോവിഡ് പ്രോട്ടോക്കോൾ പാലിച്ചായിരിക്കും നറുക്കെടുപ്പ് നടത്തുക.

സംവരണ വാർഡുകൾ നിശ്ചയിക്കുന്നതിനുള്ള നറുക്കെടുപ്പ് ഈ മാസം 6-നാണ് നിശ്ചയിച്ചിരുന്നത്. നറുക്കെടുപ്പിന് അധികാരപ്പെടുത്തിയ നഗരകാര്യ ഡയറക്ടർ ക്വാറന്റൈനിൽ പ്രവേശിച്ചതിനാലാണ് നറുക്കെടുപ്പ് 16ലേക്ക് മാറ്റി വയ്ക്കേണ്ടി വന്നത്.

ഓരോ മുനിസിപ്പൽ കോർപ്പറേഷനിലേക്കും പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും സ്ത്രീകൾക്കുമുള്ള സംവരണ വാർഡുകളാണ് നറുക്കെടുപ്പിലൂടെ നിശ്ചയിക്കുന്നത്. സംവരണ വാർഡുകളുടെ എണ്ണം സർക്കാർ നിശ്ചയിച്ച് വിജ്ഞാപനം ചെയ്തിട്ടുണ്ട്.

*(എസ്.ഇ.സി.36/2020)*

| Email:<br>contact.seckerala@gmail.com<br>cru.sec@kerala.gov.in | പത്രക്കുറിപ്പ് | TELEPHONE: 0471-2321233<br>MOBILE :8281000127<br>www.sec.kerala.gov.in |
|---|---|---|
| | കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ | 1st October 2020 |


## തദ്ദേശ തിരഞ്ഞെടുപ്പ് – അന്തിമ വോട്ടർപട്ടികയിൽ 2.71 കോടി വോട്ടർമാർ

സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇന്ന് (ഒക്ടോബർ 1) പ്രസിദ്ധീകരിച്ച അന്തിമ വോട്ടർപട്ടികയിൽ ആകെ 2,71,20,823 വോട്ടർമാർ ഉൾപ്പെട്ടിട്ടുണ്ടെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി.ഭാസ്കരൻ അറിയിച്ചു.1,29,25,766 പുരുഷന്മാർ,1,41,94,775 സ്ത്രീകൾ, 282 ട്രാൻസ്ജെന്ററുകൾ എന്നിങ്ങനെയാണ് ആകെ വോട്ടർമാർ.

സംസ്ഥാനത്തെ 941 ഗ്രാമപഞ്ചായത്തുകളിലേയും 86 മുനിസിപ്പാലിറ്റികളിലേയും 6 കോർപ്പറേഷനുകളിലേയും വോട്ടർപട്ടികയാണ് ഇലക്ട്രൽ രജിസ്ട്രേഷൻ ഓഫീസർമാർ അന്തിമമാക്കി ഇന്ന് പ്രസിദ്ധീകരിച്ചത്.

കരട് വോട്ടർപട്ടിക ആഗസ്റ്റ് 12 ന് പ്രസിദ്ധീകരിച്ചിരുന്നു. കരട് പട്ടികയിൽ ആകെ 2.62 കോടി വോട്ടർമാരാണ് ഉൾപ്പെട്ടിരുന്നത്.

വോട്ടർപട്ടികയിൽ പേര് ചേർക്കുന്നതിനുള്ള അപേക്ഷകളും മറ്റ് ആക്ഷേപങ്ങളും ആഗസ്റ്റ് 26 വരെ അതാത് ഇലക്ട്രൽ രജിസ്ട്രേഷൻ ഓഫീസർമാർ സ്വീകരിച്ചിരുന്നു. അവ സംബന്ധിച്ച തുടർ നടപടി സ്വീകരിച്ചാണ് അന്തിമ വോട്ടർപട്ടിക പ്രസിദ്ധീകരിച്ചിട്ടുള്ളത്.

941 ഗ്രാമപഞ്ചായത്തുകളിലെ 15,962 വാർഡുകളിലേക്കും 152 ബ്ലോക്ക് പഞ്ചായത്തുകളിലെ 2,080 വാർഡുകളിലേക്കും 14 ജില്ലാ പഞ്ചായത്തുകളിലെ 331 വാർഡുകളിലേക്കും 86 മുനിസിപ്പാലിറ്റികളിലെ 3,078 വാർഡുകളിലേക്കും 6 മുനിസിപ്പൽ കോർപ്പറേഷനുകളിലെ 414 വാർഡുകളിലേക്കുമാണ് പൊതു തിരഞ്ഞെടുപ്പ് നടത്തുന്നത്.

അന്തിമ വോട്ടർപട്ടികയിലെ വോട്ടർമാരുടെ എണ്ണം പരിശോധിച്ച് ആവശ്യമെങ്കിൽ പുതിയ പോളിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കും.പുതുതായി സ്ഥാപിക്കുന്ന പോളിംഗ് സ്റ്റേഷനുകളിൽ വോട്ടർമാരുടെ സൗകര്യാർത്ഥം പുന:ക്രമീകരണം വരുത്തും.

അന്തിമ വോട്ടർപട്ടികയിലെ അടിസ്ഥാനപട്ടികയും സപ്ലിമെന്ററി പട്ടികകളും സംയോജിപ്പിച്ചുള്ള അന്തിമ വോട്ടർപട്ടിക ഒക്ടോബർ 15 ന് മുമ്പ് രാഷ്ട്രീയ പാർട്ടികൾക്ക് നൽകും.

ഇന്ന് പ്രസിദ്ധീകരിച്ച അന്തിമ വോട്ടർപട്ടികയിൽ പേര് ഉൾപ്പെട്ടിട്ടില്ലാത്ത അർഹരായ വോട്ടർമാർക്ക് പേര് ചേർക്കുന്നതിന് തിരഞ്ഞെടുപ്പിന് മുമ്പ് ഒരു അവസരം കൂടി നൽകും. ഈ വേളയിൽ ആക്ഷേപങ്ങളും സമർപ്പിക്കാം.

*(എസ്.ഇ.സി.35/2020)*

| Email:<br>**contact.seckerala@gmail.com**<br>**cru.sec@kerala.gov.in** | # പത്രക്കുറിപ്പ് | TELEPHONE: 0471-2321233<br>MOBILE :8281000127<br><br>**www.sec.kerala.gov.in** |
|---|---|---|
| | **കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ** | **25th September 2020** |

## തദ്ദേശതിരഞ്ഞെടുപ്പ് - അന്തിമ വോട്ടർ പട്ടിക പ്രസിദ്ധീകരണം ഒക്ടോബർ 1 ലേയ്ക്ക്മാറ്റി

തദ്ദേശ തിരഞ്ഞെടുപ്പിന് വേണ്ടി തയ്യാറാക്കി വരുന്ന വോട്ടർപട്ടികയുടെ പ്രസിദ്ധീകരണം ഒക്ടോബർ 1 ലേയ്ക്ക് മാറ്റിയതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി.ഭാസ്കരൻ അറിയിച്ചു. സംസ്ഥാനത്ത് ചില തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് കോവിഡ് 19 പോസിറ്റീവ് സ്ഥിരീകരിച്ചതിനാൽ പ്രസ്തുത സ്ഥാപനങ്ങൾ പൂർണ്ണമായതോതിൽ പ്രവർത്തിക്കാൻ കഴിയാത്ത സാഹചര്യത്തിലാണ് അന്തിമ വോട്ടർപട്ടിക പ്രസിദ്ധീകരണം നീട്ടിയത്.

അഗസ്റ്റ് 12 ന് കരടായി പ്രസിദ്ധീകരിച്ച വോട്ടർപട്ടിക സംബന്ധിച്ച അപേക്ഷകളും ആക്ഷേപങ്ങളും പരിശോധിച്ച് അന്തിമ പട്ടിക സെപ്റ്റംബർ 26-ന് പ്രസിദ്ധീകരിക്കാനാണ് കമ്മീഷൻ തീരുമാനിച്ചിരുന്നത്.

*(എസ്.ഇ.സി.33/2020)*

## തദ്ദേശ തിരഞ്ഞെടുപ്പ് - വാർഡുസംവരണം സെപ്റ്റംബർ 28 മുതൽ

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ പൊതുതിരഞ്ഞെടുപ്പിന് വാർഡ് സംവരണം നിശ്ചയിക്കുന്നതിനുള്ള നറുക്കെടുപ്പ് സെപ്റ്റംബർ 28 മുതൽ ഒക്ടോബർ 6 വരെ വിവിധ കേന്ദ്രങ്ങളിൽ വച്ച് നടത്തുമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി.ഭാസ്കരൻ അറിയിച്ചു.

ഗ്രാമപഞ്ചായത്തുകളിലെയും മുനിസിപ്പാലിറ്റികളിലെയും നറുക്കെടുപ്പ് സെപ്റ്റംബർ 28 മുതൽ ഒക്ടോബർ 1 വരെ നടക്കും. ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ നറുക്കെടുപ്പ് ഒക്ടോബർ 5-നാണ്. തിരുവനന്തപുരം, കൊല്ലം കോർപ്പറേഷനുകൾക്ക് ഒക്ടോബർ 6നും, കൊച്ചി തൃശ്ശൂർ കോർപ്പറേഷനുകൾക്ക് സെപ്റ്റംബർ 30നും, കോഴിക്കോട്, കണ്ണൂർ കോർപ്പറേഷനുകൾക്ക് സെപ്റ്റംബർ 28നുമാണ് നറുക്കെടുപ്പ്.ത്രിതല പഞ്ചായത്തുകളിലെ നറുക്കെടുപ്പ് ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിലാണ് നടത്തുന്നത്. മുനിസിപ്പാലിറ്റികളിലേത് നഗരകാര്യ ജോയിന്റ് ഡയറക്ടർമാരും കോർപ്പറേഷനുകളിലേത് നഗരകാര്യ ഡയറക്ടറുമാണ് നടത്തുന്നത്.

സ്ത്രീ, പട്ടികജാതി സ്ത്രീ, പട്ടികവർഗ്ഗ സ്ത്രീ, പട്ടികജാതി, പട്ടികവർഗ്ഗം എന്നീ അഞ്ച് വിഭാഗങ്ങൾക്കാണ് സംവരണം നിശ്ചയിക്കേണ്ടത്. സ്ത്രീകൾക്കുള്ള സംവരണം അമ്പത് ശതമാനമാണ്. പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കും ജനസംഖ്യാനുപാതികമായിട്ടാണ് സംവരണം.പഞ്ചായത്തുകളുടെ സംവരണ വാർഡുകളുടെ എണ്ണം പഞ്ചായത്ത് ഡയറക്ടറും മുനിസിപ്പാലിറ്റി, കോർപ്പറേഷനുകളുടേത് സർക്കാരുമാണ് നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളത്.

സ്ത്രീകൾക്കുള്ള സംവരണവാർഡുകളാണ് ആദ്യം നിശ്ചയിക്കുന്നത്.2015-ൽ സ്ത്രീകൾക്ക് സംവരണം ചെയ്യാത്ത എല്ലാ വാർഡുകളും ഇപ്പോൾ സ്ത്രീകൾക്കായി സംവരണം ചെയ്യും. ആകെ വാർഡുകളുടെ എണ്ണം ഒറ്റസംഖ്യ വരുന്ന തദ്ദേശസ്ഥാപനങ്ങളിൽ ഒരു സ്ത്രീ സംവരണ വാർഡിന് നറുക്കെടുപ്പ് വേണ്ടി വരും. നിലവിലെ സ്ത്രീ സംവരണ വാർഡുകളിൽ 2010-ലും സ്ത്രീ സംവരണമുണ്ടായിരുന്ന വാർഡുകളെ ഒഴിവാക്കിയാണ് ഇതിനായി നറുക്കെടുക്കുന്നത്.സ്ത്രീകൾക്കായി സംവരണം ചെയ്യുന്ന വാർഡുകളിൽ നിന്ന് വേണം പട്ടികജാതി സ്ത്രീ, പട്ടികവർഗ്ഗ സ്ത്രീ, എന്നിവർക്കുള്ള വാർഡുകൾ നിശ്ചയിക്കേണ്ടത്. 2010-ലോ 2015-ലോ പട്ടികജാതി വിഭാഗത്തിന് സംവരണം ചെയ്ത വാർഡുകളെ ഒഴിവാക്കിവേണം പട്ടികജാതി സ്ത്രീ സംവരണത്തിന് നറുക്കെടുക്കേണ്ടത്. പട്ടികവർഗ്ഗ സ്ത്രീ വാർഡുകൾ നിശ്ചയിക്കുന്നതിനും 2010-ലോ 2015-ലോ പട്ടികവർഗ്ഗത്തിന് സംവരണം ചെയ്ത വാർഡുകളെ നറുക്കെടുപ്പിൽ നിന്ന് ഒഴിവാക്കണം.സ്ത്രീ സംവരണം നിശ്ചയിച്ചതിന് ശേഷം അവശേഷിക്കുന്ന വാർഡുകളിൽ നിന്ന് വേണം പട്ടികജാതി, പട്ടികവർഗ്ഗം സംവരണ വാർഡുകൾ നറുക്കെടുക്കേണ്ടത്. 2010-ലോ 2015-ലോ പട്ടികജാതിക്കോ പട്ടികവർഗ്ഗത്തിനോ സംവരണം ചെയ്ത വാർഡുകളുണ്ടെങ്കിൽ അവ അതാത് വിഭാഗത്തിന്റെ നറുക്കെടുപ്പിൽ നിന്ന് ഒഴിവാക്കണം.

*(എസ്.ഇ.സി.34/2020)*

Email:
**contact.seckerala@gmail.com**
**cru.sec@kerala.gov.in**

# പത്രക്കുറിപ്പ്

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**

TELEPHONE: 0471-2321233
MOBILE :8281000127

**www.sec.kerala.gov.in**

**18th September 2020**

## തദ്ദേശ തിരഞ്ഞെടുപ്പ് - തിരഞ്ഞെടുപ്പ് കമ്മീഷൻ സർവ്വകക്ഷി യോഗം വിളിച്ചു.

സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള പൊതു തിരഞ്ഞെടുപ്പിന്റെ വിവിധ പ്രവർത്തനങ്ങൾ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന് ഇന്ന് (18.09.2020) സർവ്വകക്ഷി യോഗം വിളിച്ചുചേർത്തതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി.ഭാസ്കരൻ അറിയിച്ചു.

തദ്ദേശ സ്ഥാപനങ്ങളിലെ പൊതു തിരഞ്ഞെടുപ്പിന്റെ നടത്തിപ്പ് സംബന്ധിച്ചും കോവിഡ്-19 വ്യാപന പശ്ചാത്തലത്തിൽ തിരഞ്ഞെടുപ്പിന് സ്വീകരിക്കേണ്ട മുൻകരുതലുകളെ സംബന്ധിച്ചും യോഗം ചർച്ച ചെയ്തു. കോവിഡ് വ്യാപനം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അതു കൂടി പരിഗണിച്ചു വേണം തിരഞ്ഞെടുപ്പ് തീയതി നിശ്ചയിക്കേണ്ടതെന്നും എന്നാൽ തിരഞ്ഞെടുപ്പ് അനന്തമായി നീട്ടരുതെന്നും യോഗത്തിൽ പൊതുവേ അഭിപ്രായമുണ്ടായി.

കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ സർവകക്ഷി യോഗത്തിൽ ഉന്നയിച്ച ആവശ്യങ്ങൾ പരിശോധിക്കാമെന്ന് കമ്മീഷണർ അറിയിച്ചു.ആരോഗ്യവിദഗ്ദ്ധരുമായും പോലീസ് അധികാരികളുമായും കൂടിയാലോചിച്ചും മറ്റെല്ലാ വശങ്ങൾ പരിശോധിച്ചും തിരഞ്ഞെടുപ്പ് തീയതി പ്രഖ്യാപിക്കുമെന്നും അറിയിച്ചു.

തിരുവനന്തപുരം മാസ്കറ്റ് ഹോട്ടലിൽ വച്ച് നടത്തിയ യോഗത്തിൽ പ്രമുഖ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ പങ്കെടുത്തു. കോവിഡ് പശ്ചാത്തലത്തിൽ സ്വീകരിക്കേണ്ട നിയന്ത്രണങ്ങൾ സംബന്ധിച്ച കരട് കമ്മീഷൻ തയ്യാറാക്കി യോഗത്തിനു മുമ്പ് നൽകിയിരുന്നു.

941 ഗ്രാമപഞ്ചായത്തുകളിലേയ്ക്കും 152 ബ്ലോക്ക് പഞ്ചായത്തുകളിലേയ്ക്കും 14 ജില്ലാ പഞ്ചായത്തുകളിലേയ്ക്കും 86 മുനിസിപ്പാലിറ്റികളിലേയ്ക്കും 6 കോർപ്പറേഷനുകളിലേയ്ക്കുമാണ് തിരഞ്ഞെടുപ്പ് നടത്തേണ്ടത്. നിലവിലെ ഭരണസമിതികളുടെ കാലാവധി നവംബർ 11ന് അവസാനിക്കും.

*(എസ്.ഇ.സി.32/2020)*

Email:
**contact.seckerala@gmail.com**
**cru.sec@kerala.gov.in**

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

**www.sec.kerala.gov.in**

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**

**16th September 2020**

## തദ്ദേശ ഭരണ തിരഞ്ഞെടുപ്പ് നിയോജകമണ്ഡലങ്ങൾ/വാർഡുകൾ സംവരണം - നറുക്കെടുപ്പ് തീയതി നിശ്ചയിച്ച് കമ്മീഷൻ വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ചു.

സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കു നടക്കാനിരിക്കുന്ന പൊതുതിരഞ്ഞെടുപ്പിനു മുന്നോടിയായി നിയോജകമണ്ഡലങ്ങൾ/വാർഡുകൾ സംവരണ ക്രമം അനുസരിച്ചു നറുക്കെടുപ്പിലൂടെ തീരുമാനിക്കുന്നതിന് ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയും, തീയതിയും സമയവും സ്ഥലവും നിശ്ചയിച്ചും കമ്മീഷൻ വിജ്ഞാപനം പുറപ്പെടുവിച്ചതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി.ഭാസ്കരൻ അറിയിച്ചു.

941 ഗ്രാമ പഞ്ചായത്തുകളിലേയ്ക്ക് സെപ്റ്റംബർ 28 മുതൽ ഒക്ടോബർ 01 വരെയാണ് നറുക്കെടുപ്പ് തീയതി നിശ്ചയിച്ചിട്ടുള്ളത്. 152 ബ്ലോക്ക് പഞ്ചായത്തുകളിലേയ്ക്കും 14 ജില്ലാ പഞ്ചായത്തുകളിലേയ്ക്കും ഒക്ടോബർ 05 നാണ് നറുക്കെടുപ്പ് നടത്തുന്നത്. അതത് ജില്ലയിലെ ജില്ലാ തിരഞ്ഞെടുപ്പ്(ജില്ലാ കളക്ടർ) ഉദ്യോഗസ്ഥനാണ് ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളിലേയ്ക്ക് നറുക്കെടുപ്പ് നടത്തുന്നത്.

86 മുനിസിപ്പാലിറ്റികളിലെ നറുക്കെടുപ്പ് സെപ്റ്റംബർ 28 മുതൽ ഒക്ടോബർ 01 വരെയാണ് നടക്കുന്നത്. ആയതിന് 3 മേഖലകളിലെ (തെക്കൻ, മദ്ധ്യ, വടക്കൻ) നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടർമാരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്.

6 മുനിസിപ്പൽ കോർപ്പറേഷനുകളിലേയ്ക്ക് സെപ്റ്റംബർ 28, 30 ഒക്ടോബർ 06 എന്നീ തീയതികളിൽ നഗരകാര്യ ഡയറക്ടറാണ് നറുക്കെടുപ്പ് നടത്തുന്നത്.

*(എസ്.ഇ.സി.31/2020)*

Email:
**contact.seckerala@gmail.com**
**cru.sec@kerala.gov.in**

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

**www.sec.kerala.gov.in**

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**

**8th September 2020**

## തദ്ദേശ തെരഞ്ഞെടുപ്പ് സംവരണമണ്ഡലങ്ങൾ സംബന്ധിച്ച് വ്യാജ വാർത്ത നടപടി സ്വീകരിക്കും

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് നടക്കുന്ന പൊതുതിരഞ്ഞെടുപ്പിൽ സംവരണമണ്ഡലങ്ങൾ നിശ്ചയിക്കുന്നതു സംബന്ധിച്ച് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ പേരിൽ ചിലർ സോഷ്യൽ മീഡിയയിലൂടെ വ്യാജ വാർത്തകൾ പ്രചരിപ്പിക്കുന്നതായി കമ്മീഷന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇവർക്കെതിരെ അന്വേഷണം നടത്താൻ നിർദ്ദേശം നൽകി. ഇത്തരം വ്യാജ വാർത്തകൾ സൃഷ്ടിച്ച് പ്രചരിപ്പിക്കുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുമെന്ന് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണർ വി.ഭാസ്കരൻ അറിയിച്ചു.

*(എസ്.ഇ.സി.30/2020)*

Email:
**contact.seckerala@gmail.com**
**cru.sec@kerala.gov.in**

# പത്രക്കുറിപ്പ്

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**

TELEPHONE: 0471-2321233
MOBILE :8281000127

**www.sec.kerala.gov.in**

**7th September 2020**

## തദ്ദേശ തിരഞ്ഞെടുപ്പ് മാസ്റ്റർ ട്രെയിനർമാരുടെ പരിശീലനം ആരംഭിച്ചു

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള പൊതുതിരഞ്ഞെടുപ്പിന്റെ ഭാഗമായി തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്ന ജില്ലാതല മാസ്റ്റർ ട്രെയിനർമാരുടെ രണ്ടാംഘട്ട പരിശീലന പരിപാടി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി.ഭാസ്കരൻ ഉദ്ഘാടനം ചെയ്തു.

സെപ്തംബർ 7 മുതൽ 9 വരെ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, കോട്ടയം, ഇടുക്കി ജില്ലകളിലെ ഉദ്യോഗസ്ഥർക്കാണ് ഓൺലൈൻ വഴി പരിശീലനം നൽകുന്നത്. ബാക്കി ജില്ലകളിലുള്ളവർക്ക് ഈ മാസം 15 മുതൽ 17 വരെ പരിശീലനം നൽകും.

സീ-ഡിറ്റാണ് പരിശീലന പരിപാടിയുടെ സാങ്കേതിക സഹായം ഒരുക്കിയിരിക്കുന്നത്.

*(എസ്.ഇ.സി.29/2020)*

Email:
**contact.seckerala@gmail.com**
**cru.sec@kerala.gov.in**

# പത്രക്കുറിപ്പ്

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**

TELEPHONE: 0471-2321233
MOBILE :8281000127

**www.sec.kerala.gov.in**

**30th August 2020**

## തദ്ദേശ തിരഞ്ഞെടുപ്പിന് വാർഡ് അടിസ്ഥാനമാക്കിയ വോട്ടർ പട്ടിക

തദ്ദേശസ്ഥാപനങ്ങളുടെ വാർഡുകളെ അടിസ്ഥാനമാക്കി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ വോട്ടർപട്ടിക തയ്യാറാക്കുകയാണെങ്കിൽ അവ തദ്ദേശ തിരഞ്ഞെടുപ്പിനും ഉപയോഗിക്കാൻ കഴിയുമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി. ഭാസ്കരൻ അറിയിച്ചു.

സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പ് വാർഡ് അടിസ്ഥാനമാക്കി നടക്കുന്നതിനാൽ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷന്റെ അസംബ്ലി ബൂത്ത് വോട്ടർപട്ടിക അതേപടി തദ്ദേശ തിരഞ്ഞെടുപ്പിന് ഉപയോഗിക്കാൻ കഴിയില്ല.

കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷന്റെ ഒരു അസംബ്ലി ബൂത്ത് പ്രദേശത്ത് ഒന്നോ അതിലധികമോ തദ്ദേശ വാർഡ് പ്രദേശങ്ങൾ ഭാഗികമായി ഉൾപ്പെട്ട് വരുന്നുണ്ട്.

സംസ്ഥാനത്തെ 1200 തദ്ദേശസ്ഥാപനങ്ങളിലെ 21900 വാർഡുകളിലേയ്ക്കാണ് തിരഞ്ഞെടുപ്പ് നടത്തേണ്ടത്. ഇതിനായി 15962 ഗ്രാമ പഞ്ചായത്ത് വാർഡുകളിലെയും 3113 മുൻസിപ്പാലിറ്റി വാർഡുകളിലെയും 414 കോർപ്പറേഷൻ വാർഡുകളിലെയും വോട്ടർ പട്ടികയാണ് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ തയ്യാറാക്കുന്നത്.

*(എസ്.ഇ.സി.28/2020)*

Email:
**contact.seckerala@gmail.com**
**cru.sec@kerala.gov.in**

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

**www.sec.kerala.gov.in**

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**

**20th August 2020**

## തദ്ദേശ തിരഞ്ഞെടുപ്പ് - വരണാധികാരികളെ നിശ്ചയിച്ച് കമ്മീഷൻ വിജ്ഞാപനം പുറപ്പെടുവിച്ചു

സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഈ വർഷം നടത്തുന്ന പൊതുതിരഞ്ഞെടുപ്പിനുള്ള വരണാധികാരികളെയും ഉപവരണാധികാരികളെയും നിയമിച്ച് കമ്മീഷൻ വിജ്ഞാപനം പുറപ്പെടുവിച്ചതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി.ഭാസ്കരൻ അറിയിച്ചു.

941 ഗ്രാമ പഞ്ചായത്തുകളിലെയും 152 ബ്ലോക്ക് പഞ്ചായത്തുകളിലെയും 14 ജില്ലാ പഞ്ചായത്തുകളിലെയും 86 മുനിസിപ്പാലിറ്റികളിലെയും 6 മുനിസിപ്പൽ കോർപ്പറേഷനുകളിലെയും വരണാധികാരികളെയാണ് സർക്കാരുമായി കൂടിയാലോചിച്ച് കമ്മീഷൻ നിയമിച്ചിട്ടുള്ളത്.

ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ ഒന്ന് വീതവും 35 വരെ വാർഡുകളുള്ള മുനിസിപ്പാലിറ്റികളിൽ ഒന്ന് വീതവും അതിൽ കൂടുതലുള്ളവയ്ക്ക് രണ്ട് വീതവും വരണാധികാരികളെയാണ് നിയമിച്ചിട്ടുള്ളത്. തിരുവനന്തപുരം കോർപ്പറേഷനിൽ 4 പേരെയും കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിൽ 3 പേരെ വീതവും കൊല്ലം, തൃശ്ശൂർ, കണ്ണൂർ കോർപ്പറേഷനുകളിൽ 2 പേരെ വീതവുമാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്.സംസ്ഥാന സർക്കാർ ഉദ്യോഗസ്ഥരെയാണ് വരണാധികാരികളായി നിയമിച്ചിട്ടുള്ളത്.

തിരഞ്ഞെടുപ്പ് പ്രവർത്തനങ്ങളിൽ വരണാധികാരികളെ സഹായിക്കുന്നതിന് ഉപവരണാധികാരികളെയും നിയമിച്ച് കമ്മീഷൻ വിജ്ഞാപനം പുറപ്പെടുവിച്ചു.

വരണാധികാരികളായി 1246 ഉദ്യോഗസ്ഥരെയും ഉപവരണാധികാരികളായി 1311 പേരെയും നിയമിച്ചാണ് വിജ്ഞാപനം ചെയ്തത്.വരണാധികാരികൾക്കും ഉപവരണാധികാരികൾക്കും തിരഞ്ഞെടുപ്പ് നടത്തിപ്പ് സംബന്ധിച്ച് സെപ്റ്റംബറിൽ പരിശീലനം നൽകും. ഓരോ ജില്ലയിലും ബ്ലോക്ക് തലത്തിൽ 30 പേരടങ്ങുന്ന ബാച്ചുകളായി നേരിട്ടുള്ള പരിശീലനമാണ് നൽകുന്നത്.

*(എസ്.ഇ.സി.27/2020)*

Email:
**contact.seckerala@gmail.com**
**cru.sec@kerala.gov.in**

# പത്രക്കുറിപ്പ്

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

TELEPHONE: 0471-2321233
MOBILE :8281000127

**www.sec.kerala.gov.in**

**19th August 2020**

## തദ്ദേശ വോട്ടർപട്ടിക - ഹിയറിംഗിന് ഓൺലൈൻ സൗകര്യം

തദ്ദേശ സ്ഥാപനങ്ങളിലെ പൊതുതിരഞ്ഞെടുപ്പിനുള്ള വോട്ടർപട്ടികയിൽ പേരു ചേർക്കുന്നതിന് ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നവർക്ക് ഹിയറിംഗിന് ഓൺലൈൻ വഴിയോ, മൊബൈൽ ഫോൺ/വീഡിയോകോൾ വഴിയോ മറ്റ് വിധത്തിലോ ഹാജരാകുന്നതിന് സൗകര്യം ഏർപ്പെടുത്തിയതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി.ഭാസ്കരൻ അറിയിച്ചു.

കണ്ടെയിന്റ്മെന്റ് സോണുകൾ മാറി മാറി വരുന്ന സാഹചര്യത്തിലും കോവിഡ് വ്യാപനം മൂലം അപേക്ഷകർക്ക് ഹിയറിംഗിന് നേരിട്ട് ഹാജരാകാൻ കഴിയാത്ത സാഹചര്യത്തിലുമാണ് വ്യവസ്ഥയിൽ ഇളവ് അനുവദിച്ചത്.

വോട്ടർപട്ടികയിൽ പേര് ചേർക്കുന്നതിനോ ഭേദഗതി വരുത്തുന്നതിനോ ഓൺലൈൻ അപേക്ഷ സമർപ്പിച്ചവർ ഓൺലൈൻ അപേക്ഷയുടെ പ്രിന്റൌട്ടിൽ ഒപ്പ് പതിച്ച്, ഫാറം നമ്പർ 14-ൽ ഫോട്ടോ ഉൾപ്പെടെ, രേഖകൾ സഹിതം ഇ മെയിലായോ നേരിട്ടോ ആൾവശമോ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്ക് ലഭ്യമാക്കാം.

ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ ഓൺലൈൻ വഴിയോ, മൊബൈൽ ഫോൺ/ വീഡിയോകോൾ വഴിയോ മറ്റ് വിധത്തിലോ അപേക്ഷയിലെ വിവരങ്ങൾ ബോധ്യപ്പെട്ട് തുടർ നടപടി സ്വീകരിക്കാം.

ഫാറം 5-ൽ ലഭിക്കുന്ന ആക്ഷേപങ്ങൾക്കും ഹിയറിംഗിന് ഹാജരാകാൻ കഴിയാത്തവർക്കും ഓൺലൈൻ, മൊബൈൽ ഫോൺ/ വീഡിയോകോൾ സൗകര്യങ്ങൾ ഉപയോഗിക്കാം.

തദ്ദേശ സ്ഥാപനങ്ങളിലെ വോട്ടർപട്ടികയുടെ രണ്ടാംഘട്ട പുതുക്കലിനുള്ള കരട് പട്ടിക ഈ മാസം 12-ന് പ്രസിദ്ധീകരിച്ചിരുന്നു. വോട്ടർപട്ടികയിൽ ഉൾപ്പെട്ടിട്ടില്ലാത്തവർക്ക് പേര് ചേർക്കുന്നതിന് അന്ന് മുതൽ അവസരം ഉണ്ട്. ഓഗസ്റ്റ് 26 വരെ അപേക്ഷ സമർപ്പിക്കാം അന്തിമ വോട്ടർപട്ടിക സെപ്റ്റംബർ 26 ന് പ്രസിദ്ധീകരിക്കും.

*(എസ്.ഇ.സി.26/2020)*

Email:
**contact.seckerala@gmail.com**
**cru.sec@kerala.gov.in**

# പത്രക്കുറിപ്പ്

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**

TELEPHONE: 0471-2321233
MOBILE :8281000127

**www.sec.kerala.gov.in**

**17th August 2020**

## തദ്ദേശ തിരഞ്ഞെടുപ്പ്-ആരോഗ്യവകുപ്പുമായി ചർച്ച നടത്തി

സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള പൊതുതിരഞ്ഞെടുപ്പ് കോവിഡ് പ്രോട്ടോക്കോൾ പാലിച്ച് നടത്തുന്നതിന് തടസ്സമില്ലെന്ന് ആരോഗ്യവകുപ്പ് ഡയറക്ടർ അറിയിച്ചതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി.ഭാസ്കരൻ അറിയിച്ചു.

സംസ്ഥാനത്ത് കോവിഡ് വ്യാപനം നടക്കുന്ന സാഹചര്യത്തിൽ തദ്ദേശസ്ഥാപനങ്ങളിലെ തിരഞ്ഞെടുപ്പ് നടത്തിപ്പ് സംബന്ധിച്ച് ആരോഗ്യവകുപ്പിലെ വിദഗ്ധരുമായി കമ്മീഷൻ ഇന്ന് യോഗം ചേർന്നിരുന്നു. തിരഞ്ഞെടുപ്പിന്റെ വിവിധ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള കോവിഡ് പ്രോട്ടോ ക്കോൾ ആരോഗ്യവകുപ്പിൽ നിന്നും ലഭ്യമാക്കും.

തിരഞ്ഞെടുപ്പ് ഡ്യൂട്ടിയ്ക്ക് നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥർക്കുള്ള പ്രതിരോധ പ്രവർത്തന ങ്ങൾ ആരോഗ്യ വകുപ്പുമായി ചേർന്ന് കമ്മീഷൻ നടത്തും. ഉദ്യോഗസ്ഥരെയും രാഷ്ട്രീയ പാർട്ടി പ്രവർത്തകരെയും പൊതുജനങ്ങളെയും ബോധവൽകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരോഗ്യ വകുപ്പ് സ്വീകരിക്കും.

സംസ്ഥാനത്തെ മട്ടന്നൂർ നഗരസഭ ഒഴികെയുള്ള എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളി ലേക്കുമാണ് ഈ വർഷം പൊതുതിരഞ്ഞെടുപ്പ് നടത്തേണ്ടത്. തദ്ദേശസ്ഥാപനങ്ങളിലെ നിലവിലെ കാലാവധി നവംബർ 11-നാണ് അവസാനിക്കുക. സമയബന്ധിതമായി തിരഞ്ഞെടുപ്പ് നടത്തേ ണ്ടത് കമ്മീഷന്റെ ഭരണഘടനാ ബാധ്യതയാണ്. അതിനാലാണ് തിരഞ്ഞെടുപ്പിന്റെ പ്രവർത്തന ങ്ങളുമായി കമ്മീഷൻ മുന്നോട്ട് പോകുന്നത്. എല്ലാ വശങ്ങളും പരിശോധിച്ചതിനു ശേഷമായി രിക്കും തിരഞ്ഞെടുപ്പ് തീയതി നിശ്ചയിക്കുക.

തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥർക്കുള്ള പരിശീലനം കോവിഡ് മാനദണ്ഡ ങ്ങൾ പാലിച്ച് ഈ മാസം തന്നെ ആരംഭിക്കും. മാസ്റ്റർ ട്രെയിനർമാർക്ക് ഓൺലൈൻ പരിശീലന മാണ് നടത്തുന്നത്. മറ്റ് ഉദ്യോഗസ്ഥർക്കു പരിശീലനം ബ്ലോക്ക് തലത്തിൽ 30 പേരടങ്ങുന്ന ബാച്ചു കളായി നേരിട്ട് നൽകും. ഈ പരിശീലന പരിപാടികളിൽ ആരോഗ്യവകുപ്പുമായി ചേർന്ന് ബോധ വൽകരണം നടത്തും.

*(എസ്.ഇ.സി.25/2020)*

Email:
contact.seckerala@gmail.com
cru.sec@kerala.gov.in

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

11th August 2020

## തദ്ദേശ വോട്ടർപട്ടിക - ഇന്ന് (12.08.2020) മുതൽ വീണ്ടും പേര് ചേർക്കാം

സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വോട്ടർപട്ടികയുടെ രണ്ടാംഘട്ട പുതുക്കലിന് കരട് വോട്ടർപട്ടിക ഇന്ന് പ്രസിദ്ധീകരിക്കുമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി.ഭാസ്കരൻ അറിയിച്ചു.

കരട് പട്ടികയിൽ 12540302 പുരുഷന്മാരും 13684019 സ്ത്രീകളും 180 ട്രാൻസ്ജെണ്ടറുകളും ഉൾപ്പെടെ ആകെ 26224501 വോട്ടർമാർ ഉൾപ്പെട്ടിട്ടുണ്ട്.

കരട് പട്ടികയിൽ പേര് ഉൾപ്പെട്ടിട്ടില്ലാത്തവർക്ക് ഇന്ന് മുതൽ പേര് ചേർക്കാം. www.lsgelection.kerala.gov.in എന്ന വെബ് സൈറ്റിൽ ഓൺലൈനായി വേണം അപേക്ഷ അയയ്ക്കേണ്ടത്. കണ്ടെയിൻമെന്റ് സോണുകളിലുള്ളവർക്ക് ഹിയറിംഗിന് നേരിട്ട് ഹാജരാകാൻ കഴിയാത്ത സാഹചര്യമാണെങ്കിൽ ഓൺലൈൻ വഴിയോ മൊബൈൽ ഫോൺ വീഡിയോകോൾ വഴിയോ ഹിയറിംഗിന് ഹാജരാകാവുന്നതാണ്.

കരട് പട്ടികയിലെ ഉൾക്കുറിപ്പുകളിൽ തിരുത്തലുകൾ വരുത്തുന്നതിനും മറ്റൊരു വാർഡിലേയ്ക്കോ പോളിംഗ് ബൂത്തിലേയ്ക്കോ സ്ഥാനമാറ്റം വരുത്തുന്നതിനും ഓൺലൈൻ അപേക്ഷകളാണ് അയയ്ക്കേണ്ടത്. കരട് പട്ടികയിലുള്ളവരെ ഒഴിവാക്കുന്നതിന് ഫാറം 5-ൽ നേരിട്ടോ തപാലിലൂടെയോ വേണം ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്ക് അപേക്ഷ നൽകേണ്ടത്.

അന്തിമ വോട്ടർപട്ടിക സെപ്റ്റംബർ 26ന് പ്രസിദ്ധീകരിക്കും.

പ്രവാസികൾക്കും വോട്ടർപട്ടികയിൽ ഓൺലൈനിലൂടെ പേര് ചേർക്കുന്നതിന് അവസരം ഉണ്ട്. പ്രവാസികൾക്ക് ഓൺലൈൻ അപേക്ഷയുടെ പ്രിന്റ് പോസ്റ്റ് വഴി അയയ്ക്കാൻ കഴിയുന്നില്ലായെങ്കിൽ ഒപ്പും ഫോട്ടോയും രേഖപ്പെടുത്തിയ അപേക്ഷ സ്കാൻ ചെയ്ത് ഇ-മെയിൽ ആയി ഇ.ആർ.ഒ.യ്ക്ക് അയയ്ക്കാം.

Email:
**contact.seckerala@gmail.com**
**cru.sec@kerala.gov.in**

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

**www.sec.kerala.gov.in**

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**

**10th August 2020**

*(എസ്.ഇ.സി.24/2020)*

## തദ്ദേശ വോട്ടർ പട്ടിക - കണ്ടെയിന്റ്മെന്റ് സോണുകളിലെ വോട്ടർമാർക്ക് ഹിയറിംഗിന് ഓൺലൈൻ സൗകര്യം

സംസ്ഥാനത്ത് കോവിഡ്-19 വൈറസ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ കണ്ടെയിന്റ്മെന്റ് സോണുകളിലെ വോട്ടർമാർക്ക് ഹിയറിംഗിന് ഓൺലൈൻ സൗകര്യം ഏർപ്പെടുത്തുന്നത് സംബന്ധിച്ച് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി.ഭാസ്കരൻ അറിയിച്ചു.

വോട്ടർ പട്ടികയിൽ പേര് ചേർക്കുന്നതിനുള്ള ഹിയറിംഗിന് നേരിട്ട് ഹാജരാകാൻ കഴിയാത്ത സാഹചര്യത്തിൽ അപേക്ഷയുടെ പ്രിന്റൗട്ടിൽ ഒപ്പും ഫോട്ടോയും പതിച്ച് അവ സ്കാൻ ചെയ്ത് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്ക് ഇ-മെയിൽ ആയി അയയ്ക്കാവുന്നതും ഓൺലൈൻ വഴിയോ മൊബൈൽ ഫോൺ വീഡിയോകോൾ വഴിയോ ഹിയറിംഗ് നടത്താവുന്നതുമാണ്.

പ്രവാസികൾക്ക് വോട്ടർ പട്ടികയിൽ പേര് ചേർക്കുന്നതിന് സമർപ്പിക്കുന്ന ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ടിൽ ഒപ്പും ഫോട്ടോയും പതിച്ച് പാസ്പോർട്ടിന്റെ ബന്ധപ്പെട്ട പേജുകൾ സഹിതം സ്കാൻ ചെയ്ത് അതാത് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്ക് ഇ-മെയിൽ ആയി അയയ്ക്കാം.

വോട്ടർ പട്ടിക സംബന്ധിച്ച് ആക്ഷേപം ഉന്നയിക്കുന്നവർക്ക് ഓൺലൈൻ വഴിയോ മൊബൈൽ ഫോൺ വീഡിയോ കോൾ വഴിയോ ഹിയറിംഗ് നടത്തുന്നതിനുള്ള സാങ്കേതിക സൗകര്യം ഉപയോഗിക്കാം.

*(എസ്.ഇ.സി.23/2020)*

| | | |
|---|---|---|
| Email:<br>**contact.seckerala@gmail.com**<br>**cru.sec@kerala.gov.in** | **പത്രക്കുറിപ്പ്** | TELEPHONE: 0471-2321233<br>MOBILE :8281000127<br>**www.sec.kerala.gov.in** |
| | **കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ** | **5th August 2020** |

# തദ്ദേശ വോട്ടർ പട്ടിക – രണ്ടാംഘട്ട പുതുക്കൽ 12ന് ആരംഭിക്കും

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് ഈ വർഷം നടത്തുന്ന പൊതുതിരഞ്ഞെടുപ്പിനുള്ള വോട്ടർ പട്ടികയുടെ രണ്ടാംഘട്ട പുതുക്കൽ നടപടികൾ ആഗസ്റ്റ് 12 ന ആരംഭിക്കുമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി. ഭാസ്കരൻ അറിയിച്ചു.

സംസ്ഥാനത്തെ 941 ഗ്രാമ പഞ്ചായത്തുകളിലെയും 86 മുനിസിപ്പാലിറ്റികളിലെയും 6 മുനിസിപ്പൽ കോർപ്പറേഷനുകളിലെയും ജൂൺ 17ന് പ്രസിദ്ധീകരിച്ച വോട്ടർ പട്ടികയാണ് വീണ്ടും പുതുക്കുന്നത്. 17 ന പ്രസിദ്ധീകരിച്ച വോട്ടർ പട്ടികയിലെ അടിസ്ഥാന പട്ടികയും സപ്ലിമെന്ററി പട്ടികകളും സംയോജിപ്പിച്ച് ആഗസ്റ്റ് 12 ന കരടായി പ്രസിദ്ധീകരിക്കും. കരട് പട്ടികയിൽ പുരുഷൻമാർ 1,25,40,302, സ്ത്രീകൾ 1,36,84,019, ട്രാൻസ് ജെന്റർ 180 എന്നിങ്ങനെ ആകെ 2,62,24,501 വോട്ടർമാരാണ് ഉൾപ്പെട്ടിട്ടുള്ളത്.

www.lsgelection.kerala.gov.in എന്ന വെബ്സൈറ്റിൽ കരട് വോട്ടർപട്ടിക പരിശോധനയ്ക്ക് ലഭ്യമാകും. കരട് പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലാത്തവർക്ക് പേര് ചേർക്കുന്നതിന് 12 മുതൽ ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കാം. ഉൾക്കുറിപ്പുകളിൽ തിരുത്തലുകൾ വരുത്തുന്നതിനും സ്ഥാനമാറ്റം വരുത്തുന്നതിനും ഓൺലൈൻ അപേക്ഷകളാണ് സമർപ്പിക്കേണ്ടത്. പട്ടികയിൽ നിന്ന് പേര് ഒഴിവാക്കുന്നതിനുള്ള ആക്ഷേപങ്ങൾ നേരിട്ടോ തപാലിലൂടെയോ വേണം ഇലക്ടൽ രജിസ്ട്രേഷൻ ഓഫീസർമാർക്ക് സമർപ്പിക്കേണ്ടത്. അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി ആഗസ്റ്റ് 26 ആണ്. അന്തിമ വോട്ടർപട്ടിക സെപ്റ്റംബർ 26ന് പ്രസിദ്ധീകരിക്കും.

കരട് പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള മരണപ്പെട്ടവരുടെ പേരുവിവരം ഒഴിവാക്കുന്നതിന് ഇലക്ടൽ രജിസ്ട്രേഷൻ ഓഫീസർ സ്വമേധയാ നടപടി സ്വീകരിക്കും.

20.01.2020-ൽ പ്രസിദ്ധീകരിച്ച കരട് വോട്ടർ പട്ടിക സംബന്ധിച്ച് തീർപ്പാക്കാനുള്ള ആക്ഷേപങ്ങൾ കൂടി പരിശോധിച്ച് ഉചിത നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി.

അപേക്ഷകളും, ആക്ഷേപങ്ങളും സംബന്ധിച്ച പരിശോധനകളും, ഹിയറിംഗും കോവിഡ് പ്രോട്ടോകോൾ പാലിച്ച് വേണം നടത്തേണ്ടതെന്നും ബന്ധപ്പെട്ടവർക്ക നിർദ്ദേശം നൽകിയിട്ടുണ്ട്.

*(എസ്.ഇ.സി.22/2020)*

Email:
**contact.seckerala@gmail.com**
**cru.sec@kerala.gov.in**

# പത്രക്കുറിപ്പ്

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**

TELEPHONE: 0471-2321233
MOBILE :8281000127

**www.sec.kerala.gov.in**

**24th July 2020**

## പഞ്ചായത്ത് /മുൻസിപ്പൽ അംഗങ്ങളെ അയോഗ്യരാക്കി

കൂറുമാറ്റ നിയമ പ്രകാരം ഇടുക്കി ജില്ലയിലെ കരിംകുന്നം ഗ്രാമപഞ്ചായത്ത് അംഗം തോമസുകുട്ടി കുര്യൻ, കോട്ടയം ഈരാറ്റുപേട്ട മുൻസിപ്പാലിറ്റിയിലെ കൗൺസിലർ സുൽഫത്ത് നൗഫൽഖാൻ എന്നിവരെ കൂറുമാറ്റം തെളിഞ്ഞതിനാൽ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി.ഭാസ്കരൻ അയോഗ്യരാക്കി.

നിലവിൽ ഗ്രാമപഞ്ചായത്ത്/മുൻസിപ്പൽ അംഗങ്ങളായി തുടരുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് മത്സരിക്കുന്നതിനും 2020 ജൂലൈ 17 മുതൽ ആറ് വർഷത്തേയ്ക്കാണ് വിലക്ക് ഏർപ്പെടുത്തിയിട്ടുള്ളത് .

കരിംകുന്നം ഗ്രാമ പഞ്ചായത്തിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട ഇന്ത്യൻ നാഷണൽ കോൺഗ്രസ് പാർട്ടി അംഗമായിരുന്ന തോമസുകുട്ടി കുര്യൻ 17.09.2018 ൽ നടന്ന വെൽഫയർ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ തിരഞ്ഞെടുപ്പിൽ പരാതിക്കാരനും യു.ഡി.എഫ് അംഗവുമായ എം.എസ് ദിലീപ് കുമാറിന് വോട്ടു നൽകണമെന്ന ജില്ലാ കോൺഗ്രസ് പ്രസിഡന്റിന്റെ വിപ്പ് ലംഘിച്ച് എൽ.ഡി.എഫിന്റെ സഹായത്തോടെ ചെയർമാൻ സ്ഥാനത്തേക്ക് മത്സരിച്ച് വിജയിക്കുകയുണ്ടായി. ഇതിനെതിരെ എം.എസ്.ദിലീപ് കുമാർ നൽകിയ പരാതിയിലാണ് നടപടി.

ഈരാറ്റുപേട്ട മുൻസിപ്പാലിറ്റിയിലെ കൗൺസിലർ സുൽഫത്ത് നൗഫൽഖാൻ ചെയർമാൻ തിരഞ്ഞെടുപ്പിൽ പാർട്ടി വിപ്പ് ലംഘിച്ച് വോട്ടിംഗിൽ നിന്ന് വിട്ടുനിന്നു ഇത് ചൂണ്ടികാണിച്ച് കൗൺസിലർ ലൈല പരീത് നൽകിയ പരാതിയിലാണ് നടപടി.

*(എസ്.ഇ.സി.21/2020)*

Email:
**contact.seckerala@gmail.com**
**cru.sec@kerala.gov.in**

# പത്രക്കുറിപ്പ്

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**

TELEPHONE: 0471-2321233
MOBILE :8281000127

**www.sec.kerala.gov.in**

**25th June 2020**

## തദ്ദേശ തിരഞ്ഞെടുപ്പ് - പോളിംഗ് സ്റ്റേഷനുകൾ പുന:ക്രമീകരിക്കുന്നു

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് ഈ വർഷം നടത്തുന്ന പൊതു തിരഞ്ഞെടുപ്പിന് മുന്നോടിയായി പോളിംഗ് സ്റ്റേഷനുകളിൽ ആവശ്യമായ പുന:ക്രമീകരണം വരുത്തുന്ന നടപടികൾ ആരംഭിച്ചതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി . ഭാസ്കരൻ അറിയിച്ചു.

സംസ്ഥാനത്ത് ത്രിതല പഞ്ചായത്തുകൾക്കായി 29,210 ഉം മുനിസിപ്പാലിറ്റി, കോർപ്പറേഷനുകൾക്കായി 5,213 ഉം പോളിംഗ് സ്റ്റേഷനുകൾ നിലവിലുണ്ട്. തദ്ദേശ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർ നിലവിലുള്ള പോളിംഗ് സ്റ്റേഷനുകൾ സന്ദർശിച്ച് അവ സ്ഥിതി ചെയ്യുന്ന കെട്ടിടത്തിന്റെ തരം, വിസ്തീർണ്ണം, സ്ഥല സൗകര്യം, വോട്ടർമാർക്ക് എത്തിച്ചേരാനുള്ള സൗകര്യം എന്നിവ പരിശോധിക്കും. കുടിവെള്ളം, വൈദ്യുതി, ഫർണിച്ചർ, ടോയ് ലറ്റ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യതയും പരിശോധിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

തദ്ദേശ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർ പരിശോധനാ റിപ്പോർട്ട് ജൂൺ 29 ന് മുമ്പ് ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്ക് ലഭ്യമാക്കും. പുതിയ പോളിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുകയോ നിലവിലെ പോളിംഗ് സ്റ്റേഷനുകൾ മാറ്റുകയോ ചെയ്യുന്ന സാഹചര്യത്തിൽ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ രാഷ്ട്രീയ പാർട്ടി പ്രതിനിധികളുടെ യോഗം വിളിച്ച് ചേർത്ത് അഭിപ്രായം ആരാഞ്ഞ ശേഷമായിരിക്കണം പോളിംഗ് സ്റ്റേഷനുകളിൽ മാറ്റം വരുത്തേണ്ടത് എന്ന നിർദ്ദേശം നൽകിയിട്ടുണ്ട്.

പഞ്ചായത്തിന്റെ പോളിംഗ് സ്റ്റേഷനുകളിൽ പരാമാവധി 1200 വോട്ടർമാരെയും മുനിസിപ്പാലിററി പോളിംഗ് സ്റ്റേഷനുകളിൽ 1500 വോട്ടർമാരെയും ഉൾപ്പെടുത്തിയാണ് പുന:ക്രമീകരണം വരുത്തുന്നത്.

നിലവിലെ ഏതെങ്കിലും പോളിംഗ് സ്റ്റേഷൻ പൊളിഞ്ഞു പോകുകയോ സ്വകാര്യ ആവശ്യത്തിന് ഉപയോഗിക്കുകയോ ചെയ്യുന്ന സാഹചര്യത്തിൽ 500 മീറ്റർ ചുറ്റളവിൽ പുതിയ പോളിംഗ് സ്റ്റേഷൻ കണ്ടെത്തുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ സമർപ്പിക്കുന്ന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ പോളിംഗ് സ്റ്റേഷനുകളിൽ ആവശ്യമായ പുന:ക്രമീകരണം വരുത്തി ഉത്തരവ് പുറപ്പെടുവിക്കും.

*(എസ്.ഇ.സി.20/2020)*

Email:
**contact.seckerala@gmail.com**
**cru.sec@kerala.gov.in**

# പത്രക്കുറിപ്പ്

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**

TELEPHONE: 0471-2321233
MOBILE :8281000127

**www.sec.kerala.gov.in**

**17th June 2020**

## തദ്ദേശ വോട്ടർപട്ടിക പ്രസിദ്ധീകരിച്ചു -14.79 ലക്ഷം പുതിയ വോട്ടർമാർ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് ഈ വർഷം നടത്തുന്ന പൊതു തിരഞ്ഞെടുപ്പിനുളള അന്തിമ വോർട്ടർപട്ടിക പ്രസിദ്ധീകരിച്ചതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി. ഭാസ്കരൻ അറിയിച്ചു.

സംസ്ഥാനത്തെ 941 ഗ്രാമ പഞ്ചായത്തുകളിലെയും 86 മുനിസിപ്പാലിറ്റികളിലെയും 6 മുനിസിപ്പൽ കോർപ്പറേഷനുകളിലെയും വോട്ടർപട്ടികയാണ് അതാത് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ ഇന്ന് (17.06.2020) അന്തിമമാക്കി പ്രസിദ്ധീകരിച്ചത്. അന്തിമ വോട്ടർ പട്ടികയിൽ ആകെ 2,62,24,501 വോട്ടർമാരാണ് ഉൾപ്പെട്ടിട്ടുള്ളത്. 1,25,40,302 പുരുഷൻമാർ, 1,36,84,019 സ്ത്രീകൾ, 180 ട്രാൻസ്ജെണ്ടർമാർ എന്നിങ്ങനെയാണ് അന്തിമപട്ടികയിലെ വോട്ടർമാർ.

പുതിയതായി 6,78,147 പുരുഷന്മാർ, 8,01,328 സ്ത്രീകൾ 66 ട്രാൻസ്ജെണ്ടർമാർ എന്നിങ്ങനെ 14,79,541 വോട്ടർമാരെ കൂടി ഉൾപ്പെടുത്തിക്കൊണ്ടാണ് അന്തിമവോട്ടർപട്ടിക പ്രസിദ്ധീകരിച്ചത്. മരണപ്പെട്ടവർ, സ്ഥിരതാമസമില്ലാത്തവർ തുടങ്ങിയ 4,34,317 വോട്ടർമാരെ കരട് പട്ടികയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

വോട്ടർപട്ടിക പുതുക്കുന്ന ആവശ്യത്തിലെയ്ക്ക് തദ്ദേശ സ്ഥാപനങ്ങളിലെ നിലവിലുണ്ടായിരുന്ന പട്ടിക കരടായി ജനുവരി 20 ന് പ്രസിദ്ധീകരിച്ചിരുന്നു. കരട് പട്ടികയിൽ ആകെ 2,51,58,230 വോട്ടർമാരുണ്ടായിരുന്നു. മാർച്ച് 16 വരെ ലഭിച്ച അപേക്ഷകളും ആക്ഷേപങ്ങളും പരിശോധിച്ചാണ് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ അന്തിമ വോട്ടർപട്ടിക പ്രസിദ്ധീകരിച്ചത്.

941 ഗ്രാമപഞ്ചായത്തുകൾ 152 ബ്ലോക്ക് പഞ്ചായത്തുകൾ 14 ജില്ലാ പഞ്ചായത്തുകൾ 86 മുനിസിപ്പാലിറ്റികൾ 6 മുനിസിപ്പൽ കോർപ്പറേഷനുകൾ എന്നിവിടങ്ങളിലാണ് ഈ വർഷം പൊതുതിരഞ്ഞെടുപ്പ് നടത്തേണ്ടത്.

ഇന്ന് പ്രസിദ്ധീകരിച്ച വോട്ടർപട്ടികയിൽ പേര് ഉൾപ്പെട്ടിട്ടില്ലാത്തവർക്ക് പേര് ചേർക്കുന്നതിന് തിരഞ്ഞെടുപ്പിനു മുമ്പ് തന്നെ രണ്ട് അവസരങ്ങൾ കൂടി നൽകും.

മലപ്പുറം ജില്ലയിലെ എടയൂർ, എടപ്പാൾ എന്നീ ഗ്രാമ പഞ്ചായത്തുകൾ കോവിഡ് പ്രോട്ടോകോൾമൂലം അടച്ചിട്ടിരിക്കുന്നതിനാൽ അവ തുറക്കുന്ന മുറയ്ക്ക് വോട്ടർപട്ടിക പരിധോധനയ്ക്ക് ലഭ്യമാക്കുന്നതാണ്.

*(എസ്.ഇ.സി.19/2020)*

## പഞ്ചായത്ത് അംഗത്തെ അയോഗ്യനാക്കി

കൂറുമാറ്റ നിരോധന നിയമ പ്രകാരം മലപ്പുറം ജില്ലയിലെ അമരമ്പലം ഗ്രാമപഞ്ചായത്ത് അംഗം ടി.പി.ഹംസയെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി . ഭാസ്കരൻ അയോഗ്യനാക്കി.

നിലവിൽ ഗ്രാമപഞ്ചായത്ത് അംഗമായി തുടരുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് മത്സരിക്കുന്നതിനും 2020 ജൂൺ 16 മുതൽ ആറ് വർഷത്തേയ്ക്കാണ് വിലക്ക് ഏർപ്പെടുത്തിയിട്ടുള്ളത്.

അമരമ്പലം ഗ്രാമ പഞ്ചായത്തിലേയ്ക്ക് 2015 നവംബറിൽ നടന്ന തിരഞ്ഞെടുപ്പിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ് പാർട്ടിയുടെ പഞ്ചായത്ത് അംഗമായി തിരഞ്ഞെടുക്കപ്പെട്ട ഇദ്ദേഹം 25.09.2018 ൽ നടന്ന പഞ്ചായത്ത് പ്രസിഡന്റിനെതിരെയുള്ള അവിശ്വാസപ്രമേയ വോട്ടെടുപ്പിൽ പങ്കെടുക്കുകയും അവിശ്വാസപ്രമേയത്തിന് അനുകൂലമായി വോട്ട് ചെയ്യുകയും ചെയ്തു. എൽ.ഡി.എഫ് കൊണ്ടുവന്ന അവിശ്വാസപ്രമേയത്തിന്റെ വോട്ടെടുപ്പിൽ നിന്നും വിട്ടു നിൽക്കുന്നതിനാണ് കോൺഗ്രസ് പാർട്ടി പഞ്ചായത്ത് അംഗത്തിന് വിപ്പ് നൽകിയിരുന്നത്. എന്നാൽ പഞ്ചായത്ത് അംഗം വോട്ടു ചെയ്തതുമൂലം കോൺഗ്രസ് പാർട്ടിക്കാരിയായ പഞ്ചായത്ത് പ്രസിഡന്റിന് എതിരെയുള്ള അവിശ്വാസപ്രമേയം പാസ്സാകുകയും അവർക്ക് സ്ഥാനം നഷ്ടപ്പെടുകയും ചെയ്തു. തുടർന്ന് 22.10.2018 ൽ നടന്ന അമരമ്പലം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ കോൺഗ്രസ് പാർട്ടി നൽകിയ വിപ്പ് ലംഘിച്ച് പഞ്ചായത്ത് അംഗം വോട്ടെടുപ്പിൽ നിന്നും വിട്ടുനിൽക്കുകയും തന്മൂലം എൽ.ഡി.എഫ്. നിർദ്ദേശിച്ചയാൾ പ്രസിഡന്റ് ആയി തിരഞ്ഞെടുക്കപ്പെടുകയുമുണ്ടായി.

പഞ്ചായത്ത് അംഗത്തിന്റെ ഈ രണ്ടു നടപടികളും കുറ്റമായി കണ്ടാണ് കമ്മീഷന്റെ ഈ ഉത്തരവ്. ഇന്ത്യൻ നാഷണൽ കോൺഗ്രസ് പാർട്ടിയുടെ തന്നെ പഞ്ചായത്ത് അംഗം കെ. സുരേഷ്കുമാർ ആയിരുന്നു ഹർജിക്കാരൻ.

*(എസ്.ഇ.സി.18/2020)*

**തദ്ദേശ തിരഞ്ഞെടുപ്പ് – വോട്ടർപട്ടിക 17 ന് പ്രസിദ്ധീകരിക്കും**

സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള പൊതു തിരഞ്ഞെടുപ്പിനുള്ള വോട്ടർപട്ടിക ജൂൺ 17 ന് പ്രസിദ്ധീകരിക്കുമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി. ഭാസ്കരൻ അറിയിച്ചു.

കണ്ണൂർ ജില്ലയിലെ മട്ടന്നൂർ നഗരസഭ ഒഴികെയുള്ള എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കും ഈ വർഷം പൊതു തിരഞ്ഞെടുപ്പ് നടത്തുന്ന ആവശ്യത്തിലേയ്ക്കാണ് വോട്ടർപട്ടിക പ്രസിദ്ധീകരിക്കുന്നത്. 941 ഗ്രാമപഞ്ചായത്തുകൾ 152 ബ്ലോക്ക് പഞ്ചായത്തുകൾ, 14 ജില്ലാ പഞ്ചായത്തുകൾ, 86 മുനിസിപ്പാലിറ്റികൾ, 06 മുനിസിപ്പൽ കോർപ്പറേഷനുകൾ എന്നീ സ്ഥാപനങ്ങളിലേയ്ക്ക് ഈ വർഷം പൊതു തിരഞ്ഞെടുപ്പ് നടത്തുന്നത്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിലവിലുണ്ടായിരുന്ന വോട്ടർപട്ടിക ജനുവരി 20 ന് കരടായി പ്രസിദ്ധീകരിച്ചിരുന്നു. വോട്ടർപട്ടികയിൽ പുതിയതായി പേര് ഉൾപ്പെടുത്തുന്നതിനുള്ള അപേക്ഷകളും കരട് പട്ടിക സംബന്ധിച്ച ആക്ഷേപങ്ങളും മാർച്ച് 16 വരെ അതാത് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ സ്വീകരിച്ചിരുന്നു. അവ സംബന്ധിച്ച തുടർനടപടികൾ സ്വീകരിച്ച് അന്തിമ വോട്ടർപട്ടിക കാസർഗോഡ് ഒഴികെയുള്ള ജില്ലകളിൽ മാർച്ച് 27 നും കാസർഗോഡ് ജില്ലയിൽ ഏപ്രിൽ 06 നും പ്രസിദ്ധീകരിക്കാനാണ് കമ്മീഷൻ നിശ്ചയിച്ചിരുന്നത്. രാജ്യത്ത് കോവിഡ് 19 വൈറസ് വ്യാപനം തടയുന്നതിന് സർക്കാർ തുടർച്ചയായി ലോക്ഡൗൺ പ്രഖ്യാപിച്ച സാഹചര്യത്തിൽ വോട്ടർപട്ടികയുടെ പ്രസിദ്ധീകരണം നീട്ടി വച്ചിരുന്നു.

പൊതു തിരഞ്ഞെടുപ്പിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ കമ്മീഷൻ ഇതിനകം തന്നെ ആരംഭിച്ചിരിക്കുകയാണ്. ജൂൺ 17 ന് പ്രസിദ്ധീകരിക്കുന്ന അന്തിമ വോട്ടർപട്ടികയിലെ വോട്ടർമാരുടെ എണ്ണത്തിന് ആനുപാതികമായി നിലവിലുള്ള തദ്ദേശ സ്ഥാപനങ്ങളുടെ പോളിംഗ് സ്റ്റേഷനുകളിൽ ആവശ്യമായ പുന:ക്രമീകരണം വരുത്തേണ്ടതുണ്ട്.

കരട് പട്ടിക സംബന്ധിച്ച് ലഭിച്ച അപേക്ഷകളിൽ ഇനിയും തീർപ്പാക്കാനുള്ളവ ജൂൺ 15 നകം കോവിഡ് പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് തുടർനടപടി സ്വീകരിക്കുന്നതിന് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അത്തരം അപേക്ഷകൾ സംബന്ധിച്ച് ഫോട്ടോ ഉൾപ്പെടെയുള്ള എന്തെങ്കിലും രേഖകൾ ഹാജരാക്കാനുണ്ടെങ്കിൽ അവ ജൂൺ 09 മുതൽ 11 വരെ വോട്ടർമാർക്ക് നേരിട്ടോ മറ്റോ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്ക് സമർപ്പിക്കുന്നതിന് അവസരമുണ്ട്.

പൊതു തിരഞ്ഞെടുപ്പിന് മുമ്പായി വോട്ടർപട്ടികയിൽ പേര് ചേർക്കുന്നതിന് രണ്ട് അവസരങ്ങൾ കൂടി നൽകും. ഇപ്പോൾ പ്രസിദ്ധീകരിക്കുന്ന വോട്ടർപട്ടിക കരടായി വീണ്ടും പ്രസിദ്ധീകരിച്ചാണ് പേര് ചേർക്കുന്നതിനും

Email:
**contact.seckerala@gmail.com**
**cru.sec@kerala.gov.in**

# പത്രക്കുറിപ്പ്

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**

TELEPHONE: 0471-2321233
MOBILE :8281000127

**www.sec.kerala.gov.in**

**28th March 2020**

ഭേദഗതികൾ വരുത്തുന്നതിനും അവസരങ്ങൾ നൽകുന്നത്. തദ്ദേശ തിരഞ്ഞെടുപ്പിൽ വോട്ടു ചെയ്യുന്നതിന് അർഹതപ്പെട്ട മുഴുവൻ പേർക്കും വോട്ടർപട്ടികയിൽ പേര് ഉൾപ്പെടുത്തുന്നതിന് അവസരം ലഭിക്കും.

*(എസ്.ഇ.സി.17/2020)*

## തദ്ദേശ തിരഞ്ഞെടുപ്പ് വോട്ടർ പട്ടിക ലോക്ക്ഡൗണിനുശേഷം പ്രസിദ്ധീകരിക്കും

തദ്ദേശ സ്ഥാപനങ്ങളിലെ പൊതുതിരഞ്ഞെടുപ്പിനുള്ള വോട്ടർ പട്ടിക സംസ്ഥാനത്ത് ഏർപ്പെടുത്തിയിട്ടുള്ള ലോക്ക്ഡൗൺ അവസാനിക്കുന്നമുറയ്ക്ക് പ്രസിദ്ധീകരിക്കുമെന്ന് സംസ്ഥാനതിരഞ്ഞെടുപ്പ് കമ്മീഷണർ വി.ഭാസ്കരൻ അറിയിച്ചു.

മട്ടന്നൂർ നഗരസഭ ഒഴികെയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കാലാവധി അവസാനിക്കുന്ന നവംബർ 11 ന് മുമ്പ് പൊതുതിരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള നടപടികളാണ് കമ്മീഷൻ സ്വീകരിച്ചുവരുന്നത്. ഇതിന്റെ ഭാഗമായുള്ള വോട്ടർ പട്ടിക തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ ഏറെക്കുറെ പൂർത്തിയാക്കിയിട്ടുണ്ട്. മാർച്ച് 27 ന് അന്തിമ പട്ടിക പ്രസിദ്ധീകരിക്കുവാനാണ് കമ്മീഷൻ നിശ്ചയിച്ചിരുന്നത്. എന്നാൽ സംസ്ഥാനത്ത് കോവിഡ്-19 വ്യാപനം തടയുന്നതിന് ലോക്ക്ഡൗൺ പ്രഖ്യാപിച്ച സാഹചര്യത്തിൽ പട്ടിക പ്രസിദ്ധീകരിക്കുന്നതു സംബന്ധിച്ച തുടർ നടപടികൾ നിർത്തിവെയ്ക്കാൻ കമ്മീഷണർ ഇലക്ട്രറൽ രജിസ്ട്രേഷൻ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിരുന്നു.

കേന്ദ്രസർക്കാർ ഏപ്രിൽ 14 വരെയാണ് നിലവിൽ ലോക്ക്ഡൗൺ പ്രഖ്യാപിച്ചിട്ടുള്ളത്. ഇത് അവസാനിക്കുന്നമുറയ്ക്ക് സ്ഥിതി വിലയിരുത്തി പട്ടിക പ്രസിദ്ധീകരണത്തിനുള്ള തുടർപ്രവർത്തനങ്ങൾ ആരംഭിക്കും..

വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചതിനുശേഷവും പേര് ചേർക്കുന്നതിനും ആക്ഷേപങ്ങൾ സമർപ്പിക്കുന്നതിനും രണ്ട് അവസരങ്ങൾ കൂടി നൽകുന്നതാണ്. വാർഡ് വിഭജനത്തിന് ശേഷവും തിരഞ്ഞെടുപ്പിന് തൊട്ടുമുമ്പുമാണ് ഈ അവസരങ്ങൾ നൽകുക. അപ്പോൾ ലഭിക്കുന്ന അപേക്ഷകൾ കൂടി പരിഗണിച്ചതിനുശേഷമായിരിക്കും തിരഞ്ഞെടുപ്പിനുള്ള വോട്ടർ പട്ടിക തയ്യാറാക്കുക.

*(എസ്.ഇ.സി.16/2020)*

Email:
**contact.seckerala@gmail.com**
**cru.sec@kerala.gov.in**

# പത്രക്കുറിപ്പ്

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**

TELEPHONE: 0471-2321233
MOBILE :8281000127

**www.sec.kerala.gov.in**

**24th March 2020**

## തദ്ദേശ വോട്ടർപട്ടിക പ്രസിദ്ധീകരണം 31 ന് ശേഷം. തുടർനടപടികൾ നിർത്തിവെച്ചു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വോട്ടർ പട്ടികയുടെ പ്രസിദ്ധീകരണവുമായി ബന്ധപ്പെട്ട തുടർപ്രവർത്തനങ്ങൾ മാർച്ച് 31വരെ താൽക്കാലികമായി നിർത്തിവയ്ക്കാൻ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയതായി സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണർ വി ഭാസ്കരൻ അറിയിച്ചു.

സംസ്ഥാനത്ത് കോവിഡ് 19 വൈറസ് വ്യാപനം തടയുന്നതിന് സർക്കാർ എല്ലാ ജില്ലകളിലും മാർച്ച് 31 വരെ ലോക്ക് ഡൗൺ പ്രഖ്യാപിച്ചിട്ടുള്ള സാഹചര്യത്തിലാണ് തദ്ദേശസ്ഥാപനങ്ങളുടെ വോട്ടർപട്ടിക പ്രസിദ്ധീകരണം മാർച്ച് 31ന് ശേഷം നടത്താൻ തീരുമാനിച്ചിട്ടുള്ളത് .

കാസർഗോഡ് ഒഴികെയുള്ള ജില്ലകളിൽ അന്തിമ വോട്ടർപട്ടിക മാർച്ച് 27 നും കാസർഗോഡ് ഏപ്രിൽ ആറിന് പ്രസിദ്ധീകാനാണ് നിലവിൽ തീരുമാനിച്ചിരുന്നത്.

വോട്ടർപട്ടിക സംബന്ധിച്ച് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാരുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച് 31ന് ശേഷം സ്ഥിതി വിലയിരുത്തി അറിയിക്കുന്നതാണ് .

*(എസ്.ഇ.സി.15/2020)*

Email:
**contact.seckerala@gmail.com**
**cru.sec@kerala.gov.in**

# പത്രക്കുറിപ്പ്

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**

TELEPHONE: 0471-2321233
MOBILE :8281000127

**www.sec.kerala.gov.in**

**21st March 2020**

## തദ്ദേശ വോട്ടർപട്ടിക 27ന്.

## പേര് ചേർക്കുന്നതിന് രണ്ട് അവസരങ്ങൾ കൂടി

കാസർഗോഡ് ഒഴികെയുള്ള മറ്റ് ജില്ലകളിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വോട്ടർ പട്ടിക ഈ മാസം 27ന് പ്രസിദ്ധീകരിക്കുമെന്നും പൊതു തെരഞ്ഞെടുപ്പിന് മുമ്പായി പേര് ചേർക്കുന്നതിന് രണ്ട് അവസരങ്ങൾ കൂടി നൽകുമെന്നും സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണർ വി.ഭാസ്കരൻ അറിയിച്ചു.

മട്ടന്നൂർ നഗരസഭ ഒഴികെയുള്ള സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയും നിലവിലെ വോട്ടർ പട്ടിക ജനുവരി 20-ന് കരടായി പ്രസിദ്ധീകരിച്ചിരുന്നു. പേര് ചേർക്കുന്നതിനും മറ്റുമുള്ള അപേക്ഷകൾ മാർച്ച് 16 വരെ സ്വീകരിച്ചിരുന്നു. അവ സംബന്ധിച്ച തുടർ നടപടികൾ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസിർമാർ 25-ന് പൂർത്തീകരിക്കും. അന്തിമ വോട്ടർപട്ടിക ഈ മാസം 27-ന് പ്രസിദ്ധീകരിക്കും. കോവിഡ്-19 വൈറസ് ബാധയുമായി ബന്ധപ്പെട്ട സർക്കാരിന്റെ ജാഗ്രത നിർദ്ദേശത്തിന്റെ പശ്ചാത്തലത്തിൽ കാസർഗോഡ് ജില്ലയിൽ തുടർ നടപടികൾ ഏപ്രിൽ 3-ന് പൂർത്തിയാക്കി 6-ന് പട്ടിക പ്രസിദ്ധീകരിക്കും.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡ് പുനർവിഭജന നടപടികൾ ആരംഭിച്ചിട്ടുണ്ട്. അവ പൂർത്തിയായാൽ ഉടൻ തന്നെ പുതിയ വാർഡുകളെ അടിസ്ഥാനമാക്കി ഇപ്പോൾ പ്രസിദ്ധീകരിക്കുന്ന വോട്ടർ പട്ടിക കരടായി വീണ്ടും പ്രസിദ്ധീകരിക്കും. വോട്ടർ പട്ടികയിൽ പേര് ഉൾപ്പെട്ടിട്ടില്ലാത്തവർക്ക് പേര് ചേർക്കുന്നതിന് അപ്പോഴും അപേക്ഷ സമർപ്പിക്കാവുന്നതാണ്. കരട്പട്ടികയിലെ മറ്റ് ആക്ഷേപങ്ങൾ പരിഹരിക്കുന്നതിനും അവസരം ഉണ്ടാകും.

2020-ലെ പൊതു തെരഞ്ഞെടുപ്പിന്റെ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് മുമ്പ് പേര് ചേർക്കുന്നതിനും മറ്റും ഒരിക്കൽകൂടി അവസരം നൽകുന്നതാണ്. ആ വേളയിലും ലഭിക്കുന്ന അപേക്ഷകളും ആക്ഷേപങ്ങളും പരിശോധിച്ചുകൊണ്ടായിരിക്കും കമ്മീഷൻ അന്തിമ വോട്ടർപട്ടിക പ്രസിദ്ധീകരിക്കുക. അത്തരത്തിൽ തയ്യാറാക്കുന്ന വോട്ടർപട്ടികയാണ് തദ്ദേശ പൊതു തെരഞ്ഞെടുപ്പിൽ ഉപയോഗിക്കുന്നത്.

*(എസ്.ഇ.സി.14/2020)*

| Email:<br>**contact.seckerala@gmail.com**<br>**cru.sec@kerala.gov.in** | **പത്രക്കുറിപ്പ്** | TELEPHONE: 0471-2321233<br>MOBILE :8281000127<br>**www.sec.kerala.gov.in** |
|---|---|---|
| | **കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ** | **13th March 2020** |

## തദ്ദേശ വോട്ടർപട്ടിക പുതുക്കൽ

## അർഹരായ അപേക്ഷകർ നേരിട്ട് ഹാജരാകേണ്ടതില്ല

കോവിഡ്-19 വ്യാപനം തടയുന്നതിനുള്ള ജാഗ്രതാ നിർദ്ദേശത്തിന്റെ പശ്ചാത്തലത്തിൽ തദ്ദേശ സ്ഥാപനങ്ങളിലെ തിരഞ്ഞെടുപ്പിനുള്ള വോട്ടർപട്ടികയിൽ പേരു ചേർക്കുവാൻ അപേക്ഷിച്ച അർഹതയുള്ളവരെ നേരിട്ട് ഹാജരാകുന്നതിൽ നിന്ന് ഒഴിവാക്കി പട്ടികയിൽ ഉൾപ്പെടുത്തണമെന്ന് സംസ്ഥാന തിരഞ്ഞടുപ്പ് കമ്മീഷണർ വി. ഭാസ്കരൻ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്ക് നിർദ്ദേശം നൽകി.

ഓൺലൈൻ അപേക്ഷ സമർപ്പിക്കുകയും ഫോട്ടോ അപ്‌ലോഡ് ചെയ്യുകയോ, ഫോട്ടോ ലഭ്യമാക്കുകയോ ചെയ്തിട്ടുള്ളവരുടെ കാര്യത്തിൽ തടസ്സവാദമൊന്നും ഇല്ലെങ്കിൽ പേര് ഉൾപ്പെടുത്തുമെന്നും എന്തെങ്കിലും കാരണത്താൽ ഇപ്പോൾ പേര് ചേർക്കുവാൻ കഴിയാത്തവർക്ക് തദ്ദേശ തിരഞ്ഞെടുപ്പിന് മുമ്പ് വീണ്ടും അവസരം നൽകുമെന്നും കമ്മീഷണർ അറിയിച്ചു.

*(എസ്.ഇ.സി.13/2020)*

Email:
**contact.seckerala@gmail.com**
**cru.sec@kerala.gov.in**

# പത്രക്കുറിപ്പ്

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**

TELEPHONE: 0471-2321233
MOBILE :8281000127

**www.sec.kerala.gov.in**

**11th March 2020**

## തദ്ദേശ വോട്ടർപട്ടിക- നേർവിചാരണയ്ക്ക് ഹാജരാകാൻ അസൗകര്യമുള്ളവർക്ക് ബന്ധുക്കളെ ചുമതലപ്പെടുത്താം

സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള 2020 ലെ പൊതുതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് വോട്ടർപട്ടികയിൽ പേരുചേർക്കുന്നതിനോ സ്ഥാനമാറ്റത്തിനോ തിരുത്തലിനോ അപേക്ഷ നൽകിയിട്ടുള്ള ആളുകൾക്ക് വിദ്യാഭ്യാസ സംബന്ധമായോ ജോലി സംബന്ധമായോ ഒഴിവാക്കുവാൻ പറ്റാത്ത മറ്റു കാരണത്താലോ ഇലക്ടൽ രജിസ്ട്രേഷൻ ഓഫീസർ മുമ്പാകെ നേർ വിചാരണക്കായി ഹാജരാകുവാൻ കഴിയാത്ത സാഹചര്യമുണ്ടെങ്കിൽ നേർവിചാരണക്ക് അപേക്ഷകനെ സംബന്ധിച്ച രേഖകൾ സഹിതം ഹാജരാകുന്നതിന് അടുത്ത ബന്ധുക്കളെ അധികാരപ്പെടുത്താവുന്നതാണെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി.ഭാസ്കരൻ അറിയിച്ചു.

തന്റെ അപേക്ഷ പരിഗണിച്ച് തന്നെ വോട്ടർപട്ടികയിൽ ഉൾപ്പെടുത്തണമെന്ന് അപേക്ഷിക്കുന്ന ഫോട്ടോ പതിച്ച ഒരു ഡിക്ലറേഷൻ കൂടി അപേക്ഷകൻ ഒപ്പിട്ട് അധികാരപ്പെടുത്തിയ ആൾ വശം കൊടുത്തയക്കേണ്ടതാണ്. ഡിക്ലറേഷന്റെ മാതൃക www.lsgelection.kerala.gov.in എന്ന വെബ് സൈറ്റിൽ ലഭ്യമാണ്.

ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ ഇപ്രകാരമുള്ള ഡിക്ലറേഷൻ പരിഗണിച്ച് അപേക്ഷകരെ വോട്ടർപട്ടികയിൽ ഉൾപ്പെടുത്തേണ്ടതും ഡിക്ലറേഷൻ അപേക്ഷയോടൊപ്പം സൂക്ഷിക്കേണ്ടതുമാണ്.

അപേക്ഷയോടൊപ്പം ഫോട്ടോ അപ് ലോഡ് ചെയ്തിട്ടുള്ളവരുടെ കാര്യത്തിൽ കൂടുതൽ അന്വേഷണം ഇല്ലാതെ തന്നെ അവരെ ഉൾപ്പെടുത്തുന്നതിന് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർക്ക് നടപടി സ്വീകരിക്കാവുന്നതാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

Email:
contact.seckerala@gmail.com
cru.sec@kerala.gov.in

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

7th March 2020

(എസ്.ഇ.സി.12/2020)

## തദ്ദേശ തിരഞ്ഞെടുപ്പ് വോട്ടർപട്ടിക പുതുക്കൽ പുനരാരംഭിച്ചു

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തിരഞ്ഞെടുപ്പിന് മുന്നോടിയായി വോട്ടർപട്ടിക പുതുക്കുന്ന നടപടി പുനരാരംഭിച്ചതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി. ഭാസ്കരൻ അറിയിച്ചു.

മാർച്ച് 8 മുതൽ പൊതുജനങ്ങൾക്ക് കമ്മീഷന്റെ www.lsgelection.kerala.gov.in വെബ്സൈറ്റിലൂടെ അപേക്ഷ സമർപ്പിക്കാവുന്നതാണ്. മാർച്ച് 16 വൈകുന്നേരം 5.00 മണിവരെ അപേക്ഷ സ്വീകരിക്കുന്നതാണ്. അപേക്ഷകളുടേയും ആക്ഷേപങ്ങളുടേയും ഹിയറിങ് മാർച്ച് 23-ാം തീയതി പൂർത്തിയാകും. മുമ്പ് അപേക്ഷ സമർപ്പിച്ചിട്ട് ഹിയറിങിന് പങ്കെടുക്കാത്തവർ ഈ കാലയളവിൽ ഹിയറിങിന് ഹാജരാകേണ്ടതാണ്. തീയതി സംബന്ധിച്ച അറിയിപ്പ് മേൽപറഞ്ഞ വെബ്സൈറ്റിൽ നൽകിയിട്ടുണ്ട്. മാർച്ച് 25 ന് അന്തിമ വോട്ടർപട്ടിക പ്രസിദ്ധീകരിക്കുമെന്ന് കമ്മീഷണർ അറിയിച്ചു.

(എസ്.ഇ.സി.11/2020)

Email:
**contact.seckerala@gmail.com**
**cru.sec@kerala.gov.in**

# പത്രക്കുറിപ്പ്

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**

TELEPHONE: 0471-2321233
MOBILE :8281000127

**www.sec.kerala.gov.in**

**28th February 2020**

## പഞ്ചായത്ത് അംഗത്തെ അയോഗ്യനാക്കി

കൂറുമാറ്റ നിരോധന നിയമ പ്രകാരം എറണാകുളം ജില്ലയിലെ കല്ലൂർക്കാട് ഗ്രാമപഞ്ചായത്ത് അംഗം സുജിത് ബേബിയെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി . ഭാസ്കരൻ അയോഗ്യനാക്കി.

നിലവിൽ ഗ്രാമപഞ്ചായത്ത് അംഗമായി തുടരുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് മത്സരിക്കുന്നതിനും 2020 ഫെബ്രുവരി 26 മുതൽ ആറ് വർഷത്തേയ്ക്കാണ് വിലക്ക് ഏർപ്പെടുത്തിയിട്ടുള്ളത്.

കല്ലൂർക്കാട് ഗ്രാമപഞ്ചായത്തിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട ഇന്ത്യൻ നാഷണൽ കോൺഗ്രസ് പാർട്ടിയിലെ ഏക പഞ്ചായത്ത് അംഗമാണ് സുജിത് ബേബി. കല്ലൂർക്കാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ആശ ജിഫിക്ക് എതിരെ 11.12.2018-ൽ നടന്ന അവിശ്വാസപ്രമേയ യോഗത്തിൽ നിന്നും വിട്ടു നിൽക്കാനാണ് ജില്ലാ കോൺഗ്രസ് പ്രസിഡന്റ് ഇദ്ദേഹത്തിന് വിപ്പ് നൽകിയിരുന്നത്. എന്നാൽ ഇദ്ദേഹം പ്രസ്തുത നിർദ്ദേശം ലംഘിക്കുകയും അവിശ്വാസപ്രമേയ യോഗത്തിൽ പങ്കെടുക്കുകയും അവിശ്വാസപ്രമേയത്തിനു അനുകൂലമായി എൽ.ഡി.എഫ്. അംഗങ്ങൾക്കൊപ്പം വോട്ട് ചെയ്യുകയും ഉണ്ടായി. ഇതിനെതിരെ ഇന്ത്യൻ നാഷണൽ കോൺഗ്രസ് പാർട്ടിയുടെ എറണാകുളം ഡി.സി.സി. പ്രസിഡന്റ് ടി.ജെ.വിനോദ് സമർപ്പിച്ച ഹർജി പരിഗണിച്ചാണ് കമ്മീഷന്റെ ഈ നടപടി.

*(എസ്.ഇ.സി.10/2020)*

Email:
**contact.seckerala@gmail.com**
**cru.sec@kerala.gov.in**

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

**www.sec.kerala.gov.in**

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**

**13th February 2020**

## വോട്ടർപട്ടിക പുതുക്കൽ നിർത്തിവച്ചു.

സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വോട്ടർപട്ടിക പുതുക്കുന്നത് സംബന്ധിച്ച ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ പുതുക്കൽ നടപടികൾ ഇനിയൊരു അറിയിപ്പ് ഉണ്ടാകുന്നതുവരെ നിർത്തിവച്ചിരിക്കുന്നതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി . ഭാസ്കരൻ അറിയിച്ചു.

*(എസ്.ഇ.സി.09/2020)*

## പഞ്ചായത്ത് അംഗത്തെ അയോഗ്യനാക്കി

കൂറുമാറ്റ നിരോധന നിയമ പ്രകാരം മലപ്പുറം ജില്ലയിലെ പോത്തുകൽ ഗ്രാമപഞ്ചായത്ത് അംഗം സി. കരുണാകരൻ പിള്ളയെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി . ഭാസ്കരൻ അയോഗ്യനാക്കി.

നിലവിൽ ഗ്രാമപഞ്ചായത്ത് അംഗമായി തുടരുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് മത്സരിക്കുന്നതിനും 2020 ഫെബ്രുവരി 11 മുതൽ ആറ് വർഷത്തേയ്ക്കാണ് വിലക്ക് ഏർപ്പെടുത്തിയിട്ടുള്ളത്.

2015 നവംബറിൽ നടന്ന തദ്ദേശ സ്വയംഭരണ തിരഞ്ഞെടുപ്പിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ് അംഗമായാണ് ഇദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടത്. പോത്തുകൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വത്സല അരവിന്ദന് എതിരെ 13.09.2018 ൽ നടന്ന അവിശ്വാസപ്രമേയ വോട്ടെടുപ്പിൽ അവിശ്വാസപ്രമേയത്തിന് അനുകൂലമായി വോട്ട് ചെയ്യാനാണ് ജില്ലാ കോൺഗ്രസ് പ്രസിഡന്റ് ഇദ്ദേഹത്തിന് വിപ്പ് നൽകിയിരുന്നത്. എന്നാൽ ഇദ്ദേഹം പ്രസ്തുത നിർദ്ദേശം ലംഘിക്കുകയും അവിശ്വാസപ്രമേയ വോട്ടെടുപ്പിൽ നിന്നും വിട്ടുനിൽക്കുകയുമുണ്ടായി. തുടർന്ന് 18.09.2018 ൽ നടന്ന പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ യു.ഡി.എഫ് സ്ഥാനാർത്ഥിയായ യു.ഡി.എഫ് പിന്തുണയുള്ള സ്വതന്ത്ര അംഗം സുലൈമാൻ ഹാജിക്ക് വോട്ട് ചെയ്യാനാണ് ജില്ലാ കോൺഗ്രസ് പ്രസിഡന്റ് ഇദ്ദേഹത്തിന് വിപ്പ് നൽകിയത്.

ഇദ്ദേഹം പ്രസ്തുത നിർദ്ദേശം ലംഘിക്കുകയും പ്രസിഡന്റ് സ്ഥാനത്തേയ്ക്ക് എൽ.ഡി.എഫ്. പിന്തുണയോടെ മത്സരിക്കുകയുമുണ്ടായി. സി. കരുണാകരൻ പിള്ളയുടെ ഈ രണ്ടു നടപടികൾക്കും എതിരെ കോൺഗ്രസ് പാർട്ടിയുടെ പോത്തുകൽ മണ്ഡലം കമ്മിറ്റി പ്രസിഡന്റ് സി.ആർ. പ്രകാശൻ സമർപ്പിച്ച രണ്ടു ഹർജികൾ പരിഗണിച്ചാണ് കമ്മീഷന്റെ ഈ നടപടി.

*(എസ്.ഇ.സി.08/2020)*

Email:
**contact.seckerala@gmail.com**
**cru.sec@kerala.gov.in**

# പത്രക്കുറിപ്പ്

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**

TELEPHONE: 0471-2321233
MOBILE :8281000127

**www.sec.kerala.gov.in**

**6th February 2020**

## തദ്ദേശ സ്ഥാപനങ്ങളിലേയ്ക്കുള്ള വോട്ടർപട്ടിക – പേര് ചേർക്കുന്നതിന് സ്വീകരിക്കാവുന്ന രേഖകൾ

സംസ്ഥാനത്ത് നടന്നു വരുന്ന തദ്ദേശ സ്ഥാപനങ്ങളിലേയ്ക്കുള്ള വോട്ടർ പട്ടികയുടെ പുതുക്കലുമായി ബന്ധപ്പെട്ട് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്ക് കൂടുതൽ നിർദ്ദേശങ്ങൾ നൽകിയതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി. ഭാസ്കരൻ അറിയിച്ചു. ഇതനുസരിച്ച് പഞ്ചായത്ത് മുനിസിപ്പാലിറ്റി വോട്ടർ പട്ടികയിൽ പേര് ചേർക്കുന്നതിനുള്ള അപേക്ഷയിലെ പേര്, വയസ്സ്, താമസം എന്നിവ സംബന്ധിച്ച് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്ക് സംശയം ഉണ്ടാകുന്ന പക്ഷം മാത്രം കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയ തിരിച്ചറിയൽ കാർഡ്, പാസ്പോർട്ട്, ഡ്രൈവിംഗ് ലൈസൻസ്, പാൻ കാർഡ്, ഫോട്ടോ പതിച്ച എസ്.എസ്.എൽ.സി. ബുക്ക്, ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും 2020 ജനുവരി 1 നു മുമ്പ് നൽകിയിട്ടുള്ള ഫോട്ടോ പതിച്ച പാസ്ബുക്ക്, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയിട്ടുള്ള തിരിച്ചറിയൽ രേഖ, ആധാർ കാർഡ്, റേഷൻ കാർഡ്, റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് എന്നിവയിൽ ഉചിതമായത് ആധികാരിക രേഖയായി സ്വീകരിച്ച് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്ക് അപേക്ഷ തീർപ്പാക്കാൻ കഴിയും.

കൂടാതെ, പേര് ചേർക്കുന്നതിനും മറ്റും നേർവിചാരണയ്ക്ക് യഥാസമയം ഹാജരാകാൻ കഴിയാത്ത അപേക്ഷകർക്ക് ഇതിലേയ്ക്ക് സൗകര്യപ്രദമായ മറ്റൊരു ദിവസം ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ മുമ്പാകെ ഹാജരായി വിവരങ്ങൾ നൽകാൻ അനുവദിക്കണമെന്നും ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാരോട് കമ്മീഷൻ നിർദ്ദേശിച്ചു.

| | | |
|---|---|---|
| Email: **contact.seckerala@gmail.com** **cru.sec@kerala.gov.in** | **പത്രക്കുറിപ്പ്** | TELEPHONE: 0471-2321233 MOBILE :8281000127 **www.sec.kerala.gov.in** |
| | **കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ** | **6th February 2020** |

*(എസ്.ഇ.സി.07/2020)*

**പഞ്ചായത്ത് അംഗത്തെ അയോഗ്യനാക്കി**

കൂറുമാറ്റ നിരോധന നിയമ പ്രകാരം കോട്ടയം ജില്ലയിലെ കടനാട് ഗ്രാമപഞ്ചായത്ത് അംഗം റെജിമോൻ കരിമ്പാനിയിലിനെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി . ഭാസ്കരൻ അയോഗ്യനാക്കി.

നിലവിൽ ഗ്രാമപഞ്ചായത്ത് അംഗമായി തുടരുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് മത്സരിക്കുന്നതിനും 2020 ഫെബ്രുവരി 4 മുതൽ ആറ് വർഷത്തേയ്ക്കാണ് വിലക്ക് ഏർപ്പെടുത്തിയിട്ടുള്ളത്.

2015 നവംബറിൽ നടന്ന തദ്ദേശ സ്വയംഭരണ തിരഞ്ഞെടുപ്പിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ് അംഗമായാണ് ഇദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടത്. 07.11..2018 ൽ നടന്ന ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ കോൺഗ്രസ് സ്ഥാനാർത്ഥിയായ ബേബി സെബാസ്റ്റ്യന് വോട്ടു ചെയ്യുവാനാണ് ജില്ലാ കോൺഗ്രസ് പ്രസിഡന്റ് ഇദ്ദേഹത്തിന് വിപ്പ് നൽകിയിരുന്നത്. എന്നാൽ ഇദ്ദേഹം പ്രസ്തുത നിർദ്ദേശം ലംഘിക്കുകയും പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ എൽ.ഡി.എഫ്. സ്ഥാനാർത്ഥിയായ ജയ്സൺ ജോർജ്ജിന് വോട്ട് ചെയ്യുകയും ചെയ്തു. യു.ഡി.എഫിനും എൽ.ഡി.എഫിനും തുല്യ അംഗങ്ങൾ വീതമുള്ള കടനാട് ഗ്രാമപഞ്ചായത്തിൽ ഇദ്ദേഹത്തിന്റെ വോട്ടിന്റെ ഭൂരിപക്ഷത്തിൽ എൽ.ഡി.എഫ്. സ്ഥാനാർത്ഥി പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടിരുന്നു. കോൺഗ്രസ് പാർട്ടിയിലെ തന്നെ ഗ്രാമപഞ്ചായത്ത് അംഗം ജോസഫ് ബെനഡിക്ട് സമർപ്പിച്ച ഹർജി പരിഗണിച്ചാണ് കമ്മീഷന്റെ ഈ നടപടി.

*(എസ്.ഇ.സി.06/2020)*

**പഞ്ചായത്ത് അംഗത്തെ അയോഗ്യനാക്കി**

കൂറുമാറ്റ നിരോധന നിയമ പ്രകാരം തിരുവനന്തപുരം ജില്ലയിലെ കടയ്ക്കാവൂർ ഗ്രാമപഞ്ചായത്ത് അംഗം എസ്. കൃഷ്ണകുമാറിനെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ
വി . ഭാസ്കരൻ അയോഗ്യനാക്കി.

നിലവിൽ ഗ്രാമപഞ്ചായത്ത് അംഗമായി തുടരുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് മത്സരിക്കുന്നതിനും 2020 ഫെബ്രുവരി 4 മുതൽ ആറ് വർഷത്തേയ്ക്കാണ് വിലക്ക് ഏർപ്പെടുത്തിയിട്ടുള്ളത്.

2015 നവംബറിൽ നടന്ന തദ്ദേശ സ്വയംഭരണ തിരഞ്ഞെടുപ്പിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ് അംഗമായാണ് ഇദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടത്. 13.07.2018 ൽ നടന്ന വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

ചെയർമാനെതിരെയുള്ള അവിശ്വാസപ്രമേയ യോഗത്തിൽ പങ്കെടുക്കാനും പ്രമേയത്തെ അനുകൂലിച്ച് വോട്ട് ചെയ്യാനുമാണ് ജില്ലാ കോൺഗ്രസ് പ്രസിഡന്റ് ഇദ്ദേഹത്തിന് വിപ്പ് നൽകിയിരുന്നത്. എന്നാൽ ഇദ്ദേഹം പ്രസ്തുത നിർദ്ദേശം ലംഘിക്കുകയും അവിശ്വാസപ്രമേയ യോഗത്തിൽ നിന്നും വിട്ടു നിൽക്കുകയും ചെയ്തു. ഇതിനെതിരെ കടയ്ക്കാവൂർ ഗ്രാമ പഞ്ചായത്ത് അംഗം എ. മധുസൂദനൻ നായർ സമർപ്പിച്ച ഹർജി പരിഗണിച്ചാണ് കമ്മീഷന്റെ നടപടി.

*(എസ്.ഇ.സി.05/2020)*

## തദ്ദേശ വോട്ടർപട്ടിക : പ്രവാസികൾക്ക് പേരു ചേർക്കാൻ അവസരം

സംസ്ഥാനത്തെ പഞ്ചായത്ത്, മുനിസിപ്പാലിറ്റികളിൽ ഈ വർഷം നടത്തുന്ന പൊതു തിരഞ്ഞെടുപ്പിന്റെ വോട്ടർപട്ടികയിൽ പ്രവാസി ഭാരതീയർക്ക് പേരു ചേർക്കാൻ അവസരം നൽകിട്ടുള്ളതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി.ഭാസ്കരൻ അറിയിച്ചു.

സംസ്ഥാനത്തെ പ്രവാസി ഭാരതീയർ അവരുടെ പാസ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുള്ള മേൽവിലാസം ഉൾക്കൊള്ളുന്ന ഗ്രാമ പഞ്ചായത്ത് മുനിസിപ്പാലിറ്റി മുനിസിപ്പൽ കോർപ്പറേഷൻ വാർഡിലെ വോട്ടർപട്ടികയിൽ പേര് രജിസ്റ്റർ ചെയ്യുന്നതിന് ജനുവരി 18-ന് കമ്മീഷൻ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

കമ്മീഷൻ യോഗ്യതാ തീയതിയായി നിശ്ചയിച്ച ജനുവരി ഒന്നിനോ അതിനു മുമ്പോ 18 വയസ്സു പൂർത്തിയായതും വിദേശ രാജ്യത്ത് താമസിക്കുന്നതും ആ രാജ്യത്തിന്റെ പൗരത്വം സ്വീകരിച്ചിട്ടില്ലാത്തവരുമായിരിക്കണം അപേക്ഷകർ. കമ്മീഷന്റെ www.lsgelection.kerala.gov.in വെബ് സൈറ്റിൽ ഫാറം 4 എ യിൽ ഓൺലൈനായി വിവരങ്ങൾ നൽകി അവയുടെ പ്രിന്റ് എടുത്ത് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർക്ക് നേരിട്ടോ തപാലിലൂടെയോ അയയ്ക്കേണ്ടതാണ്.

അപേക്ഷയിൽ നൽകുന്ന പാസ്പോർട്ടിലെ വിവരങ്ങളുടെയും വിസ, ഫോട്ടോ എന്നിവ മുദ്രണം ചെയ്ത പ്രസക്ത പേജുകളുടെ പകർപ്പുകൾ സ്വയം സാക്ഷ്യപ്പെടുത്തി അയയ്ക്കേണ്ടതാണ്. പാസ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുള്ള സംസ്ഥാനത്തെ താമസ സ്ഥലം സ്ഥിതി ചെയ്യുന്ന ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർക്ക് വേണം അപേക്ഷ അയയ്ക്കേണ്ടത്. ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റികളിൽ അതാത് സ്ഥാപനങ്ങളിലെ സെക്രട്ടറിമാരും കോർപ്പറേഷനുകളിൽ അഡീഷണൽ സെക്രട്ടറിമാരുമാണ് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ.

ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്കു ലഭിക്കുന്ന അപേക്ഷകളിന്മേൽ യഥാസമയം അന്വേഷണം നടത്തി പട്ടികയിൽ പേരു ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതായിരിക്കും. പ്രവാസി ഭാരതീയരുടെ പട്ടിക പ്രത്യേകമായിട്ടാണ് തയ്യാറാക്കുന്നത്.

Email:
contact.seckerala@gmail.com
cru.sec@kerala.gov.in

# പത്രക്കുറിപ്പ്

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

TELEPHONE: 0471-2321233
MOBILE :8281000127
www.sec.kerala.gov.in

20th January 2020

പ്രവാസി ഭാരതീയരുടെ പട്ടികയിൽ പേരു ചേർക്കപ്പെടുന്നവർക്ക് പോളിംഗ് സ്റ്റേഷനിൽ നേരിട്ട് ഹാജരായി അസൽ പാസ്പോർട്ട് ഹാജരാക്കുന്ന പക്ഷം വോട്ടു ചെയ്യാവുന്നതാണ്.

*(എസ്.ഇ.സി.04/2020)*

## തദ്ദേശ തിരഞ്ഞെടുപ്പ് – കരട് വോട്ടർപട്ടിക പ്രസിദ്ധീകരിച്ചു

സംസ്ഥാനത്തെ തദ്ദേശ സ്ഥാപനങ്ങളിലെ കരട് വോട്ടർപട്ടിക പ്രസിദ്ധീകരിച്ചതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി.ഭാസ്കരൻ അറിയിച്ചു.

941 ഗ്രാമ പഞ്ചായത്ത് 86 മുനിസിപ്പാലിറ്റി 6 മുനിസിപ്പൽ കോർപ്പറേഷനുകളിലെ കരട് വോട്ടർപട്ടികയാണ് പ്രസിദ്ധീകരിച്ചത്. കരട് പട്ടികയിൽ ആകെ 25158205 വോട്ടർമാർ. അവയിൽ 12082390 പുരുഷൻമാർ 13075725 സ്ത്രീകൾ, 115 ട്രാൻസ്ജന്റേഴ്സ് എന്നിവർ ഉൾപ്പെട്ടിട്ടുണ്ട്.

സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, വില്ലേജ് ഓഫീസ്, താലൂക്ക് ഓഫീസുകൾ എന്നിവിടങ്ങളിൽ കരട് പട്ടിക പരിശോധനയ്ക്ക് ലഭിക്കും. കമ്മീഷന്റെ വെബ്സൈറ്റ് www.lsgelection.kerala.gov.in ലും ലഭ്യമാണ്.

2020 ജനുവരി 1 നോ അതിനു മുമ്പോ 18 വയസ്സ് തികഞ്ഞവർക്ക് വോട്ടർപട്ടികയിൽ പേരു ചേർക്കാവുന്നതാണ്. പേര് ഉൾപ്പെടുത്തുന്നതിനും തിരുത്തൽ വരുത്തുന്നതിനും പോളിംഗ് സ്റ്റേഷൻ/വാർഡ് മാറ്റത്തിനുമുള്ള ഓൺലൈൻ അപേക്ഷകൾ www.lsgelection.kerala.gov.in എന്ന സൈറ്റിലാണ് സമർപ്പിക്കേണ്ടത്.

വിവിധ സ്ഥാപനങ്ങളിലെ വോട്ടർമാരുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| വോട്ടർമാർ | പഞ്ചായത്ത് | മുനിസിപ്പാലിറ്റി | കോർപ്പറേഷൻ | ആകെ |
|---|---|---|---|---|
| പുരുഷൻമാർ | 9398404 | 1585668 | 1098318 | 12082390 |
| സ്ത്രീകൾ | 10152800 | 1731049 | 1191876 | 13075725 |
| ട്രാൻസ്ജന്റേഴ്സ് | 90 | 25 | - | 115 |

Email:
**contact.seckerala@gmail.com**
**cru.sec@kerala.gov.in**

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

**www.sec.kerala.gov.in**

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**

**18th January 2020**

| | | | | |
|---|---|---|---|---|
| ആകെ | 19551294 | 3316742 | 2290194 | 25158230 |

*(എസ്.ഇ.സി.03/2020)*

## തദ്ദേശ തിരഞ്ഞെടുപ്പ് – കരട് വോട്ടർപട്ടിക നാളെ (20.01.2020)പ്രസിദ്ധീകരിക്കും

സംസ്ഥാനത്തെ പഞ്ചായത്ത് മുനിസിപ്പാലിറ്റികളിൽ നിലവിലെ വോട്ടർ പട്ടിക പുതുക്കുന്നതിനുള്ള കരട് നാളെ (ജനുവരി 20)-ന് പ്രസിദ്ധീകരിക്കുമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി.ഭാസ്കരൻ അറിയിച്ചു.

941 ഗ്രാമ പഞ്ചായത്ത് 86 മുനിസിപ്പാലിറ്റി 3086 വാർഡുകളിലെയും 6 മുനിസിപ്പൽ കോർപ്പറേഷനുകളിലെയും വോട്ടർപട്ടികയാണ് പുതുക്കുന്നത്. കരട് വോട്ടർപട്ടിക സംബന്ധിച്ച അപേക്ഷകളും ആക്ഷേപങ്ങളും നാളെ (ജനുവരി 20) മുതൽ ഫെബ്രുവരി 14 വരെ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്ക് സമർപ്പിക്കാവുന്നതാണ്. അന്തിമ വോട്ടർപട്ടിക ഫെബ്രുവരി 28-ന് പ്രസിദ്ധീകരിക്കും.

2020 ജനുവരി 1 നോ അതിനു മുമ്പോ 18 വയസ്സ് തികഞ്ഞവർക്ക് വോട്ടർപട്ടികയിൽ പേരു ചേർക്കാവുന്നതാണ്. വോട്ടർപട്ടികയിലെ ഉൾക്കുറിപ്പുകളിൽ തിരുത്തലുകൾ, സ്ഥാനമാറ്റം എന്നിവ ആഗ്രഹിക്കുന്നവർക്കും അവസരം ലഭിക്കും. പുതിയതായി പേര് ഉൾപ്പെടുത്തുന്നതിനും (ഫാറം 4) തിരുത്തൽ വരുത്തുന്നതിനും (ഫാറം 6) പോളിംഗ് സ്റ്റേഷൻ/വാർഡ് മാറ്റത്തിനും (ഫാറം 7) ഓൺലൈൻ അപേക്ഷ വേണം സമർപ്പിക്കേണ്ടത്. പേര് ഒഴിവാക്കുന്നതിന് ഫാറം 5-ൽ നേരിട്ടോ തപാലിലൂടെയോ സമർപ്പിക്കാവുന്നതാണ്. ഓൺലൈൻ അപേക്ഷകൾ www.lsgelection.kerala.gov.in എന്ന സൈറ്റിലാണ് സമർപ്പിക്കേണ്ടത്.

വോട്ടർപട്ടിക എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും വില്ലേജ് ഓഫീസിലും താലൂക്ക് ഓഫീസിലും പരിശോധനയ്ക്ക് ലഭിക്കും. കമ്മീഷന്റെ വെബ്സൈറ്റ് www.lsgelection.kerala.gov.in ലും ലഭ്യമാണ്. അംഗീകൃത ദേശീയ പാർട്ടികൾക്കും കേരള സംസ്ഥാന പാർട്ടികൾക്കും നിയമസഭയിൽ പ്രാതിനിധ്യമുള്ള രാഷ്ട്രീയ പാർട്ടികൾക്കും പട്ടികയുടെ കോപ്പി സൗജന്യമായി ലഭിക്കും. മറ്റുള്ളവർക്ക് നിശ്ചിത നിരക്കിൽ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കും.

ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റികളിൽ അതാത് സ്ഥാപനങ്ങളിലെ സെക്രട്ടറിമാരും കോർപ്പറേഷനുകളിൽ അഡീഷണൽ സെക്രട്ടറിമാരുമാണ് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ.

അപേക്ഷകളും ആക്ഷേപങ്ങളും സംബന്ധിച്ച് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ സ്വീകരിക്കുന്ന നടപടിക്കെതിരെ നിശ്ചിത ദിവസത്തിനകം അപ്പീലുകൾ സമർപ്പിക്കാവുന്നതാണ്. പഞ്ചായത്തുകളെ സംബന്ധിച്ച്

Email:
contact.seckerala@gmail.com
cru.sec@kerala.gov.in

# പത്രക്കുറിപ്പ്

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

7th January 2020

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരും മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷൻ സംബന്ധിച്ച് നഗരകാര്യ റീജിയണൽ ഡയറക്ടർമാരുമാണ് അപ്പീൽ അധികാരികൾ

വോട്ടർപട്ടിക പുതുക്കുന്നത് സംബന്ധിച്ച് രാഷ്ട്രീയ പാർട്ടികളുടെ ജില്ലാതല പ്രതിനിധികളുടെ യോഗം അതാത് ജില്ലാ കളക്ടർമാർ കഴിഞ്ഞ ദിവസങ്ങളിൽ വിളിച്ചുചേർത്തിട്ടുണ്ട്.

*(എസ്.ഇ.സി.02/2020)*

## തദ്ദേശ തിരഞ്ഞെടുപ്പ് വോട്ടർപട്ടിക പുതുക്കുന്നു.

സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് ഈ വർഷം നടക്കുന്ന പൊതു തിരഞ്ഞെടുപ്പിനു മുന്നോടിയായി വോട്ടർ പട്ടിക പുതുക്കുന്നതിനുള്ള നടപടികൾ ജനുവരി 20-ന് ആരംഭിക്കുമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി.ഭാസ്കരൻ അറിയിച്ചു.

941 ഗ്രാമപഞ്ചായത്തുകളിലേയ്ക്കും 152 ബ്ലോക്ക് പഞ്ചായത്തുകളിലേയ്ക്കും 14 ജില്ലാ പഞ്ചായത്തുകളിലേയ്ക്കും മട്ടന്നൂർ ഒഴികെ 86 മുനിസിപ്പാലിറ്റികളിലേയ്ക്കും 6 മുനിസിപ്പൽ കോർപ്പറേഷനുകളിലേയ്ക്കുമാണ് പൊതുതിരഞ്ഞെടുപ്പ് നടക്കുന്നത്.

2015 നു ശേഷം ഉപതിരഞ്ഞെടുപ്പ് നടന്ന വാർഡുകളിൽ ഉപയോഗിച്ച വോട്ടർപട്ടികയും മറ്റു വാർഡുകളിൽ 2015 ലെ വോട്ടർപട്ടികയും അടിസ്ഥാനമാക്കി കരട് പട്ടിക ജനുവരി 20-ന് പ്രസിദ്ധീകരിക്കും. അപേക്ഷകളും ആക്ഷേപങ്ങളും സമർപ്പിക്കേണ്ട അവസാന തീയതി ഫെബ്രുവരി 14 ആണ്. അന്തിമ വോട്ടർപട്ടിക ഫെബ്രുവരി 28-ന് പ്രസിദ്ധീകരിക്കും.

2020 ജനുവരി 1-ന് 18 വയസ്സ് തികഞ്ഞവർക്ക് വോട്ടർപട്ടികയിൽ പേരു ചേർക്കാവുന്നതാണ്. തിരുത്തലുകൾ സ്ഥലംമാറ്റം എന്നിവ ആഗ്രഹിക്കുന്നവർക്കും അവസരം ലഭിക്കും. വോട്ടർപട്ടിക എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും പരിശോധനയ്ക്ക് ലഭിക്കും. കമ്മീഷൻ വെബ് സൈറ്റ് www.lsgelection.kerala.gov.in ലും പട്ടിക ലഭ്യമാണ്. അംഗീകൃത രാഷ്ട്രീയ കക്ഷികൾക്കും നിയമസഭയിൽ പ്രാതിനിധ്യമുള്ള രാഷ്ട്രീയ കക്ഷികൾക്കും പട്ടികയുടെ കോപ്പി സൗജന്യമായി ലഭിക്കും. മറ്റു രാഷ്ട്രീയ കക്ഷികൾക്കും വ്യക്തികൾക്കും നിശ്ചിത നിരക്കിൽ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും പട്ടിക ലഭിക്കും.

2015 ലെ പൊതുതിരഞ്ഞെടുപ്പിൽ ഫോട്ടോപതിച്ച വോട്ടർപട്ടികയാണ് കമ്മീഷൻ ഉപയോഗിച്ചിരുന്നത്. 2014 ലെ പാർലമെന്റ് തിരഞ്ഞെടുപ്പിൽ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ ഉപയോഗിച്ച വോട്ടർപട്ടിക ഫീൽഡ് വെരിഫിക്കേഷൻ നടത്തി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സ്വന്തമായി ഡാറ്റാബേസ് ഉണ്ടാക്കിയിരുന്നു. തദ്ദേശസ്ഥാപനങ്ങളിലെ തിരഞ്ഞെടുപ്പുകൾക്ക് അവ അടിസ്ഥാന പട്ടികയായി ഉപയോഗിക്കുന്നതിന് കമ്മീഷൻ 2014 ൽ തീരുമാനിച്ചിരുന്നു. അതനുസരിച്ച് 2015 ലെ പൊതുതിരഞ്ഞെടുപ്പിലും തുടർന്ന് ഉണ്ടായിട്ടുള്ള ഉപതിരഞ്ഞെടുപ്പുകൾക്കും പ്രസ്തുത ഡാറ്റാബേസ് അടിസ്ഥാന പട്ടികയായി പ്രസിദ്ധീകരിക്കുകയും അവ സംബന്ധിച്ച് ലഭിച്ച അപേക്ഷകളും ആക്ഷേപങ്ങളും പരിശോധിച്ച് അന്തിമ പട്ടിക പ്രസിദ്ധീകരിച്ച് തിരഞ്ഞെടുപ്പ് നടത്തുകയും ചെയ്തിരുന്നു.

തദ്ദേശസ്ഥാപനങ്ങളിലെ വാർഡു പുനർവിഭജനം നടത്തിയതിന് ശേഷം പുതിയ വാർഡുകളെ അടിസ്ഥാനമാക്കി ഫെബ്രുവരി 28-ന് പ്രസിദ്ധീകരിക്കുന്ന വോട്ടർപട്ടിക വീണ്ടും ഭാഗങ്ങളാക്കി പ്രസിദ്ധീകരിക്കുന്നതും പരാതികളും ആക്ഷേപങ്ങളും സ്വീകരിച്ച് അന്തിമമാക്കുന്നതുമാണ്.

വോട്ടർ പട്ടിക പുതുക്കുന്നത് സംബന്ധിച്ച് ജില്ലാ കളക്ടർമാർ ജില്ലാതല രാഷ്ട്രീയ പാർട്ടി പ്രതിനിധികളുടെ യോഗം ജനുവരി 20-ന് മുമ്പ് വിളിച്ചു ചേർക്കുന്നതാണ്.

*(എസ്.ഇ.സി.01/2020)*